

ആത്മകഥയിലെ പ്രഭാകരൻ: കബിത



കഥാകൃത്ത് ഇ. ഹരികുമാറിന് പ്രണാമം



ഡീൻ അത്തയുടെ ആക്ടിവിസ്റ്റ് ജീവിതം

# മാതൃഭൂമി ആഴ്ചപ്പതിപ്പ്

2020 ഏപ്രിൽ 5 • വില ₹25



## വേട്ടയ്ക്കിറങ്ങിയ ജീവബിന്ദുക്കൾ
കൃഷ്ണ അനുജൻ

## കഥ: ഫ്യൂജിമോറി
സച്ചിദാനന്ദൻ

DIGITAL EDITION

ഒ.വി. വിജയൻ: വിയോഗത്തിന്റെ ഒന്നരപ്പതിറ്റാണ്ട്

# ആഴത്തിൽ കൈനനഞ്ഞ് ഒ.വി.വിജയൻ പിടിച്ച ആധുനികതയുടെ മീനുകൾ
പി.കെ. രാജശേഖരൻ




# യഥാർത്ഥ വായന അനുഭവിച്ചറിയൂ. മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ.

**മാതൃഭൂമി** ആഴ്ചപ്പതിപ്പ്

ആഴത്തിലുള്ള വായന ആഴ്ചതോറും

സ്കാൻ ചെയ്യൂ
വരിക്കാരാകൂ

മാതൃഭൂമി ആഴ്ചപ്പതിപ്പ് ഓൺലൈനിൽ സബ്സ്ക്രൈബ് ചെയ്യുന്നതിനായി
www.mathrubhumi.com/subscription സന്ദർശിക്കുക. അല്ലെങ്കിൽ QR കോഡ് സ്കാൻ ചെയ്യുക.

FOLD HERE

## ഞാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ വരിക്കാരനാകാൻ ആഗ്രഹിക്കുന്നു

| കാലാവധി | ലക്കങ്ങളുടെ എണ്ണം | യഥാർത്ഥ വില | നിങ്ങൾ അടക്കേണ്ട തുക | ലാഭം |
|---|---|---|---|---|
| ☐ 1 വർഷം (ഓണം സ്പെഷ്യൽ പതിപ്പ് ഉൾപ്പെടെ) | 52 | ₹1375 | ₹1125 | ₹250 |
| ☐ 1 വർഷം (ഓണം സ്പെഷ്യൽ പതിപ്പ് ഇല്ലാതെ) | 52 | ₹1275 | ₹1020 | ₹255 |
| ☐ 6 മാസം | 26 | ₹650 | ₹506 | ₹144 |
| ☐ 3 മാസം | 13 | ₹325 | ₹253 | ₹72 |

പേര്: ശ്രീ./ശ്രീമതി ..........

ജനന തീയതി: .......... ഇപ്പോഴത്തെ സബ്സ്ക്രിപ്ഷൻ നമ്പർ (നിലവിലുള്ള വരിക്കാർ മാത്രം പൂരിപ്പിക്കുക): ..........

വിലാസം: ..........

..........

പോസ്റ്റ് ഓഫീസ്: .......... സ്ഥലം/ജില്ല: ..........

സംസ്ഥാനം: .......... പിൻകോഡ്*: ☐☐☐☐☐☐ ഫോൺ*: ..........

ഇ-മെയിൽ: ☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐

*ഫോൺ നമ്പർ, പിൻകോഡ് എന്നിവ നിർബന്ധം.

**You can make payment through any one of the following modes**

A. Cheque**/DD No.: .......... Dated: ..........for ₹..........

Bank Name: ..........

**Cheque/DD shall be drawn in favour of 'The Mathrubhumi Printing and Publishing Company Ltd', payable at Calicut.

B. NEFT/Online Payments: All Payments through NEFT/Online to be made in favour of 'The Mathrubhumi Printing and Publishing Company Ltd'.

Account No: 57024066086 | IFSC Code: SBIN0070188 | Amount: Rs. ..........UTR Number: .......... (essential)

C. Money Order Number and Date: ..........

മണി ഓർഡർ മാതൃഭൂമിയുടെ പേരിൽ സ്വീകരിക്കുന്നതാണ്.

മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ സബ്സ്ക്രിപ്ഷൻ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി മുകളിൽ നൽകിയിട്ടുള്ള ഇ-മെയിൽ ഐ.ഡി./ഫോൺ നമ്പറിലേക്ക് ബന്ധപ്പെടുന്നതിന് എനിക്ക് സമ്മതമാണ്. ഇ-മെയിൽ ഐ.ഡി./ഫോൺ നമ്പർ എന്നിവയിൽ എന്തെങ്കിലും മാറ്റമുണ്ടാവുകയാണെങ്കിൽ അറിയിക്കുന്നതായിരിക്കും. Yes ☐ No ☐

ഓഫറുകൾ ഇന്ത്യയിൽ മാത്രമായിരിക്കും, ഓഫർ പരിമിതകാലത്തേക്ക് മാത്രം, **നിബന്ധനകൾക്ക് വിധേയം, ക്യാഷ് ആയി അയക്കരുത്, നോൺ MICR/നോൺ CTS ചെക്കുകൾ സ്വീകരിക്കില്ല,** കോപ്പികൾ ഓർഡിനറി പോസ്റ്റ് ആയിട്ടായിരിക്കും അയക്കുക, സമ്മാനങ്ങൾ തപാൽ കോപ്പികളോടൊപ്പം അയക്കുന്നതല്ല. നിബന്ധനകളെ കുറിച്ച് കൂടുതലറിയുവാൻ **www.mathrubhumi.com/subscription** എന്ന വെബ്സൈറ്റ് സന്ദർശിക്കുക, സബ്സ്ക്രിപ്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങൾക്കുമായി **subscription@mpp.co.in** ലേക്ക് ഇ-മെയിൽ ചെയ്യുക അല്ലെങ്കിൽ **0495 2362598/2362650** എന്ന നമ്പറിലേക്ക് വിളിക്കുക. ഞായറാഴ്ചയും പൊതു അവധിയും ഒഴികെ, തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ **10** മണി മുതൽ വൈകുന്നേരം **5** മണി വരെ വിളിക്കാം.

അയക്കേണ്ട വിലാസം: The Assistant General Manager - Circulation, Mathrubhumi, K P Kesavamenon Road, Kozhikode - 673001

മാതൃഭൂമി
ആഴ്ചപ്പതിപ്പ്

പ്രസിദ്ധീകരണത്തിന്റെ 88-ാം വർഷം • 2020 ഏപ്രിൽ 5 - 11 • 1195 മീനം 23- 29 • പുസ്തകം 98 • ലക്കം 3 • വില ₹25

# വാക്ക് IN

ഗ്രന്ഥശാലയിലൂടെ സംക്രമിച്ചെത്തിയ ആധുനികതയുടെ മലയാള ബദലായിരുന്നു ഒ.വി വിജയൻ. ആധുനികതാ പ്രസ്ഥാനത്തിന്റെ വിവിധ രൂപങ്ങളിൽ ഉണ്ടായ അസംഖ്യം രചനകളിൽ ഇന്ന് വായിക്കാൻ തോന്നിപ്പിക്കുന്നവയായി ഒ.വി വിജയൻ കൃതികൾ ബാക്കിനിൽക്കുന്നതിന്റെ കാരണവുമതാണ്. മലയാള ഭാഷയിലെ ആ മഹാസാന്നിധ്യം ഭൗതികമായി വിടപറഞ്ഞതിന്റെ പതിനഞ്ചാമാണ്ടിൽ, വിജയന്റെ നവതി വർഷത്തിൽ പി.കെ. രാജശേഖരൻ നടത്തുന്ന വേറിട്ട വായനയാണ് ഒ.വി. വിജയനുള്ള *ആഴ്ചപ്പതിപ്പി*ന്റെ ആദരം. അൻപത്തിരണ്ടാണ്ടിനിപ്പുറവും നമ്മെ മോഹിപ്പിക്കുന്ന ഇതിഹാസത്തോടുള്ള അഭിവാദ്യംകൂടിയാണ് ആ എഴുത്ത്.

നമ്മുടെ ജീവിതത്തെ കൂടുതൽ പ്രകാശമാനമാക്കിയ രണ്ട് പ്രതിഭകൾ വിടപറഞ്ഞ വാരമാണിത്. കഥാകൃത്ത് ഇ. ഹരികുമാറും ചിത്രകാരൻ കെ.പ്രഭാകരനും. മഹാകവി ഇടശ്ശേരിയുടെ മകനാണ് ഹരികുമാർ. 1971-ൽ *ആഴ്ചപ്പതിപ്പ്* പ്രസിദ്ധീകരിച്ച ഹരികുമാറിന്റെ *മധുവിധു* എന്ന കഥ പുനഃപ്രസിദ്ധീകരിച്ചുകൊണ്ടാണ് ആ കഥാകൃത്തിന് നമ്മൾ വിടനൽകുന്നത്. ഇന്ത്യൻ ചിത്രകലയിലെ പ്രതിഭാസ പ്രസ്ഥാനമായിരുന്ന റാഡിക്കൽ മൂവ്മെൻറിന്റെ അമരത്തുണ്ടായിരുന്നു പ്രഭാകരൻ. ഇന്ത്യൻ ചിത്രകലയുടെ ചരിത്രത്തിലെ വലിയ പേരുകളിൽ ഒരാൾ. പ്രഭാകരന്റെ ജീവിത പങ്കാളിയും ചിത്രകാരിയുമായ കബിത മുഖോപാധ്യായ പ്രഭാകരനുമായി ചേർന്നെഴുതിയ ആത്മകഥയുടെ ഒരു ഭാഗം ഈ ലക്കത്തിൽ വായിക്കാം. ഉജ്ജ്വല സർഗാത്മകതയുടെ ഉറവകളായ രണ്ട് മനുഷ്യർ തമ്മിലെ അസാധാരണമായ പാരസ്പര്യത്തിന് മുന്നിൽ ശിരസ് നമിച്ച് പ്രഭാകരന് വിട നൽകാം.

മനുഷ്യരാശി ഒരു മഹായുദ്ധത്തിലാണ്. മൂന്നാം ലോകമഹായുദ്ധം. വേട്ടക്കിറങ്ങിയ കൊറോണ വൈറസിനോട് മനസുകൊണ്ടൊരുമിച്ചും ശരീരങ്ങൾ കൊണ്ട് അകന്നും നടത്തുന്ന യുദ്ധം. വൈറസിന്റെ പാരിസ്ഥിതിക സഞ്ചാരങ്ങളെക്കുറിച്ചാണ് കൃഷ്ണ അനുജൻ എഴുതുന്നത്. ഒപ്പം സച്ചിദാനന്ദന്റെ കഥയും വിജയലക്ഷ്മിയുടെ കവിതയും പതിവ് പംക്തികളും.

അതിജീവനത്തിനായി അകന്നിരിക്കുന്ന കാലമാണ്. പാരസ്പര്യത്തിന്റെ അനിവാര്യതയെക്കുറിച്ച് അകമേ ഓർമിക്കുകയുമാണ്. മനുഷ്യാവസ്ഥകളുടെ സങ്കീർണതകളെ വിസ്മയകരമായി ആവിഷ്കരിച്ച് നമ്മെ കൂടുതൽ വലിയ മനുഷ്യരാക്കിയവരെ ഓർമിക്കേണ്ട കാലവുമാണിത്.




കവർ
**ഒ.വി. വിജയൻ**

ഫോട്ടോ
**കെ.ആർ. വിനയൻ**

**മാതൃഭൂമി ആഴ്ചപ്പതിപ്പ്**
മാതൃഭൂമി എം.എം. പ്രസ്സ്
ചെറൂട്ടി റോഡ്
കോഴിക്കോട് 673 001
ഫോൺ: 0495-2779 305
ഫാക്സ്: 0495-2760138

മാനേജിങ് എഡിറ്റർ
**പി.വി.ചന്ദ്രൻ**
ജോയിൻറ് മാനേജിങ് എഡിറ്റർ
**പി.വി.നിധീഷ്**
എക്സിക്യൂട്ടീവ് എഡിറ്റർ
-പീരിയോഡിക്കൽസ് & ഡിജിറ്റൽ
**ഒ.ആർ. രാമചന്ദ്രൻ**

ചീഫ് സബ് എഡിറ്റർ
**സുഭാഷ് ചന്ദ്രൻ**
കോപ്പി എഡിറ്റർമാർ
**കെ.സി.സുബി**
**പി.കെ.ശ്രീകുമാർ**

ആർട്ട് എഡിറ്റർ
**മദനൻ**
ആർട്ടിസ്റ്റ്
**കെ.ഷെരീഫ്**

രചനകൾ തപാലിലും ഇ-മെയിലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരികെ ലഭിക്കണമെന്നുള്ളവർ സ്വന്തം മേൽവിലാസമെഴുതി മതിയായ സ്റ്റാമ്പൊട്ടിച്ച കവർ അടക്കം ചെയ്യണം.
ഇ-മെയിൽ വിലാസം: weekly@mpp.co.in

സർക്കുലേഷൻ: **വിപിൻ ദാസ്,** അസിസ്റ്റൻറ് ജനറൽ മാനേജർ-സർക്കുലേഷൻ, മാതൃഭൂമി, കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട്-673 001. ഫോൺ: 0495 2362 597, ഇ.മെയിൽ: circulation@mpp.co.in
പരസ്യം: **സുനിൽ നമ്പ്യാർ,** ഡെപ്യൂട്ടി ജനറൽ മാനേജർ, പരസ്യം (പീരിയോഡിക്കൽസ്), മാതൃഭൂമി, കെ.പി. കേശവമേനോൻ റോഡ് കോഴിക്കോട്-673 001. ഫോൺ: 0495-2362 577, 2362 000, മൊബൈൽ: 9526037773, ഇ.മെയിൽ: periodicalsadvt@mpp.co.in

*For subscription/circulation enquiries:*
Call 0495-2362598, 2362650 (10 am to 5 pm) except Sundays and public holidays.

# ഈയാഴ്ച




22 വയലറ്റ് കുക്കു
**കൊറോണയിലേക്കുള്ള പരിണാമങ്ങൾ**
കൃഷ്ണ അനുജൻ


കഥകൾ




30 **ഫ്യൂജിമോറി**
സച്ചിദാനന്ദൻ





44 **പൂഴിക്കടകൻ**
വി. ദിലീപ്

52 **മധുവിധു**
ഇ. ഹരികുമാർ





36 അഭിമുഖം
**വ്യത്യസ്തതകളുടെ മഴവിൽപ്രകാശനങ്ങൾ**
ഡീൻ അത്ത/ഐശ്വര്യ താരാബായ്





86 ആത്മകഥാഭാഗം
**പ്രഭാകരനെ വരയ്ക്കുമ്പോൾ**
കബിത മുഖോപാധ്യായ


കവിതകൾ




20 **ദേവദാരു**
വിജയലക്ഷ്മി

82 **കലാപശേഷം**
രാജൻ സി.എച്ച്.




76 ജീവിതം ഒരു പെൻഡുലം
**ദുഃഖത്തിന്റെ സൗന്ദര്യശാസ്ത്രം**
ശ്രീകുമാരൻ തമ്പി

68 നോവൽ
**മുറിനാവ്**
മനോജ് കുറൂർ

58 മഹാഭാരതം: ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ
**ഭഗവദ്ഗീത**
കെ.സി. നാരായണൻ

54 ഭൂതവും വർത്തമാനവും
**ഐ.പി.എല്ലിനെ നെഞ്ചേറ്റുന്ന വൃദ്ധന്മാരുണ്ടാവുമോ?**
രാമചന്ദ്ര ഗുഹ


## പംക്തികൾ


06 **വായനക്കാർ എഴുതുന്നു**

50 **ജീവിതചിത്രം**

83 **QR കോഡ്**
ബി.എസ്. ബിമിനിത്

84 **എൻഗുരു**
ഗോപി നാരായണൻ

94 **MARKINGS**
കീർത്തിക് ശശിധരൻ

96 **വാക്ക്‌വിത്ത്**

98 **വാക്ക് OUT**
കെ. ഷെരീഫ്





10 ലേഖനം
**ആഴത്തിൽ കൈനനഞ്ഞ് ഒ.വി.വിജയൻ പിടിച്ച ആധുനികതയുടെ മീനുകൾ**
പി.കെ. രാജശേഖരൻ


**ആ**ദ്യം പടിഞ്ഞാറ്, പിന്നെ മറ്റിടങ്ങളിൽ എന്ന മട്ടിലുള്ള ആധുനികതാവികാസ സങ്കല്പത്തെ, യൂറോപ്യൻ ആധുനികത്വത്തിന്റെ അനന്ത പുരോഗതി സങ്കല്പത്തോടും സമഗ്രാധിപത്യപരവും അധിനിവേശ ചൂഷണപരവുമായ രാഷ്ട്രീയത്തോടുമൊപ്പം എതിർത്തുകൊണ്ടാണ് ഒ.വി. വിജയൻ തന്റെ ആധുനികത സൃഷ്ടിച്ചത്. അത് യൂറോപ്യൻ കോളേജിൽ പഠിച്ചിറങ്ങിയ ഭാവുകത്വമോ അതിന്റെ പ്രാന്തത്തിൽ പുലർന്നതോ ബദലായി നിർമിച്ച ഭാവുകത്വമോ ആയിരുന്നില്ല. ആധുനികത്വവുമായുള്ള ഇടപെടലിലൂടെ സൃഷ്ടിച്ച രൂപപരവും ആഖ്യാനപരവുമായ ആ വിച്ഛേദമാണ് ഒ.വി. വിജയന്റെ ആധുനികത.

# വായനക്കാർ എഴുതുന്നു

## ഗാന്ധിയിലെ പാരിസ്ഥിതിക സർഗാത്മകത

**പാ**രിസ്ഥിതിക ജാഗ്രതയുടെ സർഗാത്മകമായ സന്ദേശം അതിന്റെ സമഗ്രതയിൽ ഉൾക്കൊണ്ട് പുറത്തിറക്കിയ 'ആവാസം ജലം കാലം ജീവൻ (98:1) പഠനാർഹമായി. സൈലൻറ്‌വാലി സംരക്ഷണത്തിന്റെ ആദ്യ അലയൊലി സൃഷ്ടിച്ച പ്രൊഫ. എം.കെ. പ്രസാദും ക്യാമറയുമായി കാടുകയറിയ എൻ.എ. നസീറും രാമചന്ദ്ര ഗുഹയും ഡോ. എം.എ. സിദ്ദീഖും പകർന്നുതരുന്ന പ്രകൃതിചിന്തകൾ വർണനാതീതമാണ്. എം.പി. വീരേന്ദ്രകുമാറിന്റെ മുഖലേഖനം 'വരളുന്ന ഭൂമി, വറ്റാതെ ഗാന്ധി' ഇവയിൽനിന്നെല്ലാം വേറിട്ടുനില്ക്കുന്നതായി. വർത്തമാനകാല പാരിസ്ഥിതിക സംരക്ഷണത്തിന്റെയും പാരിസ്ഥിതികദുരന്തത്തിന്റെയും നേർക്കാഴ്ചകൾ സമഗ്രമായി പ്രതിപാദിച്ചിരിക്കുകയാണ് മുഖലേഖനത്തിലൂടെ. ഗാന്ധിയും ബുദ്ധനും തോറോയും ടോൾസ്റ്റോയിയും ജോൺ റസ്കിനുമടക്കമുള്ള ദാർശനികചിന്തകരുടെ പാരിസ്ഥിതികവിചാരങ്ങൾ ആധാരമാക്കി വായനക്കാരെ പാരിസ്ഥിതികചിന്തയിലേക്ക് ആനയിക്കാൻ മുഖലേഖനത്തിലൂടെ കഴിയുമെന്നതിൽ സംശയമില്ല.

മനുഷ്യന്റെ ആഗ്രഹങ്ങളും അത്യാഗ്രഹങ്ങളും ഇന്ന് പരിസ്ഥിതിക്ക് ഏറ്റവും വലിയ ഭീഷണി സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യനും പ്രകൃതിയും സമരസപ്പെട്ടുപോയിരുന്ന ഒരു പൂർവകാലം നമുക്കുണ്ടായിരുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ചൂഷണാധിഷ്ഠിതമായതോടെയാണ് ഈയൊരു സമരസപ്പെടൽ ഇല്ലാതായത്.

ഒരു ഹെക്ടർ മഴക്കാട് ഒരുമണിക്കൂറിൽ എട്ട് കിലോഗ്രാം കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുക്കുന്നു. 200 പേരുടെ നിശ്വാസവായുവാണിത്. ഭൂമിയിലെ മൊത്തം സസ്യങ്ങൾ ഒരു വർഷത്തിൽ 500 കോടി ടൺ കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുക്കുന്നു എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. വനങ്ങളുടെ നാശം ഭൂമിക്ക് എത്രമാത്രം അപകടം സൃഷ്ടിക്കുന്നു എന്ന് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയും. ആഗോളാടിസ്ഥാനത്തിൽതന്നെ വന ആവാസവ്യവസ്ഥ വൻതോതിൽ വ്യതിയാനവിധേയമായിക്കൊണ്ടിരിക്കയാണെന്നാണ് പഠന റിപ്പോർട്ട്. ചരിത്രത്തിലെ ഏറ്റവും ചൂടേറിയ പതിറ്റാണ്ടിലൂടെയാണ് ലോകം കടന്നുപോകുന്നതെന്നാണ് ലോകകാലാവസ്ഥ പഠനസംഘടന (W.M.O.) കഴിഞ്ഞ ഡിസംബറിൽ മഡ്രിഡിൽ നടന്ന യു.എൻ. കാലാവസ്ഥ ഉച്ചകോടിയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ഒരു നൂറ്റാണ്ടിനിടെ ഭൂമിയിൽ ഓക്സിജന്റെ അളവ് കുറഞ്ഞുവരുന്നതായാണ് പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി പരിസ്ഥിതിവിഭാഗം നടത്തിയ ഏറ്റവും പുതിയ പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്. 30 വർഷത്തിനിടെ 0.7 ഗ്രാം ഓക്സിജൻ കുറഞ്ഞു. എന്നാൽ ഓക്സിജൻ കുറയുന്നതനുസരിച്ച് കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കൂടുന്നില്ല എന്നും റിപ്പോർട്ടിൽ പറയുന്നു. കൽക്കരി, പെട്രോളിയം തുടങ്ങിയ ഫോസിൽ ഇന്ധനങ്ങളുടെ

### മരങ്ങളും ചരിത്രം പേറുന്നുണ്ട്


കൃഷ്ണ അനുജൻ

**കൃഷ്ണ** അനുജന്റെ 'ഭൂമിയുടെ സമയം കാക്കുന്നവർ' എന്ന ലേഖനം ശ്രദ്ധേയമായി (98:1).

ഭൂമിയുടെ കാലാന്തരങ്ങൾ നിർണയിക്കുന്നതിന് മാപിനികളായി ശിലാകൂടങ്ങളെയും സമുദ്ര അവക്ഷിപ്തങ്ങളെയും ഒപ്പം വൃക്ഷങ്ങളുടെ വാർഷികവലയങ്ങളെയും ചൂണ്ടിക്കാട്ടുന്ന കൃഷ്ണ, ആൽഡോ ലിയോപോൾഡ് എന്ന പ്രകൃതിശാസ്ത്രജ്ഞനെ ഉദ്ധരിച്ചതിൽ സന്തോഷം തോന്നി. ലിയോപോൾഡിന്റെ വളരെ പ്രശസ്തമായ *സാൻഡ് കൗണ്ടി അൽമനാക്* എന്ന പ്രകൃതിപഞ്ചാംഗത്തിൽ വാർഷികവലയങ്ങളിലൂടെ ഒരു ഓക്കുമരത്തിന്റെ ചരിത്രം വീണ്ടെടുക്കുന്നത് മനോഹരമായി വർണിച്ചിട്ടുണ്ട്.

പാരിസ്ഥിതികദുരന്തങ്ങളെ ദീർഘദർശനംചെയ്യാനുള്ള മാർഗങ്ങളെക്കുറിച്ച് വായിക്കുമ്പോൾ, ഏതോ യുഗത്തിൽ ഹിമത്തിൽ കുടുങ്ങിയ വായുകുമിളയും പാറയിൽ വരയായി തെളിഞ്ഞ തുരുമ്പും കാലാവസ്ഥാമാറ്റങ്ങളുടെ പഠനത്തിൽ ചൂണ്ടുപലകകളാവുന്നതോർത്ത് അദ്ഭുതം തോന്നുന്നു. ഭൂമിയെ തുറിച്ചുനോക്കുന്ന കാലാവസ്ഥാദുരന്തങ്ങളുടെ ഭീകരതകളെക്കുറിച്ച് എത്ര എഴുതിയാലും അധികമാവില്ല. പ്രകൃതിയിലെ പ്രതിഭാസങ്ങളുടെ ചുരുളഴിക്കാനുതകുന്ന നിരീക്ഷണങ്ങളെക്കുറിച്ച് കൃഷ്ണ ഇനിയും ധാരാളം എഴുതട്ടെ. മലയാള ശാസ്ത്രസാഹിത്യരംഗത്ത് അനുഭവപ്പെടുന്ന ദാരിദ്ര്യത്തിന് ശമനമുണ്ടാവട്ടെ.

*ആഴ്ചപ്പതിപ്പി*നും കൃഷ്ണ അനുജനും അഭിനന്ദനങ്ങൾ!

**വി. ഗീത, ഏറ്റുമാനൂർ, കോട്ടയം.**

ഉപയോഗമാണ് ഇതിന് മുഖ്യകാരണമെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു. കാട്ടുതീയിൽ എരിഞ്ഞടങ്ങുന്നത് കുറെ കരിയിലകളും അടിക്കാടുകളും മാത്രമല്ല. നൂറ്റാണ്ടുകളായി പ്രകൃതി സജ്ജമാക്കിത്തന്ന ഒരു പ്രദേശത്തെ ജൈവസമ്പത്തുകൂടിയാണ്. ഇക്കഴിഞ്ഞ ജനുവരിയിൽ ഓസ്ട്രേലിയയിൽ ഉണ്ടായ കാട്ടുതീയിൽ 1,04,000 ചതുരശ്ര കിലോമീറ്റർ വനമേഖലയാണ് കത്തിച്ചാമ്പലായത്. ആകെ നശിച്ച ജീവികളുടെ എണ്ണം 100 കോടിയിലേറെ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഓസ്ട്രേലിയയിൽ മാത്രം കണ്ടുവരുന്ന അപൂർവജീവികളായ കങ്കാരുവർഗത്തിൽപ്പെട്ട കൊവാല, കങ്കാരു, വല്ലബീസ് മുതലായവ അതിജീവനത്തിനായി പാടുപെടുകയാണിപ്പോൾ. ആവാസവ്യവസ്ഥയെ ഇത്രയേറെ തകർക്കുകയും ജീവികളെ വംശനാശത്തിലേക്ക് തള്ളിവിടുകയും ചെയ്ത മറ്റൊരു ദുരന്തം ഇതിന് മുൻപ് ഉണ്ടായിട്ടില്ലെന്നാണ് പെർത്തിലെ കർട്ടിൻ യൂണിവേഴ്സിറ്റി പരിസ്ഥിതി ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഏറ്റവും വലിയ മഴക്കാടായ ആമസോൺ സ്ഥിതിചെയ്യുന്ന വടക്കേ അമേരിക്കയിലാണ് 60 ശതമാനം വനനശീകരണം നടക്കുന്നത്. ആഫ്രിക്കയിൽ 24 ശതമാനവും ഏഷ്യയിൽ 16 ശതമാനവുമാണ് വനനാശത്തിന്റെ ഉപഗ്രഹചിത്ര കണക്ക്. ഇന്ത്യയുടെ വനസമ്പത്ത് സംബന്ധിച്ച 2019-ലെ കണക്ക് പുറത്തുവന്നതോടെ ലോകത്ത് വനകവചം വർധിച്ച രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയിട്ടുണ്ട്. രാജ്യത്തെ വനകവചം 3,976 ചതുരശ്ര കിലോമീറ്റർ വർധിച്ചതായാണ് റിപ്പോർട്ട്. കേരളത്തിലും 823 ച.കി.മീ. വനകവചം കൂടിയതായാണ് കണക്ക്.

നമ്മുടെ വനമേഖലയെ സജീവതയോടെ നിലനിർത്തുന്നത് വന്യജീവികളാണ്. ഏതെങ്കിലും ഒന്നിന്റെ ക്രമാതീതമായ ശോഷണമോ തിരോധാനമോ ആവാസവ്യവസ്ഥയിൽ സൃഷ്ടിക്കുന്ന അപകടകരമായ സ്ഥിതിവിശേഷം ചെറുതല്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ആയിരത്തോളം ഇനം ജന്തുക്കളും ഇരുപതിനായിരത്തോളം ഇനം സസ്യങ്ങളും വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കയാണിന്ന്.

ലോകത്ത് ഏറ്റവുമധികം ഇലക്ട്രോണിക്, ഇലക്ട്രിക് മാലിന്യം ഉത്പാദിപ്പിച്ച രാജ്യങ്ങളിൽ ഇന്ത്യ അഞ്ചാം സ്ഥാനത്തായിരുന്നു 2017-ൽ. ഇന്ത്യ പുറംതള്ളിയത് 1.7 ദശലക്ഷം ടൺ ഇ-മാലിന്യമാണെന്ന് യു.എൻ. തയ്യാറാക്കിയ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ഏറ്റവുമധികം ഇ-മാലിന്യം ഉത്പാദിപ്പിക്കുന്നത് വൻകിട രാഷ്ട്രങ്ങളായ യു.എസും ചൈനയുമാണ്. ജപ്പാനും ജർമനിയും അവർക്ക് പിന്നിലുണ്ട്. എവറസ്റ്റ് കൊടുമുടി ലോകത്തിലെ ഏറ്റവും വലിയ മാലിന്യനിക്ഷേപകേന്ദ്രമായി മാറിയിരിക്കയാണ്. സമുദ്രവും പാരിസ്ഥിതികഭീഷണിയുടെ നിഴലിലായിട്ടുണ്ട് എന്നുള്ളതാണ് സമുദ്രസംബന്ധമായ പുതിയ പഠനങ്ങൾ പറയുന്നത്. മത്സ്യസമ്പത്തടക്കം കടൽജീവിവർഗങ്ങളുടെ സുപ്രധാന ആവാസകേന്ദ്രങ്ങളായ പാരുകൾ (പാറക്കൂട്ടങ്ങൾ) നാശത്തിന്റെ ഭീഷണിയിലായിരിക്കുന്നു. കാലാവസ്ഥാവ്യതിയാനം, അപ്രതീക്ഷിത കടൽക്ഷോഭം, സമുദ്രമലിനീകരണം എന്നിവ സൃഷ്ടിക്കുന്ന ഭീഷണിയിലാണിപ്പോൾ സമുദ്രപരിസ്ഥിതിമേഖല. മനുഷ്യന്റെ താത്കാലികമായ സുഖഭോഗങ്ങൾക്ക് പ്രകൃതിയെ മുഴുവനായും നശിപ്പിക്കുന്ന ചിന്താഗതി മാറ്റേണ്ടിയിരിക്കുന്നു. മഹാകവി വള്ളത്തോൾ പാടിയതുപോലെ, 'ലോകമേ തറവാട്, തനിക്കീ ച്ചെടികളും

പൂക്കളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ,' എന്ന ചിന്താഗതിയിലേക്ക് മനുഷ്യൻ മാറേണ്ടതുണ്ട്.

**രാജൻ ബാലുശ്ശേരി,**
ബാലുശ്ശേരി.




എം.കെ. പ്രസാദ് മാഷുമായി കെ.സി. സുബി നടത്തിയ അഭിമുഖം (98:1) വായിച്ചു. പരിസ്ഥിതിപ്രവർത്തനത്തിന് കാലം ഏല്പിച്ച അപചയത്തെ അദ്ദേഹം കൃത്യമായി തുറന്നുകാണിക്കുന്നു. സ്വതന്ത്രചിന്തയ്ക്ക് കൂച്ചുവിലങ്ങിടാനുള്ള കേന്ദ്രസർക്കാരിന്റെയും മറ്റു പ്രതിലോമശക്തികളുടെയും പരിശ്രമങ്ങൾക്ക് എതിരായി ശക്തമായ പ്രതിഷേധം നാടാകെ ഉയർന്നുവരുകയാണല്ലോ. എന്നാൽ ശാസ്ത്രബോധവും യുക്തിചിന്തയും മുദ്രാവാക്യമായി പ്രവർത്തിക്കുന്ന പരിഷത്തിനെപോലെയുള്ള ഒരു സംഘടനയിൽ അത്തരം വിഷയങ്ങളെ മുൻനിർത്തിയുള്ള ചർച്ചകളോ സ്വയം വിമർശനമോ നടക്കുന്നില്ലെങ്കിൽ അത് ആപത്കരമായ വലിയൊരു അപചയത്തെയാണ് സൂചിപ്പിക്കുന്നത്. പ്രയോഗിക്കാത്ത അറിവ് പ്രയോജനം ഇല്ലാത്ത അറിവാണെന്ന പ്രസാദ് സാറിന്റെ നിഗമനം പരിഷത്തിന്റെ കണ്ണ് തുറപ്പിക്കുമെന്ന് പ്രതീക്ഷിക്കാമോ? പരിഷത്തിന്റെ നഷ്ടപ്പെട്ട പ്രതിച്ഛായ വീണ്ടെടുക്കാനുള്ള ഒരു സംവാദം ഉണ്ടാകട്ടെ എന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നു.

**എ. ഭാസ്കരൻ**, കരുമാല്ലൂർ, ആലുവ.

## നാഗരികതയുടെ തുന്നൽക്കാരൻ

*ആഴ്ചപ്പതിപ്പിൽ* പ്രസിദ്ധീകരിച്ച ടി.പി. വേണുഗോപാലന്റെ കഥ 'തുന്നൽക്കാരൻ' (98:2) മികച്ച വായനാനുഭവമായി. തുന്നൽ ഒരു രൂപകമാണ്. ആ അർഥത്തിൽ തുന്നൽക്കാരനും നമ്മളെ പല ചിന്തകളിലേക്ക് നടത്തും. തുന്നൽ എല്ലായ്പ്പോഴും രണ്ടറ്റങ്ങളെ കൂട്ടിമുട്ടിക്കുന്നതാവില്ല. കൂട്ടിമുട്ടാത്ത അറ്റങ്ങളെക്കുറിച്ചുള്ള ബോധം കൃത്യമായും ഉള്ളിലുണരുക തുന്നൽക്കാ ▶

▶ രനാണ്.

സ്വർണമുത്തുകൾ പിടിപ്പിച്ച ഉടയാടകളും കീറച്ചാക്കുകൾ കൊണ്ടുള്ള കുപ്പായങ്ങളും ആണ് കഥയിലെ രണ്ട് അവസ്ഥകളുടെ പ്രതിനിധാനങ്ങൾ. അവസ്ഥാവൈപരീത്യങ്ങളെ ഇത്തരം പ്രതിനിധാനങ്ങൾ കൊണ്ട് വ്യഞ്ജിപ്പിക്കുന്നത് കലയിൽ സർവസാധാരണമാണ്. ആഞ്ഞ് തറക്കുംവിധം കഥയുടെ ആത്മാവായി, കഥാശരീരത്തിൽ മുഴച്ചുനിൽക്കാതെ ഇത്തരം രൂപകങ്ങളുടെ വിന്യാസം സാധ്യമാക്കിയതാണ് തുന്നൽക്കാരന്റെ സവിശേഷത.

തുന്നൽക്കാരന്റെ പേര് മാത്രം കഥ പറയുന്നില്ല. തുന്നൽക്കാരൻ, ചെവിടിശ്ശേരിക്കാരൻ, നാടകക്കാരൻ, തെയ്യക്കാരൻ എന്നിങ്ങനെ പല സന്ദർഭങ്ങളിൽ അയാൾ വിളിക്കപ്പെടുന്നുണ്ട്. സ്വന്തം പേര് മൈക്കിലൂടെ വിളിച്ചുപറയുന്നത് കേൾക്കാൻ, താൻ വസ്ത്രാലങ്കാരം നിർവഹിച്ച നാടകം കാണാൻ ഒരിക്കൽ അയാൾ പോകുന്നുണ്ട്. പേരിലാണ് ഈ കഥയുടെ രാഷ്ട്രീയം. മാറിവരുന്ന പേരിന്റെ ചരിത്രം കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചരിത്രവുമായി നേരിട്ട് തുന്നിച്ചേർക്കപ്പെട്ടതാണ്. അവർണരുടെയും ദളിതരുടെയും പേരുകൾ ഒരു കാലത്ത് എന്തായിരുന്നു എന്ന് നമുക്കറിയാം.

അയിത്തം, അംബേദ്കർ, പെരിഞ്ചല്ലൂർ തുടങ്ങി കഥയിലെ സൂചനകളെല്ലാം ജാതീയമായ വിവേചനത്തിന്റെ വർത്തമാന സാഹചര്യത്തെയാണ് കഥ അഭിസംബോധന ചെയ്യുന്നത് എന്ന കാഴ്ചപ്പാടിനൊപ്പമാണ്.

ഉത്കൃഷ്ടമെന്ന് വാഴ്ത്തപ്പെടുന്ന നമ്മുടെ വിദ്യാഭ്യാസപ്രക്രിയ എത്രമാത്രം ദളിത് വിരുദ്ധമാണെന്നും സവർണനീതിബോധത്താൽ മാത്രം നിയന്ത്രിക്കപ്പെടുന്നതാണെന്നും കാട്ടിത്തരുന്നുണ്ട് കഥ. പെരിഞ്ചെല്ലൂർ ഹൈസ്കൂൾ തുന്നൽക്കാരന് സമ്മാനിച്ചത് ഓക്കാനമുണ്ടാക്കുന്ന ഓർമകൾ മാത്രമാണ് (പെരിഞ്ചെല്ലൂർ പേരിലെ രാഷ്ട്രീയത്തിന്റെ മറ്റൊരു ഉദാഹരണമാണ്. ബ്രാഹ്മണവാസത്തിനായി ഉണ്ടാക്കിയ *കേരളോത്പത്തി*യിലെ 64 ഗ്രാമങ്ങളിൽ ഒന്ന്). ചൂരൽകൊണ്ടുള്ള അടി, നിരന്തരമായുള്ള ക്ലാസിന് പുറത്തുനിർത്തൽ, വായിൽ കൊള്ളാത്ത ചീത്തകൾ, സ്റ്റാഫ് റൂമിൽ വിളിച്ചുനിർത്തിയുള്ള വിചാരണകൾ, പേര് വിളിക്കാതെ ഇരട്ടപ്പേര് മാത്രം വിളിച്ചുള്ള അപമാനിക്കലുകൾ, നിസ്സാരകുറ്റത്തിന് സൂക്കേടുകാരനായ അച്ഛനെ സ്കൂളിലേക്ക് വിളിപ്പിക്കൽ, ഒരിക്കലും നന്നാവില്ല എന്ന അധ്യാപകരുടെ പിരാക്കലുകൾ ഇവയാണ് തുന്നൽക്കാരൻ 'ഒരുവട്ടം കൂടി'യിൽ വിളിച്ചുണർത്തേണ്ടുന്ന സ്മരണകൾ! അതേസമയം മുരളീകൃഷ്ണനെ പോലുള്ളവർക്ക് സ്കൂൾ സമ്മാനിച്ചത് മധുരസ്മൃതികളാണ്.

കഥാന്ത്യത്തിൽ തുന്നൽക്കാരൻ ഐക്യപ്പെടുന്നത് താജ്മഹൽ കെട്ടിയുണ്ടാക്കിയ തൊഴിലാളികളോടാണ്. തുന്നൽക്കാരന്റെ രാഷ്ട്രീയാർഥമാണ് വലിയ സൂചികൊണ്ടുള്ള ഈ ചേർത്തുതുന്നൽ. സംസ്കാരമെന്ന മേൽപ്പുര കെട്ടിപ്പൊക്കുന്നത് അധ്വാനത്തിന്റെ മിച്ചമൂല്യത്താലാണ് എന്ന് അർഥശങ്കയില്ലാതെ ഇക്കാലത്തും വിശ്വസിക്കുന്നുണ്ട് ഈ കഥാകൃത്ത്. പുതിയ കാലത്തിന്റെ ആഹ്ളാദപ്പുളപ്പുകളിൽനിന്ന് അധ്വാനിക്കുന്നവന്റെ സാന്നിധ്യത്തെ എളുപ്പത്തിൽ റിമൂവ് ചെയ്യാൻ ഇന്ന് കഴിഞ്ഞേക്കാം. എങ്കിലും, പേര് പറഞ്ഞാലും ഇല്ലെങ്കിലും, നിങ്ങളു

## അവരെക്കൂടി ഓർമിക്കേണ്ടതുണ്ട്


പ്രൊ.ഫ.എം.കെ പ്രസാദ്

***ആഴ്ചപ്പതിപ്പി**ൽ* പ്രൊ.ഫ.എം.കെ പ്രസാദുമായി കെ.സി. സുബി നടത്തിയ അഭിമുഖം വായിച്ചു. സൈലന്റ് വാലി സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഉണർത്തിച്ചുകൊണ്ട് പ്രൊഫ. പ്രസാദ് നടത്തിയ അനവധി പ്രസംഗങ്ങളുടെ ഒരു കേൾവിക്കാരനായിരുന്നു ഞാൻ. കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ കോഴിക്കോട് ശാഖയായിരുന്നു ആ പരിപാടികൾ സംഘടിപ്പിച്ചിരുന്നത്. പ്രൊഫ.പ്രസാദിനെപ്പോലെ ത്തന്നെ അക്ഷീണം, ഊർജ്ജസ്വലരായി പ്രവർത്തിച്ചിരുന്ന പ്രൊ.ഐ.ജി.ഭാസ്കരപ്പണിക്കർ, അന്നത്തെ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.മാധവൻകുട്ടി, ആർ ഇ സിയിലെ പ്രൊ.അച്യുതൻ, ഡോ.വിൻസെന്റ് പോൾ, ഡോ. കെ.ജി. അടിയോടി, കവി എൻ.എൻ.കക്കാട് മുതലായവരെക്കൂടി ഓർക്കേണ്ടതാണ്. ആ സമയത്താണ് ചാലിയാറിന്റെ തീരത്തെ ഗ്വാളിയോർ റയോൺസ് പുറന്തള്ളിയ രാസമാലിന്യങ്ങൾ മൂലം നദീജലം മലിനമാവുകയും കോർപ്പറേഷന്റെ ജലവിതരണം പോലും തടസ്സപ്പെടുന്ന തരത്തിലുള്ള ഒരു സാമൂഹികപ്രശ്നമായി അത് മാറുകയും ചെയ്തത്. മാനേജ്മെന്റിന്റെ സ്വാധീനം മൂലം എല്ലാ രാഷ്ട്രീയ നേതൃത്വങ്ങളും കണ്ണടച്ചു. പ്രൊഫ.പ്രസാദിനെ പ്പോലുള്ള വ്യക്തികളുടെ ഇടപെടലുകൾകൊണ്ടുമാത്രമാണ് പ്രശ്നത്തിൽ ഇടപെടാൻ രാഷ്ട്രീയപ്രസ്ഥാനങ്ങൾ നിർബന്ധിതമാവുന്നത്. ചാലിയാർ പ്രശ്നം വലിയ പ്രാധാന്യത്തോടെ അന്ന് *മാതൃഭൂമി* ഏറ്റെടുത്തതും ഓർക്കുന്നു. ഈ വിഷയം വീണ്ടും ഓർമ്മിപ്പിക്കാനിടയാക്കിയ *ആഴ്ചപ്പതിപ്പി*ന് നന്ദി.

**കെ.സി. ജനാർദ്ദനൻ രാജ,** പോണ്ടിച്ചേരി.

ടെ ആഘോഷങ്ങളെ, അർമാദിപ്പുകളെ, നാടകങ്ങളെ ആരാണ് അണിയിച്ചൊരുക്കുന്നത് എന്നതിന്റെ ഉത്തരമാണ് തുന്നൽക്കാരൻ. നാനാതരം പേരുകളുള്ള ചേരികളിലാണ് നാഗരികതയുടെ ഉടയാടകൾ തുന്നിയെടുക്കുന്നത് എന്ന് അത് നമ്മെ കഥയ്ക്കുശേഷവും ഓർമിപ്പിക്കും.

**പി. പ്രേമചന്ദ്രൻ,**
പയ്യന്നൂർ.

## സജയ് കെ.വി.ക്ക് വിമർശനം

**‘മാരാരുടെ മേഘസന്ദേശങ്ങൾ’** എന്ന സജയ് കെ.വി.യുടെ ലേഖനം (97:52) മാരാരെക്കുറിച്ചുള്ള ഒരു ദീപ്ത സ്മരണയെന്നനിലയിൽ ഉചിതമെങ്കിലും മാരാരുടെ മേഘസന്ദേശ ദർശനത്തോട് ഒട്ടും നീതി പുലർത്തുന്നില്ല. മാരാരുടെ മേഘസന്ദേശവ്യാഖ്യാനം, ഭോഗമേഘത്തിൽനിന്ന് യോഗമേഘമാക്കിമാറ്റുന്ന മാരാരെ എവിടെയും കാണിച്ചുതരുന്നില്ല. മാരാരുടെ അവസാനകാല ലേഖനങ്ങളിലെ ആത്മീയതയോടുള്ള ആഭിമുഖ്യം, അദ്ദേഹത്തിന്റെ മേഘസന്ദേശദർശനവുമായി ബന്ധമുള്ളതാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് കുറച്ച് കടന്ന കൈയാവും.

“മാരാരുടെ മേഘസന്ദേശവ്യാഖ്യാനവും അദ്ദേഹം അതിൽനിന്ന് രൂപപ്പെടുത്തിയെടുക്കുന്ന ദർശനവും ഭോഗലാലസയുടെതാണ്. ഒരു വിരഹിയുടെ കാമസന്തപ്തമായ ഹൃദയത്തിൽനിന്ന് നീരാവിപോലെ തള്ളിപൊങ്ങിയ ഭോഗചിന്തകൾ കലാന്തരീക്ഷത്തിൽ ഘനീഭവിച്ചതാണ് ഇവിടത്തെ മേഘം. സന്ദേശം എന്നത് അതിന് വരുത്തിയ രൂപരേഖയും.” എന്ന വാക്യംതന്നെയാണ് മാരാരുടെ കാഴ്ചപ്പാട് വെളിവാക്കുന്നത്. യക്ഷനും മേഘവും രണ്ടല്ല, ഒന്നുതന്നെയാണ് എന്ന് മാരാർ പറയുന്നുണ്ട്. “ഉദ്ദീപകമായ മേഘത്തെ കണ്ടപ്പോൾ, തനിക്ക് ഒരു മേഘമായി പറക്കാൻ സ്വാതന്ത്ര്യം കിട്ടിയാൽ താൻ എന്തെല്ലാം കാട്ടുമെന്നതിന്റെ സ്ഥൂലീകൃത രൂപമാണ് മേഘസന്ദേശം” എന്ന് മാരാർ ആമുഖത്തിൽ സ്പഷ്ടമായി പറയുന്നുണ്ട്.

“ചിത്തഭാവനകളിൽ എടുക്കുന്ന സ്വാതന്ത്ര്യം എത്ര കരകവിഞ്ഞതാകുമെന്ന് അളക്കാവതല്ലല്ലോ” എന്ന പ്രസ്താവനകൂടി വായിക്കുമ്പോൾ യക്ഷന്റെ ഭോഗപരതയെ ന്യായീകരിച്ചുറപ്പിക്കുന്ന മാരാരെയാണ് കാണാൻകഴിയുക.

“യക്ഷാഗാരത്തിന്റെ പടിക്കിപ്പുറംവരെയുള്ള വിഷയലമ്പടത്വവും യക്ഷന്റെ സ്വദാരരതത്വവും പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധമാണ് എന്ന് തോന്നാമെങ്കിലും അവ തമ്മിലുള്ള പൊരുത്തമാണ് മേഘസന്ദേശത്തിലെ സാംസ്കാരികമൂല്യം.” എന്ന് മാരാർ കണ്ടെത്തുന്നുണ്ട്.

1953–ൽ മാരാർ മേഘസന്ദേശവ്യാഖ്യാനം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതും 1966–ലെ പതിയുടെ മരണവും തമ്മിൽ ബന്ധമൊന്നുമില്ല. ‘വർഷഭോഗ്യേണ ഭർത്തുഃ’– യക്ഷവിരഹം ഒരുവർഷക്കാലം മാത്രമാണ്. മാത്രമല്ല, ആ വിരഹം സുന്ദരവും ഭാവനാജനകവുമാണ്. എന്നാൽ പതിയുടെ വിരഹം അഥവാ വിയോഗം ദുഃഖകരവും ഒരിക്കലും പുനസമാഗമം നൽകാത്തതുമാണ്.

വളരെ ശരിയായ കാളിദാസദർശനത്തെയാണ് തികഞ്ഞ ആത്മാർഥതയോടുകൂടി മാരാർ വരച്ചുകാട്ടുന്നത്. അത് മാത്രവുമല്ല പ്രചാരത്തിലുള്ള പല ശ്ലോകങ്ങളെയും പ്രക്ഷിപ്തം എന്ന് പറഞ്ഞ് മാരാർ മാറ്റിനിർത്തുന്നുണ്ട്. കാളിദാസനെ കൂടുതൽ ശുദ്ധീകരിക്കുകയാണ് ഇതുകൊണ്ട് താൻ ലക്ഷ്യമാക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ഭൂപരിഷ്കരണം നടപ്പിലാക്കുന്നതിനുമുൻപുള്ളകാലത്താണ് മാരാർ മേഘസന്ദേശവ്യാഖ്യാനം എഴുതുന്നത്. സ്വാഭാവികമായും സവർണ ഫ്യൂഡൽ ജീവിതരീതിയാണ് മാരാരുടെ മുൻപിലുള്ള മാതൃക. അതുകൊണ്ടായിരിക്കാം മേഘത്തിന്റെ കുത്തഴിഞ്ഞ രതികാമനകളെ സമൂഹത്തിലെ നടപ്പുരീതിയായി മാരാർ അംഗീകരിക്കുന്നത്. ഇന്നത്തെ കേരളീയ ജീവിത സമ്പ്രദായമനുസരിച്ച് വ്യാഖ്യാനിക്കുമ്പോൾ മേഘവും യക്ഷനും ഒന്നല്ല രണ്ടാണെന്നുതന്നെ കാണേണ്ടിവരും. യക്ഷന്റെ സന്ദേശവാഹകനായ സുഹൃത്ത് മാത്രമാണ് മേഘം.

മേഘസന്ദേശത്തെയും മാരാരെയും കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ച സജയ്ക്കും ആഴ്ചപ്പതിപ്പിനും നന്ദി.

**ഉണ്ണിക്കൃഷ്ണൻ ചാഴിയാട്,**
പാലക്കാട്.



സി.വി. ബാലകൃഷ്ണൻ

“

സി.വി. ബാലകൃഷ്ണന്റെ സ്കോട്ടിഷ് ദിനരാത്രങ്ങൾ വായിച്ച് തീർക്കുകയായിരുന്നില്ല, മറിച്ച് ലേഖകന്റെ ഒപ്പം ചരിത്രമുറങ്ങുന്ന സ്കോട്ട്ലൻഡിലൂടെയും എഡിൻബറയിലൂടെയും മറ്റ് അനുബന്ധ നഗരങ്ങളിലൂടെയും കാഴ്ചകൾ കണ്ടും അനുഭവിച്ചും ആസ്വാദനത്തിന്റെ വിവിധ തലങ്ങളിലേക്ക് നടന്നുനീങ്ങുകയായിരുന്നു. (എഡിൻബറ നടക്കാനുള്ള നഗരമാണെന്ന് ലേഖകൻ പറഞ്ഞവസാനിപ്പിക്കുന്നു) സ്കോട്ട്ലൻഡിന്റെ ഭൂത, വർത്തമാനങ്ങളും ചരിത്രവും ആ മണ്ണിൽ ജന്മംകൊണ്ട് മൺമറഞ്ഞ ഒട്ടനവധി പുസ്തകങ്ങൾ റഫർചെയ്തും ഗഹനമായ ചിന്തയിലൂടെ മനനംചെയ്തും രൂപപ്പെടുത്തിയെടുത്ത സി.വി. ബാലകൃഷ്ണന്റെ മികവുറ്റ ഈ യാത്രാപരമ്പര നവ്യമായ വായനാനുഭൂതി പകർന്നുതന്നു. ലേഖകനും ആഴ്ചപ്പതിപ്പിനും അഭിനന്ദനങ്ങൾ.

**ബാലകൃഷ്ണൻ,**
പയ്യന്നൂർ, കണ്ണൂർ.



ഒ.വി. വിജയൻ

ഫോട്ടോ: കെ.ആർ. വിനയൻ



# ആഴത്തിൽ കൈനനഞ്ഞ് ഒ.വി.വിജയൻ പിടിച്ച ആധുനികതയുടെ മീനുകൾ

**പി.കെ. രാജശേഖരൻ**

**"യൂറോകേന്ദ്രിതത്വത്തെ മാത്രമല്ല, അന്ധമായ ഭാരതീയവാദത്തെയും തൻെറ തലമുറയിലെ മറ്റെഴുത്തുകാർക്കോ പൂർവികരായ എതിരാളികൾക്കോ അന്നു മനസ്സിലായിരുന്നില്ലെങ്കിലും വിജയൻ കഠിനമായി എതിർത്തു, പ്രവചനാത്മകമായ ദീർഘരാഷ്ട്രീയ വീക്ഷണത്തോടെ. യൂറോപ്യൻ ചിന്താമാതൃകകളുടെ വിശ്വാസവെളിച്ചത്തിൽ ഉടനടി വിപ്ലവം വരുമെന്നു മുട്ടിപ്പായി വിശ്വസിച്ചു കൊണ്ടിരുന്നവരും പാരമ്പര്യമഹിമാവാദികളുമൊന്നും കാണാതിരുന്ന ആ കേന്ദ്രിതത്വത്തെ, 'സങ്കീർണവും സ്തോഭജനകവുമായ നമ്മുടെ സ്വത്വത്തെ മനസ്സിലാക്കാൻ മുതിരാതെ ആര്യാവർത്ത ത്തിൻെറ സ്വത്വത്തിൽ നാം അതിനെ ലയിപ്പിക്കുന്നതിൻെറ പ്രായോഗിക ഭവിഷ്യത്തുകളെ'പ്പറ്റി ഓർമിപ്പിച്ചുകൊണ്ട് വിജയൻ ചൂണ്ടിക്കാട്ടി." - ഒ.വി. വിജയൻെറ നവതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ആധുനികതയേയും അതിന്മേൽ ഒ.വി. വിജയൻ സാധ്യമാക്കിയ സവിശേഷ കലാപത്തേയും അടയാളപ്പെടുത്തുന്നു.**

ഒ.വി. വിജയൻെറ ഖസാക്കിൻെറ *ഇതിഹാസം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ* ഖണ്ഡശഃ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയും പാലക്കാട്ടെ മലമ്പുഴ അണക്കെട്ടിൻെറ പൂന്തോട്ടത്തിൽ കാനായി കുഞ്ഞിരാമൻ 'യക്ഷി' നിർമിച്ചുകൊണ്ടിരിക്കുകയുമായിരുന്ന 1968-ൽ ആ വർഷമാദ്യം പ്രസിദ്ധീകരണം തുടങ്ങിയ ലിറ്റിൽ മാഗസിനായ *കേരള കവിത*യുടെ രണ്ടാംലക്കം തൃശ്ശൂരിൽ പ്രകാശനംചെയ്തുകൊണ്ട് മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ ക്ഷോഭത്തോടെ ഒരു ചോദ്യമുയർത്തുകയുണ്ടായി: "നമ്മുടെ പുതിയ കവികൾ ഏത് കേളേജിലാണ് പഠിച്ചത്?" താൻ പ്രകാശിപ്പിച്ച *കേരള കവിത* ലക്കത്തിൽ കവി എൻ.എൻ. കക്കാട് എഴുതിയിരുന്ന പുതിയ കവിത എന്ന ലേഖനത്തിലെ ആശയങ്ങളാണ് വൈലോപ്പിള്ളിയെ ക്ഷോഭിപ്പിച്ചതെങ്കിലും ആ ചോദ്യം അന്നത്തെ പുതിയ എഴുത്തിനെക്കുറിച്ചുള്ള പഴയ തലമുറയുടെ പൊതുവായ അഭിപ്രായത്തിൻെറ ഭാഗമായിരുന്നു.

മലയാളത്തിലെ ആധുനികതാപ്രസ്ഥാന/വാദ (മോഡേണിസം)ത്തിൻെറ മൂന്ന് സന്ദർഭങ്ങളായിരുന്നു അവ; പുതിയ അഭിരുചിയും ആവിഷ്കാരവും ഭാവുകത്വവുമായി മലയാളിയുടെ കലാ-സാഹിത്യബോധത്തിലും അനുഭവത്തിലും പ്രതിഷ്ഠ നേടിയ ആധുനികതയുടെ ആവിർഭാവ സന്ദർഭങ്ങൾ. അതുവരെയുള്ള കഥപറച്ചിൽ സങ്കല്പങ്ങൾ അട്ടിമറിച്ച് പുതിയ എഴുത്തിൻെറ വഴി പ്രഖ്യാപിച്ച ഒരു നോവൽ, കേവലമായ പ്രതിനിധാനമാണ് കല എന്ന സങ്കല്പത്തെ അട്ടിമറിച്ച് ദേവാലയബിംബങ്ങളിലും അലങ്കാരപ്പണികളിലുംനിന്ന് മുക്തമായ ഒരു ശില്പം, വ്യവസ്ഥാപിത-മുഖ്യധാരാ ആനുകാലികങ്ങളിൽനിന്ന് വ്യത്യസ്തമായി പുതിയതിനെ പ്രകാശിപ്പിക്കുന്ന ഒരു ബദൽ പ്രസിദ്ധീകരണം-അതിഭാവുകവും ജഡവുമായിക്കഴിഞ്ഞിരുന്ന പരമ്പരാഗതാവിഷ്കാരങ്ങളെയും പ്രശ്നഭരിതമായിക്കഴിഞ്ഞിരുന്ന രാഷ്ട്രീയ-സാമൂഹികസ്ഥിതികളെയും പുതുചിന്തകളെയും തിരിച്ചറിയാൻ കഴിയാതിരുന്നവരെയും മോഹാലസ്യവിഭ്രമങ്ങളിലകപ്പെടുത്താൻ പോന്നവയായിരുന്നു ആ ആധുനികതാ സന്ദർഭങ്ങൾ. മലയാളത്തിലെ ആധുനികതയുടെ പ്രതീകമോ പ്രതിപുരുഷനോ ആയി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒ.വി. വിജയനെ (അദ്ദേഹം ജീവിച്ചിരിപ്പില്ലാത്ത) ഈ നവതിവേളയിൽ ഓർക്കുമ്പോൾ ആ സന്ദർ



ഫോട്ടോ: കെ.ആർ. വിനയൻ

ഭങ്ങൾക്ക് സവിശേഷ പ്രാധാന്യമുണ്ട്. ഇക്കഴിഞ്ഞ ആറ് പതിറ്റാണ്ടുകാലത്തെ കേരളീയ സാംസ്കാരികചരിത്രത്തിലെ സുപ്രധാന സന്ദർഭങ്ങളാണവ. ഇന്ന് പഴയതായിക്കഴിഞ്ഞ ആധുനികതയെക്കുറിച്ചുള്ള പുനരാലോചനകൾക്ക് ഈ സന്ദർഭം പ്രേരിപ്പിക്കുന്നു.

'യക്ഷി'യുടെയും പ്രേതഭൂമിയായ *ഖസാക്കി*ൻെറയും ആവിർഭാവ സന്ദർഭത്തിലുണ്ടായ വൈലോപ്പിള്ളിയുടെ ക്ഷോഭം മുൻതലമുറയിൽനിന്ന് പുതുതലമുറയുടെ 'ആധുനികത' നേരിട്ട എതിർപ്പിൻെറ മാതൃകകളിലൊന്നാണ്. പുതിയ (ആധുനിക) കവിതയിൽ വാക്കുകൾക്ക് നാദവും വർണവും ഗന്ധവുമൊക്കെയുണ്ടെന്ന് കക്കാട് എഴുതിയതാണ് വൈലോപ്പിള്ളിയെ ചൊടിപ്പിച്ചത്.

നാട്ടുമാമ്പഴമണമൊന്നുമില്ലാതെയാണ് പുതിയ (ആധുനിക) കവികൾ എഴുതുന്നതെന്നായിരുന്നു അദ്ദേഹത്തിൻെറ വ്യംഗ്യം. *കേരള കവിത* പ്രകാശനച്ചടങ്ങിലെ സാന്ദർഭികമായ എതിർപ്പ് മാത്രമല്ല, തുടർന്നുള്ള കാലത്ത് രേഖാമൂലമുള്ള എതിർപ്പും ആധുനികത നേരിട്ടു. *ഖസാക്കിൻെറ ഇതിഹാസം* പുസ്തകരൂപത്തിൽ പുറത്തുവരിക ▶



ഒ.വി. വിജയൻ


എൻ.എൻ. കക്കാട്


മുണ്ടശ്ശേരി


വള്ളത്തോൾ


വൈലോപ്പിള്ളി

▶ യും 'യക്ഷി' അനാവരണം ചെയ്യപ്പെടുകയും ചെയ്ത 1969-ൽ ജോസഫ് മുണ്ടശ്ശേരി പ്രസിദ്ധീകരിച്ച *നനയാതെ മീൻപിടിക്കാമോ* എന്ന നിരൂപണഗ്രന്ഥം ആധുനികതയ്ക്ക് നേരെയുള്ള കടുത്ത ആക്രമണമായിരുന്നു. ആ പുസ്തകത്തിലെ വൈലോപ്പിള്ളിയുടെ പ്രസംഗം അനുസ്മരിച്ചുകൊണ്ട് ആരംഭിക്കുന്ന 'ഏത് കോളേജിലാണ് പഠിച്ചത്?' എന്ന ലേഖനത്തിൽ മുണ്ടശ്ശേരി എഴുതി: ''നമ്മുടെ പുതിയ കവികൾ ഏത് കോളേജിലാണ് പഠിച്ചതെന്നുള്ള ചോദ്യത്തിന് വലിയ അർഥമുണ്ട്. ആശാനും വള്ളത്തോളും ചങ്ങമ്പുഴയും മറ്റും എഴുതിയത് മിക്കവാറും ആ കാലഘട്ടങ്ങളിൽ ഇവിടത്തെ, എന്നുവെച്ചാൽ ഇന്ത്യയിലെയും കേരളത്തിലെയും ജീവിതാനുഭവങ്ങളിൽനിന്ന് ആവേശംകൊണ്ടിട്ടാണ്. ആശാനും ചങ്ങമ്പുഴയ്ക്കും ഒട്ടൊക്കെ ആംഗലസാഹിത്യത്തിൽ നിന്നുള്ള നിശ്വാസങ്ങൾ ഉൾക്കൊള്ളാൻകഴിഞ്ഞിട്ടുണ്ടാവാം. ചങ്ങമ്പുഴയ്ക്ക് ഫ്രഞ്ച്സാഹിത്യത്തിന്റെ തീനാമ്പുകൾ പോലും കുറഞ്ഞൊന്ന് വെട്ടിവിഴുങ്ങാൻ സാധിച്ചിട്ടില്ലെന്നില്ല. എന്നാലുമവർ കാലൂന്നിനിന്നത് പാവപ്പെട്ട ഈ നാടിന്റെ മണ്ണിൽത്തന്നെയാണ്. അവർക്കുശേഷം അത്രയും സ്വാനുഭൂതിപ്രബുദ്ധരായി കാവ്യരചന നടത്തിയ കവികൾ ചുരുക്കമാണ്.''

പുതിയ കവികളെയും നോവലിസ്റ്റുകളെയും കുറിച്ച് *നനയാതെ മീൻപിടിക്കാമോ*യിൽ മുണ്ടശ്ശേരി ഉന്നയിച്ച പ്രധാന ആരോപണങ്ങളിൽ ചിലത് ഇവയാണ്: അവർ പൊതുവേ ഉണ്ണുന്നതും ഉറങ്ങുന്നതും കേരളത്തിലാണെങ്കിലും പറയുന്നതും എഴുതുന്നതുമൊക്കെ മറ്റെവിടെയെല്ലാമോ

ഒ.വി. വിജയൻ


ഫോട്ടോ: കെ.ആർ. വിനയൻ


കുമാരനാശാൻ


ചങ്ങമ്പുഴ


പുനത്തിൽ കുഞ്ഞബ്ദുള്ള


എം. മുകുന്ദൻ

നിന്നുകൊണ്ടാണ്; പറയുന്നതും എഴുതുന്നതുമെല്ലാം ഇവിടത്തെ കാര്യങ്ങൾതന്നെയാണ് എന്നാണവരുടെ വാദം. പക്ഷേ, അവരുടെ കൃതികൾ സൂക്ഷിച്ച് വായിക്കുന്നവർക്ക് മറിച്ചാണ് തോന്നുന്നത്; അവർ ശ്രമിക്കുന്നത് ഛന്ദസ്സിനെ ഒടിച്ചുമടക്കിക്കൊണ്ടുള്ള ടെക്നിക്കിന്റെ പരീക്ഷണത്തിലാണ്; ശിഥിലഛന്ദസ്സുകൾക്ക് യൂറോപ്പിലെപ്പോലെ ഇവിടെ സാമൂഹികമായ പശ്ചാത്തലം വേണ്ടത്ര ഉണ്ടായിക്കഴിഞ്ഞിട്ടില്ല. പാശ്ചാത്യരോട് കടംവാങ്ങിയ ടെക്നിക്കുകളും സിദ്ധാന്തങ്ങളും മലയാളത്തിലേക്ക് ഇറക്കുമതിചെയ്യുന്നു; അവർ സാമൂഹികമായ ലക്ഷ്യമില്ലാതെ സ്വന്തം ആദായത്തിന് മാത്രമായി സാഹിത്യരചന നടത്തുന്നു. ആരോപണങ്ങൾ മാത്രമല്ല, ഒരു രാഷ്ട്രീയനേതാവിനെപ്പോലെ ഒരു ആഹ്വാനവും മുണ്ടശ്ശേരി നടത്തി: ''ഇമ്മാതിരി എഴുത്തുകാരെ വേർതിരിച്ചു കാണുന്നതിൽ ഈ രാജ്യത്തെ സാധാരണക്കാർക്കും തൊഴിലാളികൾക്കും തെറ്റിപ്പോവില്ലെന്ന് വിശ്വസിക്കട്ടെ.'' പുതിയ കവികളെയെന്നപോലെ നോവലിസ്റ്റുകളെയും കടന്നാക്രമിച്ച മുണ്ടശ്ശേരി *ഖസാക്കിന്റെ ഇതിഹാസ*ത്തെ ''ഈയിടെയായി നോവലിസ്റ്റുകൾ ഉപയോഗപ്പെടുത്തിവരുന്ന ബോധധാരാപദ്ധതി എന്ന ടെക്നിക്കിന്റെ വൈജയന്തി'' എന്നുകൂടി പറഞ്ഞുവെച്ചുകളഞ്ഞു. മുണ്ടശ്ശേരിയുടെത് മാത്രമായിരുന്നില്ല ആധുനികതയോടുള്ള എതിർപ്പുകൾ. എതിർപ്പുകൾ എത്രത്തോളമുണ്ടായോ അത്രത്തോളമോ അതിനെക്കാളേറെയോ അനുകൂലനങ്ങളും വാഴ്ത്തുകളും കാലാന്തരത്തിൽ ആധുനികതയ്ക്ക് ലഭിച്ചു. ഒടുവിൽ അത് സാഹിത്യസ്ഥാപനത്തിന്റെ ഭാഗവും കാനോനയുമായിത്തീർന്നു.

എതിർപ്പുകളുടെ അടിസ്ഥാനം ആധുനികതാവാദത്തിന്റെ യൂറോപ്യൻ ഉത്പത്തിക്കഥയായിരുന്നു. വൈരുധ്യമെന്നുപറയട്ടെ അനുകൂലവാദങ്ങളും വിശേഷിച്ചും ആധുനികതാനിരൂപണവും ആ യൂറോകേന്ദ്രിതവാദത്തെ മറ്റൊരർഥത്തിൽ സ്ഥാപിച്ചെടുക്കാനാണ് ശ്രമിച്ചത്. യൂറോപ്യൻ ആധുനികത്വ (മോഡേണിറ്റി)ത്തിന്റെയും അതിന്റെ പൗരസമൂഹത്തിന്റെയും സ്ഥാപനങ്ങൾക്കും മൂല്യസങ്കല്പങ്ങൾക്കുമെതിരേ കലാസാഹിത്യങ്ങളിൽ ആരംഭിച്ച സാംസ്കാരികവിപ്ലവമായ ആധുനികത (മോഡേണിസം) ലോകവ്യാപകമായതിന്റെ ഭാഗമായിരുന്നു മലയാളത്തിലെയും ആധുനികതയെന്ന് വാദിച്ചുകൊണ്ട് യൂറോപ്യൻകേന്ദ്രവും യൂറോപ്പിതര പ്രാന്തങ്ങളും എന്ന സാംസ്കാരികഭൂപടമാണ് ആ വാദങ്ങൾ നിർമിച്ചത്.

**മലയാളത്തിലെ ആധുനികതയുടെ പ്രതീകമോ പ്രതിപുരുഷനോ ആയി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒ.വി. വിജയനെ (അദ്ദേഹം ജീവിച്ചിരിപ്പില്ലാത്ത) ഈ നവതി വേളയിൽ ഓർക്കുമ്പോൾ ആ സന്ദർഭങ്ങൾക്ക് സവിശേഷ പ്രാധാന്യമുണ്ട്.**

നമ്മുടെതുപോലുള്ള ആധുനികതകൾ അധിനിവേശാനന്തര പ്രതിഭാസമാണെന്ന കുറേക്കൂടി സൂക്ഷ്മമായ നിരീക്ഷണങ്ങളുമുണ്ടായി. ഉത്തരാധുനിക ചിന്തയുടെ വ്യാപനത്തോടെ യൂറോ-അമേരിക്കൻ ലോകത്തുതന്നെ ആധുനികത വിമർശിക്കപ്പെടാൻതുടങ്ങി. ചരിത്രപരതയ്ക്കുമേൽ പ്രതിചരിത്രത്തെയും പ്രക്രിയയ്ക്കുമേൽ ഉത്പന്നത്തെയും പരിശോധനാത്മകവ്യവഹാരത്തിന് പകരം സമഗ്രീകരണത്തെയുമാണ് ആധുനികത പ്രോത്സാഹിപ്പിച്ചത് എന്ന മട്ടിലാണ് ആ വിമർശനങ്ങൾ നീങ്ങിയത്. അതിന്റെ മാറ്റൊലികൾ മലയാളത്തിലുമുണ്ടായിട്ടുണ്ട്. ആധുനികതയെ ഒരു സവിശേഷ കാലയളവിൽ ഏക ഉത്പത്തിസ്ഥാനത്തുണ്ടായി ലോകത്തിന്റെ മറ്റിടങ്ങളിലേക്ക് വിതരണം ചെയ്യപ്പെട്ട സാംസ്കാരിക പ്രതിഭാസമായി വിലയിരുത്തുന്ന സങ്കല്പത്തിൽനിന്നാണ് ഈ വിമർശനങ്ങളും യൂറോകേന്ദ്രിത നിലപാടുകളും ഉണ്ടായിട്ടുള്ളത്.

സാഹിത്യ സ്ഥാപനത്തിന്റെയും സാഹിത്യ ചരിത്രത്തിന്റെയും ഭാഗമായിത്തീർന്നുകഴിഞ്ഞ മലയാളത്തിലെ ആധുനികതാ പ്രസ്ഥാനത്തിൽ ഉണ്ടായ അനേകം രചനകളിൽ സമകാലിക വായനകളിലും അർഥാന്തരങ്ങളും പാഠാന്തരങ്ങളും സൃഷ്ടിക്കാൻ കഴിയുന്നവയിലേക്ക് നോക്കിയാൽ നമ്മുടെ ആധുനികത യൂറോ കേന്ദ്രിതമായിരുന്നില്ലെന്നുമാത്രമല്ല അതിനെ ചെറുത്തുനിൽക്കുന്നതുമായിരുന്നുവെന്ന് കാണാനാവും. *ഖ* ▶

▶ *സാക്ക്* ഉൾപ്പെടെയുള്ള ഒ.വി. വിജയന്റെ രചനകൾ (ചെറുകഥകൾ, രാഷ്ട്രീയലേഖനങ്ങൾ, ആക്ഷേപഹാസ്യരചനകൾ, കാർട്ടൂണുകൾ) അതിന്റെ ഏറ്റവും മികച്ച മാതൃകകളാണ്. ആധുനികതയെ യൂറോ കേന്ദ്രിതമായ ഒരു ഖരരൂപമായി കാണുന്നതിനുപകരം വ്യത്യസ്ത ഭൗമചരിത്രസ്ഥാനങ്ങളിലും (geo-historical locations) കാലയളവുകളിലുമുള്ള ആധുനികത്വത്തിനുള്ളിലുള്ള ഒരു ശക്തമായ മണ്ഡലമായി കണ്ടാൽ മാത്രമേ അനുകൂലികളും പ്രതികൂലികളും ഒരുപോലെ സ്ഥാപിച്ച യൂറോപ്യൻ പ്രഭവാഖ്യാനകത്തെ നേരിട്ടുകൊണ്ട് മലയാളത്തിലെ ആധുനികതയെ പുനർമൂല്യനിർണയം നടത്താനാവൂ. ആധുനികതയെ പുതിയൊരു പഠനമാതൃകയിലൂടെ പുതുതായി വിലയിരുത്തേണ്ടതിന്റെ സാഹിത്യചരിത്രപരമായ ആവശ്യകതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

മുൻപ് ആധുനികത മനസ്സിലാക്കപ്പെട്ടത് യൂറോപ്പിലെ ഒരു സവിശേഷകാലത്തെ സൗന്ദര്യകലാപങ്ങളുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങൾ, കലാശൈലികൾ, രാഷ്ട്രീയാശയങ്ങൾ, തത്ത്വശാസ്ത്രസങ്കല്പങ്ങൾ, തൊട്ടുമുൻപുള്ള പ്രബലസൗന്ദര്യബോധത്തോടുള്ള എതിർപ്പ് തുടങ്ങിയ ഫോർമലിസ്റ്റ് സംജ്ഞകളിലാണ്. പാശ്ചാത്യാധുനികതയുടെ പ്രസിദ്ധമായൊരു ചരിത്രഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയ മാൽക്കം ബ്രാഡ്ബറിയും ജെയിംസ് മക്ഫാർലെയ്നും നടത്തിയ ആധുനികതാനിർവചനം ഇതിനുദാഹരണമാണ്: ''നമ്മുടെ അലങ്കോലാന്തരീക്ഷത്തോട് പ്രതികരിച്ച കലയാണ് മോഡേണിസം. ഹൈസെൻബെർഗിന്റെ അനിശ്ചിതത്വ സിദ്ധാന്തം, ഒന്നാംലോകയുദ്ധത്തിൽ ഉണ്ടായ നാഗരികതയുടെയും യുക്തിയുടെയും നാശം, മാർക്സും ഫ്രോയ്ഡും ഡാർവിനും പുനർവ്യാഖ്യാനിച്ച് പരിവർത്തിപ്പിച്ചലോകം, മുതലാളിത്തം, ഗാഢമായ വ്യവസായ മുന്നേറ്റം, അർഥശൂന്യത അഥവാ അസംബന്ധതയെക്കുറിച്ചുള്ള അസ്തിത്വപരമായ വെളിപാട് എന്നിവയുടെ അനന്തരഫലമായുണ്ടായ കലയാണത്.'' (Malcolm Bradbury & James McFarlane (Eds.) Modernism: A Guide to European Literature 1890-1930, 1976). പാശ്ചാത്യലോകം അതിന്റെ ആധുനികത കണ്ടെത്തിയതിന്റെ ഈ ആഖ്യാനകത്തെയും ചരിത്രസന്ദർഭങ്ങളെയും നിറവും മണവും മാറ്റിയും ചില കഷണങ്ങൾ കൂട്ടിച്ചേർത്തും മലയാളത്തിലേക്ക് സ്വീകരിക്കുകയാണ് ആധുനികതാ നിരൂപണം (അതിലെ സൗന്ദര്യവാദികളെന്നപോലെ രാഷ്ട്രീയ വാദികളും) ചെയ്തത്. എതിർത്തവരാകട്ടെ സൗന്ദര്യപരവും ചരിത്രപരവുമായ കാര്യങ്ങൾപോലും മാറ്റിവെച്ച് (അല്ലെങ്കിൽ മനസ്സിലാക്കാൻ കഴിയാതെ) വീക്ഷണ വ്യത്യസ്തതകളോടുള്ള ഭയംകൊണ്ട് ആധുനികതയെ ഭർത്സിച്ചു. പലതരം കേന്ദ്രീകരണവാദങ്ങളിൽ ഒന്നുമാത്രമാണ് യൂറോസെൻട്രിസം (ഭാരതീയതാവാദംപോലെ) എന്ന് വിലയിരുത്തിക്കൊണ്ട് ലോകാന്തര വികസിതവും രൂപാന്തരാത്മകവുമായ സാംസ്കാരിക പ്രതിഭാസമായിരുന്നു, അഥവാ, ഫലങ്ങളുടെയും പ്രയോഗങ്ങളുടെയും ഒരേസമയമുള്ള വ്യതിരിക്ത സാംസ്കാരികാവിഷ്കരണമായിരുന്നു ആധുനികതയെന്ന വിവേകമാണ് വേണ്ടത്; കാലപരതയിൽനിന്ന് സ്ഥലപരതയിലേക്ക് ആധുനികതാപഠനത്തെ വിമോചിപ്പിക്കൽ; ഒരു പുതിയ വിചാരമാതൃകയുടെ സൃഷ്ടി.


മാർക്സ്

**എതിർപ്പുകൾ എത്രത്തോളമുണ്ടായോ അത്രത്തോളമോ അതിനെക്കാളേറെയോ അനുകൂലനങ്ങളും വാഴ്ത്തുകളും കാലാന്തരത്തിൽ ആധുനികതയ്ക്ക് ലഭിച്ചു. ഒടുവിൽ അത് സാഹിത്യസ്ഥാപനത്തിന്റെ ഭാഗവും കാനോനയുമായിത്തീർന്നു.**


ഫ്രോയ്ഡ്

ഡാർവിൻ


ആദ്യം പടിഞ്ഞാറ് പിന്നെ മറ്റിടങ്ങളിൽ എന്ന മട്ടിലുള്ള ആധുനികതാവികാസ സങ്കല്പത്തെ, യൂറോപ്യൻ ആധുനികത്വത്തിന്റെ അനന്തപുരോഗതി സങ്കല്പത്തോടും സമഗ്രാധിപത്യപരവും അധിനിവേശ ചൂഷണപരവുമായ രാഷ്ട്രീയത്തോടുമൊപ്പം എതിർത്തുകൊണ്ടാണ് ഒ.വി. വിജയൻ തന്റെ ആധുനികത സൃഷ്ടിച്ചത്, മറ്റ് എഴുത്തുകാർക്ക് അത് മാതൃകയായിത്തീരുകയും ചെയ്തു. *ഖസാക്കി*ന്റെ കാലത്ത് *ദൽഹി* എഴുതിയ എം. മുകുന്ദൻ *മയ്യഴിപ്പുഴയുടെ തീരങ്ങളി*ലും പുനത്തിൽ കുഞ്ഞബ്ദുള്ള *സ്മാരകശിലകളി*ലുമെത്തിയത് ഈ ആധുനികതാസങ്കല്പത്തിന്റെ ഭാഗമായാണ്. അത് യൂറോപ്യൻ കോളേജിൽ പഠിച്ചിറങ്ങിയ ഭാവുകത്വമോ അതിന്റെ പ്രാന്തത്തിൽ പുലർന്നതോ ബദലായി നിർമിച്ച ഭാവുകത്വമോ ആയിരുന്നില്ല. ആധുനികത്വവുമായുള്ള ഇടപെടലിലൂടെ സൃഷ്ടിച്ച രൂപപരവും ആഖ്യാനപരവുമായ ആവിച്ഛേദമാണ് ഒ.വി. വിജയന്റെ ആധുനികത; മലയാളസാഹിത്യത്തിന് അദ്ദേഹം നൽകിയ ഭാവുകത്വവിച്ഛേദസംഭാവന. കേരളത്തിന്റെ ഗ്രാമീണത, വാമൊഴിയുമായി ബന്ധപ്പെട്ട ഒരുതരം എത്നോഗ്രഫിക് സൗന്ദര്യശാസ്ത്രം, മിത്തുകൾ, ഐതിഹ്യങ്ങൾ, പ്രാദേശിക മൊഴികൾ, അമാനുഷാംശങ്ങൾ, അതിർത്തിജീവിതം, ജാതിഭേദങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി വികസിപ്പിച്ച വിജയന്റെ ആധുനികത യൂറോകേന്ദ്രിതാഖ്യാനങ്ങളെ തിരസ്കരിക്കുന്നു. തദ്ദേശീയതയുടെയും നാഗരികതയുടെയും വൈരുധ്യാത്മകത്വത്തിൽ ഭാഷാപരമായി നിലകൊള്ളുന്ന ആ ആധുനികതയിൽ പൊതുഭാഷയ്ക്കൊപ്പം തദ്ദേശീയഭാഷകളും അണക്കെട്ടു നിർമിക്കുന്ന ശാസ്ത്രയുക്തിക്കൊപ്പം മന്ത്രവാദവും സഹസ്ഥിതമാകുന്നു; മനുഷ്യർക്കൊപ്പം പ്രേതങ്ങളും പാർക്കുന്നു. *ഖസാക്കിന്റെ ഇതിഹാസ*ത്തിൽ ഇഹലോകങ്ങളും പരലോകങ്ങളും രവിക്കൊപ്പം അള്ളാപ്പിച്ച മൊല്ലാക്കയും കുട്ടാടൻ പൂശാരിയും ഖാലിയാരും അപ്പുക്കിളിയും തങ്ങളുപക്കീരിയും കഴിഞ്ഞുപോകുന്നതെങ്ങനെയാണ്. മൈമുനയ്ക്കൊപ്പം പുളിങ്കൊ ▶



ഒ.വി. വിജയൻ

ഫോട്ടോ കെ.ആർ. വിനയൻ



ഒ.വി. വിജയൻ

ഫോട്ടോ: കെ.ആർ. വിനയൻ

▶ മ്പത്തെ പോതിയും പാലക്കാട്ടേക്കുള്ള സർക്കാർ നിരത്തിനൊപ്പം ചെതലിയിലേക്കുള്ള മലമ്പാതകളും പ്രേതങ്ങൾ സഞ്ചരിക്കുന്ന പാതകളും നിലനിൽക്കുന്നതങ്ങനെയാണ്. കണ്ണടച്ച് എതിർത്തവരും യൂറോ കേന്ദ്രവാദത്തിന്റെ സംജ്ഞകളിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചവരും ആധ്യാത്മിക സന്ദിഗ്ധതകളെ മതമൗലികവാദമായി ദുർവ്യാഖ്യാനിച്ചവരും ഒന്നിനുമേൽ മറ്റൊന്നിന് വിശേഷപ്രാധാന്യം കല്പിക്കുന്ന സൗന്ദര്യശാസ്ത്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും പതിവ് ധ്രുവീകരണത്തിലാണ് ചെന്നുവീണത്. നമ്മുടെ ആധുനികത വ്യത്യസ്തതരം ആധുനികതയും സവിശേഷ ഭാവുകത്വഘട്ടവുമാണെന്നും അതിനുവേണ്ടി സവിശേഷമായൊരു സൗന്ദര്യശാസ്ത്രവും ആധുനികതാസങ്കല്പവും രൂപപ്പെടുത്തണമെന്നും തിരിച്ചറിയപ്പെടാതെപോയി.

എന്നാൽ വിജയന് അതറിയാമായിരുന്നു. വിമർശനത്തിന്റെ ദുഃശാഠ്യംനിറഞ്ഞ സൈദ്ധാന്തിക കല്പനകളോ രാഷ്ട്രീയമാതൃകകളോ കൂടാതെ വിജയൻ എഴുതി: ''നമ്മുടെ ജീവിതത്തിന്റെ എല്ലാ തുറകളിലും, നമുക്ക് രോഗംവന്നാൽ ചികിത്സിക്കാൻ, വിദ്യാഭ്യാസവും ആശയവിനിമയവും നടത്തിപ്പോരാൻ ഇങ്ങനെ എല്ലാ കാര്യത്തിലും നമുക്ക് ഒരു പാശ്ചാത്യതാരതമ്യം, പാശ്ചാത്യമായ ഒരാസ്പദം ആവശ്യമായിവന്നു. അതാകട്ടെ, ഒഴിഞ്ഞുനീങ്ങാൻ കൂട്ടാക്കാത്ത ഒരു ശീലമായി തുടരുകയും ചെയ്യുന്നു. ഇന്നത്തെ യുവനിരൂപകന്മാരുടെ ദുരൂഹതയെക്കുറിച്ചു പഴിപറയുന്നവർ സമീപഭൂതകാലങ്ങളിലേക്കു തിരിഞ്ഞുനോക്കുന്നത് പ്രയോജനകരമായിരിക്കും. നാല്പതുകളിലും അമ്പതുകളിലും നമ്മുടെ കാതിലും മനസ്സിലും നിറയെ ബോധധാരയും കാല്പനിക പ്രസ്ഥാനവും ചരിത്രാഖ്യായികയുടെ യൂറോപ്യൻ മാതൃകകളും മറ്റുംമറ്റുമായിരുന്നു. കാളിദാസനും ഭാസനുമൊക്കെ ദേവതുല്യരായിക്കഴിഞ്ഞിരുന്നതിനാൽ അവരുടെ പട്ടുനൂലും സമകാലികലിഖിതങ്ങളുടെ വാഴനാരും തമ്മിൽ ചേർത്തുപിന്നുന്ന പ്രശ്നമുദിച്ചില്ല. എന്നാൽ ഞങ്ങൾക്ക് ഞങ്ങളുടെ തലമുറയിലെ ഒരു നാടകത്തെ വിലയിരുത്തണമായിരുന്നെങ്കിൽ ഇബ്സനുമായി തട്ടിച്ചുനോക്കിയതിനുശേഷമേ പറ്റൂ എന്നതായിരുന്നു നില. ബോധധാരയോ അല്ലയോ എന്നു തിട്ടപ്പെടുത്താത്ത കഥകൾ അന്ന് ഞങ്ങൾക്കുണ്ടായിരുന്നില്ല. കാവ്യങ്ങൾ, അവ കവിത്രയത്തിന്റെ ക്ളാസിക്കുകളല്ലായിരുന്നെങ്കിൽ ഷെല്ലിയോടും കീറ്റ്സിനോടുമൊക്കെ തട്ടിച്ചുനോക്കിയേ ഞങ്ങൾ സ്വീകരിച്ചിരിക്കൂ. ജാലിയൻ വാലാബാഗിലെ കൂട്ടക്കൊലയെക്കാൾ വലിയ ഒരു ദുരന്തമായിരുന്നു കൊളോണിയലിസത്തോടുള്ള ഈ വിധേയത്വം.'' യൂറോകേന്ദ്രിതത്വത്തെ മാത്രമല്ല അന്ധമായ ഭാരതീയവാദത്തെയും തന്റെ


ഇബ്സൻ

കീറ്റ്സ്


**പാൻ ഇന്ത്യൻ ദേശീയതാവാദമെന്ന് വിജയൻ വിളിച്ച ആ കേന്ദ്രിതവാദം ഇന്ന് എത്ര വലിയ രാഷ്ട്രീയ പ്രത്യയശാസ്ത്രമായി വളർന്നിരിക്കുന്നുവെന്ന് ഓർക്കേണ്ടതുണ്ട്. യൂറോ കേന്ദ്രിതാധുനികതയുടെ, അല്ലെങ്കിൽ അതിനെ അനുകരിച്ചുണ്ടായ ആധുനികതാ രചനകളുടെ വിമർശകനുമായിരുന്നു വിജയൻ.**

തലമുറയിലെ മറ്റെഴുത്തുകാർക്കോ പൂർവികരായ എതിരാളികൾക്കോ അന്നു മനസ്സിലായിരുന്നില്ലെങ്കിലും വിജയൻ കഠിനമായി എതിർത്തു, പ്രവചനാത്മകമായ ദീർഘരാഷ്ട്രീയ വീക്ഷണത്തോടെ. യൂറോപ്യൻ ചിന്താമാതൃകകളുടെ വിശ്വാസവെളിച്ചത്തിൽ ഉടനടി വിപ്ളവം വരുമെന്നു മുട്ടിപ്പായി വിശ്വസിച്ചുകൊണ്ടിരുന്നവരും പാരമ്പര്യമഹിമാവാദികളുമൊന്നും കാണാതിരുന്ന ആ കേന്ദ്രിതത്വത്തെ 'സങ്കീർണവും സ്തോഭജനകവുമായ നമ്മുടെ സ്വത്വത്തെ മനസ്സിലാക്കാൻ മുതിരാതെ ആര്യാവർത്തത്തിന്റെ സ്വത്വത്തിൽ നാം അതിനെ ലയിപ്പിക്കുന്നതിന്റെ പ്രായോഗിക ഭവിഷ്യത്തുകളെ' പ്പറ്റി ഓർമിപ്പിച്ചുകൊണ്ട് വിജയൻ ചൂണ്ടിക്കാട്ടി. പാൻ ഇന്ത്യൻ ദേശീയതാവാദമെന്ന് വിജയൻ വിളിച്ച ആ കേന്ദ്രിതവാദം ഇന്ന് എത്ര വലിയ രാഷ്ട്രീയ പ്രത്യയശാസ്ത്രമായി വളർന്നിരിക്കുന്നുവെന്ന് ഓർക്കേണ്ടതുണ്ട്.

ഷെല്ലി


യൂറോ കേന്ദ്രിതാധുനികതയുടെ, അല്ലെങ്കിൽ അതിനെ അനുകരിച്ചുണ്ടായ ആധുനികതാ രചനകളുടെ വിമർശകനുമായിരുന്നു വിജയൻ. ''ആധുനികത ഗ്രന്ഥശാലയിലൂടെയാണ് മലയാളത്തിലേക്കു സംക്രമിച്ചിരിക്കുന്നത്. പടിഞ്ഞാറൻ ദാർശനികമാതൃകകളെ അവലംബിച്ച് നാട്ടിൻപുറത്തുനിന്ന് നഗരത്തിലേക്കുള്ള സ്ഥലംമാറ്റം, ജോലിതേടൽ, തറവാടുകളുടെ പൊളിച്ചിൽ എന്നീ അസ്വാസ്ഥ്യങ്ങളെ അസ്തിത്വദുഃഖങ്ങളായി അവരോധിക്കുന്നതുമൂലം നാം ഒരു ആധുനികസംവേദനക്ഷമതയ്ക്കു വഴിതെളിക്കുകയാണെന്ന് തെറ്റിദ്ധരിക്കുന്നു. സത്യത്തിൽ ഇത് നമ്മുടെ ആധുനികതയല്ല. പടിഞ്ഞാറിന്റെ അന്യവത്കരണത്തോടും അസ്തിത്വവ്യഥയോടും നമുക്കു ബന്ധമില്ലെന്നല്ല ഇപ്പറഞ്ഞത്. ലോകത്തിൽ എവിടെവിടെ എന്തൊക്കെ നടക്കുന്നുവോ അതിലൊക്കെയും മറ്റാരെയുംപോലെ നാമും അകപ്പെട്ടിരിക്കുന്നു. എന്നാൽ ഈ അകപ്പെടലിൽപ്പോലും നമ്മുടെയും അന്യന്റെയും സ്വത്വങ്ങൾ വേറിട്ടു കിടക്കുന്നു എന്നു നാം കാണാൻ മടിക്കരുത്'' എന്നെഴുതിയ വിജയൻ മലയാളത്തിന്റെ യഥാർഥ ആധുനികതയെ നിർവചിക്കാനാണ് ശ്രമിച്ചത്. ആധുനികതാപ്രസ്ഥാനത്തിന്റെ വിവിധ രൂപങ്ങളിൽ ഉണ്ടായ അസംഖ്യം രചനകളിൽ ഇന്നു വായിക്കാൻ തോന്നിപ്പിക്കുന്നവയായി ബാക്കി നില്ക്കുന്നവയിൽ ആ സ്വത്വാനുഭവമുണ്ട്. അവ യൂറോപ്യൻ കേന്ദ്രത്തിൽനിന്ന് തദ്ദേശീയ പ്രാന്തങ്ങളിലേക്ക് വിതരണം ചെയ്യപ്പെട്ട അനുഭവങ്ങളുടെ ആവിഷ്കാരമല്ല. വ്യത്യസ്തമായൊരു കാലാവസ്ഥയിലും സ്ഥാനത്തും രൂപപ്പെട്ട ഈ ആധുനികതയാണ് പുനർമൂല്യനിർണയനത്തിൽ ബാക്കിയാവുക. ■



# ദേവദാരു

## വിജയലക്ഷ്മി

(1982 കാലത്ത്, തപാൽവകുപ്പിലെ ജോലിയുടെ പരിശീലനകാലത്ത്, തിരുവനന്തപുരത്ത് വി.ആർ. ഗോവിന്ദനുണ്ണിയുടെ ഗൃഹത്തിൽ അദ്ദേഹത്തോടും സഹധർമിണിയോടുമൊത്തുകഴിഞ്ഞ രണ്ടാഴ്ചക്കാലത്തെയും അക്കാലത്തെ അനൗപചാരികശിഷ്യത്വത്തെയും അനുസ്മരിച്ചുകൊണ്ട് എഴുതുന്നത്. മാതൃഭൂമിയിൽ അസി. എഡിറ്ററായിരുന്നു അദ്ദേഹം. മാർച്ച് പതിനെട്ടിന് അന്തരിച്ചു)

എത്രയോ നൂറ്റാണ്ടിനപ്പുറം! കാതങ്ങൾ
കത്തിക്കരിഞ്ഞുകാണാതായ കാടുകൾ.
പച്ചയായ് കാളുന്നൊരാ ദേവദാരുവിൻ
അക്ഷയതേജസ്സു, പത്തുനാൾ വീടിന്റെ
സ്വച്ഛമാം സാന്ത്വനം തന്നതോടൊപ്പമേ
അക്ഷരപ്രീതിയുമത്യുദാരം തന്നു
ശിഷ്യയാക്കീലേ? 'മെരുങ്ങാതിരിക്കണം;
യുദ്ധങ്ങളുണ്ടാമിരുട്ടിലും, വാൾത്തല
വെട്ടിത്തിളങ്ങണം വാക്കുറയ്ക്കുള്ളിലും.
സത്യം നിറഞ്ഞുവാഴുന്നിടം വാ,ക്കതിൽ
ത്തൊട്ടാൽ പടയ്ക്കുപോകുന്നുവെന്നോർക്കണം.'
ജാലകപ്പാളിയിൽ ച്ചോർന്നു, രാപ്പാടിതൻ –
ഗാനങ്ങളോടൊത്തു പിച്ചകപ്പൊന്തയിൽ
വീഴുമഞ്ഞ വെളിച്ചത്തിൽനിന്നുൾക്കൊണ്ടു
രാവുഭേദിക്കുന്ന രീതിയും നീതിയും.
അത്രയ്ക്കറിഞ്ഞുവോ വാക്കിൻ നിലാച്ചേലു
കെട്ടടങ്ങും ധൂമകേതുയാമങ്ങളെ?
ഉത്തപ്തസൗവർണ ദീപ്തി മായ്ക്കാൻ ചിതാ –
ഗർത്തമായ് വാഴും തമഃസ്വരൂപങ്ങളെ?
അത്തരമേതോ ചിരാന്ധകാരത്തിലേ–
യ്ക്കസ്തമിക്കാനയച്ചാലെന്തൊരാതിരാ
നക്ഷത്രമായ് ച്ചെമന്നാകാശസീമയിൽ
പ്രത്യക്ഷമായ്പ്പകർത്തീ പ്രമാണങ്ങളെ.
(പത്തുനാളൊപ്പ, മഞ്ഞേദ്ധർമപത്നിതൻ
സ്നിഗ്ധമാം ഭിക്ഷ, മോരിൽച്ചോറു,മെത്തയും
രക്ഷയും, പേടിച്ചരണ്ട യാമങ്ങളിൽ
പൊട്ടിച്ചിരിപ്പിച്ച സോദരീസ്നേഹവും)
ഉറ്റവരാകിലെ, ന്തെത്രദൂരങ്ങളിൽ
അറ്റുപോകുന്നു നാമൊക്കെപ്പരസ്പരം.
ഒറ്റയ്ക്കു പെട്ടുപോമീയെലിപ്പെട്ടിതൻ
ചിട്ടവട്ടങ്ങളിൽ ചുറ്റിയോടുമ്പൊഴും
എത്തിപ്പിടിക്കുവാൻ നീട്ടുമീക്കൈവിരൽ
കത്തിക്കരിഞ്ഞുപോകുന്നിതെൻ കൈകളിൽ.
മുപ്പത്തിയെട്ടുവർഷങ്ങൾ ഭേദിക്കുവാൻ,
മുറ്റത്തുനി, 'ന്നുണ്ണിയേട്ടാ!' വിളിക്കുവാൻ,
'എത്തി ഞാ'നെന്നു കാൽതൊട്ടു മന്ത്രിക്കുവാൻ,
കൊച്ചനുജത്തി കൊതിച്ചിരുന്നെങ്കിലും,
ഇത്രയ്ക്കസാധ്യമോ സ്നേഹ?മീയുപ്പുനീർ
കയ്ക്കുന്നിതെന്നിൽ,കടൽപോൽത്തിരയ്ക്കിലും.

ഈ കവിത
കവിയുടെ
ശബ്ദത്തിൽ
കേൾക്കാൻ
ക്യൂ.ആർ. കോഡ്
സ്കാൻ ചെയ്യൂ



# വയലറ്റ് കുക്കു

കൃഷ്ണ അനുജൻ

ഫോട്ടോ മാതൃഭൂമി

# കൊറോണയിലേക്കുള്ള പരിണാമങ്ങൾ

ആൻഡമാൻ ദ്വീപുകളിൽ ദൈനംദിനജീവിതത്തിൻെറ വലിയൊരുപങ്ക് കെട്ടുകഥകളുടെ വരമ്പത്തുകൂടിയാണ് നീങ്ങുന്നത്. സംസ്ഥാനമൃഗമായ ഡുഗോങ്ങിന് ഒരു മുത്തശ്ശിക്കഥയിൽനിന്ന് ഇറങ്ങിവന്ന രൂപഭാവങ്ങളാണ്. വടക്കൻ സെൻറിനൽ ദ്വീപിലുള്ള ഒരു ഗോത്രവർഗം പുറംലോകവുമായി ഒരു ബന്ധവുമില്ലാതെ ജീവിക്കുന്നതും അവിടേക്ക് കടന്നുകയറുവാൻ ശ്രമിക്കുന്നവർക്കുനേരേ അമ്പുകളെയ്യുന്നതുമെല്ലാം അയഥാർഥമെന്നുതന്നെ തോന്നും. നിത്യജീവിതത്തിൻെറ ഭാഗമായ പലതും, അസുഖങ്ങൾ പോലും, ഈ ദ്വീപുകളിൽ നിഗൂഢഭാവം പൂണ്ടിരിക്കുന്നു.

പതിവുള്ള മലമ്പനി, മഞ്ഞപ്പിത്തം, കാലാവസ്ഥ മാറുമ്പോൾ ഉണ്ടാകാറുള്ള പകർച്ചപ്പനി എന്നിവ കൂടാതെ ഇടയ്ക്ക് ഉറപ്പില്ലാത്ത ഒരു രോഗവും ഇവിടെ തലപൊക്കാറുണ്ട്; ആൻഡമാൻ പനി. ഈ ദ്വീപുകളിൽ മാത്രമുള്ളതെന്ന് പറയപ്പെടുന്ന ഈ വൈറസ് രോഗം ബാധിച്ചാൽ ശ്വാസതടസ്സവും ഉയർന്ന ശരീരോഷ്മാവും അനുഭവപ്പെടും. എനിക്കറിയാവുന്ന പലരെയും ഇവിടെവെച്ച് ആൻഡമാൻ പനി പിടികൂടിയിട്ടുണ്ട്, പക്ഷേ, അതിന് കൃത്യമായ മറുമരുന്നില്ല. ഒന്നിലധികം പ്രാവശ്യം രോഗം വന്നേക്കാം; മൂന്നാമത്തെ പ്രാവശ്യമാണ് ഏറ്റവും ബുദ്ധിമുട്ടുള്ളതും ചിലപ്പോൾ മാരകവും എന്ന് ചിലർ പറയുന്നു. അടിസ്ഥാനമുള്ള അവകാശവാദങ്ങളല്ല ഒന്നും. ആയുർവേദ മരുന്നുകൾ മണക്കുന്ന ഒരു കുട്ടിക്കാലവും പല തരം അസുഖങ്ങളുമായി നീണ്ട പരിചയവും കൈയിലേന്തിവന്ന എന്നെ ഇത് ഞെട്ടിച്ചുകളഞ്ഞു. പോരാത്തതിന്, അറിവിന്നപ്പുറമുള്ള ചിലത് ഇവിടെയുണ്ടെന്നത് സമ്മതിക്കുവാൻ ശാസ്ത്രം എനിക്കു നൽകിയ പരിശീലനം തടസ്സമാവുകയും ചെയ്തു. എങ്കിലും ജീവിതം മുൻപോട്ടു നീങ്ങുക തന്നെയാണ്.

ഒരു പരിസ്ഥിതിശാസ്ത്രജ്ഞ എന്തിനാണ് വൈദ്യശാസ്ത്രരംഗത്തിൻെറ ആശങ്കകളായ രോഗങ്ങളെക്കുറിച്ച് സംസാരിക്കുന്നത്? ശരിയാണ്, ഒരു രോഗബാധയുടെ തന്മാത്രാതലത്തിൽ പരിസ്ഥിതിക്ക് കാര്യമൊന്നുമില്ലായിരിക്കും. എന്നാൽ ഒരു രോഗബാധയെ കണ്ടെറിയാൻ സാധിക്കുന്ന തരത്തിലുള്ള ▶



രോഗമാക്കി മാറ്റുന്നത് എന്താണോ (ശരീരത്തിൽ ഏൽപ്പിക്കുന്ന ആഘാതം, സംക്രമണം, പടർന്നുപിടിക്കൽ) അതിന് പരിസ്ഥിതിശാസ്ത്രവും പരിണാമവുമായിട്ടാണ് ബന്ധമുള്ളത്. രോഗങ്ങളും അതിന്റെ പടർച്ചയും ഏറ്റവും ബന്ധപ്പെട്ടിരിക്കുന്നത് ഓരോ ജീവജാതിയിലെയും അംഗങ്ങൾ തമ്മിലും പരിണാമത്തിലൂടെ വ്യത്യസ്ത ജീവജാതികൾ രോഗാണുവും വാഹകനും തമ്മിലും എങ്ങനെയാണ് അന്യോന്യം ഇടപഴകുന്നതെന്നതുമായാണ്.

ലോകാരോഗ്യസംഘടനയുടെ കണക്കുകൾപ്രകാരം ലോകത്തൊട്ടാകെയുള്ള മരണങ്ങളുടെ രണ്ടാമത്തെ പ്രധാനകാരണം പ്രതിവർഷം 13 ദശലക്ഷം പേരുടെ ജീവൻ അപഹരിക്കുന്ന പകർച്ചവ്യാധികളാണ്. വികസ്വരരാജ്യങ്ങളിൽ ആകെയുള്ള മരണനിരക്കിന്റെ 45 ശതമാനം പകർച്ചവ്യാധികൾ കൊണ്ടാണെന്ന് റിപ്പോർട്ടുകൾ പറയുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സമൂഹത്തിൽ എങ്ങനെയാണ് രോഗങ്ങൾ പരക്കുന്നതെന്നു മനസ്സിലാക്കുന്നത് നല്ല ആരോഗ്യസംരക്ഷണം നൽകുന്നതിന് നിർണായകമാണ്.

**ആൻഡമാന്റെ ദേശീയമൃഗമായ ഡുഗോങ്**



പടർച്ചയുടെ മാതൃക എങ്ങനെയാണ് നിർമിക്കപ്പെടുന്നത്? ഏറ്റവും സരളമായ മാതൃകയിൽ ഒരു രോഗത്തെ മൂന്നു അറകൾ അഥവാ കമ്പാർട്ട്മെന്റുകളിലുള്ള മനുഷ്യർക്കിടയിലെ ഒരു ധാരയായിട്ടാണ് ചിത്രീകരിക്കുന്നത്. രോഗസാധ്യതയുള്ള അറ, രോഗബാധിതമായ അറ, രോഗവിമോചിതമായ അറ. ലളിതവത്കരിക്കപ്പെട്ട ഇത്തരം മാതൃകകളിൽ ഓരോ അറയിലുമുള്ളവർ അന്യോന്യം ഒരേ അളവിൽ ഇടപഴകുന്നു എന്നും ഒരു അറയിൽനിന്ന് മറ്റൊന്നിലേക്ക് ഇടമുറിയാത്ത ഒഴുക്കുണ്ടാകുന്നു എന്നുമാണ് അനുമാനിക്കുന്നത്. രോഗവാഹകനായ മനുഷ്യനും രോഗാണുവും തമ്മിലുള്ള ഇടപഴകലിന്റെ പരിസ്ഥിതിശാസ്ത്രമാണ് ഈ ഒഴുക്കിനെ നിയന്ത്രിക്കുന്നത്. വളരെപ്പെട്ടെന്ന് പടർന്നുപിടിക്കുന്ന ഒരു രോഗമാണെങ്കിൽ രോഗസാധ്യതയുള്ള അറയിൽനിന്ന് രോഗഗ്രസ്തമായ അറയിലേക്കുള്ള ഒഴുക്കിന് വേഗം കൂടിയിരിക്കും; വളരെപ്പെട്ടെന്നു ഭേദമാക്കാവുന്ന രോഗമാണെങ്കിലോ രോഗഗ്രസ്തമായ അറയിൽനിന്ന് രോഗവിമോചിതമായ അറയിലേക്കുള്ള ഒഴുക്കിനാവും വേഗം കൂടുതലുണ്ടാവുക. എത്ര വേഗമാണ് ഒരു രോഗം പകരുന്നതെന്നും എത്ര വേഗമാണ് ഭേദമാകുന്നതെന്നുമുള്ള വിവരങ്ങൾ അനുസരിച്ച് ഒരു നിശ്ചിത സമയത്ത് എത്ര പേർ രോഗഗ്രസ്തരാകുമെന്ന് വൈദ്യരംഗത്തുള്ളവർ തീരുമാനിക്കുന്നു.

**അറ അഥവാ കംപാർട്ട്മെന്റ് മാതൃകകൾ യഥാർഥ ജീവിതത്തിന്റെ ഹാസ്യാനുകരണമാണ്. നാം എവിടെയാണുള്ളത് എന്ന വസ്തുതയാണ് നമുക്ക് രോഗം പിടിപെടുമോ ഇല്ലയോ എന്ന് തീരുമാനിക്കുന്നത് എന്ന് നമുക്കറിയാം. എന്നാൽ അറ മാതൃകയിലൂടെ ഒന്ന് കണ്ണോടിക്കുമ്പോൾ തന്നെ അത് സ്ഥലം, സ്ഥാനം എന്നിവയെ പരിഗണിക്കുന്നില്ല എന്ന് മനസ്സിലാക്കാൻകഴിയും.**

അറ അഥവാ കംപാർട്മെന്റ് മാതൃകകൾ യഥാർഥ ജീവിതത്തിന്റെ ഹാസ്യാനുകരണമാണ്. നാം എവിടെയാണുള്ളത് എന്ന വസ്തുതയാണ് നമുക്ക് രോഗം പിടിപെടുമോ ഇല്ലയോ എന്ന് തീരുമാനിക്കുന്നത് എന്ന് നമുക്കറിയാം. എന്നാൽ അറ മാതൃകയിലൂടെ ഒന്ന് കണ്ണോടിക്കുമ്പോൾതന്നെ അത് സ്ഥലം, സ്ഥാനം എന്നിവയെ പരിഗണിക്കുന്നില്ല എന്ന് മനസ്സിലാക്കാൻകഴിയും. ഒരു പ്രത്യേക സ്ഥലത്ത് എങ്ങനെയാണ് രോഗങ്ങൾ പകരുന്നതെന്നതിന്റെ ലളിതമായ ഒരു മാതൃകയുടെ പ്രചോദനം കോൺവേയ്സ് ഗെയിം ഓഫ് ലൈഫ് (Conway's Game of Life) എന്ന കംപ്യൂട്ടർ സിമുലേഷൻ ആണ്. ഇത് സമൂഹത്തെ ഒരു പ്രതലത്തിൽ സമചതുരങ്ങൾ നിരത്തിവെച്ചിരിക്കുന്ന, ചെസ്ബോർഡ്പോലെ തോന്നിക്കുന്ന ഒരു മാതൃകയാക്കിയിരിക്കുന്നു; ഈ മാതൃകയിൽ ഓരോ പെട്ടിയും ഒരു വ്യക്തിയാണ്. ഏത് സമയത്തും ഓരോ പെട്ടിയും 'രോഗഗ്രസ്തം' അല്ലെങ്കിൽ 'രോഗരഹിതം' ആകാം. സിമുലേഷൻ ആരംഭിക്കുമ്പോൾ രോഗഗ്രസ്തവും രോഗരഹിതവും ആയ പെട്ടികൾ ക്രമമില്ലാതെ ചിതറിക്കിടക്കുന്നുണ്ടാവും. അടുത്ത പടിയിൽ ഓരോ പെട്ടിയും തൊട്ടടുത്തുള്ള പെട്ടികളിൽ എത്രയെണ്ണം രോഗഗ്രസ്തമാണെന്നതിനെ ആധാരപ്പെടുത്തി രോഗഗ്രസ്തമാവുകയോ രോഗരഹിതമാവുകയോ ചെയ്യും. തൊട്ടടുത്തുള്ള പെട്ടി എന്ത് സ്വഭാവമുള്ളതാണെന്നത് അനുസരിച്ച് ഓരോ പെട്ടിയും സിമുലേഷൻ വഴി സ്വന്തം ആരോഗ്യാവസ്ഥയിൽ മാറ്റം വരുത്തുന്നു.

ഇത്രയായപ്പോഴേക്കും നിങ്ങൾക്ക് സാമാന്യം ദേഷ്യംവന്നുകാണും മനുഷ്യരെല്ലാം ഒരുപോലെയുള്ള പെട്ടികളാണെന്നോ! രോഗം പിടിപെടുന്നതും അതിൽനിന്ന് മോചനം നേടുന്നതും എല്ലാവർക്കും ഒരുപോലെയല്ലെന്നത് തീർച്ചയാണല്ലോ. പ്രായം, ലിംഗഭേദം, വംശസ്വഭാവം, ജീവിതശൈലി, ഹൃദയസംബന്ധമോ ധമനീസംബന്ധമോ ആയ രോഗങ്ങളുള്ള അവസ്ഥ എന്നിങ്ങനെ പലതിലും അധിഷ്ഠിതമാണ് രോഗസാധ്യത. കൂടാതെ ഓരോരുത്തരും ഇടപഴകുന്ന മനുഷ്യരുടെ എണ്ണത്തിൽ വലിയ വ്യത്യാസങ്ങളുമുണ്ട്.

തൻ്റെ അസംഖ്യം ഉപഭോക്താക്കൾക്കിടയിൽ ടൈഫോയ്ഡ് പരത്തിയ പാചകക്കാരിയായ 'ടൈഫോയ്ഡ് മേരി' എന്ന അമേരിക്കൻ നഗരേതിഹാസത്തെപ്പറ്റി നിങ്ങൾ കേട്ടുകാണും. സരളമായ ഒരു ചതുരക്കള്ളി മാതൃക എല്ലാ വ്യക്തികളും സമന്മാരാണെന്ന് അനുമാനിക്കുകയാണ് ചെയ്യുന്നത്; അവർ നിൽക്കുന്നത് എവിടെയാണെന്ന് അത് പരിഗണിക്കുന്നില്ല. ഒരു ടൈഫോയ്ഡ് മേരിക്ക് അതിൽ സാധ്യതകളില്ല.



ടൈഫോയിഡ് മേരി – ഒരു ചിത്രീകരണം

# രോഗമില്ലെങ്കിലും വീട്ടിലിരിക്കണം

**എ**ങ്ങനെയാണ് മാതൃകകൾ നിങ്ങൾക്ക് സഹായകമാവുക, പ്രത്യേകിച്ചും കോവിഡ് 19 മഹാമാരിക്കാലത്ത്? ഇക്കഴിഞ്ഞ വാരം 2020 മാർച്ച് 16-ന് *സയൻസ്* പ്രസിദ്ധപ്പെടുത്തിയ ലീയുടെയും സഹപ്രവർത്തകരുടെയും ഗവേഷണപ്രബന്ധത്തിൽ പറയുന്നത് ചൈനയിൽ ഇത്രയധികംപേർ രോഗബാധിതരാകാൻ കാരണം രോഗബാധകൾ പലതും രേഖപ്പെടുത്താതെ പോയതുകൊണ്ടാണെന്നാണ്.

86% കോവിഡ് 19 രോഗബാധയും രേഖപ്പെടുത്താതെപോയി; രേഖപ്പെടുത്തിയ രോഗബാധകളിൽ 79% രേഖപ്പെടുത്താതെപോയ രോഗബാധിതരിൽനിന്ന് പകർന്നുകിട്ടിയതുമാണ്. പുത്തൻ സങ്കേതങ്ങൾ ഉപയോഗിച്ച് ലഭിച്ച മനുഷ്യനീക്കങ്ങളുടെ വിവരങ്ങളിൽനിന്നും സമൂഹമാതൃകകളിൽനിന്നും ലീയും സഹപ്രവർത്തകരും കണ്ടെത്തിയത് ഇതാണ്; രോഗത്തിന്റെ ആദ്യഘട്ടങ്ങളിൽ രോഗലക്ഷണങ്ങൾ തീരെ ക്കുറച്ചോ ഒട്ടുമില്ലാതെയോ കാണപ്പെടുന്ന ദുർബലമായ രോഗബാധകൾ തിരിച്ചറിയപ്പെടാതെപോയതാണ് രോഗം സംക്രമിച്ചതിൽ 79 ശതമാനത്തിന്റെയും പിന്നിൽ. ഈ അനുമാനം നേരിട്ട് ഇങ്ങനെ മൊഴിമാറ്റംചെയ്യാവുന്നതാണ് നിങ്ങൾക്ക് അസുഖമൊന്നും അനുഭവപ്പെടുന്നില്ലെങ്കിലും വീട്ടിൽത്തന്നെ ഇരിക്കുക.

ചില ഗവൺമെന്റുകൾ പൊതുസ്ഥലങ്ങൾ അടച്ചിട്ടാണ് 'വളവ് നിവർത്തൽ' (flattening the curve) നടപ്പിലാക്കുന്നത്. ഈ വർഷം അവസാനിക്കുംമുൻപ് കോവിഡ് 19 വൈറസ് വലിയൊരുകൂട്ടം ആളുകളെ പിടികൂടുമെന്ന് നമുക്കുറപ്പാണ്. ആകെയുള്ള രോഗബാധിതരുടെ എണ്ണത്തിന്റെ കാര്യത്തിൽ നാം നിസ്സഹായരാണ്; പക്ഷേ, വീട്ടിലിരിക്കലും 'ദൂരം പാലിക്കലും' (social distancing) കൂട്ടംകൂടാതിരിക്കുക, അത്യാവശ്യങ്ങൾക്ക് മാത്രം വീടിന് പുറത്തിറങ്ങുക, പ്രത്യേകിച്ചും പ്രായമായവരെയും രോഗികളെയും സന്ദർശിക്കാതിരിക്കുക എന്നിവകൊണ്ട് രോഗബാധയുടെ സാമൂഹികമായ മൂർധന്യവേളയെ കുറച്ചുകൂടി വൈകിക്കാൻ സാധിക്കും. ഏറ്റവും മോശപ്പെട്ടകാലത്തുപോലും രോഗബാധിതരുടെ എണ്ണം കുറയ്ക്കാനും അതുകൊണ്ട് സാധിക്കും. ഈ മഹാമാരിക്കാലത്ത് നിങ്ങൾ സൗഹൃദസന്ദർശനങ്ങൾക്ക് ഒരുങ്ങുകയാണെങ്കിൽ നിങ്ങൾക്ക് മാത്രമല്ല അപകടസാധ്യതകൾ ഉണ്ടാവുക, നിങ്ങൾ സ്നേഹിക്കുന്നവർക്കുകൂടി നിങ്ങൾ രോഗം സമ്മാനിച്ചേക്കാം; അതും മറുമരുന്നുകൾ കണ്ടെത്തും മുൻപ്. ഈ കൊടുങ്കാറ്റ് കടന്നുപോകുംവരെ പൊതുപരിപാടികൾ ഒഴിവാക്കാനും സാധിക്കുമെങ്കിൽ വീട്ടിലിരുന്ന് തൊഴിൽചെയ്യാനും പ്രിയപ്പെട്ടവരെ സന്ദർശിക്കാൻ ഒരുമ്പെടാതെ സ്നേഹം ഫോൺവിളികളിൽ ഒതുക്കാനുമാണ് ഈ മാതൃകകൾ നിങ്ങളോട് പറയുന്നത്.

ഉത്തരവാദിത്വബോധമുള്ള പൗരനാകൂ, രോഗലക്ഷണങ്ങൾ ഇല്ലെങ്കിലും വീട്ടിലിരിക്കൂ. ■



കൊറോണക്കാലത്തെ ചൈന: വുഹാനിൽനിന്നുള്ള ദൃശ്യം

ഫോട്ടോ: എ.എഫ്.പി.

▶ തന്റെ അസംഖ്യം ഉപഭോക്താക്കൾക്കിടയിൽ ടൈഫോയ്ഡ് പരത്തിയ പാചകക്കാരിയായ 'ടൈഫോയ്ഡ് മേരി' എന്ന അമേരിക്കൻ നഗരേതിഹാസത്തെപ്പറ്റി നിങ്ങൾ കേട്ടുകാണും. സരളമായ ഒരു ചതുരക്കള്ളി മാതൃക എല്ലാ വ്യക്തികളും സമന്മാരാണെന്ന് അനുമാനിക്കുകയാണ് ചെയ്യുന്നത്; അവർ നിൽക്കുന്നത് എവിടെയാണെന്ന് അത് പരിഗണിക്കുന്നില്ല. ഒരു ടൈഫോയ്ഡ് മേരിക്ക് അതിൽ സാധ്യതകളില്ല. പുതിയ സാമൂഹ്യ ശൃംഖലാ മാതൃകകൾ അടയാളപ്പെടുത്തുന്നത് ഫേസ്ബുക്കോ വാട്സാപ്പോ ഇൻസ്റ്റാഗ്രാമോ പ്രവർത്തിക്കുന്ന രീതിയിലാണ്. സമൂഹമാധ്യമങ്ങളിൽ കൂടുതൽ ബന്ധങ്ങൾ അല്ലെങ്കിൽ കൂടുതൽ 'സുഹൃത്തുക്കൾ' ഉള്ള വ്യക്തിക്ക് കുറവ് ബന്ധങ്ങളുള്ള വ്യക്തിയെക്കാൾ കൂടുതൽ വേഗത്തിൽ വിവരങ്ങൾ വിതരണംചെയ്യാൻ സാധിക്കും. ഏതുതരത്തിലുള്ള വിവരങ്ങളാണ് ഒരാൾ സ്വീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതെന്ന കാര്യം അയാളുടെ വ്യക്തിത്വത്തെ ആശ്രയിച്ചായിരിക്കും. അതുപോലെ ഒരു സമൂഹശൃംഖലാമാതൃകയിൽ ഓരോ വ്യക്തിയുടെയും രോഗസാധ്യത വ്യത്യസ്തമാണ്; രോഗം പകർന്നുകൊടുക്കാനുള്ള സാധ്യതയും ആ വ്യക്തിക്കുള്ള ബന്ധങ്ങളെ ആശ്രയിച്ചാണ്. ഏറ്റവും അവസാനമായി, ആര് ആരോട് ഇടപഴകുന്നു എന്നതും ക്രമമില്ലാതെയല്ല. ഭൂമിശാസ്ത്രം, സഞ്ചാരസൗകര്യം, അടിസ്ഥാനസൗകര്യങ്ങളുടെ പരിമിതികൾ എന്നിവയെല്ലാം അതിനെ സ്വാധീനിക്കുന്നുണ്ട്. ഒന്നാംലോകമഹായുദ്ധത്തെക്കാൾ കൂടുതൽ ഇന്ത്യക്കാരുടെ ജീവൻ കവർന്ന സ്പാനിഷ് ജ്വരം (Spanish Flu) റെയിൽവേശൃംഖലയിലൂടെയാണ് പടർന്നതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സാമൂഹികവിനിമയങ്ങളുടെ കൃത്യമായ അവബോധം ഉണ്ടാക്കുകയും അതോടൊപ്പം ഗതാഗതശൃംഖലകളുടെ വിവരങ്ങൾ ചേർത്തുവായിക്കുകയും ചെയ്യുകയാണെങ്കിൽ എപ്പോൾ എവിടെ രോഗബാധകൾ ഉണ്ടാകുമെന്നതിനെക്കുറിച്ച് യഥാതഥമായ ഒരു ചിത്രം നമുക്ക് സങ്കല്പിക്കാൻകഴിയും.



ബംഗളൂരുവിലെ സ്കൂളിലെത്തിയ പുള്ളിപ്പുലി

**ആവാസവ്യവസ്ഥകൾ തകർക്കപ്പെടുമ്പോൾ വന്യജീവികൾ മനുഷ്യരുമായി കൂടുതൽ ഇടപഴകുവാൻ നിർബന്ധിതരാകുന്നു. വേട്ടയാടുവാനും മരംവെട്ടുവാനും വേണ്ടി മനുഷ്യർക്ക് കാടുകളിൽ പ്രവേശിക്കുവാൻ കൂടുതൽ സൗകര്യമുണ്ടാകുന്നു**

എന്തിനാണ് നാം ഇതിനെപ്പറ്റിയൊക്കെ ചിന്തിച്ച് വിഷമിക്കുന്നത്? എന്തുകൊണ്ട് നമുക്കിതെല്ലാം മരുന്നുകൾകൊണ്ട് പരിഹരിച്ചുകൂടാ? കോവിഡ് 19 മഹാമാരിയിൽ നാം കണ്ടതുപോലെ നമ്മുടെ പൊതു ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾക്ക് ▶



ഇന്ത്യയിൽ പടർന്നുപിടിച്ച സ്പാനിഷ് ഫ്ലൂ –ഒരു ദൃശ്യം (1918)

▶ താങ്ങുവാൻ പറ്റുന്നതെത്രയാണെന്നതിന് ഗുരുതരമായ പരിമിതികളുണ്ട്. കൂടാതെ, നാം ജീവിക്കുന്നത് പുത്തൻ സാംക്രമികരോഗങ്ങളുടെ (emerging infectious diseases) കാലഘട്ടത്തിലാണ്. തികച്ചും പുതിയ രോഗാണുക്കൾ വർഷത്തിൽ ഒന്നെന്ന നിരക്കിൽ പരിണമിച്ചുണ്ടാവുകയും പടർന്നുപിടിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരുണത്തിൽ മറുമരുന്നുകൾ കണ്ടുപിടിക്കുകയും പരീക്ഷിച്ചുനോക്കുകയുമൊക്കെ സംഭവിക്കുംമുൻപുതന്നെ രോഗങ്ങൾ എമ്പാടും പടർന്നുപിടിച്ചുവെന്നുവന്നേക്കാം. ഒടുവിലായി, രോഗമുണ്ടാകുവാനുള്ള സാധ്യത പലർക്കും പലതാണ് എന്നതുകൊണ്ട് ബോധപൂർവമായ ശ്രമങ്ങളിലൂടെ രോഗസംക്രമണം തടയാതിരിക്കുന്നത് നിരുത്തരവാദിത്വപരമാണുതാനും.

ഇതുവരെയെത്തിയിട്ടും രോഗങ്ങളെ അടയാളപ്പെടുത്തുന്ന ഈ അഭ്യാസത്തിൽ ഒരു സുപ്രധാനകണ്ണി കാണുന്നുമില്ല. രോഗം എങ്ങനെയാണ് യഥാർഥത്തിൽ ഉണ്ടാകുന്നത്? കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി പുതിയ രോഗങ്ങൾ 'അവതരിച്ചു'കൊണ്ടേയിരിക്കുന്നുണ്ട്. ഇവയിൽ ഒട്ടുമിക്കവയും ജന്തുജന്യ രോഗങ്ങൾ (zoonotic) ആണ്; അതായത് അവ മനുഷ്യനിലേക്ക് പകരുന്നത് വന്യജീവികളിൽനിന്നാണ്. മനുഷ്യരും വന്യജീവികളും പുതിയ രീതികളിലും പുതിയ സാഹചര്യങ്ങളിലും ഇടപഴകേണ്ടിവരുമ്പോഴാണ് രോഗസംക്രമണം ഉണ്ടാകുന്നത്. വാസസ്ഥലങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കുംവേണ്ടി കാടുകളിലൂടെയുള്ള പുതിയ റോഡുകളും ഇതിൽപ്പെടും. ആവാസവ്യവസ്ഥകൾ തകർക്കപ്പെടുമ്പോൾ വന്യജീവികൾ മനുഷ്യരുമായി കൂടുതൽ ഇടപഴകുവാൻ നിർബന്ധിതരാകുന്നു. വേട്ടയാടുവാനും മരംവെട്ടുവാനും വേണ്ടി മനുഷ്യർക്ക് കാടുകളിൽ പ്രവേശിക്കുവാൻ കൂടുതൽ സൗകര്യമുണ്ടാകുന്നു, അല്ലെങ്കിൽ മൃഗങ്ങൾ അവയുടെ ആവാസശീലങ്ങളും ഭക്ഷണരീതികളും പുതുക്കിക്കൊണ്ട് വലിയ നഗരങ്ങളിലേക്ക് ചേക്കേറുന്നു. ന്യൂയോർക്കുപോലെയുള്ള മഹാനഗരങ്ങളുടെ ഭാഗങ്ങളിൽപ്പോലും വെള്ളവാലൻ മാനുകളെയും (whitetailed deer) എലികളെയും കൊയോട്ടുകളെയും (coyotes) കാണാറുണ്ട്. ബെംഗളൂരു, മുംബൈ തുടങ്ങിയ വലിയ പട്ടണങ്ങളിലും അടുത്തുള്ള കാടുകളിൽനിന്ന് പുറത്തുചാടിയ പുള്ളിപ്പുലികളെയും കുരങ്ങുകളെയും കാണാം. ഈ വന്യജീവികൾ അനുഭവിക്കുന്ന പുതിയ ഒരുകൂട്ടം സമ്മർദങ്ങളാൽ (പുതിയ ആവാസസ്ഥലം, പുതിയ ആഹാരരീതികൾ, പുതിയ ആഗോള ഊഷ്മാവ്) പരിണാമം സംഭവിച്ച പുതിയ ചില രോഗാണുക്കളെ അവ വഹിക്കുന്നുണ്ടാവാം. മനുഷ്യരുമായി ഈ വന്യജീവികൾക്ക് സമ്പർക്കമു

**മനുഷ്യന്റെ ആരോഗ്യം പരിസ്ഥിതിയുടെ ആരോഗ്യവുമായി വേർപിരിക്കാനാവാത്തവിധം ബന്ധപ്പെട്ടിരിക്കുകയാണെന്ന ബോധത്താൽ, മനുഷ്യനെയും പ്രകൃതിയെയും കോർത്തിണക്കിയ ഒരു വ്യവസ്ഥയെ പരിഗണിക്കുന്ന തരം ആരോഗ്യഗവേഷണത്തിനായി ശക്തമായ സമ്മർദം ഉയരുന്നുണ്ട്.**



ണ്ടാകുമ്പോൾ അത് രോഗസംക്രമണത്തിലേക്ക് നയിച്ചേക്കാം.

പരിസ്ഥിതിശാസ്ത്രജ്ഞർ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ട്: രോഗവാഹകരായ ജീവജാതികൾ സമൃദ്ധമായുള്ള ഒരു പ്രദേശം പലജാതി രോഗാണുക്കളാലും സമൃദ്ധമായിരിക്കും. ഓരോ രോഗാണുവും അതിൻെറ വാഹകൻ അഥവാ ആതിഥേയനുമായി സമരസപ്പെട്ടിരിക്കും. ഒറ്റനോട്ടത്തിൽ, പലജാതി രോഗാണുക്കൾ ഉണ്ടാവുക എന്നത് മനുഷ്യരുടെ രോഗസാധ്യത പലമടങ്ങ് വർധിപ്പിക്കുന്നുണ്ട് എന്നുതോന്നാം. നേരേ മറിച്ച്, പലജാതി രോഗാണുക്കൾ എന്നതിനർഥം ഓരോ ജാതിയിലും എണ്ണം കുറവ് എന്നും അതുകൊണ്ട് രോഗം പടർന്നുപിടിക്കാനുള്ള സാധ്യതയും കുറവ് എന്നുമാണ്. ആദ്യകാലത്തെ ചില കംപ്യൂട്ടർ സിമുലേഷനുകൾ കാണിക്കുന്നത് രോഗാണുജാതികളുടെ ഉയർന്ന വൈവിധ്യമുള്ള ഒരു പ്രദേശത്തുനിന്ന് മനുഷ്യർക്ക് ബാക്ടീരിയ മൂലമുണ്ടാകുന്ന രോഗബാധകൾ ഉണ്ടാകുവാൻ സാധ്യത കുറഞ്ഞിരിക്കും എന്നാണ്. ഈയടുത്തകാലത്ത് 61 ഇനം രോഗാണുക്കളെ പല പഠനങ്ങളിലൂടെ പരിശോധിച്ചതിൽനിന്ന് തെളിഞ്ഞതും ഈ വൈവിധ്യം യഥാർഥത്തിൽ രോഗാണുക്കൾ മനുഷ്യരിലേക്ക് സംക്രമിക്കുവാനുള്ള സാധ്യത കുറയ്ക്കുന്നുണ്ടെന്നുതന്നെയാണ് 'നേർമ' പ്രതിഭാസം (dilution effect) എന്നാണ് ഇത് അറിയപ്പെടുന്നത്. മനുഷ്യർക്കുണ്ടാകുന്ന രോഗങ്ങളിൽ മാത്രമല്ല ഇത് അനുഭവപ്പെടുന്നത്. ഉഷ്ണമേഖലയിലെ ആവാസസ്ഥലങ്ങളിൽ പലതിലും തവളകളെ കൂട്ടത്തോടെ കൊന്നൊടുക്കുന്ന മാരകമായ കൈട്രിഡ് ഫംഗസ് (chytrid fungus) രോഗവാഹകരായ ജീവികളുടെ വൈവിധ്യം കൂടുതലുള്ള പ്രദേശങ്ങളിൽ മെല്ലെയാണ് പടർന്നുപിടിക്കുന്നത് എന്ന് കണ്ടിട്ടുണ്ട്. സ്വാഭാവികമായ ഭൂപ്രദേശങ്ങളും ജീവജാതികളുടെ വൈവിധ്യവും രോഗാണുക്കളുടെ 'കലവറകൾ' (reservoirs) ആയി പ്രവർത്തിക്കുകയും ഗുരുതരമായ രോഗബാധകൾ ഉണ്ടാകാതെ തടയുകയും ചെയ്യുന്നുണ്ട്.

വൈവിധ്യംകൊണ്ടുണ്ടാകുന്ന നേർമ പ്രതിഭാസത്തിൻെറ കാരണം ബന്ധപ്പെട്ടിരിക്കുന്നത് റെഡ് ക്വീൻ സിദ്ധാന്തം (Red Queen Hypothesis) എന്നറിയപ്പെടുന്ന പരിണാമസിദ്ധാന്തവുമായാണ്. അദ്ഭുതലോകത്തെ ആലീസ് എന്ന കൃതിയിലെ ചുവന്ന രാജ്ഞി ഒരു സ്ഥലത്തുതന്നെ നിൽക്കുവാൻവേണ്ടി സദാ ഓടിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. അതേമട്ടിൽ, അന്യോന്യം സ്വാധീനിക്കുന്ന രണ്ട് ജീവജാതികൾ, രോഗാണുവും വാഹകനും പോലെയുള്ള ഒരു വ്യവസ്ഥയിൽ, ഒന്ന് മറ്റേതിനെ കടത്തിവെട്ടാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കും. വാഹകൻ തലമുറകളിലൂടെ സ്വന്തം സ്വഭാവം രോഗാണുവിൻെറ സ്വാധീനത്തെ മറികടക്കാൻ ആവശ്യമുള്ളത്ര മാത്രം മാറ്റിക്കൊണ്ടിരിക്കും ('ഓട്ടം'). ഇതിന് മറുപടിയായി രോഗാണുവും തലമുറകളിലൂടെ സ്വഭാവമാറ്റം വരുത്തുകവഴി വാഹകനിലുള്ള മാറ്റങ്ങളോടൊപ്പം എത്താനായി 'ഓട്ടം' തുടങ്ങുന്നു. വ്യത്യസ്ത ജീവജാതികളിൽപ്പെട്ട വാഹകരിൽ തനിമയുള്ള രീതികളിലാണ് മാറ്റങ്ങൾ സംഭവിക്കുക; ഒന്നിലധികം വാഹകരുള്ള ഒരു പ്രദേശത്ത് പല വാഹകരുടെ പിന്നാലെ രോഗാണുക്കൾ പലവഴി ഓടിക്കൊണ്ടേയിരിക്കും. കാലക്രമേണ ഓരോ വാഹകനിലുമുള്ള രോഗാണുക്കൾ തമ്മിൽ പുലബന്ധംപോലുമുണ്ടാവില്ല. അങ്ങനെ അവിടത്തെ രോഗാണുസമൂഹത്തിൽ മനുഷ്യരിലേക്കെത്താൻതക്കവണ്ണം അംഗസംഖ്യയുള്ള ഒരൊറ്റ രോഗാണുവർഗംപോലും ഉണ്ടാവില്ല!

അധികം ശാസ്ത്രജ്ഞരും ഇന്ന് പുത്തൻ സാംക്രമികരോഗങ്ങളോട് പൊരുതാൻ 'ഏകാരോഗ്യ' (One Health) സമീപനം വേണമെന്ന അഭിപ്രായക്കാരാണ്. മനുഷ്യൻെറ ആരോഗ്യം പരിസ്ഥിതിയുടെ ആരോഗ്യവുമായി വേർപിരിക്കാനാവാത്തവിധം ബന്ധപ്പെട്ടിരിക്കുകയാണെന്ന ബോധത്താൽ, മനുഷ്യനെയും പ്രകൃതിയെയും കോർത്തിണക്കിയ ഒരു വ്യവസ്ഥയെ പരിഗണിക്കുന്നതരം ആരോഗ്യഗവേഷണത്തിനായി ശക്തമായ സമ്മർദം ഉയരുന്നുണ്ട്. പരിസ്ഥിതിയെ ആരോഗ്യത്തോടെ സംരക്ഷിക്കുന്നതിനപ്പുറം, പ്രദേശങ്ങളുടെ പരസ്പരബന്ധം എങ്ങനെയാണ് രോഗങ്ങൾ പകരുന്നതിനെ സ്വാധീനിക്കുന്നത് എന്ന വിഷയത്തിലും ഗവേഷണങ്ങൾ ശ്രദ്ധപതിപ്പിക്കുന്നുണ്ട്. പുത്തൻ സാംക്രമികരോഗങ്ങളുടെ ഈ കാലഘട്ടത്തിൽ ഏകാരോഗ്യമാകണം ഭൗമപദ്ധതികളുടെ കേന്ദ്രബിന്ദു. ■





**ഇബ്സന്റെ തിരഞ്ഞെടുത്ത നാടകങ്ങൾ**

പേജ്: 808

ലോകനാടകവേദി കണ്ട അസാമാന്യ പ്രതിഭാശാലിയുടെ മരണമില്ലാത്ത രചനകളുടെ സമാഹാരം. വ്യക്തിബന്ധങ്ങളെയും സാമൂഹിക ക്രമങ്ങളെയും നീതിന്യായവ്യവസ്ഥകളെയും സമത്വത്തിലും സ്വാതന്ത്ര്യത്തിലും വേരുറച്ച ആശയങ്ങൾ കൊണ്ട് ജനകീയവിചാരണയ്ക്കു വിധേയമാക്കിയ ഇതിലെ പ്രമേയങ്ങൾക്ക് കാലം പിന്നിടുന്തോറും സാധ്യതയും സാധുതയും ഏറുകയാണ്. സ്ത്രീപക്ഷപ്രസ്ഥാനങ്ങൾക്ക് ഉണർത്തുപാട്ടായ പാവയുടെ വീട്, രാഷ്ട്രീയപ്രമാണിത്തത്തിനെതിരെയുള്ള സമരപ്രഖ്യാപനമായ പൊതുജനശത്രു, ദാമ്പത്യത്തിലെ പൊരുത്തക്കേടുകളെ ഇഴകീറി പരിശോധിച്ച പ്രേതങ്ങൾ ഉൾപ്പെടെ ഏഴ് ക്ലാസിക് നാടകങ്ങളുടെ വിവർത്തനം.

**പരിഭാഷ: പി.ജെ. തോമസ്**

₹ 590/-

**H&C Publishing House**
High Road, Thrissur-1 , Ph : 9072733335

Website : www.handcbooks.com
Facebook : H&C Publishing House
E-mail : handcbooks@gmail.com

കഥ

# ഫൂജിമോറി



**സച്ചിദാനന്ദൻ**

മഹേഷിന് പൂച്ചകളെ ബാല്യം മുതലേ പ്രിയമായിരുന്നു. 'പ്രിയം' എന്നുപറഞ്ഞാൽ അത് ന്യൂനോക്തിയാകും; 'പൂച്ച പ്രാന്തൻ' എന്നാണ് കൂട്ടുകാർ അയാളെ കളിയാക്കാറുള്ളത്. എവിടെ പൂച്ചകളെ കണ്ടാലും അവയെ താലോലിക്കാൻ അയാൾക്ക് ഭയമുണ്ടായിരുന്നില്ല. വഴിയിൽ അലഞ്ഞുതിരിയുന്ന അനാഥരായ പൂച്ചകളെയും അയൽവക്കങ്ങളിൽ പെറ്റുണ്ടാകുന്ന പൂച്ചക്കുഞ്ഞുങ്ങളെയും അയാൾ വീട്ടിലേക്കു കൂട്ടുമായിരുന്നു. പഠിത്തം, ജോലി, വിവാഹം – ഇതൊന്നും അയാളുടെ പൂച്ചപ്രേമത്തിൽ ഒരു കുറവും വരുത്തിയില്ല.

മഹേഷിൻെറ മറ്റൊരു ഭ്രമം യാത്രയായിരുന്നു. നാട്ടിന്നകത്തും പുറത്തും അയാൾ ധാരാളം യാത്രചെയ്തു. പോസ്റ്റൽ ഓഡിറ്റിൽ ആയതിനാൽ നാട്ടിലെങ്ങും യാത്ര ചെയ്യാൻ അയാൾക്ക് ധാരാളം അവസരങ്ങളും ഉണ്ടായി. ഒരിക്കൽ നാഗ്പുരിൽവെച്ച് അയാൾ ഒരു പൂച്ചപ്രദർശനം കണ്ടു. അത് മഹേഷിൻെറ ജീവിതത്തിലെ ഏറ്റവും വലിയ അനുഭവമായിരുന്നു: പൂച്ചകളുടെ അദ്ഭുതലോകം. മൂക്കും ചെവിയും കറുത്ത സയാമീസ് പൂച്ച, വലിയ ചെവികളും കോമാളിമുഖവുമുള്ള സ്ഫിങ്ക്സ് ക്യാറ്റ്, തുണിപ്പാവപോലെ പതുപതുത്ത റാഗ് ഡോൾ എന്ന തടിയൻപൂച്ച, പതിഞ്ഞ സൈബീരിയൻ ക്യാറ്റ്, കവിൾ നീരുവന്നപോലെ വീർത്തിരിക്കുന്ന ഷാർത്രൂ, കുറിയ കാലുകളുള്ള മഞ്ച്കിൻ, ഋഷിയെപ്പോലുള്ള ഹിമാലയൻ പൂച്ച, സാത്താൻെറ കൊച്ചവതാരങ്ങൾ എന്ന് തോന്നിക്കുന്ന നെബെലുങ്, കൈകൾ വെളുത്ത സ്നോ ഷൂ, കുറുക്കനെപ്പോലെ വലിയ ചെവികളുമായി പീറ്റർ ബാൾഡ്, ലിയോ ടോൾസ്റ്റോയിയുടെ ഛായ ▶



ചിത്രീകരണം **മദനൻ**



▶യുള്ള റാഗാമഫിയൻ, സിംഹത്തെപ്പോലിരിക്കുന്ന സടയുള്ള നോർവീജിയൻ ഫോറസ്റ്റ് ക്യാറ്റ്, പുലിയുടെ പുള്ളികളുള്ള സാവന്നാപ്പൂച്ച, നേർത്ത നീലനിറമുള്ള റഷ്യൻ ബ്ലൂ, ബോളിവുഡിലെ അധോലോകനായകനെപ്പോലിരിക്കുന്ന ബോംബെ ക്യാറ്റ്, പിന്നെ അനേകം നിറങ്ങളിൽ, വടിവുകളിൽ, താടി നീട്ടിയവയും കുറ്റിരോമങ്ങളുള്ളവയുമായി എത്രയെത്ര പൂച്ചകൾ! മഹേഷിന്റെ മനം കുളിർത്തു എന്ന് പറഞ്ഞാൽ മതിയല്ലോ. അവിടെനിന്ന് മടങ്ങാനേ അയാൾക്ക് തോന്നിയില്ല.

അവയിൽ ഒന്നിനെ വാങ്ങാൻ തീരുമാനിച്ചെങ്കിലും ഏതു തിരഞ്ഞെടുക്കും എന്നതായിരുന്നു അയാളുടെ പ്രശ്നം. ഒടുവിൽ അയാൾ ഒരു ബിർമൻ പൂച്ചയെ വാങ്ങാൻ തീരുമാനിച്ചു. രണ്ടാം ലോകമഹായുദ്ധത്തോടെ ഏതാണ്ട് വംശം അറ്റുപോയതാണെന്നും ഒരു ഇണയിൽനിന്നാണ് വീണ്ടും അവ സൃഷ്ടിക്കപ്പെട്ടതെന്നും കാൾ ലാഗർഫെൽഡ് എന്ന ഫാഷൻ ഡിസൈനർക്ക് ഈ ഇനം പൂച്ചയാണ് ഉണ്ടായിരുന്നതെന്നുമെല്ലാം മഹേഷിന് ഗൈഡ് പറഞ്ഞുകൊടുത്തു. അയാൾ തിരഞ്ഞെടുത്തത് ചോക്കളേറ്റ് മുഖവും താടിയും, പട്ടുരോമങ്ങളുടെ ആവരണവും, ആഴമേറിയ നീലക്കണ്ണുകളും വെളുത്ത കാലുറകളുമുള്ള, ഒരു രണ്ടുവയസ്സുകാരനെയാണ്. വില പേശി അയാൾ അറുപതിനായിരം രൂപയ്ക്ക് അതിനെ സ്വന്തമാക്കി. വില അത്ര വലുതായി അയാൾക്ക് തോന്നിയില്ല. പൂച്ചകൾക്കായി ഒരു ബംഗ്ലാവ് പണിയാൻ തന്നെ അയാൾ തയ്യാറായിരുന്നല്ലോ. വീട്ടുകാരി മീനു എന്ത് പറയും എന്ന ഭയം മാത്രമേ അയാൾക്കുണ്ടായിരുന്നുള്ളൂ. അവൾക്ക് പൂച്ചകളോട് അത്ര അടുപ്പമില്ലായിരുന്നു. തന്നേക്കാൾ മഹേഷിന് പൂച്ചകളോടാണ് പ്രിയം എന്ന തോന്നലിൽനിന്ന് വന്ന അസൂയയാകാം കാരണം; പിന്നെ ഒരു ഓഡിറ്റർ മാത്രമായിരുന്ന അയാൾ അവയ്ക്കായി ചെലവാക്കുന്ന പണവും അവളെ അലോസരപ്പെടുത്തി. അവളും ഒരു അധ്യാപിക മാത്രമായിരുന്നല്ലോ.

വീട്ടിലെത്തിയപ്പോൾ മഹേഷ് ആദ്യമായി ആലോചിച്ചത് തന്റെ പ്രിയപ്പെട്ട പൂച്ചയ്ക്ക് ഒരു പേരായിരുന്നു. സുഹൃത്തുക്കൾക്കും അധ്യാപകർക്കും തന്റെ പരിചയത്തിലുള്ള എഴുത്തുകാർക്കുമെല്ലാം അയാൾ വാട്ട്സാപ്പ് സന്ദേശങ്ങളും ഈമെയിലുകളും അയച്ചു. പോരാത്തതിന് ഇൻറർനെറ്റിലും പരതി. നായ്ക്കൾക്ക് അധികവും ഹിറ്റ്ലർ, നെപ്പോളിയൻ തുടങ്ങിയ ഏകാധിപതികളുടെ പേരാണ് ഇടുക എന്നത് അയാൾക്കറിയാമായിരുന്നു. തന്റെ പൂച്ച നായ്ക്കളേക്കാൾ ഒട്ടും താഴെയല്ലാത്തതിനാൽ അത്തരം ഒരു കരുത്തൻ പേരുതന്നെയാണ് അയാൾ തേടിയത്. പല ഏകാധിപതികളുടെയും ശക്തരായി ആരാധിക്കപ്പെടുന്ന നേതാക്കളുടെയും പേരുകൾ അയാൾ ഓർത്തെടുത്തു. പിനോഷെയിലെ 'ഷെ' അയാൾക്ക് ഇഷ്ടമായില്ല. പോൾ പോട്ട് ഒരു പാത്രത്തിന്റെ ബ്രാൻഡ് നെയിം ഓർമിപ്പിച്ചു. ചൗഷെസ്ക്യു വിളിക്കാൻ സുഖമില്ലാത്ത പേരായിരുന്നു. ഗെറ്റൂലിയൊ വർഗാസ്– നീണ്ടുപോയി. എർദോവാൻ, ഒർബാൻ– ചില്ലിൽ അവസാനിക്കുന്ന പേരുകൾ അയാൾക്ക് ഇഷ്ടമല്ലായിരുന്നു. ഇസ്രയേലിലും അമേരിക്കയിലുംനിന്ന് നേതാക്കളുടെ പേര് ചിലർ നിർദേശിക്കാതിരുന്നില്ല. പക്ഷേ, മലയാളിയായ അയാൾക്ക് ആ രാജ്യങ്ങളെത്തന്നെ ഇഷ്ടമല്ലായിരുന്നു. ഒടുവിൽ അയാൾ സ്വർണഖനികളുടെ നാടായ പെറുവിൽ എത്തിച്ചേർന്നു: ആൽബെർട്ടോ ഫ്യൂജിമോറി. കവിയാണെന്ന് തോന്നിപ്പിക്കും വിധം ദുർബലമായ 'ആൽബെർട്ടോ' എന്ന ഭാഗം മാറ്റി അയാൾ ' ഫ്യൂജിമോറി' എന്ന പേര് തിരഞ്ഞെടുത്തു. '' ഫ്യൂജിമോറി,'' അയാൾ വീണ്ടും വീണ്ടും പറഞ്ഞു നോക്കി. ഉഗ്രൻ. അഗ്നിപർവതം പോലെ കത്തുന്ന, ലാവ പ്രവഹിപ്പിക്കുന്ന, പൊള്ളിക്കുന്ന പേര്. ഫ്യൂ–ജി–മോ–റി. മഹേഷ് തുള്ളിച്ചാടി. മീനു അദ്ഭുതത്തോടെ, വൈരാഗ്യത്തോടെ, അയാളെ നോക്കിനിന്നു. എന്നാൽ തന്റെ പ്രിയമാർജാരന്റെ നീലക്കണ്ണുകളുടെയും വെള്ളനഖങ്ങളുടെയും വാഗ്ദാനം പാഴാവില്ലെന്ന് മഹേഷിന് ഉറപ്പുണ്ടായിരുന്നു. ഫ്യൂജിമോറി അയാളുടെ പകലുകളിൽ നഖം കൂർപ്പിക്കുകയും രാത്രികളിൽ താൻ പിടിച്ച പ്രാവുകളുടെ സമാധാനത്തൂവലുകൾകൊണ്ട് അയാളുടെ സ്വപ്നങ്ങളെ പല്ലവമൃദുലമാക്കുകയും ചെയ്തു.

ഫ്യൂജിമോറിയുടെ വളർച്ച പെട്ടെന്നായിരുന്നു. കാതുകളുടെ വളർച്ചയാണ് മഹേഷ് ആദ്യം ശ്രദ്ധിച്ചത്. ഏതു ഭാഗത്തേക്കും തിരിയാനും ഏതു കൊച്ചുശബ്ദവും പിടിച്ചെടുക്കാനും അവയ്ക്ക് കഴിയുമായിരുന്നു. പിന്നെ കണ്ണുകൾ: അവ നാടു മുഴുവൻ കാണുന്ന

തായി തോന്നി, ജയിൽ കാവൽക്കാരന്റെ കണ്ണുകൾ പോലെ. നഖങ്ങൾ കൂർത്തുകൂർത്ത് കഠാര പോലെയായി. വാൽ പതാക പോലെ ഉയർന്നുനിന്നു. കാലുകൾക്ക് ചടുലത കൂടിക്കൂടി വന്നു. എലികളെ പിടിക്കാനായിരുന്നു നിയോഗമെങ്കിലും അവൻ ഇഴയുന്ന പാമ്പുകളെയും പറക്കുന്ന പക്ഷികളെയും വരെ കടിച്ചുകുടഞ്ഞു, ചിലപ്പോൾ അവയുടെ ജഡങ്ങൾ വലിച്ചിഴച്ചു വരാന്തയിൽ കൊണ്ടിടുകയും ചെയ്തു. എലികളെ കൊല്ലും മുൻപ് അലറി, ആ വലിയ കണ്ണുകൾ ഉരുട്ടി, അവയെ ഭയപ്പെടുത്തുകയും മുൻകാലുകൾകൊണ്ട് തട്ടി മുകളിലേക്കെറിഞ്ഞുപിടിക്കുകയും ഒരു ബലാത്സംഗിയെപ്പോലെ നഖങ്ങൾ അവയുടെ ലോലചർമത്തിലാഴ്ത്തുകയും പല്ലുകൾ കൊണ്ട് വശങ്ങളിൽ മുറിവുണ്ടാക്കി കുടലുകൾ പുറത്തെടുക്കുകയും ചെയ്തു. താനും മീനയും കൊണ്ടുവയ്ക്കാറുള്ള പാൽ അവൻ തൊട്ടുനോക്കുക പോലും ചെയ്യാറില്ലെന്നത് മഹേഷ് ശ്രദ്ധിച്ചു. ഫ്യൂജിമോറിക്ക് ഇഷ്ടം ചോരയായിരുന്നു. അവന്റെ ചുണ്ടുകൾ രക്തം പുരണ്ടല്ലാതെ ആരും കണ്ടിട്ടില്ല.

**ഒടുവിൽ അയാൾ സ്വർണഖനികളുടെ നാടായ പെറുവിൽ എത്തിച്ചേർന്നു: ആൽബെർട്ടോ ഫ്യൂജിമോറി. കവിയാണെന്ന് തോന്നിപ്പിക്കും വിധം ദുർബലമായ 'ആൽബെർട്ടോ' എന്ന ഭാഗം മാറ്റി അയാൾ 'ഫ്യൂജിമോറി' എന്ന പേര് തിരഞ്ഞെടുത്തു. "ഫ്യൂജിമോറി," അയാൾ വീണ്ടും വീണ്ടും പറഞ്ഞു നോക്കി. ഉഗ്രൻ. അഗ്നിപർവതം പോലെ കത്തുന്ന, ലാവ പ്രവഹിപ്പിക്കുന്ന, പൊള്ളിക്കുന്ന പേര്. ഫ്യൂ-ജി-മോ-റി.**

ഫ്യൂജിമോറിയുടെ സാഹസങ്ങൾ മഹേഷിന്റെയും മീനയുടെയും വീട്ടിൽ ഒതുങ്ങിനിന്നില്ല. അയൽക്കാർ പരാതിപ്പെടാൻ തുടങ്ങിയപ്പോഴാണ് അവർ അത് ശ്രദ്ധിച്ചത്: അന്യവീടുകളിലും അവൻ തന്റെ പരാക്രമങ്ങൾ ആവർത്തിച്ചു. ആ സഞ്ചാരപ്രിയന് കറുപ്പു നിറമുള്ള പൂച്ചകളെ ഇഷ്ടമല്ലായിരുന്നു. അവയോട് അവൻ ശത്രുക്കളോടെന്നപോലെ പെരുമാറി, ഭയപ്പെടുത്തി, ആക്രമിച്ചു. സ്വന്തം നിറത്തിലുള്ള പൂച്ചകളെ മാത്രം കൂടെ നിർത്തി, അവയുടെ ഒരു സൈന്യംതന്നെ അവനുണ്ടാക്കി. അവരുടെ പ്രധാന വിനോദം മറ്റുനിറങ്ങളുള്ള പൂച്ചകളെ എലികളെയെന്നപോലെ ആക്രമിച്ച് തുരത്തുകയായിരുന്നു: അവർ വേറെ ഏതോ നാട്ടിൽനിന്ന് വന്നവരാണെന്നപോലെ. എങ്കിലും മഹേഷ് പരാതികൾക്ക് ചെവി കൊടുത്തില്ല. പൂച്ചയെ പുഴകടത്തിവിടുമെന്ന് മീന പറഞ്ഞപ്പോഴും 'മിണ്ടാപ്രാണികളെ സ്നേഹിക്കാനറിയാത്തവൾ' എന്ന് അവളെ ശകാരിക്കുകയാണ് മഹേഷ് ചെയ്തത്; ഒപ്പം അവന്റെ വർധിച്ചുവരുന്ന പൗരുഷത്തിലും തലയെടുപ്പിലും ആരെയും വിറപ്പിക്കുന്ന ഗർജനംപോലുള്ള നിലവിളിയിലും അഭിമാനിക്കുകയും. തന്റെ വീട് കാക്കാൻ അവൻ മതിയെന്നും നായകളുടെ ആവശ്യമേ ഇല്ലെന്നും അയാൾ ഓഫീസിലെ സുഹൃത്തുക്കളോട് പറയുമായിരുന്നു.

അങ്ങനെ മഹേഷിന്റെ അഭിമാനം അഹങ്കാരമായി വളരുന്നതിനിടയ്ക്കാണ് ഫ്യൂജിമോറിയുടെ രൂപംതന്നെ മാറാൻ തുടങ്ങിയത്. അവനിപ്പോൾ ഒരു പുലിയെപ്പോലെ തോന്നിച്ചു. കണ്ണുകളിൽനിന്ന് അഗ്നി വമിച്ചു. പൂച്ചകൾ തങ്ങളേക്കാൾ വലിയ മൃഗങ്ങളെ ആക്രമിക്കില്ലെന്ന അയാളുടെ വിശ്വാസത്തെ പരിഹസിക്കാനെന്നോണം ഫ്യൂജിമോറി മഹേഷിന്റെ തൊഴുത്തിലെ ആടുകളെയും പശുക്കളെയും ആക്രമിക്കാൻ തുടങ്ങി. ഒരു പുലരിയിൽ അയാൾ കണികണ്ടത് തനിക്ക് പ്രിയപ്പെട്ട സുന്ദരിയാടിന്റെ ചോരയൊലിക്കുന്ന ജഡമാണ്. പിറകെ, വർഷങ്ങളായി കുടുംബത്തിന് പാൽ നൽകിയിരുന്ന ഗോമതിപ്പശുവിന്റെ രക്തത്തിൽ കുളിച്ച് ചെരിഞ്ഞുകിടക്കുന്ന ജീവനറ്റ പ്രിയരൂപം. അതിൽ അനേകം പൂച്ചകളുടെ കടിപ്പാടുകളുണ്ടായിരുന്നു. പിന്നെ എല്ലാ തിങ്കളാഴ്ചകളിലും, കുടുംബത്തിന് അല്പം പുറംവരുമാനം നേടിക്കൊടുത്തിരുന്ന തങ്ങളുടെ ആടുകളും പശുക്കളും ഓരോന്നായി മുറ്റത്തുകിടന്ന് പിടയുന്നത് അയാൾക്കും മീനയ്ക്കും കണ്ടുനിൽക്കേണ്ടിവന്നു. ആ ദൃശ്യം മീനയെ ഭയാകുലയാക്കി. ഫ്യൂജിമോറി രാത്രികളിൽ ഡ്രാക്കുളയെപ്പോലെ ഒരു രക്തരക്ഷസ്സായി മാറുന്നുണ്ടോ എന്ന് അവൾ സംശയിച്ചു. എന്നിട്ടും തന്റെ ജീവനായ ഫ്യൂജിമോറിയെ എവിടെയെങ്കിലും ഉപേക്ഷിക്കാനോ മറ്റാർക്കെങ്കിലും കൈമാറാനോ മഹേഷ് വിസമ്മതിച്ചു. തന്റെ വീടിന് കരുത്തനായ ഒരു ▶





▶ കാവൽക്കാരനാണ് അവൻ എന്ന് അയാൾ അപ്പോഴും വിശ്വസിച്ചു; ഭീകരവാദികളായ നായകൾക്ക് അവൻ ഒരു പേടിസ്വപ്നമാണെന്നും.

അതിന്നിടയിൽ ഒരു കാര്യം മഹേഷിന് ശ്രദ്ധിക്കാതിരിക്കാനായില്ല. അവന്റെ പ്രായത്തിലുള്ള പൂച്ചകൾ പെൺപൂച്ചകളുടെ പിറ



കെ നടക്കുകയും കടിച്ചുകീറുന്ന ശബ്ദത്തോടെ ഇണചേരുകയും ചെയ്യുമ്പോഴും ഫ്യൂജിമോറി അതൊന്നും ചെയ്തില്ല. പ്രണയത്തേക്കാൾ കൊലപാതകത്തിൽ വിശ്വസിച്ച ഒരു ബ്രഹ്മചാരിയായിരുന്നു അവൻ എന്ന് മഹേഷ് അല്പം അദ്ഭുതത്തോടെ കണ്ടെത്തി. മീനയുമായി ആ പാവനരഹസ്യം പങ്കുവയ്ക്കുകയും ചെയ്തു.

പക്ഷേ, രംഗം പിന്നെയും മാറിക്കൊണ്ടിരുന്നു. അവന്റെ നായാട്ടുകൾ അയൽവക്കങ്ങ



**ഫ്യൂജിമോറിയുടെ സാഹസങ്ങൾ മഹേഷിന്റെയും മീനയുടെയും വീട്ടിൽ ഒതുങ്ങിനിന്നില്ല. അയൽക്കാർ പരാതിപ്പെടാൻ തുടങ്ങിയപ്പോഴാണ് അവർ അത് ശ്രദ്ധിച്ചത്: അന്യവീടുകളിലും അവൻ തന്റെ പരാക്രമങ്ങൾ ആവർത്തിച്ചു. ആ സഞ്ചാരപ്രിയന് കറുപ്പുനിറമുള്ള പൂച്ചകളെ ഇഷ്ടമല്ലായിരുന്നു. അവയോട് അവൻ ശത്രുക്കളോടെന്നപോലെ പെരുമാറി, ഭയപ്പെടുത്തി, ആക്രമിച്ചു.**



ളിലേക്ക് പടർന്നുപിടിച്ചു. തന്റെ മാർജാര സേനയുമായി ഒരു മുസ്സോളിനിയെപ്പോലെ അവൻ മാർച്ചുചെയ്തു. തങ്ങളുടെ പാൽമൃഗങ്ങളും വിലകൂടിയ നായകളും തത്തകളും പഞ്ചവർണക്കിളികളുമെല്ലാം അവന്റെ ജൈത്രയാത്രയ്ക്ക് കൊടികളാക്കപ്പെട്ടപ്പോൾ അവയുടെ ഉടമകൾ പരിഹാരംതേടി കോടതിയിൽ പോകുമെന്നുപറഞ്ഞ് മഹേഷിനെ ധർമസങ്കടത്തിലാക്കി. എന്നാൽ പരാതിക്കാർ പിറ്റേന്നുകണ്ടത് തങ്ങളുടെ അലമാരകളിലെ വിലപ്പെട്ട രേഖകളും കറൻസി നോട്ടുകളും നിയമഗ്രന്ഥങ്ങളും സാഹിത്യകൃതികളും മേശപ്പുറത്തെ കടലാസുകളും കീറി നിലത്ത് വിതറുകയും ഫോണുകൾ തട്ടിക്കളിക്കുകയും ടെലിവിഷൻസെറ്റുകൾ മറിച്ചിടുകയും ചെയ്യുന്ന പൂച്ചപ്പടകളെയാണ്. എഴുത്തുകാരുടെ പേനകളും ചിത്രകാരന്മാരുടെ ബ്രഷുകളും ശില്പികളുടെ സ്കെച്ചുപുസ്തകങ്ങളും പണിക്കാരുടെ തൊഴിലുപകരണങ്ങളും മുറി



കളിലും മുറ്റങ്ങളിലും ചിന്നിച്ചിതറിക്കിടന്നു.

(ഏതുകഥയും അധികം നീണ്ടുപോയാൽ കൂടുതൽ കൂടുതൽ രക്തപങ്കിലമായി മാറും എന്നാണ് ഷേക്സ്പിയറുടെ *മാക്ബത്* മുതൽ മാർലൺ ജെയിംസിന്റെ *ദി ബുക്ക് ഓഫ് നൈറ്റ് വിമെൻ* വരെയുള്ള ലോക ക്ലാസിക്കുകൾ സാക്ഷ്യപ്പെടുത്തുന്നത്. ഈ വെറും സാധാരണകഥയ്ക്കുപോലും അത് ബാധകമാണ്. അതുകൊണ്ട് കഥയുടെ അവസാനം– അത് *ആലീസിന്റെ അത്ഭുതലോകം* എന്നോ മറ്റോ പേരുള്ള മറ്റൊരു കഥയുടെ തുടക്കവുമാകാം– മാത്രമേ ഞാൻ ഇവിടെ സാക്ഷ്യപ്പെ

ടുത്തുന്നുള്ളൂ. എൻെറ മനസ്സ് കാലത്തിന് വളരെ പിറകിലായതിനാൽ അതിന് ഇനിയും വേണ്ടത്ര കഠിനമാകാൻ കഴിഞ്ഞിട്ടില്ലെന്ന് ഖേദപൂർവം സമ്മതിക്കട്ടെ. അതുകൊണ്ട് ഈ രംഗങ്ങൾ വിശദമായി എഴുതാനുള്ള ശേഷി, രണ്ട് കൂട്ടക്കൊലകൾ കണ്ട ഡൽഹിയിൽ ജീവിച്ചിട്ടുപോലും, എനിക്കില്ല.)

മഴപെയ്ത് നനഞ്ഞ ഒരു തിങ്കളാഴ്ച മഹേഷിന് കണിയായത് സ്വന്തം മകളെപ്പോലെ തനിക്ക് വാത്സല്യമുണ്ടായിരുന്ന അയൽവക്കത്തെ മൂന്നുവയസ്സുകാരി ഷാഹിന, ഉടുപ്പുകൾ കീറിപ്പറിഞ്ഞ് തൻെറ പാവക്കുട്ടിയെ മുറുക്കിപ്പിടിച്ച്, മുറ്റത്ത് കിടക്കുന്നതാണ്. അയാൾ അത് വിശ്വസിക്കാനാകാതെ കണ്ണുകൾ തിരുമ്മി വീണ്ടും നോക്കി. അവളുടെ കണ്ണുകൾ അടഞ്ഞിരുന്നു. എപ്പോഴും കൊണ്ടുനടക്കാറുള്ള പാവക്കുട്ടിയെ മുറുക്കിപ്പിടിച്ചിരുന്ന കൈകളിലും കൊച്ചുവയറ്റിലും കാ

**പിന്നീടാരും ആ പ്രദേശത്ത് ഫ്യൂജിമോറിയെ കണ്ടിട്ടില്ല. അത് ഒരു പുലിയായിരുന്നോ പിശാചായിരുന്നോ എന്ന് ഇന്നും നാട്ടുകാർക്കിടയിൽ തർക്കമുണ്ട്.**





ലുകളിലും നഖങ്ങളുടെയും പല്ലുകളുടെയും പാടുകളുണ്ടായിരുന്നു. ഫ്യൂജിമോറി അവളുടെ നിശ്ചലശരീരത്തിനുമുകളിൽ കയറിയിരുന്ന് രക്തം പുരണ്ട തൻെറ കാൽനഖങ്ങൾ നക്കിത്തുടയ്ക്കുകയായിരുന്നു. തനിക്ക് എന്താണ് സംഭവിക്കുന്നതെന്ന് മഹേഷിന് മനസ്സിലായില്ല. ദുഃഖം? രോഷം? കുറ്റബോധം? ആത്മനിന്ദ? ഇനിയും ആ പൂച്ചയെ വെച്ചുകൊണ്ടിരുന്നുകൂടാ എന്നുമാത്രം അയാൾക്ക് മനസ്സിലായി. പുഴ കടത്തിയാൽപോലും അവൻ അയൽനാടുകൾ മുടിക്കുകയേയുള്ളൂ. വെടിവെച്ചുകൊല്ലാൻ ഒരു കൈത്തോക്കോ കെട്ടിത്തൂക്കാൻ ഒരു കയറോ അയാളുടെ കയ്യിൽ ഇല്ലായിരുന്നു. മേശപ്പുറത്തുകണ്ട ഒരു കത്തിയുമായി അയാൾ താൻ ഇത്രകാലം പോറ്റിയ പൂച്ചയുടെ നേരേ പാഞ്ഞടുത്തു. എന്നാൽ അവൻ അനങ്ങാതെ കണ്ണിൽ നിറഞ്ഞ ക്രൗര്യത്തോടെ അയാളെ തുറിച്ചുനോക്കി. ഒരൊറ്റ ഞൊടികൊണ്ട് മുൻകാലിൽ എണീറ്റുനിന്ന് ഫ്യൂജിമോറി മഹേഷിൻെറ കയ്യിലെ കത്തി തട്ടിപ്പറിച്ച് ആകാശം പിളർക്കുന്ന അലർച്ചയോടെ അയാളുടെ നെഞ്ചിൽ ആഞ്ഞാഞ്ഞ് കുത്തി. മഹേഷിൻെറ ഭയന്നുവിളറിയ ചോര മുറ്റത്തെ മഴവെള്ളം ചുകപ്പിച്ച് അയൽപക്കങ്ങളിലേക്ക് ഒഴുകിപ്പടർന്നു.

പിന്നീടാരും ആ പ്രദേശത്ത് ഫ്യൂജിമോറിയെ കണ്ടിട്ടില്ല. അത് ഒരു പുലിയായിരുന്നോ പിശാചായിരുന്നോ എന്ന് ഇന്നും നാട്ടുകാർക്കിടയിൽ തർക്കമുണ്ട്. അതിൻെറ ഒരു കരിങ്കൽപ്രതിമ നാട്ടിൻപുറത്തെ കാടുപിടിച്ചുകിടന്ന വളപ്പിൽ എങ്ങനെ ഉയർന്നുവന്നു എന്നും ആരാണ് അതിനെ എന്നും ചെമ്പട്ടു പുതപ്പിച്ച് അതിൻെറ കാൽക്കൽ ചെത്തിപ്പൂക്കൾ അർപ്പിക്കുന്നതെന്നും അവർക്ക് ഇന്നോളം കണ്ടെത്താനായിട്ടില്ല. ■



**സച്ചിദാനന്ദൻെറ ശബ്ദത്തിൽ ഈ കഥ കേൾക്കാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യൂ**



അഭിമുഖോത്സവം

MATHRUBHUMI INTERNATIONAL FESTIVAL OF LETTERS 2020

# വ്യത്യസ്തതകളുടെ മഴവിൽപ്രകാശനങ്ങൾ

**ഡീൻ അത്ത / ഐശ്വര്യ താരാബായ്**

**സാമൂഹികനീതിക്കും തുല്യതക്കും വേണ്ടിയുള്ള സമരങ്ങളെ കവിതയിൽ ആവിഷ്കരിക്കുകയും ജീവിതത്തെത്തന്നെ സമരമാക്കുകയും ചെയ്ത എഴുത്തുകാരനും എൽ.ജി.ബി.ടി. റൈറ്റ്സ് ആക്ടിവിസ്റ്റുമാണ് ഡീൻ അത്ത. എല്ലാ മനുഷ്യരും ഏതെങ്കിലും നിലയിൽ വ്യത്യസ്തരാണെന്നും ആ വ്യത്യസ്തതയിലാണ് മനുഷ്യജീവിതംതന്നെ സാധ്യമാകുന്നതെന്നും ഡീൻ കരുതുന്നു. മഴവിൽജീവിതം സാധ്യമാണ് എന്ന പ്രതീക്ഷാനിർഭരമായ പ്രഖ്യാപനമാണ് ഡീൻ അത്തയുടെ ജീവിതം. അതേ പ്രഖ്യാപനംതന്നെയാണ് *മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവത്തിലും* ആഴ്ചപ്പതിപ്പിന് അനുവദിച്ച പ്രത്യേക അഭിമുഖത്തിലും ഡീൻ പങ്കുവെച്ചത്**

*''So who is The Black Flamingo?''*
*asks Katy with genuine curiosity.*
*I reply,*
*''He is me, who I have been, who I am, who I hope to become. Someone fabulous, wild and strong.*
*With or without a costume on.''*
*The Black Flamingo.*





ഡീൻ അത്ത

## വ്യത്യസ്തതകളുടെ മഴവിൽപ്രകാശനങ്ങൾ

ദി *ബ്ലാക് ഫ്ലാമിൻഗൊ* എന്ന പുസ്തകത്തിലെ പ്രധാന കഥാപാത്രം സ്വവർഗാനുരാഗിയും കവിയുമാണ്. അയാളുടെ വാക്കുകളിൽ ജീവിതത്തിനോടുള്ള ആകാംക്ഷയും ആഗ്രഹങ്ങളും വെറുപ്പും സ്നേഹവും എല്ലാമുണ്ട്. ഒരു ജമൈക്കക്കാരനായ അച്ഛൻെറയും ഗ്രീക് അമ്മയുടെയും മകനായി ജനിച്ച അയാൾക്ക് സ്വന്തം സ്വത്വത്തെ തിരിച്ചറിയാനും സമൂഹത്തോട് പൊരുത്തപ്പെടാനുമുള്ള ബുദ്ധിമുട്ടുകൾ ഏറെയാണ്. യൂണിവേഴ്സിറ്റി പഠനകാലത്ത് അയാൾക്ക് വാക്കുകൾ ചിറകുകൾ നൽകുന്നു ഒരു ഡ്രാഗ് ആർട്ടിസ്റ്റ് എന്ന നിലയിൽ.

കറുത്ത തൂവലുകളും ഹൈഹീൽ ചെരുപ്പുകളും ലിപ്സ്റ്റിക്കും ധരിച്ച് സ്റ്റേജിൽ കവിത അവതരിപ്പിക്കുമ്പോൾ ഡീൻ അത്ത എന്ന കവി അപൂർവങ്ങളിൽ അപൂർവമായ ഒരു ബ്ലാക് ഫ്ലാമിൻഗൊ തന്നെയായി മാറുകയായിരുന്നു.

എൽ.ജി.ബി.ടി. റൈറ്റ്സ് ആക്ടിവിസ്റ്റും എഴുത്തുകാരനുമായ ഡീൻ അത്തയുടെ ആദ്യപുസ്തകമായ *ഐ ആം നോബഡിസ് നിഗർ* പൊളാരി ഫസ്റ്റ് ബുക് പ്രൈസിനുവേണ്ടി പരിഗണിച്ചിരുന്നു. ആഫ്രിക്കൻ കരിബീൻ സൊസൈറ്റിയുടെ പ്രസിഡൻറായ അദ്ദേഹം സാമൂഹിക അനീതികൾക്കെതിരേയും എൽ.ജി.ബി.ടി. സമൂഹത്തിൻെറ ഉന്നമനത്തിനുവേണ്ടിയും നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

**ഐശ്വര്യ താരാബായ്: 'ഗേ' എന്ന വാക്ക് അപകീർത്തികരമായ ഉപയോഗിക്കപ്പെടുന്നതിനെതിരേ താങ്കൾ ശബ്ദമുയർത്തുകയും ഇങ്ങനെയുള്ള പദങ്ങൾ മുഖ്യധാരയിൽ ചർച്ചാവിഷയമാക്കി, അവയ്ക്കുള്ള പരിഗണന വീണ്ടെടുക്കുകയും വേണമെന്ന് അഭിപ്രായപ്പെടുകയുണ്ടായല്ലോ?**

**ഡീൻ അത്ത:** ഇന്ന് 'ഗേ' എന്ന വാക്കിനോട് എനിക്ക് വിരക്തിയോ ഭയമോ ഒന്നുമില്ല. എന്നാൽ എൻെറ കൗമാരപ്രായത്തിൽ 'ഗേ' എന്ന സമൂഹത്തിൻെറ ഭാഗമാവണോ വേണ്ടയോ എന്നുള്ള ആശങ്ക എൻെറയുള്ളിലുണ്ടായിരുന്നു. ഇതിൻെറ സുപ്രധാനമായ കാരണം സ്കൂളിൽ പഠിക്കുന്നകാലത്ത് ഇഷ്ടമില്ലാത്ത എന്തെങ്കിലും സംഭവിച്ചാൽ ആളുകൾ 'Thats so gay!' എന്ന് പറയുന്നത് ഞാൻ നിരന്തരമായി കേട്ടിട്ടുണ്ട് എന്നതാണ്. പതിനെട്ടു വയസ്സായശേഷം യൂണിവേഴ്സിറ്റിപഠനത്തിൻെറ കാലത്താണ് ഞാൻ ഗേ പ്രൈഡിൻെറ ഭാഗമാവുന്നതും കമ്യൂണിറ്റിയുടെ സ്വഭാവം മനസ്സിലാക്കുന്നതും. അത് എൻെറ ജീവിതം മാറ്റിമറിച്ചു. മറ്റൊരവസരത്തിൽ ഒരു സാഹിത്യശില്പശാലയ്ക്കിടെ ഞാൻ വിദ്യാർഥികൾക്ക് എഴുതാനായി ഒരു വിഷയം നൽകി. അവരിലൊരാൾക്ക് അത് ഇഷ്ടപ്പെട്ടില്ല, അദ്ദേഹം ഉറക്കെ പറഞ്ഞു: ''ദിസ് ഈസ് സൊ ഗേ.''

**ഒരു ഡ്രാഗ് ക്വീൻ എന്ന നിലയിൽ എനിക്ക് ഇഷ്ടമുള്ള വേഷങ്ങൾ അണിയാം. ഒരു സ്ത്രീയെന്ന നിലയിലല്ല, ഇഷ്ടമുള്ളത് ചെയ്യുന്ന പുരുഷനായാണ് ഞാനത് ചെയ്യുന്നത്. എന്നെ സംബന്ധിച്ചിടത്തോളം അതൊരു ലിബറേറ്റിങ് ആയിട്ടുള്ള അനുഭവമാണ്.**

***ദി ബ്ലാക് ഫ്ലാമിൻഗൊ* എന്ന പുസ്തകത്തിൻെറ കവർ**




ക്ലാസിനുശേഷം ഞാൻ അയാളോട് ചോദിച്ചു: ''എന്താണ് താങ്കൾ 'ഗേ' എന്നതുകൊണ്ട് ഉദ്ദേശിച്ചത്?'' ''മോശമായത് എന്നാണ് ഉദ്ദേശിച്ചത്'' എന്നയാൾ പറഞ്ഞു. എന്തുകൊണ്ട് മോശമായതിനെ സൂചിപ്പിക്കാൻ 'ഗേ' എന്ന വാക്കുപയോഗിച്ചു എന്നുള്ള ചോദ്യത്തിന് അയാളുടെ മറുപടി ''അതൊരു സ്ലാങ് മാത്രമല്ലേ?'' എന്നായിരുന്നു.

അയാൾക്ക് എൽ.ജി.ബി.ടി. സമൂഹത്തോട് യാതൊരുവിധത്തിലുള്ള അസഹിഷ്ണുതയോ, വെറുപ്പോ ഇല്ലായിരുന്നു. ഒരധ്യാപകനെന്നനിലയിൽ അയാൾ എന്നെ ബഹുമാനിക്കുകയുംചെയ്തിരുന്നു. എന്നാൽ ഒരു ഗേ പുരുഷനെന്ന നിലയിൽ ഇത്തരത്തിലുള്ള പദപ്രയോഗങ്ങൾ എത്രത്തോളം വേദന എന്നിലുണ്ടാക്കുന്നു എന്നതിനെക്കുറിച്ച് അയാൾ ചിന്തിച്ചിരുന്നില്ല. അത് മനസ്സിലാക്കിയപ്പോൾ 'ഇനി ഒരിക്കലും ഇങ്ങനെ ചിന്താശൂന്യമായി വാക്കുകൾ ഉപയോഗിക്കില്ല' എന്ന് അയാൾ എനിക്ക് ഉറപ്പുതന്നു. ഇത് മാത്രമാണ് സമൂഹം ചെയ്യേണ്ടത്. ഒരാൾ അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൻെറ ഭാഗമായ ഒരു സ്വത്വം (Identity) ആയിരിക്കാം ഇങ്ങനെ നമ്മൾ നികൃഷ്ടമായി ഉപയോഗിക്കുന്നത്. അങ്ങനെ ചെയ്യരുതെന്നുള്ള ബോധവത്കരണം ഞാൻ എൻെറ എഴുത്തിലൂടെ ചെയ്യുന്നു.

■ **എന്നാൽ 'നിഗർ' എന്ന പദം വീണ്ടെടുക്കാൻ ആഗ്രഹിക്കുന്നില്ല എന്ന് താങ്കൾ പറയുകയുണ്ടായല്ലോ. *ഐ ആം നോബഡിസ് നിഗർ* എന്ന ആദ്യ കവിതാസമാഹാരത്തിന് ഒരുപാട് പ്രശംസയും ഏറ്റുവാങ്ങിയിരുന്നല്ലോ?**

പലപ്പോഴും തെറിയായിട്ടാണ് നിഗർ എന്ന പദം ഉപയോഗിക്കപ്പെടുന്നത്. എന്നാൽ ചിലർക്ക് അതവരുടെ സ്വത്വത്തിൻെറ ഭാഗമാണ്, അതിൽ അപമാനിതരാവേണ്ടകാര്യമില്ല എന്ന് ചിന്തിക്കുന്ന ഇക്കൂട്ടർക്കിടയിൽ ചിലപ്പോൾ നിഗർ എന്ന വാക്കുകൊണ്ട് തമ്മിൽ അഭിസംബോധനചെയ്യുമ്പോൾ പ്രശ്നമില്ലായിരിക്കാം. എന്നാൽ എല്ലാവർക്കും ഇത് ഉപയോഗിക്കാനുള്ള അവകാശം കൊടുത്തിട്ടില്ല. ഒരു കറുത്ത വർഗക്കാരൻ മറ്റൊരു കറുത്തവർഗക്കാരനെ നിഗർ എന്ന് അഭിസംബോധനചെയ്യുന്നതുപോലെയല്ല ഒരു വെള്ളക്കാരൻ ഒരു കറുത്തവർഗക്കാരനെ അഭിസംബോധനചെയ്യുമ്പോൾ ഉണ്ടാവുന്നത്. ആദ്യത്തേത് സാംസ്കാരികമായ സാഹോദര്യത്തെ സൂചിപ്പിച്ചേക്കാം. എന്നാൽ രണ്ടാമത്തേത് വർഗീയതമൂലമുണ്ടാവുന്നതാണെന്ന് വ്യാഖ്യാനിക്കപ്പെടാൻ പ്രയാസമൊന്നുമില്ല. ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പോവുമ്പോഴേക്കും ഈ വാക്കിൻെറ അർഥവും വ്യാപ്തിയും ഇതുളവാക്കുന്ന ▶



ഡീൻ അത്ത മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവ വേദിയിൽ

ഫോട്ടോ ബി. മുരളീകൃഷ്ണൻ




ക്വീർ പ്രൈഡ് പരേഡിൽനിന്ന്

ഫോട്ടോ: ഗെറ്റി ഇമേജസ്

▶ വിചാരങ്ങളും വികാരങ്ങളും വ്യത്യസ്തമായിരിക്കും. ഞാൻ ഈ പദം ഇതുകൊണ്ടുതന്നെ ഉപയോഗിക്കാൻ താത്പര്യപ്പെടുന്നുമില്ല.

മുൻതലമുറയിലെ പലരും ഇന്നും 'ക്വീർ' (queer) എന്ന വാക്കിനെയും ഇങ്ങനെയാണ് വീക്ഷിക്കുന്നത്. യുവജനങ്ങളിൽ പലരും ഇന്ന് വളരെയേറെ ഉപയോഗിക്കുന്ന വാക്കാണിത്. ഇന്ന് ക്വീർ എന്ന ഒറ്റവാക്കുകൊണ്ടുതന്നെ എൽ.ജി.ബി.ടി. സമൂഹത്തെ വിശേഷിപ്പിക്കാറുണ്ട്.

**ഇന്ന് 'ഗേ' എന്ന വാക്കിനോട് എനിക്ക് വിരക്തിയോ ഭയമോ ഒന്നുമില്ല. എന്നാൽ എന്റെ കൗമാരപ്രായത്തിൽ 'ഗേ' എന്ന സമൂഹത്തിന്റെ ഭാഗമാവണോ വേണ്ടയോ എന്നുള്ള ആശങ്ക എന്റെയുള്ളിലുണ്ടായിരുന്നു.**

ഏതാണ് സ്വീകാര്യവും അനിഷ്ടകരവുമെന്നുള്ളത് ഓരോ വ്യക്തിക്കും വ്യത്യസ്തമാണ്. ഇതിൽ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായുള്ള ഘടകങ്ങൾ നമ്മൾക്ക് തള്ളിക്കളയാനാവില്ല.




1976-ൽ ന്യൂയോർക്കിൽ നടന്ന ഗേ റൈറ്റ്സ് ഡമോൺസ്ട്രേഷൻ

**■ താങ്കളുടെ പുസ്തകങ്ങളിൽ സുസ്ഥാപിതാചാരമായ വർഗീയതയാണ് അനുഭവിക്കേണ്ടിവന്നിട്ടുള്ളത് എന്ന് പറഞ്ഞിരുന്നല്ലോ. എൽ.ജി.ബി.ടി. സമൂഹത്തിന്റെ ഭാഗമായി മുഖ്യധാരയിൽ എത്തുമ്പോൾ വെളുത്തവർഗക്കാർക്ക് കറുത്തവർഗക്കാരേക്കാൾ സ്വീകാര്യത കൂടുതലാണെന്ന് തോന്നിയിട്ടുണ്ടോ?**

ഞാൻ വരുന്നത് യു.കെ.യിൽനിന്നാണ്. അവിടെ ഭൂരിഭാഗവും വെളുത്തവർഗക്കാരാണ്, അവിടെയുള്ള അധികാരനിയുക്തമായ എല്ലായിടങ്ങളിലും ഈ ഭിന്നത കാണാൻ സാധിക്കും. ഒരു ഗേ ക്ലബ്ബിൽ ചെന്നാൽ അവിടെ ഭൂരിഭാഗവും വെളുത്ത വർഗക്കാരായിരിക്കും. ഗേസമൂഹത്തെ പ്രതിനിധാനംചെയ്ത് ടി.വി. ചാനലുകളിൽ നമ്മൾ കാണുന്നവരിലേറെയും വെള്ളക്കാരായ സ്വവർഗാനുരാഗികളെയായിരിക്കും. ഏഷ്യൻ, ബ്ലാക് കമ്യൂണിറ്റികളിൽനിന്നുമുള്ളവർ മതപരമായ കാരണങ്ങളാൽ എൽ.ജി.ബി.ടി. കമ്യൂണിറ്റിയിൽനിന്ന് മാറിനില്ക്കുന്നു എന്നുള്ള

തെറ്റിധാരണ സമൂഹത്തിലുണ്ട് എന്ന് ഞാൻ കരുതുന്നു. അതുകൊണ്ടാവാം മുഖ്യധാരയിൽ ഇവരുടെ പ്രാതിനിധ്യം ഇത്രയും കുറഞ്ഞിരിക്കുന്നത്. മതവിശ്വാസികളായ ഒരുപാട് വൈറ്റ് ഗേ ആളുകളുണ്ട്, വെള്ളക്കാർക്ക് മതത്തിന്റെ ചട്ടക്കൂടുകൾക്കതീതമായ ഒരു സ്വീകാര്യത ലഭിക്കുമ്പോൾ മറ്റ് സമുദായങ്ങളിൽനിന്ന് വരുന്നവർക്ക് ഇത് നിഷേധിക്കപ്പെടുന്നു എന്നുള്ളതാണ് വാസ്തവം. മുൻവിധികളോടെയാണ് ഇക്കൂട്ടരെ സമൂഹം വീക്ഷിക്കുന്നത്.

■ **എൽ.ജി.ബി.ടി. സമൂഹത്തിന്റെ ഭാഗമായിക്കഴിയുമ്പോൾ മതാചാരം നിലനിർത്തുന്നതിനുള്ള പ്രതിസന്ധികൾ എന്തൊക്കെയാണ്?**

വളരെ വ്യക്തിപരമായ വെല്ലുവിളികളാണ് ഓരോ വ്യക്തിക്കും ഇത് സമ്മാനിക്കുന്നത്. എന്റെ സുഹൃത്തുക്കളിൽ പലരും ഓപ്പൺലി ഗേ ആണ്. എന്നാൽ അവർ വളരെയധികം മതത്തിൽ വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ളവരെ സ്വീകരിക്കുന്ന ഒട്ടേറെ ക്ഷേത്രങ്ങളും പള്ളികളും ഉണ്ടായേക്കാം. എന്നാൽ പല സമൂഹങ്ങളിലും ഇത് സാധ്യമാകുന്നില്ല. ദൈവവും നമ്മളും തമ്മിലുള്ള ബന്ധം തികച്ചും സ്വകാര്യമാണ്, അതിൽ ലൈംഗികത കൊണ്ടുവരണം എന്നൊരഭിപ്രായം എനിക്കില്ല. നമ്മുടെ ഹിതത്തിനും ആശയങ്ങൾക്കും തൃപ്തിപ്പെടുന്നരീതിയിൽ നമുക്ക് ദൈവത്തിനോടുള്ള വിശ്വാസം പ്രകടിപ്പിക്കാം. അതിൽ നമ്മെ തടയാൻ ആർക്കും കഴിയില്ല.

എന്റെ അഭിപ്രായത്തിൽ ഇന്നത്തെ തലമുറയുടെമേൽ ലൈംഗികസ്വത്വത്തെക്കുറിച്ച് സംസാരിക്കാൻ നാം അനാവശ്യമായി സമ്മർദംചെലുത്തുന്നു. ഇത് സ്വകാര്യമായി കൊണ്ടുനടക്കാൻ ആഗ്രഹിക്കുന്ന ഒരുപറ്റം ജനതയും ഉണ്ടെന്നുള്ളത് നമ്മൾ മറക്കരുത്. സ്വവർഗാനുരാഗത്തെക്കുറിച്ച് പറയാനും ഒരു മാതൃകയാവാനും ആളുകളുണ്ടാവുന്നത് നല്ലതുതന്നെ, അത് മറ്റുള്ളവർക്ക് പ്രചോദനമാവുകയും സമൂഹത്തിലെ മുൻവിധികൾ ഒരുപരിധിവരെ അകറ്റിനിർത്താൻ ഉപകരിക്കുകയും ചെയ്യും. എന്നാൽ അത് ഒരിക്കലും മറ്റുള്ളവരുടെ മേൽ സമ്മർദം ചെലുത്തിയാവരുത് എന്നാണ് എന്റെ അഭിപ്രായം.

**ഇംഗ്ലണ്ടിൽ കുടുംബം എന്ന ആശയം ഒരു അമ്മയും അച്ഛനും അടങ്ങുന്നത് മാത്രമാണ്. എന്നാൽ ഇന്ത്യയിലെ അച്ഛനും അമ്മയും മുത്തശ്ശിയും മുത്തച്ഛനും ഒക്കെ അടങ്ങുന്ന ഒരു വലിയ കുടുംബത്തിന്റെ ആശയം എത്ര മനോഹരമാണ്.**




*അയാം നോബഡീസ് നിഗ്ഗർ* എന്ന പുസ്തകത്തിന്റെ കവർ

■ **താങ്കൾ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാണെന്ന് തിരിച്ചറിഞ്ഞത് എപ്പോഴാണ്?**

എന്റെ അമ്മയുടെയും അച്ഛന്റെയും മിശ്രവിവാഹമായിരുന്നു. ജമൈക്കക്കാരനായ അച്ഛന്റെ സാന്നിധ്യം ഒരുപാട് ആഗ്രഹിച്ചിരുന്നെങ്കിലും എനിക്ക് കിട്ടിയിട്ടില്ല. ഞാൻ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാണ് എന്നുള്ള ബോധം കുട്ടിക്കാലത്തുതന്നെ എനിക്കുണ്ടായി, ഞാൻ കറുത്തവനും അമ്മയുടെ കുടുംബം വെളുത്തവരുമായിരുന്നു. കറുത്തവർഗക്കാരനായിട്ടാണ് ഞാൻ എന്നെ കണക്കാക്കുന്നത്. കൗമാരപ്രായമെത്തിയപ്പോഴേക്കും വേറൊരുതരത്തിൽ വ്യത്യസ്തനാണ് ഞാൻ എന്ന് മനസ്സിലാക്കി. ആൺകുട്ടികൾക്ക് പെൺകുട്ടികളോട് ആകർഷണം ഉണ്ടാവുന്നു എന്ന് സമൂഹം പറയുമ്പോൾ ഒരു ആൺകുട്ടി എന്നനിലയിൽ ഞാൻ അതിൽനിന്ന് മാറിസഞ്ചരിക്കുന്നു എന്ന തോന്നൽ ആദ്യം എന്നെ അലട്ടി. പിന്നീട് എന്നെപ്പോലെ, മിശ്രവംശജരും സ്വവർഗാനുരാഗികളുമായ ആൾക്കാരെ പരിചയപ്പെട്ടതിനുശേഷം മാത്രമാണ് വ്യത്യസ്തനാവുന്നതിൽ ഒരു തെറ്റുമില്ല എന്ന് എനിക്ക് മനസ്സിലായത്. എല്ലാ മനുഷ്യരും ഏതെങ്കിലും രീതിയിൽ വ്യത്യസ്തരാണ്. അതിൽ അപമാനിതരാവേണ്ട കാര്യമില്ല.

ഇന്നത്തെക്കാലത്ത് മാതാപിതാക്കൾ അവരുടെ ലൈംഗികസ്വത്വത്തേക്കാളേറെ ഉത്കണ്ഠപ്പെടുന്നത് അവരുടെ സുരക്ഷിതത്വത്തെക്കുറിച്ചാണ്. സ്വവർഗാനുരാഗിയാണ് എന്നുള്ളതുകൊണ്ട് തന്റെ കുട്ടിക്ക് ഒറ്റപ്പെടലും ഭീഷണികളും സമൂഹത്തിൽനിന്നുണ്ടാവും എന്ന ഭയം അവരെ നിരന്തരം അലട്ടുന്നുണ്ടാവാം. സ്വവർഗാനുരാഗിയാണെങ്കിലും അല്ലെങ്കിലും കുട്ടികളുടെ സുരക്ഷിതത്വമായിരിക്കും മാതാപിതാക്കളുടെ മനസ്സിൽ. സുരക്ഷിതത്വത്തെക്കുറിച്ചുള്ള ബോധം തുടങ്ങുന്നതും വീട്ടിൽനിന്നുതന്നെ ►



ഡീൻ അത്തയും ഐശ്വര്യ താരാ ബായ്‌യും

ഫോട്ടോ: അമർ വിനായക് വി.




ഡീൻ അത്ത

▶യാണ്. വ്യത്യസ്തനാവുന്നതിൽ തെറ്റില്ലെന്നും ഏത് വെല്ലുവിളികൾക്കിടയിലും താങ്ങായി കുടുംബമുണ്ടാവുമെന്നുള്ള ഉറപ്പുകിട്ടിയാൽ മാത്രം മതി എല്ലാം ശരിയാവും. കുട്ടികൾക്ക് അവരുടെ സ്വത്വബോധത്തെ പ്രതിഫലിപ്പിക്കുന്ന കഥകൾ പറഞ്ഞുകൊടുക്കൂ, സാഹിത്യം വായിക്കാൻ പരിശീലിപ്പിക്കൂ. അപ്പോൾ അവർ അവരുടെ വ്യത്യസ്തതയെ ഒരു ശാപമായി കണക്കാക്കില്ല. നിലവിലുള്ള ചട്ടക്കൂടുകളിലേക്ക് നമ്മെത്തന്നെ തിരുകിക്കയറ്റുവാൻവേണ്ടി ശ്രമിക്കുമ്പോഴാണ് നമ്മൾ വിരൂപികളാണെന്നുള്ള തോന്നൽ ഉണ്ടാവുന്നത്. സ്വന്തം സ്വത്വത്തെ അംഗീകരിച്ചാൽ മാത്രമേ സന്തോഷം ഉണ്ടാവുകയുള്ളൂ. അത് മറ്റാർക്കും നമുക്ക് തരാൻ കഴിയില്ല.

**സമൂഹത്തിൽ എന്തെല്ലാം പരിമിതികളാണ് പുരുഷന്മാർക്കുമുണ്ടാവുന്നത്. കരയുന്ന പുരുഷന്മാരെ സമൂഹം അവഹേളിക്കുന്നില്ലേ? പുരുഷമേധാവിത്വംമൂലം പുരുഷന്മാർ അവരുടെ വികാരങ്ങളെ അടിച്ചമർത്താൻ നിർബന്ധിക്കപ്പെടുന്നുണ്ട്.**

■ ***Men are sand castles made out of pebbles***
***and the bucket is patriarchy: if you remove it,***
***we fear we won't be able to hold ourselves***
***together, we pour in cement to fill the gaps***
***to make ourselves concrete constructions***

***ബ്ലാക് ഫ്ലാമിൻഗൊ*യിലെ ഈ വരികൾ വളരെ പ്രശംസ നേടിയിരുന്നല്ലോ. പുരുഷമേധാവിത്വത്തിൽ പുരുഷന്മാരും ബലിയാടുകളാവുന്നു എന്ന അഭിപ്രായമുണ്ടോ?**

തീർച്ചയായും. സമൂഹത്തിൽ എന്തെല്ലാം പരിമിതികളാണ് പുരുഷന്മാർക്കുമുണ്ടാവുന്നത്. കരയുന്ന പുരുഷന്മാരെ സമൂഹം അവഹേളിക്കുന്നില്ലേ? പുരുഷമേധാവിത്വംമൂലം പുരുഷന്മാർ അവരുടെ വികാരങ്ങളെ അടിച്ചമർത്താൻ നിർബന്ധിക്കപ്പെടുന്നുണ്ട്. ലിംഗസമത്വത്തെക്കുറിച്ച് പറയുമ്പോഴും കുടുംബത്തിനുവേണ്ടി പണം സമ്പാദിക്കേണ്ടവൻ ഇന്നും പുരുഷന്മാർതന്നെയാണ്. സ്ത്രീകളെ അടിച്ചമർത്തുമ്പോഴും മറ്റുള്ളവരെ നിയന്ത്രിക്കാൻ ശ്രമിക്കുമ്പോഴും പുരുഷൻ ഒരുപരിധിവരെ അവനെത്തന്നെ ഹനിക്കുന്നു. തന്റെ വികാരങ്ങളെ ക്രോധംകൊണ്ട് മറയ്ക്കുന്ന പുരുഷൻ അവനെത്തന്നെയല്ലേ അടിച്ചമർത്തുന്നത്? സ്ത്രീ പുരുഷ ലിംഗവ്യത്യാസത്തെ വിപരീതങ്ങളായി കാണേണ്ട ആവശ്യങ്ങളുണ്ടോ? അവരുടെ വികാരങ്ങൾ പ്രകടമാക്കാനും കരയാനും പരാജയങ്ങൾ ഏറ്റുവാങ്ങാനും എല്ലാവർക്കും ഒരുപോലെ കഴിയണം. കരുതലില്ലായ്മ (vulnerability) എപ്പോഴും ദൗർബല്യമായി കണക്കാക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

**■ എന്തായിരുന്നു *ബ്ലാക് ഫ്ലാമിൻഗൊ* എഴുതാനുണ്ടായ പ്രചോദനം?**

2015ൽ ഞാൻ അമ്മയോടൊപ്പം എന്റെ മുത്തശ്ശിയുടെ കൂടെ സമയം ചെലവഴിക്കാനായി പോയപ്പോഴാണ് ആ വിചിത്ര

മായ കാഴ്ച കാണാനിടയായത്. ലോകത്തിലെ ഏക ബ്ലാക്ക്ഫ്ലാമിൻഗൊയെയാണ് അന്ന് സൈപ്രസിലെ അക്രൊതിരി പരിസ്ഥിതികേന്ദ്രത്തിലെ തടാകത്തിൽ നിരനിരയായി നിൽക്കുന്ന പിങ്ക്ഫ്ലാമിൻഗൊപക്ഷികളുടെ നടുവിൽ കണ്ടത്. എന്ത് രസകരവും വിസ്മയകരവുമായ കാഴ്ചയായിരുന്നു അത്. അന്ന് ടി.വി.യിൽ ഈ ബ്ലാക്ക്ഫ്ലാമിൻഗൊയുടെ വീഡിയോ നിരന്തരം ന്യൂസിൽ കാണിച്ചുകൊണ്ടിരുന്നു. ഇതിനുമുൻപ് ഇസ്രായേലിൽവെച്ച് ഈ പക്ഷിയെ കണ്ടിരുന്നു. ആ ബ്ലാക്ക്ഫ്ലാമിൻഗൊ എന്റെ ജീവിതംതന്നെ മാറ്റിമറിച്ചു. ബാക്കിയുള്ളവയിൽനിന്ന് വ്യത്യസ്തനെങ്കിലും ആ പക്ഷിക്ക് എന്തൊരു അഴകായിരുന്നു! ലോകം അതിനെത്തന്നെ നോക്കിയിരുന്നു.

പിന്നീട് എന്റെ പോയട്രി പെർഫോമൻസിൽ ഞാൻ പ്രത്യക്ഷനായത് ആ ബ്ലാക്ക്ഫ്ലാമിൻഗൊയുടെ വേഷത്തിലാണ്. *ബ്ലാക്ക്ഫ്ലാമിൻഗൊ* എന്ന പുസ്തകവും വളരെയേറെ ശ്രദ്ധ നേടി.

■ **ബ്ലാക്ക്ഫ്ലാമിൻഗൊയുടെ വേഷം ഇടുന്നതുകൊണ്ടുതന്നെ താങ്കളെ ഒരു 'ഡ്രാഗ് ക്വീൻ' എന്നാണല്ലോ വിശേഷിപ്പിക്കുന്നത്. എന്താണ് 'ഡ്രാഗ് ക്വീൻ?'**

പലപ്പോഴും 'ഡ്രാഗ് ക്വീൻ' എന്ന പേര് സ്വവർഗാനുരാഗികളുമായി ബന്ധപ്പെടുത്താറുണ്ട്. സ്വവർഗാനുരാഗികൾ മാത്രമല്ല, പ്രായഭേദമന്യേ, ലിംഗഭേദമന്യേ ഡ്രാഗ് കോസ്റ്റ്യൂംസ് ഉപയോഗിക്കുന്ന എത്രയോ പേരുണ്ട്. നമ്മൾക്ക് സമൂഹത്തിലേക്കെത്തിക്കാനുള്ള ആശയങ്ങൾക്ക് ഊന്നലെത്താനും അവയെ വികാരതീക്ഷ്ണതയോടുകൂടി, നൂതനരീതിയിൽ എത്തിക്കാനുമുള്ള മാർഗം മാത്രമാണത്.

കുട്ടിയായിരിക്കെ, എനിക്ക് ഒരുപാട് പെൺസുഹൃത്തുക്കളുണ്ടായിരുന്നു. എന്നാൽ ആഗ്രഹമുണ്ടായിരുന്നിട്ടും ഞാൻ ഒരിക്കലും അവരുടെ കൂടെ മേക്കപ് അണിയാനോ ഇഷ്ടമുള്ള വേഷങ്ങൾ ധരിക്കാനോ ശ്രമിച്ചിട്ടില്ല. അദൃശ്യമായ എന്തോ ഒന്ന് അന്ന് എന്നെ പിടിച്ചുനിർത്തി. ഇപ്പോൾ ഒരു ഡ്രാഗ് ക്വീൻ എന്ന നിലയിൽ എനിക്ക് ഇഷ്ടമുള്ള വേഷങ്ങൾ അണിയാം, മേക്കപ് ഇടാം, ഹൈ ഹീൽസിൽ നടക്കാം. ഒരു സ്ത്രീയെന്ന നിലയിലല്ല ഞാൻ ഇതൊക്കെ ചെയ്യുന്നത്. തനിക്ക് ഇഷ്ടമുള്ളത് ചെയ്യുന്ന പുരുഷനായാണ് അത് എന്നെ സംബന്ധിച്ചിടത്തോളം ഒരു ലിബറേറ്റിങ് ആയിട്ടുള്ള അനുഭവമാണ്.

■ ***ബ്ലാക്ക്ഫ്ലാമിൻഗൊയിലെ ഫാദർലെസ് നേഷൻ* അക്ഷരോത്സവത്തിൽ ഒരുപാട് കയ്യടി നേടിയിരുന്നല്ലോ. അത് സ്വന്തം ജീവിതത്തെ ആസ്പദമാക്കിയാണോ എഴുതിയത്?**

അതെ. എന്റെ ജീവിതത്തെ ഒരുപാട് സ്വാധീനിച്ച വിഷയത്തെക്കുറിച്ചാണ് എഴുതിയത്. അച്ഛന്റെ സാന്നിധ്യം ഒരുപാട് ആഗ്രഹിച്ചിരുന്ന എനിക്ക് അത് കിട്ടിയിരുന്നില്ല. കവിത എഴുതിയതിനുശേഷം ഞാൻ അത് അദ്ദേഹത്തിന് അയച്ചുകൊടുത്തിട്ടും വലിയ മാറ്റങ്ങളൊന്നും ഉണ്ടായില്ല. ഞാൻ വിചാരിച്ചരീതിയിലുള്ള പ്രതികരണവും എനിക്ക് കിട്ടിയില്ല. എന്നാൽ എന്നെപ്പോലെ അനുഭവങ്ങൾ ഉണ്ടായിട്ടുള്ള എത്രയോ ആളുകൾ എനിക്ക് കത്തുകളയച്ചു. ഇംഗ്ലണ്ടിൽ കുടുംബം എന്ന ആശയം ഒരു അമ്മയും അച്ഛനും അടങ്ങുന്നത് മാത്രമാണ്. എന്നാൽ ഇന്ത്യയിലേക്ക് നോക്കൂ അച്ഛനും അമ്മയും മുത്തശ്ശിയും മുത്തച്ഛനും അമ്മാവനും അമ്മായിയും ഒക്കെ അടങ്ങുന്ന ഒരു വലിയ കുടുംബത്തിന്റെ ആശയം എത്ര മനോഹരമാണ്. അണുകുടുംബത്തിലെ കുട്ടികൾക്ക് അതെല്ലാം നഷ്ടമാവുന്നു. അത്തരത്തിൽ ഒരു കുടുംബമാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. അവരെല്ലാം ഉണ്ടായിരുന്നിട്ടും ഞാൻ വളർന്നുവന്നത് കൂടുതലായും അമ്മയുടെ സാന്നിധ്യത്തിലാണ്. അന്ന് മുത്തശ്ശിയും അമ്മാവനുമെല്ലാം ഉണ്ടായിരുന്നിട്ടും എനിക്ക് അവരോട് അത്ര ദൃഢമായ ബന്ധമുണ്ടായിരുന്നില്ല. എന്നാൽ എനിക്കിപ്പോൾ തോന്നുന്നത്, നമ്മളെ ആരൊക്കെ വളർത്തുന്നു അവരെല്ലാം നമ്മുടെ കുടുംബാംഗങ്ങളാണ്. ഇന്ന് ഞാൻ ഒരു അമ്മാവനാണ്. എന്റെ പെങ്ങളുടെ മകളുടെ ജീവിതത്തിൽ എനിക്ക് വലിയൊരു സ്ഥാനമുണ്ട്. അവൾക്ക് മാതൃകയാവാൻ കഴിയണം എന്ന് എനിക്ക് നല്ല ആഗ്രഹമുണ്ട്. ■


ഒപ്പം കഴിഞ്ഞകാലം

എൻ. ശ്രീനിവാസൻ




കെ.പി. കേശവമേനോന്റെ സന്തതസഹചാരിയായി ജീവിച്ച കാലത്തെ ഓർമക്കുറിപ്പുകൾ. കേശവമേനോന്റെ ആത്മകഥയിൽ രേഖപ്പെടുത്താതെപോയ ജീവിതമുഹൂർത്തങ്ങൾ ഈ പുസ്തകത്തെ ചൈതന്യവത്താക്കുന്നു;ഒപ്പം ഒരു കാലത്തിന്റെ അടയാളപ്പെടുത്തലും.



കോഴിക്കോട്, പാലക്കാട്, കല്പറ്റ, തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, ആലപ്പുഴ, കാഞ്ഞങ്ങാട്, തൃശ്ശൂർ, കോട്ടയം, മാതൃഭൂമി ബുക്സ്റ്റാളുകളിലും കോട്ടയ്ക്കൽ, കൊല്ലം, മാതൃഭൂമി യൂണിറ്റുകളിലും വടകര,തൊടുപുഴ, പത്തനംതിട്ട ബ്യൂറോകളിലും പുസ്തകം ലഭിക്കും.

buybooks.mathrubhumi.com
*visit for exciting offers*

www.mathrubhumibooks.com

മാതൃഭൂമി ബുക്സ്

കഥ

# തീക്കുടകൾ

വി. ദിലീപ്

കതിരൂർചോഴൻ രയരോത്ത് തറവാട് ക്ഷേത്രമുറ്റത്ത്, കാൽമടമ്പ് നിലത്തൂന്നി, ആകാശം നോക്കി ഒരു തെയ്യം നിവർന്ന രാത്രി. പയറ്റുങ്കക്കര കോരൻതെയ്യമായിരുന്നത്. ആകാശത്ത് നക്ഷത്രങ്ങടം പാടേ വറ്റിയിരുന്നു. ഒരു കൊള്ളിയാൻ രണ്ടായി പിളർന്ന് രണ്ടു ദിക്കിൽ പതിച്ചു. കോരൻെറ മനം തുടിച്ചു. കൂടിനിന്നവരിൽ അതൊരു വായ്ത്താരിയായി:



ചിത്രീകരണം **മദനൻ**

*ചമയങ്ങളെല്ലാം ചമയുന്നേരം*
*വെൺമുരുക്ക് പൂത്തങ്ങുലഞ്ഞപോലെ..*
*വെയിലത്തുകന്നി നിറഞ്ഞ പോലെ*
*തച്ചോളീലോമനക്കുഞ്ഞ്യോതേനൻ....*

അതെങ്ങനെയെന്ന് പിന്നെ വർഷങ്ങൾക്കിപ്പുറം ഇങ്ങ് കൊച്ചിയിലെ തൻെറ ലോഡ്ജ് മുറിയിലിരുന്ന് അശ്വിൻകുമാരൻ എന്ന മുപ്പതുകാരൻ തൻേറതായ രീതിയിൽ ആലോചിച്ചുനോക്കി.

ആ വരവ്!

താളിയും വാകയുമെടുത്ത് കുളങ്ങരെച്ചെന്ന് മുങ്ങിക്കുളിച്ച് തേവാരക്കല്ലേറി നില്ക്കുന്ന ഒതേനൻ. വെള്ളോട്ടുകിണ്ടിയിൽ നീരെടുത്ത്, ചന്ദനമുരസിവടിച്ച്, കളഭവും കസ്തൂരിയുമണിഞ്ഞ് ഓടക്കുഴലിൽ തിരിച്ച പട്ടുടുത്ത് വീരാളിവീത് തലയിൽക്കെട്ടി, കൊത്തിച്ചകത്തി അരയിൽതാഴ്ത്തി, അങ്കത്തിനിറങ്ങുന്ന ഒതേനക്കുറുപ്പ്.

ഇക്കഥ കേട്ടാണ് ഏറിയ രാത്രികളിലും ഉറങ്ങിയിരുന്നത്. ഇക്കഥയിലേക്കായാനാണ് ഏഴുവെളുപ്പിന് ഉണർന്നിരുന്നത്. നെല്ലുകൊണ്ടും പണം കൊണ്ടും കർക്കിടകത്തിൽ കോരൻതെയ്യത്തിൻെറയും അസംഖ്യം തെയ്യങ്ങളുടെയും ഭാണ്ഡം നിറച്ചിരുന്നത് ഇക്കഥകളാണ്. തച്ചോളിഒതേനൻെറ വീരകഥകൾ പാടിയും പങ്കുവെച്ചും മാത്രം മൊകേരിദേശത്തെ മലയന്മാരുടെ കുടുംബം പുലർന്ന ആ കാലത്തെ അശ്വിൻ ഇപ്പോഴും ഓർമകളിലറിയുന്നുണ്ട്.

തെയ്യവേഷമഴിച്ചുവെച്ച രാത്രി പുലരും മുൻപ് പയ്യമ്പള്ളി ചന്തു പയറ്റുങ്കക്കരകോരനായി കൊടുംകൈ കുത്തി കിടന്നിരിക്കും. അടുത്തദിവസം മുതൽ കൈക്കോട്ടും പടന്നയുമായി വിണ്ടുകീറിയ കാൽമടമ്പ് മണ്ണിലമർത്തി, വയലുകൾ തേടി നടക്കും കോരൻ.

ആ നടപ്പ്!

ഓർമകൾ ഏറെയുണ്ട്– കോരൻ വിയർത്ത വയലുകൾ, കോരൻ പുരയിലേക്ക് സാധനങ്ങൾ വാങ്ങാൻ കയറുന്ന പീടിക, കോരൻ കുടിച്ച ഗ്ലാസ്, കോരൻ തൊട്ട പാത്രം, കോരൻ നടന്ന വഴി....

കോരൻെറ മകൻ കുമാരൻ ചെറിയൊരു സർക്കാർജോലിയിലൂടെ കുടുംബംനോക്കിയപ്പോഴും പാതിമെയ്യ് തെയ്യമായിരുന്നു. ലീവെടുത്ത് ക്ഷേത്രപ്പറമ്പുകൾ ചുറ്റുന്ന അയാളെ ദാരിദ്ര്യത്തെയ്യം എന്ന് ഒരിക്കെ അശ്വിൻ നിവൃത്തികെട്ട് വിളിച്ചുപോയി.

എങ്കിലും കുമാരൻ മകനോടു പിണങ്ങിയില്ല.

അന്നു രാത്രിയിലും കുമാരന് വേഷമുണ്ടായി. അന്നയാൾ പയ്യനാട് ചിണ്ടൻനമ്പ്യാരായി തച്ചോളിഒതേനനെ ചതിച്ചുവെട്ടി. ക്ഷീണത്തോടെ പുരയിൽവന്ന് കിടന്നുറങ്ങി. നേരം പുലർന്നിട്ടും കുമാരനുണർന്നില്ല.

ഒരു കയറ്റുകട്ടിലിൽ കോടിക്കിടക്കുന്ന അച്ഛനരികെ അശ്വിൻ വന്നുനിന്നു.

**ഓർമകളുടെ ഒടുക്കം അശ്വിന് ഉള്ളിൻെറയുള്ളിൽ നിന്ന് എക്കിളെടുക്കും. സ്വന്തം നെറ്റിയിൽ കൈപ്പടംവെച്ച് അവൻ ശ്രദ്ധിക്കും: ഉണ്ട്, നെറ്റിയിൽ മറ്റു ഞരമ്പുകളറിയാതെ, പഴുതാര വലുപ്പത്തിൽ ഒരു ചോരഞരമ്പ് തെറ്റിക്കളിക്കുന്നുണ്ട്. അവനതിൽ അമർത്തിത്തൊടും.**

അവൻ അച്ഛൻെറ കാലടികൾ നോക്കി.

ഒരു വായ്ത്താരി അവൻ കേട്ടു:

*ഏറിയ ജനങ്ങൾ മരിച്ചിട്ടുള്ള*
*പടക്കളമാണിത് പൊന്നുമോനേ...*
*ആ ബോധത്തോടെ പുലർന്നോളേണം..*
*കള്ളച്ചുവട് വരുന്നകണ്ടാൽ*
*പൂഴിക്കടവെന്നറിഞ്ഞോളേണം....*
*നോക്കിനല്ലോണം തടുത്തോളേണം...*

ഓർമകളുടെ ഒടുക്കം അശ്വിന് ഉള്ളിൻെറയുള്ളിൽനിന്ന് എക്കിളെടുക്കും. സ്വന്തം നെറ്റിയിൽ കൈപ്പടംവെച്ച് അവൻ ശ്രദ്ധിക്കും; ഉണ്ട്, നെറ്റിയിൽ മറ്റു ഞരമ്പുകളറിയാതെ, പഴുതാരവലുപ്പത്തിൽ ഒരു ചോരഞരമ്പ് തെറ്റിക്കളിക്കുന്നുണ്ട്. അവനതിൽ അമർത്തിത്തൊടും. ചോര കല്ലിച്ച ഓർമകളുടെ അടിഞരമ്പിൽ വല്ലപ്പോഴും ഇവ്വിധം തൊടുന്നത് നല്ലതാണ്. ഏറെ നല്ലതാണ്.

പിന്നെ ലോഡ്ജിൻെറ ബാൽക്കണിയിൽ നിന്ന് ഒരു സിഗരറ്റിന് കൊളുത്തി നഗരത്തെ നോക്കും.

എത്ര ജാതി മനുഷ്യരാണ് തെരുവിലൂടെ ഒഴുകുന്നത്. മനുഷ്യർ മാത്രമല്ല. അവരെ വഹിച്ച വാഹനങ്ങൾ, അവരെ തൊട്ട് തഞ്ചത്തിൽ ഓബിവാനുകൾ, അവയെ വെട്ടിച്ച് ആംബുലൻസുകൾ, വളഞ്ഞുംപുളഞ്ഞുമൊഴുകുന്ന ശാഖാറോഡുകൾ, അവകളിലേക്ക് മനുഷ്യരുടെ ദിശമാറ്റി വിടുന്ന ട്രാഫിക്പൊലീസുകാർ... റോഡോരങ്ങളിൽ അങ്ങിങ്ങായി അന്തിച്ചുനിന്ന് ഭൂതകാലം ചവയ്ക്കുന്ന കറവതീർന്ന പശുക്കൾ...

അഞ്ചുവർഷം മുൻപാണ് അശ്വിൻ ഈ നഗരത്തിലെത്തുന്നത്.

പോളിടെക്നിക്കിൽനിന്നുമുള്ള ഒരു സർട്ടിഫിക്കറ്റും പിന്നെ...

പിന്നെ ഒന്നുമില്ല.

തീവ്രമായി വായിച്ച് കഴിഞ്ഞപ്പോൾ അതിലും തീവ്രതയോടെ എഴുതാനാശിച്ചു. അതു ശരിയാകാതെ വന്നപ്പോൾ എഴുത്തുമായി അടുത്ത ഒരു ജോലി ചെയ്യാനായി മോഹം.

അതിനായി അലഞ്ഞു.

ഒരു പുസ്തകശാലയുടെ ഉടമയും കുറച്ചൊക്കെ അറിയപ്പെടുന്ന പ്രസാധകനുമായ ആൾ അവിടുത്തെ പുസ്തകങ്ങളെ നോക്കുന്ന ജോലി അശ്വിനെ ഏല്പിക്കാമെന്ന് ഒരുദിവസം തീരുമാനിച്ചു.

അയാൾ ഒരു സഹൃദയനായിരുന്നു.

പേര് ബേൽസെബൂൽ.

ബേൽ എന്നാണ് സ്വയം പരിചയപ്പെടുത്തുക. മറ്റുള്ളവർ തന്നെ അങ്ങനെ വിളിച്ചു കേൾക്കാനാണ് അയാളിഷ്ടപ്പെട്ടത്.

വിചിത്രമായ സ്വഭാവരീതികളുള്ള ഒരു പുസ്തകവില്പനക്കാരനാണ് ബേൽ.

തൻെറ പീടികയിലെ പുസ്തകങ്ങളെ ഇടയ്ക്കിടെ എടുത്ത് മണത്തുനോക്കുകയും നക്കിനോക്കുകയുമൊക്കെ ചെയ്യുന്ന ആൾ.

ഇടയ്ക്ക് പുസ്തകങ്ങളുടെ പിൻകവറുകളിലെ ▶

▶എഴുത്തുകാരൻെറ ഫോട്ടോ നോക്കി ചുരുട്ട് വലിച്ച് ആത്മഭാഷണങ്ങൾ നടത്തും.

എന്തിനായിത്ര ഗൗരവത്തിൽ? പിൻകവറിലെ ഈ ഗൗരവം ഉള്ളിലെ എഴുത്തിലുണ്ടായിരുന്നെങ്കിൽ...

ഇത്രയ്ക്ക് പൊട്ടിച്ചിരിക്കാൻ മാത്രം ക്യാമറാമാൻെറ മുഖത്ത് എന്ത് കോമഡിയാണ് ഉണ്ടായിരുന്നേ എഴുത്താരാ...

ഇങ്ങനൊക്കെ പറയുമെങ്കിലും എല്ലാ എഴുത്തുകാരുമായും ഊഷ്മളമായ സൗഹൃദം ബേലിനുണ്ടായിരുന്നു. തൻെറ എഴുത്തുകാർക്ക് മറ്റേത് പ്രസാധകൻ നല്കുന്നതിനെക്കാളും സത്യസന്ധമായി പ്രതിഫലം കൊടുക്കാൻ എപ്പോഴുമയാൾ പ്രത്യേകം ശ്രദ്ധിച്ചു.

അത് മാത്രമല്ല, നഗരത്തിലെത്തുന്ന എഴുത്തുകാരെ വീട്ടിൽ വിളിച്ച് സത്കരിക്കുക, അവരുമായി ദൂരയാത്രകൾ പോവുക... ഇതൊക്കെ ബേലിൻെറ രീതികളാണ്.

എഴുത്തുകാർക്കും ബേൽ പ്രിയപ്പെട്ടവനായി.

ബേൽ പകർന്നുനല്കിയ മദ്യം രുചിച്ച്, ബേലിനെപ്പറ്റി നിമിഷനേരംകൊണ്ട് കവിതയെഴുതി ഉറക്കെ ചൊല്ലിക്കൊണ്ട് ഒരു കവി ആടിയാടി നടന്നുപോകുമ്പോഴാണ് അശ്വിൻ ആ പുസ്തകശാലയിലേക്ക് ആദ്യമായി കയറിച്ചെല്ലുന്നത്.

കവിയെ അശ്വിൻ ഒന്നുകൂടി തിരിഞ്ഞുനോക്കി.

കൗമാരകാല വായനയിൽ തൻെറ ഓരോ രോമകൂപത്തിലും ആസിഡ് ഒഴിച്ച വരികളെഴുതിയ എഴുത്തിലെ വിപ്ലവകാരി!

അത് ശ്രദ്ധിച്ചെന്നപോലെ ബേൽ കണ്ണിറുക്കി, കുലുങ്ങിച്ചിരിച്ചുകൊണ്ട് അശ്വിനെ അകത്തേക്ക് വിളിച്ചു.

**ഒരർഥത്തിൽ ബേൽ നിരന്തരമായി ആവശ്യപ്പെട്ടതുകൊണ്ടുകൂടിയാണ് അശ്വിൻ എഴുത്താരംഭിച്ചത്. മാത്രമല്ല, അശ്വിന് എഴുതാനാവശ്യമായ എല്ലാ സാഹചര്യങ്ങളും ബേൽ ഒരുക്കി.**

ലഭിച്ച ജോലി അശ്വിൻ ഒരർഥത്തിൽ ഹൃദയത്തിലേക്കാണ് സ്വീകരിച്ചത്. ആശിച്ചതുപോലെ പുസ്തകങ്ങൾക്കിടയിൽ ഒരു ജോലി. ഇടതും വലതും പുസ്തകങ്ങൾ. കയ്യെത്തുന്നിടത്തും മനസ്സെത്തുന്നിടത്തും നിരന്നുനിരന്നങ്ങനെ. അട്ടിയായി നിന്ന് അവ നിർമിച്ചുനല്കുന്ന അനുഭവപ്രപഞ്ചം. അതിന്മേൽ തനിക്ക് തൊട്ടുകൂടാത്തതായി ഒന്നുമില്ല. തനിക്കന്യമായ വിചാരങ്ങളോ ജീവിതക്രമമോ ഇല്ല. എഴുതപ്പെട്ട പുസ്തകങ്ങളോളം ഔന്നത്യമുള്ള ഏത് ജന്മമുണ്ട് ഈ പ്രപഞ്ചത്തിൽ ഉയിർകൊണ്ട് പുലരുന്നതായി?

അവയില്ലായിരുന്നെങ്കിൽ എന്നേ അസ്തമിക്കേണ്ടവനായിരുന്നു താൻ.

ഏറെ നിരാശനായി, ഏറെ അപമാനിതനായി ഒറ്റയ്ക്കിരുന്ന നേരങ്ങളിലത്രയും പുസ്തകങ്ങൾതന്നെ അണച്ചുപിടിച്ചു. ചില നേരങ്ങളിൽ മുലപ്പാലോളം പോഷണങ്ങൾ തന്ന് തന്നെ ഊട്ടി.

ജോലി കഴിഞ്ഞെത്തുന്ന വൈകുന്നേരങ്ങളിൽ തൻെറ ലോഡ്ജ്മുറിയിലെ കട്ടിലിൽ ചുമര് ചാരിയിരുന്ന് അശ്വിൻ പുസ്തകങ്ങൾ വായിച്ചു.

മുറിയിലെ ചുമരിൽ തനിക്കുമുന്നേ താമസിച്ചുപോയ ഏതോ ഒരാൾ കുറിച്ച വരികൾ മങ്ങലോടെ കാണപ്പെട്ടിരുന്നു. ഏറെ ശ്രമിച്ചിട്ടും അശ്വിനത് വായിക്കാനായിട്ടില്ല. മീതേ പലകുറി വെള്ളപൂശിയതിനാൽ വെറും സാന്നിധ്യമായി മാത്രം അവിടെ നിലകൊള്ളുന്ന ആ അക്ഷരങ്ങളിൽ എന്താകും അടങ്ങിയിരിക്കുക? ഉദ്വേഗത്തോടെ അശ്വിൻ ചിന്തിച്ചിട്ടുണ്ട്.

പുസ്തകവായനയ്ക്കിടെ എപ്പോഴെങ്കിലും കണ്ണുകൾ അതിന്മേലുടക്കിയാൽ പുസ്തകം മാറ്റിവെച്ചു വന്ന് ശ്രമം നടത്തുകയായി. പരാജ





യപ്പെടുകയേയുള്ളൂ എന്നറിഞ്ഞുകൊണ്ടു തന്നെ വിചിത്രമായ ഭ്രാന്തുപോലെ ഒരു ശ്രമം. എല്ലാകുറിയും അശ്വിൻ പരാജയപ്പെടും. അപ്പോഴൊക്കെയും അവനോർക്കും:

എന്താണിവയുടെ ധർമം?

കണ്മുന്നിൽ അക്ഷരങ്ങൾ. കണ്ണുകൊണ്ട് തൊടാവുന്നത്ര അടുത്ത് അക്ഷരങ്ങൾ!

പക്ഷേ, ആർക്കും വായിക്കാനാകില്ല.

തിന്നുവാൻകൊള്ളാത്ത ഭക്ഷണംപോലെ.

ഇതേ മുറിയിൽ തന്നെപ്പോലെ പുലരുവോളം ഉറങ്ങാതിരുന്ന ഒരാളാകുമോ ഇതെഴുതിയത്. എന്തായാലുമയാൾ തികച്ചും നിർഭാഗ്യവാനായ ഒരെഴുത്തുകാരനാണ്.

ഇതുപോലെ എത്രയെത്ര എഴുത്തുകൾക്കുമേൽ കാലം വെള്ളപൂശിയിരിക്കാം.

''ഇത്രയൊക്കെയും ചിന്തിച്ച് തല പുണ്ണാക്കാൻമാത്രം ഒന്നുമില്ല ഇതിലൊന്നും. വായിക്കുക. വായിച്ചതിലെ അനുഭവം ആവശ്യമെങ്കിൽ ഉൾക്കൊള്ളുക. അല്ലാതെ അത് മനസ്സിലേറ്റി നടന്ന് ജീവിതത്തെ കാല്പനികമാക്കി ബോറാക്കരുത്. സാഹിത്യത്തെക്കാൾ മഹത്തരമാണ് ഈ ലോകത്ത് ജീവിക്കാൻ ലഭിച്ച നിമിഷങ്ങൾ...''

അശ്വിനെ ബേൽ ചിലപ്പോഴൊക്കെ ഉപദേശിച്ചു. അവർ തമ്മിൽ ചിലനേരം ഇത്തരം സംവാദങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം തത്ത്വചിന്തകൾ അവതരിപ്പിക്കുമ്പോൾ ബേലിന്റെ മുഖത്ത് നാണം വിടരും.

''ഈ പുസ്തകങ്ങളല്ലേ എനിക്കും നിങ്ങൾക്കും അന്നം തരുന്നത്?''

അശ്വിൻ അല്പം പരിഭവത്തിൽ ചോദിച്ചപ്പോൾ ബേൽ അവന്റെ കണ്ണുകളിൽ നോക്കി ചുരുട്ടിൽനിന്ന് ഒരു പുകയെടുത്തു.

''എന്തായി നോവൽ?''

**ഒരു കാര്യം അശ്വിനുറപ്പിച്ചിരുന്നു. ഈ ജന്മത്ത് ഒരു നോവൽ മാത്രമേ എഴുതൂ. അത് ഹൃദയം പിഴിഞ്ഞ് എഴുതും. അതിന് അനുകരണങ്ങളോ ഉപശാഖകളോ ആയി മറ്റെഴുത്തുകൾ ഉണ്ടാവില്ല.**

ബേൽ ചോദിച്ചു.

അശ്വിൻ എഴുതിക്കൊണ്ടിരിക്കുന്ന നോവലിനെക്കുറിച്ചാണ്. അങ്ങനെയൊരു സംഗതി അശ്വിൻ ചെയ്യുന്നുണ്ട് എന്നത് ഈ ലോകത്ത് അവനെ കൂടാതെ അറിയുന്ന ഒരേയൊരാൾ ബേലാണ്.

ഒരർഥത്തിൽ ബേൽ നിരന്തരമായി ആവശ്യപ്പെട്ടതുകൊണ്ടുകൂടിയാണ് അശ്വിൻ എഴുത്താരംഭിച്ചത്. മാത്രമല്ല, അശ്വിന് എഴുതാനാവശ്യമായ എല്ലാ സാഹചര്യങ്ങളും ബേൽ ഒരുക്കി. പുതിയ ഒരെഴുത്തുകാരന് പ്രതീക്ഷിക്കാനാവാത്ത ഒരു തുക മുൻകൂറായി നല്കി അശ്വിനെ അമ്പരപ്പിക്കുകയുംചെയ്തു ബേൽ.

തനിക്ക് നന്നായി എഴുതാൻകഴിയുമെന്ന് അതുവരെയും അശ്വിൻ വിശ്വസിച്ചിരുന്നില്ല. പക്ഷേ, കാര്യങ്ങൾ ഇത്രയുമായപ്പോൾ അവൻ ചിന്തിച്ചു; തന്റെ അനുഭവങ്ങൾ... പീഡകളറിഞ്ഞ് പിന്നിട്ട ഭൂതകാലം നെഞ്ചിൽ നിറച്ചുതന്ന അനുഭവങ്ങൾ തന്നെ താൻപോലുമറിയാതെ നയിക്കുന്നത് എഴുത്തിലേക്കല്ലേ?

ഹൃദയത്തിൽ മുറിപ്പാടുകളായും പിന്നീട് പൊറ്റയായും അനുഭവങ്ങൾ പറിച്ചുകളയപ്പെടാതെ എന്നും തന്നോടൊപ്പമുണ്ട്.

ആത്മാവിന്റെ അടിത്തട്ടിൽനിന്ന് അവയെ പകർത്തുന്നതാണ് എഴുത്തെങ്കിൽ എന്തുകൊണ്ട് എഴുതിക്കൂടാ?

എഴുതാം.

പക്ഷേ–

ഒരു കാര്യം അശ്വിനുറപ്പിച്ചിരുന്നു.

ഈ ജന്മത്ത് ഒരു നോവൽ മാത്രമേ എഴുതൂ. അത് ഹൃദയം പിഴിഞ്ഞ് എഴുതും. അതിന് അനുകരണങ്ങളോ ഉപശാഖകളോ ആയി മറ്റെഴുത്തുകൾ ഉണ്ടാവില്ല.

അശ്വിൻകുമാരൻ എന്നയാൾ അവിടെ തു ▶



ടങ്ങി, അവിടെത്തന്നെ അവസാനിക്കും.

ഏതെഴുത്തുകാരനും ജീവിതത്തിൽ ഒരേയൊരു നോവലേ സത്യത്തിൽ എഴുതുന്നുള്ളൂവെന്നതാണ് എക്കാലവും അശ്വിന്റെ വിശ്വാസം. അതിനുശേഷമുള്ള എഴുത്തുകളത്രയും എഴുത്തുകാരനായി നിലനില്ക്കാനുള്ള വ്യായാമങ്ങളോ ക്രീഡകളോ മാത്രം.

ബേലും അങ്ങനെതന്നെ പറഞ്ഞു.

''ഒരെണ്ണമെഴുതുക. ജീവിതത്തിലേക്ക് വേരോട്ടമുള്ള ഒരെണ്ണം. എന്നിട്ട് നിശ്ശബ്ദനായിരിക്കാൻ തീർച്ചയായും ഒരെഴുത്തുകാരന് അവകാശമുണ്ട്.''

ബേൽ അങ്ങനെ പറയാൻ മറ്റൊരു കാരണവുമുണ്ടെന്ന് അശ്വിനറിയാം. ബേലിനെ പ്രസാധനരംഗത്തേക്ക് കൊണ്ടുവന്ന, പ്രസാധനരംഗത്ത് ഏറെ വർഷങ്ങളായി അപ്രമാദിത്വം ആർക്കും വിട്ടുകൊടുക്കാതെ തുടരുന്ന ജെറമിയാദിനെ മറികടക്കുകയെന്ന ആഗ്രഹം. നാഴികക്കല്ലാകുന്ന ഒരു കൃതിയുടെ പ്രസാധനത്തിലൂടെ അത് സാധിച്ചെടുക്കണം.

പക്ഷേ, ജെറമിയാദിനെ തോല്പിക്കുകയെന്നത് അത്ര നിസ്സാരമല്ലെന്ന് അശ്വിനറിയാം. സാഹിത്യലോകത്ത് പ്രവർത്തിക്കുന്ന ഒരാൾ ജെറമിയാദ് എന്ന പേര് ഇന്നേവരെ ഒരു മുഴക്കത്തോടെയേ കേട്ടിട്ടുള്ളൂ. അത്രമേൽ വേരോടിയ പ്രസ്ഥാനമാണ് അദ്ദേഹത്തിന്റേത്.

''നമ്മുടെ എഴുത്തുകാർക്ക് തീക്ഷ്ണമായ അനുഭവങ്ങളില്ലാതായ കാലമാണിത്. അനുഭവങ്ങൾ മാത്രമല്ല പരന്ന വായനയും മൂല്യബോധവും പലർക്കുമില്ല. ഇവയുള്ളവർക്കാകട്ടെ പ്രതിഭയുണ്ടാകില്ല. അശ്വിൻകുമാറന് ഈ പറഞ്ഞതെല്ലാമുണ്ട്. ഒരുകാര്യം പറയട്ടെ, നിങ്ങളുടെ പുസ്തകം വിപണിയിലെത്തുമ്പോളെഴുതേണ്ട പരസ്യവാചകംപോലും എന്റെ മനസ്സിലുണ്ട്...''

ബേൽ അസാധാരണമായി പൊട്ടിച്ചിരിച്ചു.

എഴുത്ത് തുടങ്ങണമെന്ന് തീവ്രമായി ആഗ്രഹിച്ച ദിവസം രാത്രി അശ്വിനോർമയുണ്ട്. മഴ അലറിപ്പെയ്തിരുന്നു. ജാലകത്തിലൂടെ വലംകൈ നീട്ടി ഒരു കുമ്പിളോളം ജലം അവൻ പിടിച്ചെടുത്ത് കണ്ണിൽ ചേർത്തു. അവന്റെ ഇടംകൈയിൽ ജയമോഹന്റെ നൂറ് സിംഹാസനങ്ങൾ വിറകൊണ്ടു.

അശ്വിന്റെ മനസ്സിൽ ക്ഷണപ്രഭം വളരുന്ന നഗരങ്ങളുടെയും അവയ്ക്കൊപ്പം വളരുന്ന ചവറുകൂനകളുടെയും ചിത്രം തെളിഞ്ഞു.

ഈ ലോകത്തിലെ ചവറും അഴുക്കും തിന്നാൻ മാത്രം ജന്മംകൊണ്ട നായാടികളുടെ ചിത്രവും.

പിന്നെയും പിന്നെയും ചവിട്ടിയരച്ചുവാരി പ്പുറത്തിടുന്ന ചവറുകൾപോലെ ചില മനുഷ്യർ ഈ മണ്ണിൽ.

വെള്ളതേച്ച ചരിത്രത്തിൽനിന്ന് എന്നേക്കും പുറത്താക്കപ്പെട്ട അവരുടെ ജീവിതമാണ് തന്റെ ഇടംകയ്യിൽ. ഹൃദയം വിയർത്താണ് അതിന്റെ ആദ്യവായന പൂർത്തിയാക്കിയത്. അവസാന പേജും വായിച്ച് ഇതാ ഇപ്പോഴത് അടച്ചുവെച്ചപ്പോൾ അലയടിച്ചിരമ്പുന്ന കടൽ താല്ക്കാലികമായി ആവേഗങ്ങളടക്കിയതുപോലെ. അടുത്തുതന്നെ ഒരിക്കൽ കൂടി ആ പുസ്തകം തുറക്കാൻ തനിക്ക് ശക്തിയില്ല.

അശ്വിൻ കണ്ണുകളടച്ച് ശ്വാസമെടുത്തു.



അന്നേരം ഭൂതാവിഷ്ടമായ ചില ഓർമകളും കഥാപാത്രങ്ങളുടെ രൂപമണിഞ്ഞ് മനസ്സിൻെറ മൺപാടരുകൾ ഭേദിച്ചെന്നപോലെ അവനിലേക്കെത്തി. ചവിട്ടിക്കുഴച്ച മണ്ണ് വെയിലിൽ ഉണങ്ങി പിന്നെയും വിണ്ടുകീറുന്നതുപോലെ തൻെറ ഹൃദയം കഴച്ചുപൊട്ടുന്നത് അവനറിഞ്ഞു. ഓർമകളിൽ വീണ്ടും തൻെറ പൂർവപിതാക്കൾ വിയർത്ത തെയ്യപ്പറമ്പുകൾ. ഇഹലോകദുഃഖങ്ങളാൽ ഹതാശരായ തെയ്യങ്ങൾ ഗതികിട്ടാതെ പമ്പരം കറങ്ങുന്ന ക്ഷേത്രമുറ്റങ്ങൾ...

...അവിടേക്ക് ഇപ്പോൾ ഏകാകിയായി താൻ...

മുപ്പത്തിരണ്ട് വയസ്സിനിടെ അറുപത്തിനാല് പട ജയിക്കാൻ കോമപ്പക്കുറുപ്പിന് കഴിഞ്ഞ വിശേഷമായ ആ കടത്തനാടൻ അടവ് പഠിച്ചെടുക്കാനെത്തുന്ന തൻെറ ശിഷ്യനായ തച്ചോളി ഒതേനനോട് ഗുരുവിൻെറതായ നീതിബോധത്തോടെ പയ്യമ്പള്ളി ചന്തു പറഞ്ഞു:

''കൊലച്ചതിയാണ് പൂഴിക്കടകൻ. കാൽപ്പാദംകൊണ്ട് മണ്ണ് വാരി എതിരാളിയുടെ കണ്ണിലടിക്കുന്ന അനീതിയാണ്. ഏത് യോദ്ധാവും സ്വന്തം ജീവരക്ഷയ്ക്കല്ലാതെ മറ്റൊരാളെ അപായപ്പെടുത്താൻ ഇതുപയോഗിച്ചുകൂടാ...''

പക്ഷേ, ചന്തുവിൽനിന്ന് പൂഴിക്കടകൻ വശത്താക്കിയ തച്ചോളി ഒതേനൻ വാക്കുപാലിച്ചില്ല. പയ്യനാട് ചിണ്ടൻനമ്പ്യാർ, പുന്നോറക്കേളപ്പൻ, പരുമലനമ്പിക്കുറുപ്പ്, മതിലൂർഗുരുക്കൾ തുടങ്ങിയ യോദ്ധാക്കളെ പൂഴിക്കടകനിലൂടെ വാഴത്തട വെട്ടുംപോലെ വെട്ടിവീഴ്ത്തി ഒതേനൻ അഭ്യാസികളുടെ അഭ്യാസിയായി.

തച്ചോളി ഒതേനൻ ചതിയിൽ വെടിയേറ്റ് മരിച്ചുവീണ പൊന്ന്യം ഏഴരക്കണ്ടത്തിൽവെച്ച് കോരൻതെയ്യവും കുമാരൻതെയ്യവും പാറിപ്പറന്ന് ആ കഥ പറഞ്ഞു. കാഴ്ചക്കാർക്കിടയിൽനിന്ന് കുട്ടിയായ അശ്വിൻ ആ കഥകൾ കേട്ടു. രാത്രിയിൽ നാടൻ വാറ്റ് കുടിച്ച് ക്ഷീണമകറ്റി, പൊന്ന്യം അരയാലിന് ചുവട്ടിൽ തെയ്യങ്ങൾ നേരം വെളുക്കുംവരെ മയങ്ങിക്കിടന്നു.

രാത്രികളിൽനിന്ന് രാത്രികളിലേക്കുള്ള തുടർച്ച ഇഴമുറിയാതെ അശ്വിൻ ഓർത്തെടുത്തു. ദൈവക്കരുവായും നിസ്സഹായനായ മനുഷ്യനായും തെയ്യങ്ങളുറഞ്ഞ ജീവിതപ്പറമ്പുകളെ അശ്വിൻ കടലാസിലേക്ക് അക്ഷരങ്ങളായി വിവർത്തനംചെയ്തു. അതിനായി ഉറക്കമിളച്ച ദിനരാത്രങ്ങളിൽ പകുതി ഭ്രാന്തിലും പകുതി സംയമനത്തിലുമായി അവൻ സ്വയം കുരുതികൊടുത്തു.

ഒരു രാത്രിയിൽ നോവലിൻെറ അവസാന അധ്യായത്തിലെ അവസാന വരിയുമെഴുതി കടലാസിൽ മുഖം പൂഴ്ത്തി ജീവശ്വാസം തിരിച്ചുപിടിക്കാനെന്നോണം അവൻ ദീർഘമായി അണച്ചു.

തൻെറ നോവൽ.

**"കൊലച്ചതിയാണ് പൂഴിക്കടകൻ. കാൽപ്പാദംകൊണ്ട് മണ്ണ് വാരി എതിരാളിയുടെ കണ്ണിലടിക്കുന്ന അനീതിയാണ്. ഏത് യോദ്ധാവും സ്വന്തം ജീവരക്ഷയ്ക്കല്ലാതെ മറ്റൊരാളെ അപായപ്പെടുത്താൻ ഇതുപയോഗിച്ചുകൂടാ..."**

**വി. ദിലീപിൻെറ ശബ്ദത്തിൽ ഈ കഥ കേൾക്കാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യൂ**



താനത് സാധിച്ചിരിക്കുന്നു.

ആ നിമിഷം എത്രതവണ തെയ്യവേഷം കെട്ടിയാലും പട്ടിണി മാത്രം മിച്ചം ലഭിക്കുന്ന വിഡ്ഢികളായ, തൻെറ പൂർവതലമുറയുടെ സ്മരണ അശ്വിനിലുണ്ടായി. ആർക്കൊക്കെയോ വേണ്ടി അങ്കംവെട്ടി മരിക്കുന്ന ചേകവന്മാർ... പുറകേ അവരുടെ കഥ പറഞ്ഞ് ആരെയൊക്കെയോ രസിപ്പിക്കാൻ കുറേ തെയ്യങ്ങളും... കലയിൽ ജയിക്കുകയും ജീവിതത്തിൽ തോല്ക്കുകയും ചെയ്യവർ. തലമുറകളിൽനിന്ന് തലമുറകളിലേക്ക് ആ വിധികൂടി വിനിമയംചെയ്യപ്പെടുകയെന്നതാകുമോ നിയോഗം?

വല്ലാത്തൊരു ഭീതി അശ്വിനിൽ നിറഞ്ഞു.

പൂഴിക്കടകൻ എന്ന സവിശേഷമായ ആ അടവിൻെറ സ്മരണ അന്നേരം അവനിലുണ്ടായി. അല്പമാത്രയോളം അതവിടെ നിലകൊണ്ടു.

ആ നിമിഷം അശ്വിൻെറ ഫോൺ ശബ്ദിച്ചു.

മറുതലയ്ക്കൽനിന്ന് അശ്വിന് അത്ര പരിചയമില്ലാത്ത സ്വരത്തിൽ:

''ഞാൻ... ജെറമിയാദ്. പേര് പറഞ്ഞാൽ അറിയുമെന്ന് കരുതുന്നു. അശ്വിൻകുമാരൻ സവിശേഷമായ ഒരു നോവലെഴുതുന്ന കാര്യം എനിക്കറിയാം. നിങ്ങളെ എനിക്ക് ഉടനെ നേരിൽ കാണണം. നമുക്ക് സംസാരിക്കണം...''

ഒരുനിമിഷം അശ്വിൻ നിശ്ശബ്ദനായി.

''എന്താ, കണ്ടുകൂടെ?''

ജെറമിയാദ് അല്പമാകാംക്ഷയോടെ ചോദിച്ചു. വേണമെങ്കിൽ ആലോചിച്ച് മറുപടി പറയാനുള്ള സമയമെടുത്തുകൊള്ളൂവെന്നുകൂടി ജെറമിയാദ് പറയാനൊരുങ്ങുകയായിരുന്നു. അതിനുമുമ്പേ ഉറുമി ചുഴറ്റിവീശുന്ന വേഗത്തിൽ അശ്വിൻ പറഞ്ഞു: ''കാണാം'' ■

# വിയോഗങ്ങൾ

നമ്മുടെ ലോകത്തെ കൂടുതൽ തെളിച്ചമുള്ളതാക്കിയ രണ്ടു വിളക്കുകൾ അണഞ്ഞുപോയിരിക്കുന്നു. അറുപതുകളുടെ ഒടുവിലും എഴുപതുകളിലും മലയാളകഥയിലെ വലിയ സാന്നിധ്യങ്ങളിലൊന്നായിരുന്ന ഇ. ഹരികുമാറും ഇന്ത്യൻ ചിത്രകലാഭാവുകത്വത്തിന്റെ ചരിത്രത്തെ രണ്ടായി പിളർത്ത റാഡിക്കൽ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന പ്രഭാകരനും. മഹാകവി ഇടശ്ശേരിയുടെ മകനാണ് ഇ. ഹരികുമാർ. ചലച്ചിത്രകാരനും യാത്രികനുമായ ചിന്ത രവിയുടെ സഹോദരനാണ് പ്രഭാകരൻ.

കഥ പറഞ്ഞും ചിത്രമെഴുതിയും ജീവിതത്തെ പ്രകാശിപ്പിച്ച രണ്ടു പ്രതിഭാശാലികൾക്ക് ആഴ്ചപ്പതിപ്പിന്റെ വിട.



ഇ. ഹരികുമാർ



ഫോട്ടോ മധുരാജ്

കെ. പ്രഭാകരൻ



കഥ



## ഹരികുമാർ

**1971 ഫെബ്രുവരി 28–ലെ *മാതൃഭൂമി ആഴ്ചപ്പതിപ്പിൽ* ഇ. ഹരികുമാറിൻെറ കഥ. വായന സുഗമമാക്കുന്നതിന് പുതിയ ഫോണ്ടിൽ പുനഃപ്രസിദ്ധീകരിക്കുന്നു.**

അവർ വേനലിൽ മരത്തിന് ചുവട്ടിൽ മണ്ണിൽ നീണ്ട ചാലുകൾ കീറി താമസമാക്കിയപ്പോൾ മരത്തിന്ന് യുവത്വത്തിൻെറ അഴകുണ്ടായിരുന്നു. ധാരാളം ഇലകളും തണലുമുണ്ടായിരുന്നു. നമുക്കിവിടെ ജീവാവസാനംവരെ താമസിക്കാം. അവൾ പറഞ്ഞു. അയാൾ ഒന്നും പറയാതെ അവളെ ആലിംഗനം ചെയ്തുകിടന്നു.

അതു വേനലായിരുന്നു. മരത്തിൽ യുവത്വത്തിൻെറ ഇലകളും തണലുമുണ്ടായിരുന്നു. 'ജീവാവസാനംവരെ,' അവൾ പറഞ്ഞു. അതയാളെ വീണ്ടും വീണ്ടും പുളകം കൊള്ളിച്ചു. അവളുടെ കൺപീലികൾ ഇടതൂർന്നതും കറുത്തതുമായിരുന്നു. നേർത്ത് ഓമനത്തം തോന്നിക്കുന്ന ചുണ്ടുകൾ തൻെറ എത്ര സമീപത്താണ്. നിശ്വാസം ഊഷ്മളവും സുഗന്ധമുള്ളതുമായിരുന്നു.

നിൻെറ നിശ്വാസത്തിന്ന് വാകപ്പൂക്കളുടെ മണമാണ്. അയാൾ പറഞ്ഞു. അവൾ ചിരിച്ചു. കുട്ടിക്കാലം. രാവിലെ എഴുന്നേറ്റാൽ മുറ്റത്തുകാണുന്ന നേരിയ വാകപ്പൂക്കൾ. പൂക്കളുടെ സൗരഭ്യം വളരെ നേർത്തതായിരുന്നു. അവ നനഞ്ഞ മണ്ണിൽ ചിതറിക്കിടന്നു. പൂക്കൾക്കിടയിൽ മണ്ണിൽ ഞാഞ്ഞൂലുകൾ പുറ്റുണ്ടാക്കി. അവ ഉതിർക്കുമ്പോൾ തണുത്ത കാറ്റു വീശും.

അതു വേനലായിരുന്നു. ഹിമവർഷം കഴിഞ്ഞപ്പോൾത്തന്നെ മരം വീണ്ടും തളിർത്തു. പൂവിട്ടു. ഇളംകാറ്റിൽ പൂക്കൾ വിറകൊണ്ടു. ഇപ്പോഴാകട്ടെ അവ അവരുടെ മേൽ പൊഴിഞ്ഞുകൊണ്ടിരുന്നു. അവർ ആലിംഗനബദ്ധരായിരുന്നു. അവളുടെ നിശ്വാസത്തിൽ വാകപ്പൂക്കൾ ഉതിർന്നു. നനഞ്ഞ മണ്ണിൽ അവ ചിതറിക്കിടന്നു.

മഴക്കാലത്തെക്കുറിച്ച് അപ്പോൾ ചിന്തിക്കുന്നതിൽ അർത്ഥമില്ല. എങ്കിലും ഓർത്തുപോയി. മഴക്കാലം കഷ്ടപ്പാടുണ്ടാക്കുന്നതായിരുന്നു. അയാൾ പറഞ്ഞു. എൻെറ കുടിൽ ചോർന്നിരുന്നു. ശക്തിയുള്ള കാറ്റടിക്കുമ്പോൾ ചുമർ വെച്ച ഓലമറകളിൽക്കൂടി കാറ്റ് അകത്തു നുഴഞ്ഞുകയറും. തണുപ്പ് എല്ലുകൾവരെ കടന്നു വന്ന് ഒരു പുഴുവിനെപ്പോലെ കരളും. അതു കഷ്ടപ്പാടുള്ള കാലമായിരുന്നു. മഴക്കാലം.

അവൾ ഒന്നും പറഞ്ഞില്ല.

അതു നാം കണ്ടുമുട്ടുന്നതിന് വളരെ മുമ്പായിരുന്നു. നിന്നെ തേടി നിത്യതയുടെ കവലകളിൽ നടന്നപ്പോൾ. എത്രയോ മുമ്പ്. അതിന്നുശേഷം നാം ഈ ഭൂമിയിൽ എത്രദൂരം അലഞ്ഞു!

ഇതു വേനലാണ്. അവൾ പറഞ്ഞു. അയാൾ ചിരിച്ചു. ആകാശത്തിലുള്ള ചാരനിറം അയാൾ ശ്രദ്ധിച്ചിരുന്നു. അതു ചക്രവാളക്കോണിൽ ഒരു സ്വപ്നം പോലെ അയഥാർത്ഥമായി പ്രത്യക്ഷപ്പെട്ടു. സൂര്യൻ തൻെറ പ്രതാപം കാണിക്കുമ്പോൾ ആ ചാരനിറം, അവസരം പ്രതീക്ഷിക്കുന്ന ഒരു രാക്ഷസനെപ്പോലെ, ഒരു മുക്കിൽ പതിയിരുന്നു. പക്ഷേ, അയാൾ അതു കണ്ടു. അയാൾ ചിരിച്ചു. അവൾ പറഞ്ഞു, ഇതു വേനലാണ്.

സൂര്യൻ ദിനംപ്രതി ക്ഷയിക്കുന്നത് അയാൾ മനസ്സിലാക്കി. ചാരനിറം പ്രബലമായിത്തുടങ്ങി. അതു ക്രൂരമായി ചിരിച്ചു. മരം കരുതലോടെ സൂക്ഷിച്ച പൂക്കളുടെ ഭണ്ഡാഗാരം ക്ഷയിച്ചു. മുമ്പ് ഒരു കാറ്റു വീശിയാൽ പൂമഴയായിരുന്നു. ഇപ്പോൾ ശേഷിച്ച തൻെറ പൂക്കളെ കാറ്റിൻെറ ധൂർത്തടിയിൽനിന്നു രക്ഷിക്കാൻ മരം വിഫലമായി ശ്രമിച്ചു. അവസാനത്തെ പൂ, അവളുടെ വിയർപ്പു പൊടിഞ്ഞ കവിളിൽ പതിയാൻവേണ്ടി കൊഴിഞ്ഞുവീണപ്പോൾ അവൾ പറഞ്ഞു. എനിക്കു മനസ്സിലായി. നേരിയ കാറ്റിൽ വാടിയ പൂ പറന്നുപോയി. അതു വിസ്മയത്തോടെ പറന്നകന്നു.

അയാൾ കാറ്റിന് വന്ന മാറ്റം ശ്രദ്ധിച്ചു. എത്ര പെട്ടെന്നാണ്. അതുവരെ ജാഗ്രത



**അച്ഛൻ മഹാകവി ഇടശ്ശേരിക്കൊപ്പം ഇ. ഹരികുമാറും (വലത്ത്) സഹോദരൻ സതീശും**

യോടെ ഓടിനടന്ന കാറ്റ് പെട്ടെന്ന് അശ്രദ്ധനായി. കാറ്റു പ്രേമത്തിൽ അകപ്പെട്ടിരിക്കയാണ്. ആരുമായി?

ആലോചിച്ചിരിക്കെ ഒരില താഴോട്ടു വീണു. മുകളിലേക്കു നേക്കിയപ്പോൾ ഒരില കൂടി. വീണ്ടും ഒരില. അയാൾ പറഞ്ഞു. മരം രാജി വെക്കുകയാണ്. വേനലിന്റെ അവസാനമാണ്. നീ ആകാശത്തന് നോക്കൂ. അവൾ നോക്കി. വിസ്മയം അവളുടെ കണ്ണുകൾ വിടർത്തി. ഞാനിതു ശ്രദ്ധിച്ചതേയില്ല. ആകാശത്തെ നീലിമ കടുത്തു ചാരനിറമായിരുന്നു. ഒരു കാറ്റടിച്ചു. അതോടെ കുറെ ഇലകളും പാറിപ്പറന്നുപോയി.

അയാൾ അകലെ മലകളിലേയ്ക്കു നോക്കി. അവ രഹസ്യങ്ങളെ ഗർഭം ധരിച്ചു മൗനമായി നിന്നു. അവ ലോകാരംഭം മുതൽ അവിടെ നില്ക്കുകയാണെന്നും, പ്രകൃതിയുടെ മാറ്റം അവയിൽ അത്ഭുതം സൃഷ്ടിക്കുന്നില്ലെന്നും അയാൾ ഓർത്തു.

തങ്ങൾ കിടക്കുന്ന മണ്ണ് ക്രമേണ വലിയുകയും ശുഷ്കമാവുകയും ചെയ്തു. അയാൾ അസ്വസ്ഥനായി ചിന്തിച്ചു. ഇനി വരുന്നതു ശീതകാലമാണ്. വരണ്ട ശീതകാലം. അതെങ്ങനെ നേരിടും?

മരത്തിൽനിന്ന് പൂക്കൾക്ക് പകരം ഇലകൾ കൊഴിഞ്ഞു കൊണ്ടിരുന്നു. കാറ്റ് വീണ്ടും സ്വഭാവം മാറ്റി. മനോജ്ഞമായിരുന്ന അശ്രദ്ധ, ഭീകരമായ രൗദ്രതയായി മാറി. അകലെ മലകൾ മൗനമായി നിന്നു. അവയുടെ ശിരസ്സിൽ നര കയറി. കാലപ്രവാഹത്തിന്റെ ശക്തിയിൽ അവയുടെ മുഖത്തു ചാലുകൾ വീണു. കാറ്റ് അനുസ്യൂതം അടിച്ചു കൊണ്ടിരുന്നു. ഈ കാറ്റില്ലായിരുന്നുവെങ്കിൽ നാം ഇലകളുടെ അടിയിൽ കിടന്നു ശ്വാസം മുട്ടിയിരുന്നു, അവൾ പറഞ്ഞു. അയാൾ മൂളി. അവൾ വളരെ അടുത്തായിരുന്നു. അവളുടെ ശരീരം അയാളുടെ ശരീരത്തോടൊന്നിച്ചായിരുന്നു. കറുത്ത് ഇടതൂർന്ന കൺപീലികൾ. നേർത്തു തുടുത്ത ചുണ്ടുകൾ. നിശ്വാസത്തിന്റെ സുഗന്ധം.

അയാൾ അസ്വസ്ഥനായി.

സപ്താശ്വങ്ങളെ തെളിച്ച് സൂര്യൻ തന്റെ വഴി മാറിയത് അയാൾ കണ്ടിരുന്നു. അതൊരു പിന്മാറ്റമാണ്. ദക്ഷിണ ചക്രവാളത്തിലൂടെ ഉരുണ്ടിറങ്ങി സൂര്യന്റെ രഥം മകരരാശിയിലൂടെ ചരിച്ചപ്പോൾ കാറ്റിന് ശക്തി കൂടി. മലയുടെ ശിരസ്സിൽ നര വർദ്ധിച്ചു. പ്രകൃതി ഹേമന്തത്തിൽ നിന്ന് ശിശിരത്തിലേക്കു വഴുതി വീണു..

കാറ്റിൽ അല്പാല്പം കണ്ട ഹിമകണങ്ങൾ അയാൾ ശ്രദ്ധിച്ചു. ക്രമേണ അവയ്ക്കു ശക്തി കൂടുന്നതും, കാറ്റിന്റെ ഇരമ്പം മലകൾ കടന്നു വരുന്നതും കേട്ടപ്പോൾ അയാൾ പറഞ്ഞു: കണ്ണടച്ചു കിടന്നോളു, കാലം നമുക്കെതിരാണ്. അവളുടെ മാർദ്ദവമുള്ള ശരീരം തന്റെ ദേഹത്തിൽ പൂർണ്ണമായും ലയിക്കുന്നത് അയാൾക്കനുഭവപ്പെട്ടു. കാറ്റ് ഉഗ്രമായി, മലകളിൽനിന്നു ഹിമക്ഷണങ്ങൾ വാരി സമതലങ്ങളിലേക്കെറിഞ്ഞു. ചരൽക്കല്ലുകൾ പോലെ അവ ചിതറിക്കിടന്നു. അയാൾ കണ്ണടച്ചു.

ഭീകരമായ കാറ്റ് അനർഗ്ഗളം വീശിക്കൊണ്ടിരുന്നു. അവർ അനങ്ങാതെ കിടന്നു. മണിക്കൂറുകൾ; ദിനരാത്രങ്ങൾ. അവർ അന്യോന്യം ദേഹത്തിന്റെ ഊഷ്മളതയറിഞ്ഞു. ഭൂമിയിൽ ഏകരാണെന്ന ധാരണയോടെ, നിർവൃതിയോടെ കിടന്നു. ഉറങ്ങിക്കിടന്ന ശരൽക്കാലത്തിന്റെ ഓർമ്മകളെ സ്വപ്നം കണ്ടു. അവസാനം ഉറക്കത്തിൽ നിന്ന്, അയാൾ ഉണർന്നപ്പോൾ പറയാതിരിക്കാൻ കഴിഞ്ഞില്ല.

ഹായ്, എന്തൊരു അലൗകികസൗന്ദര്യം!

അവൾ കണ്ണുമിഴിക്കാതെ ആലസ്യത്തോടെ ചോദിച്ചു. എന്താണു പറഞ്ഞത്?

അലൗകികസൗന്ദര്യം.

എന്താണത്?

കൺതുറന്നു നോക്കൂ.

അവൾ കണ്ണു മിഴിച്ച് ചുറ്റും നോക്കി. ആദ്യം കണ്ടതു മുകളിൽ ഇല കൊഴിഞ്ഞ മരത്തിന്റെ ചില്ലകൾ. നഗ്നനായ, തോർത്തിച്ചു കൊടുക്കുകയും ഉടുപ്പിച്ചു കൊടുക്കുകയും ചെയ്യാൻ നിസ്സഹായനായി കാത്തു നില്ക്കുന്ന, മരം. അവർ ചുറ്റും കണ്ണോടിച്ചു. നാലു വശവും മഞ്ഞാൽ മൂടപ്പെട്ടിരുന്നു. തിളങ്ങുന്ന ശുഭ്രമായ ഹിമം കണ്ണെത്താവുന്ന ദൂരം മുഴുവൻ. കണ്ണുകൾ പരിധിയെ തേടിപ്പോകുമ്പോൾ എത്തുന്നത് അകലെ ഉയർന്നുനില്ക്കുന്ന മലകളിലാണ്. മഞ്ഞണിഞ്ഞ മലകൾ. താഴ്വാരങ്ങളിൽ വേനലിന്റെ ലാളനയിൽ ഉർവ്വരയിൽ തുടിച്ചു നിന്ന ഹരിതവീചികൾ എവിടെപ്പോയി മറഞ്ഞു? പിന്നീടാണവർ കണ്ടത്. ആകാശത്തിൽ അനന്തതയുടെ ദിവാസ്വപ്നം പോലെ പൗർണ്ണമിച്ചന്ദ്രൻ. അതിന്റെ കിരണങ്ങൾ ഭൂമിയെ ആവരണം ചെയ്ത ഹിമത്തിൽ തട്ടിത്തിളങ്ങി. എവിടെയും ശുഭ്രനിറം.

പൗർണ്ണമി. അയാൾ മന്ത്രിച്ചു. അവൾ കേട്ടില്ല. നിലാവ് മഞ്ഞണിഞ്ഞ ഭൂവിൽ സൃഷ്ടിച്ച മായാലോകത്തിൽ അവൾ മോഹിതയായിരിക്കയാണ്. വലിയ കണ്ണുകൾ വിടർന്നിരുന്നു. നേരിയ ചുണ്ടുകൾ മന്ത്രിച്ചു. നിശ്വാസത്തിൽ വാകപ്പൂക്കളുടെ സുഗന്ധം മുറ്റിനിന്നു. മൃദുശരീരത്തിന്റെ സാമീപ്യം ലഹരി പിടിപ്പിക്കുന്നു.

ഞാൻ നിന്നിൽ ലയിക്കട്ടെ!

അവളുടെ ചുണ്ടിൽ തേനുണ്ടെന്ന് അയാൾ മനസ്സിലാക്കി. അവൾ കണ്ണടച്ചു, സായുജ്യത്തോടെ.

തളർന്ന കണ്ണുകളോടെ അയാൾ ചുറ്റും നോക്കി. മഞ്ഞണിഞ്ഞ മലകൾ വളരെ അകലെയാണ്. അവയുടെ ശൃംഗങ്ങൾ ആകാശത്തെ തുളയ്ക്കുന്നു.

മലകളുടെ വിള്ളലിൽ പെട്ടെന്ന് പ്രത്യക്ഷപ്പെട്ട ഒരു കറുത്ത ബിന്ദു അയാൾ ശ്രദ്ധിച്ചു. അസാധാരണവും നിഗൂഢവുമായ ഒരു ബിന്ദു. ശുഭ്രമായ മലകൾക്കെതിരെ, ഭൂതലത്തിന്നെതിരെ, സാവധാനത്തിൽ വളർന്നു വരുന്ന ഒരു ബിന്ദു. അയാൾ കണ്ണിമയ്ക്കാതെ നോക്കി നിന്നു. നിമിഷങ്ങൾ ഒരു പെരുമ്പാമ്പിനെപ്പോലെ ഇഴഞ്ഞു. കറുത്ത ബിന്ദു വളർന്നുവന്നു. ഒരു രൂപം പ്രാപിച്ചു. അതൊരശ്വാരൂഢനാണെന്നയാൾക്കു മനസ്സിലായി. കുതിരയുടെ ചലനത്തിന്നനുസരിച്ച് അയാളുടെ ആകാരം ഉയരുകയും താഴുകയും ചെയ്തു. ഒരു മരീചിക പോലെ, നെടുവീർപ്പിടുന്ന തിര പോലെ.

അയാൾ ചുറ്റും നോക്കി. നിലാവു മങ്ങിയിരുന്നു. മലകളുടെ താഴ്വാരങ്ങളിലെവിടെ നിന്നോ ജനിച്ച കാറ്റ് കൊടുങ്കാറ്റായി മാറിയിരുന്നു. മഞ്ഞ് ധൂളിയായി ഉയർന്നു. മുകളിൽ ഇലകളില്ലാതെ നഗ്നമായി നില്ക്കുന്ന മരം ഉലഞ്ഞു. അശ്വാരൂഢൻ മാത്രം അചഞ്ചലനായി യാത്ര തുടരുന്നത് അയാൾ കണ്ടു. കൊടുങ്കാറ്റിന്റെ ഉഗ്രതയ്ക്കിടയിലും അയാൾ കുളമ്പടി കേട്ടു. അടുത്തടുത്തു വരുന്ന കുളമ്പടി ശബ്ദം. മങ്ങിയ നിലാവിൽ, നരച്ച താടിയും ദേഹമാസകലം മൂടുന്ന ശുഭ്രവസ്ത്രവുമുള്ള അശ്വാരൂഢനെ അയാൾ തിരിച്ചറിഞ്ഞു.

അവിടുത്തെ ദൂതൻ.

അയാൾ തല കുനിച്ചു. കൊടുങ്കാറ്റിന്റെ ആരവം. പൊടിമഞ്ഞിളകിയുയർന്നു നിലാവിനെ നിഷ്പ്രഭമാക്കി. ഇടിവെട്ടു പോലെയുള്ള കുളമ്പടി അടുത്തടുത്തു വന്നു. അവർ കണ്ണുകളടച്ച് ആലിംഗനബദ്ധരായി കിടന്നു.

കൊടുങ്കാറ്റിന്റെ താണ്ഡവം അവസാനിച്ചത് എപ്പോഴാണെന്നറിഞ്ഞില്ല. യുഗങ്ങൾ നീണ്ടു നിന്ന നിദ്രയ്ക്കു ശേഷം കൺതുറന്നപ്പോൾ കൊടുങ്കാറ്റില്ല. ചന്ദ്രനില്ല. ഭൂമിയെ മായാലോകമാക്കിയിരുന്ന നിലാവില്ല. പകരം നഷ്ടപ്പെട്ട സാമ്രാജ്യം വീണ്ടെടുക്കാൻ യുദ്ധം ചെയ്യുന്ന സൂര്യൻ. അകലെ മലകളുടെ ശിരസ്സിൽനിന്നു നീർച്ചാലുകൾ ഉറവിട്ടു താഴോട്ടൊഴുകുന്നു. തങ്ങൾ കിടക്കുന്നതിന്റെ അടുത്തു വരെ മണ്ണിൽ കുളമ്പടി കൊണ്ടുണ്ടായ ആഴമുള്ള കുഴികൾ. ഒരേ അകലത്തിൽ ഇടവിട്ടുള്ള കുഴികൾ. അവയിൽ നിറഞ്ഞിരുന്ന തെളിനീരിൽ പ്രതിഫലിച്ച സൂര്യരശ്മികൾ അയാളുടെ കണ്ണഞ്ചിച്ചു.

വാകപ്പൂമണം അയാൾ വീണ്ടും ശ്വസിച്ചു. അവളുടെ വിളർത്ത കവിളിലെ മാദകമായ ഗന്ധം അലൗകികമായ എന്തോ ഒന്നിനെ ഓർമ്മിപ്പിച്ചു. അപ്പോൾ അയാൾക്കു മനസ്സിലായി, തങ്ങളുടെ വേരുകൾ ഭൂമിയിൽ ആഴത്തിൽ ഇറങ്ങിയിരിക്കുന്നു.

മുകളിൽ മരം തളിർത്തു വരുന്നത് അയാൾ കണ്ടു.

# ഭൂതവും വർത്തമാനവും



രാമചന്ദ്രഗുഹ

എനിക്കിഷ്ടമുള്ളതൊക്കെ പറയാൻ സാധിക്കുന്നു എന്നതാണ് *ദി ടെലിഗ്രാഫ്* പത്രത്തിൽ ലേഖനമെഴുതാനുള്ള പ്രധാന കാരണം. എന്റെ ചിന്തകളെ രൂപപ്പെടുത്തിയതും അവയ്ക്ക് വേഗംനൽകിയതുമൊക്കെ കൊൽക്കത്തയിൽനിന്നുള്ള ബുദ്ധിജീവികളാണ് എന്നത് രണ്ടാമത്തെ കാരണം. ആ നഗരത്തിൽനിന്ന് യാത്രപറഞ്ഞ് 35 വർഷം പിന്നിട്ടെങ്കിലും അവരുമായുള്ള സംഭാഷണങ്ങളും വാഗ്വാദങ്ങളും ഇപ്പോഴും തുടരുന്നു.

പരസ്യമായും സ്വകാര്യമായും ഞാൻ പലതവണ സംവാദങ്ങളിലേർപ്പെട്ട കൊൽക്കത്താ ബുദ്ധിജീവിയാണ് രാഷ്ട്രീയ ചിന്തകൻ പാർഥ ചാറ്റർജി. എനിക്ക് ആദ്യത്തെ ജോലി തന്നത് പാർഥയാണ്, ലേക്ക് ടെറസിൽ ജാഥുനാഥ് ഭവന് സമീപമുള്ള സെൻറർ ഫോർ സ്റ്റഡീസ് ഇൻ സോഷ്യൽ സയൻസസിൽ. ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന് ഒരു ഫ്രോയിഡിയൻ തലമുണ്ടെന്ന് എപ്പോഴും തോന്നിയിട്ടുണ്ട്. ഗുരുവിന്റെ സ്വാധീനത്തിൽനിന്ന് കുതറിമാറാൻ ശിഷ്യൻ ശ്രമിക്കുന്നതുകൊണ്ടാവാമിത്.

രാജ്യത്തെ ഏറ്റവും പ്രിയപ്പെട്ട കായികവിനോദത്തെക്കുറിച്ച് ഞങ്ങൾ പലവട്ടം തർക്കിച്ചതോർക്കുന്നു. ടെസ്റ്റ് ക്രിക്കറ്റിൽനിന്ന് ‘സമനില’ ഒഴിവാക്കാൻ താൻ ആഗ്രഹിക്കുന്നുവെന്ന് രാജസ്ഥാനിൽ ജനിച്ച് പിന്നീട് ബംഗാളിയായി മാറിയ ജഗ്മോഹൻ ഡാൽമിയ 1990–കളിൽ പ്രഖ്യാപിച്ചിരുന്നു. പണം മുടക്കി മത്സരത്തിനെത്തുന്ന കാണികൾക്ക് ‘റിസൽട്ട്’ വേണമെന്നും അതിനാൽ ടെസ്റ്റ് മത്സരങ്ങൾ ദൈർഘ്യമേറിയ പരിമിത ഓവർ മത്സരങ്ങളാക്കാൻ ആലോചിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. ആദ്യ ഇന്നിങ്സിൽ 90 ഓവറും രണ്ടാമത്തെ ഇന്നിങ്സിൽ 60 ഓവറുകളുമാണുണ്ടാവുക. ഡാൽമിയയുടെ നിർദേശത്തോട് വേദനാകരമായ വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ഞാൻ *ടെലിഗ്രാഫ്* പത്രത്തിൽ ലേഖനമെഴുതി. ടെസ്റ്റ് മത്സരത്തിലെ സമനിലയ്ക്ക് നാടകീയമായ സൗന്ദര്യമുണ്ടെന്ന് വാദിച്ച ഞാൻ മറുപക്ഷത്തിന് വിജയം നിഷേധിക്കാനായി ഹനീഫ് മുഹമ്മദും സുനിൽ ഗവാസ്കറും മണിക്കൂറുകളോളം പൊരുതിയ കഥയും ഉദാഹരണമായി ചൂണ്ടിക്കാണിച്ചു. ഉടൻ തന്നെ ലേഖനത്തിനെതിരേ പാർഥ ചാറ്റർജി വിയോജനക്കുറിപ്പെഴുതി. കൺമുന്നിൽ സംഭവിക്കുന്ന മാറ്റങ്ങൾ തിരിച്ചറിയാൻ സാധി



കൊൽക്കത്തയിലെ ഈഡൻ ഗാർഡനിൽ നടന്ന ഗുജറാത്തിനെതിരായ രഞ്ജി ട്രോഫി മത്സരത്തിനിടെ ബാറ്റ് ചെയ്യുന്ന ബംഗാൾ താരം മനോജ് തിവാരി

ഫോട്ടോ: അശോക് ഭൗമിക്/പി.ടി.ഐ.

# ഐ.പി.എല്ലിനെ നെഞ്ചേറ്റുന്ന വൃദ്ധന്മാരുണ്ടാവുമോ?



ക്കാത്ത തലതിരിഞ്ഞ കാല്പനികവാദിയാണ് ഞാനെന്ന് പറഞ്ഞുകൊണ്ട് പാർഥ ആ ലേഖനത്തെ തള്ളിക്കളഞ്ഞു.

കൊൽക്കത്തയിൽ താമസിക്കുന്ന കാലത്ത് പലതവണ പാർഥയും ഞാനും ചരിത്രവും രാഷ്ട്രീയവും ചർച്ചചെയ്തിട്ടുണ്ട്. ക്രിക്കറ്റിനെക്കുറിച്ചും ഞങ്ങൾ സംസാരിച്ചു. ചരിത്രകാരൻ രുദ്രാംക്ഷു മുഖർജിയും ഞങ്ങൾക്കൊപ്പം ചേരും. രുദ്രാംക്ഷുവിന് ചരിത്രത്തിലുള്ള പാണ്ഡിത്യം പോലെ അത്ര പ്രസിദ്ധമല്ല അദ്ദേഹത്തിന് ക്രിക്കറ്റിലുള്ള താത്പര്യം. ക്രിക്കറ്റ് ഭ്രാന്തിന്റെ കാര്യത്തിൽ പാർഥയ്ക്കും രുദ്രാംക്ഷുവിനും മേൽക്കൈ നൽകിയത് രണ്ട് കാര്യങ്ങളാണ്. ഇരുവരും എന്നെക്കാൾ മുതിർന്നവരാണ്, അതുകൊണ്ടുതന്നെ ക്രിക്കറ്റിനെക്കുറിച്ച് കൂടുതൽ കഥകൾ അവർ അറിഞ്ഞുവെച്ചിട്ടുണ്ട്. കൊൽക്കത്തയിൽ ജനിച്ചുവളർന്നതുകൊണ്ട് കുട്ടിക്കാലം തൊട്ടേ ഈഡൻ ഗാർഡൻസ് എന്ന മഹത്തായ ക്രിക്കറ്റ് വേദിയെ അടുത്തറിയാനും അവർക്ക് അവസരമുണ്ടായി. ലോർഡ്സും മെൽബൺ മൈതാനവും കഴിഞ്ഞാൽ ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും പ്രാധാന്യമേറിയ സ്റ്റേഡിയം കൂടിയാണത്. 1950 മുതൽക്കേ അവിടെ നടന്ന ടെസ്റ്റ് മത്സരങ്ങൾ കണ്ടുശീലിച്ചവരാണ് പാർഥയും രുദ്രാംക്ഷുവും. അവരുടെ മുന്നിൽ ഹസാരെയും ഉമ്രിഗറും സോബേഴ്സും ഹാർവെയുമൊക്കെ ജീവനോടെ കളിച്ചിട്ടുണ്ട്. എനിക്കാകട്ടെ ഇവരെക്കുറിച്ചൊക്കെ വായിച്ച അറിവ് മാത്രമേയുള്ളൂ.

പാർഥയ്ക്കും രുദ്രാംക്ഷുവിനും മേലെ ഒരു കാര്യത്തിൽ എനിക്ക് ആധിപത്യമുണ്ടായിരുന്നു. എന്റെ സംസ്ഥാനമായ കർണാടക അക്കാലത്ത് തുടർച്ചയായി രഞ്ജി ട്രോഫി ചാമ്പ്യൻമാരായിട്ടുണ്ട്. എന്നാൽ അവരുടെ സംസ്ഥാനമായ ബംഗാളാകട്ടെ ബ്രിട്ടീഷ് കാല ▶

ത്താണ് അവസാനമായി രഞ്ജി ട്രോഫി നേടിയത്. അവരുടെ ചെറുപ്പകാലത്ത് ബംഗാൾ ടീം അഞ്ചുതവണയെങ്കിലും രഞ്ജി ഫൈനലിലെത്തിയിരുന്നെങ്കിലും ഒരുതവണപോലും വിജയിച്ചിരുന്നില്ല. അഞ്ചിൽ നാലുതവണയും ബോംബെയ്ക്കു മുന്നിലാണ് ബംഗാൾ അടിയറവ് പറഞ്ഞത്. 1958 മുതൽ 1973 വരെ തുടർച്ചയായി ബോംബെ തന്നെയായിരുന്നു രഞ്ജി ചാമ്പ്യൻമാർ. എന്നാൽ 1974 മാർച്ചിൽ ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടന്ന രഞ്ജി സെമിഫൈനലിൽ കർണാടക ബോംബെയെ തകർത്തെറിയുന്നതിന് സാക്ഷിയായിട്ടുണ്ട് ഞാൻ. തുടർന്ന് ഫൈനലിൽ രാജസ്ഥാനെ തോൽപ്പിച്ച് ടീം ട്രോഫി നേടി. ആ പതിറ്റാണ്ടിൽ രണ്ടുതവണ കർണാടക രഞ്ജി ജേതാക്കളായി.

ആഭ്യന്തര ക്രിക്കറ്റിലെ ഏറ്റവും വലിയ മത്സരം ഇന്ത്യൻ പ്രീമിയർ ലീഗായി മാറിയ ഈ കാലത്ത് രഞ്ജി ട്രോഫിയോടുള്ള ഞങ്ങൾ വയസ്സൻമാർക്കുള്ള വികാരവായ്പ് പുതുതലമുറയ്ക്ക് മനസ്സിലാവില്ല. ലൈവ് സംപ്രേഷണമില്ലാത്ത, വളരെ കുറച്ച് ടെസ്റ്റ് മത്സരങ്ങൾ മാത്രം നടക്കുന്ന 1960–70 കാലഘട്ടത്തിൽ സ്വന്തം സംസ്ഥാന ടീമുകളുടെ പ്രകടനം അറിയാനായിരുന്നു ഞങ്ങൾക്കേറെ താത്പര്യം. രഞ്ജി മത്സരങ്ങൾ കാണാൻ കാൽലക്ഷത്തിലധികം പേരാണ് വന്നിരുന്നത്, അതിലുമേറെ പേർ പത്രങ്ങളിലൂടെയും റേഡിയോയിലൂടെയും ക്രിക്കറ്റ് വാർത്തകൾ അറിഞ്ഞു. സ്വന്തം പക്ഷത്തോടുള്ള ആരാധന അതിതീവ്രമായിരുന്നു. തെളിവുകൾ എതിരായിട്ടും വെങ്കട്ടരാഘവനാണ് പ്രസന്നയെക്കാൾ മികച്ച ഓഫ് സ്പിന്നറെന്ന് തമിഴ് ക്രിക്കറ്റ് ആരാധകർ വാദിച്ചു. ഞങ്ങളുടെ നാട്ടുകാരെ ടെസ്റ്റ് ടീമിൽ ഉൾപ്പെടുത്താതിരിക്കാൻ ആരൊക്കെയോ ഗൂഢാലോചന നടത്തുന്നുണ്ടെന്ന് ബംഗാളികളും അവകാശപ്പെട്ടു. അക്കാര്യത്തിലും തെളിവുകൾ മറിച്ചായിരുന്നു.

രഞ്ജി ട്രോഫി ആരാധകരെന്ന നിലയ്ക്ക് 1980–കളിലെ ഞങ്ങളുടെ സംഭാഷണങ്ങളിൽ ഞാനും പാർഥയും രുദ്രാംക്ഷുവും ബംഗാൾ, കർണാടക ക്രിക്കറ്റിനെക്കുറിച്ചും ഇന്ത്യൻ, വെസ്റ്റിന്ത്യൻ ടീമുകളെക്കുറിച്ചും ധാരാളം സംസാരിച്ചു. തങ്ങൾ ജനിക്കുന്നതിന് മുൻപുള്ള ബംഗാളിന്റെ ഏക രഞ്ജി വിജയത്തെക്കുറിച്ചുള്ള ധാരാളം കഥകൾ കേട്ടാണ് പാർഥയും രുദ്രാംക്ഷുവും വളർന്നത്. ബംഗാളിനുവേണ്ടി കളത്തിലിറങ്ങിയ രണ്ട് വെള്ളക്കാരായിരുന്നു ടീമിന്റെ താരങ്ങൾ. എ.എൽ. ഹോസി, ടി.സി. ലോങ്ഫീൽഡ് എന്നിങ്ങനെയായിരുന്നു അവരുടെ പേരുകൾ. അലക്സാണ്ടർ ലിൻഡ്സേ, തോമസ് ചാൾസ് എന്നിവയുടെ ചുരുക്കെഴുത്താണ് അവരുടെ ഇനിഷ്യലുകൾ എന്ന് ഞാൻ കരുതുന്നു. പക്ഷേ, ഈഡൻ ഗാർഡനിലെ കാണികൾ സ്നേഹത്തോടെ അവരെ 'അമൃത്‌ലാൽ', 'തുളസീചരൺ' എന്നിങ്ങനെയായിരുന്നു വിളിച്ചതെന്ന് പാർഥയും രുദ്രാംക്ഷുവും പറഞ്ഞുതന്നു.


പാർഥ ചാറ്റർജി


രുദ്രാംക്ഷു മുഖർജി

സുനിൽ ഗവാസ്കർ


ഹനീഫ് മൊഹമ്മദ്


ബംഗാൾ ടീമിന്റെ ചാമ്പ്യൻഷിപ്പ് നേട്ടത്തെക്കുറിച്ചുള്ള കേട്ടറിവേ എന്റെ സുഹൃത്തുക്കൾക്കുണ്ടായിരുന്നുള്ളൂ. എന്നാൽ എനിക്കാകട്ടെ ജീവിതകാലയളവിനിടയ്ക്കുതന്നെ കർണാടക ടീം രഞ്ജി ട്രോഫി ഉയർത്തിയ പെരുമ പറയാനുണ്ട്. അത്തരത്തിലുള്ള ചില മുഹൂർത്തങ്ങൾക്ക് സാക്ഷ്യംവഹിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്തു. അതേക്കുറിച്ചൊക്കെ 1980–കളിൽ കൊൽക്കത്തയിലിരുന്ന് ഞാൻ സുഹൃത്തുക്കളോട് മേനിനടിച്ചിട്ടുണ്ടാവാം. അതിന്റെ തിരിച്ചടിയായാണ് കഴിഞ്ഞ മാസം പാർഥ ചാറ്റർജിയിൽനിന്ന് കിട്ടിയ ഇ–മെയിൽ സന്ദേശത്തെ ഞാൻ കാണുന്നത്. എപ്പോഴത്തെയും പോലെ വളരെ ചുരുങ്ങിയ വാക്കുകളേ പാർഥയുടെ ഇ–മെയിലിലുണ്ടായിരുന്നുള്ളൂ. സാധാരണ വിമതസ്വരങ്ങളുടെ അടിച്ചമർത്തൽ, സമഗ്രാധിപത്യത്തിന്റെ ഉദയം എന്നീ ഗൗരവമേറിയ വിഷയങ്ങളാണ് ഞങ്ങളുടെ കത്തുകൾക്ക് വിഷയമാവുക. ഇക്കുറി ക്രിക്കറ്റായിരുന്നു വിഷയം. പത്തുവാക്കുകൾ മാത്രമുള്ള ആ സന്ദേശം ഇതായിരുന്നു: 'ബംഗാൾ കർണാടകയെ തകർത്തെറിഞ്ഞു. പിഗി ലാലിന് മൂന്ന് ചിയേഴ്സ്, ഹിപ് ഹിപ് ഹുറേ!'

ഈഡൻ ഗാർഡൻസിൽ നടന്ന രഞ്ജി ട്രോഫി സെമിഫൈനലിൽ പാർഥയുടെ ടീം എന്റെ ടീമിനെ തോൽപ്പിച്ചിരിക്കുന്നു. എന്റെ സുഹൃത്ത് അത് കാണാൻ ഗ്രൗണ്ടിലെത്തിയിരുന്നോ എന്ന കാര്യത്തിൽ ഉറപ്പില്ല, പക്ഷേ, അദ്ദേഹം മത്സരവിവരങ്ങൾ അപ്പപ്പോൾ അറിഞ്ഞിരുന്നു എന്നത് വ്യക്തം. ഞാനാണെങ്കിൽ ആ മത്സരം ശ്രദ്ധിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. പാർഥയുടെ മെയിലിൽ നിന്ന് ബംഗാൾ ടീമിന്റെ മാനേജർ അരുൺ (പിഗി) ലാൽ ആണെന്ന് എനിക്ക് മനസ്സിലായി. ഇന്റർനെറ്റ് വഴി ഞാനത് സ്ഥിരീകരിക്കുകയും ചെയ്തു.

എന്റെ പഴയ സുഹൃത്തിന്റെ സന്തോഷത്തിൽ അസൂയ തോന്നുകയോ അയാളുടെ ദുഃഖത്തിൽ സന്തോഷിക്കുകയോ ചെയ്യുന്നയാളല്ല ഞാൻ. എത്രയോ കാലത്തിനുശേഷം അവർ നേടുന്ന വിജയമാണിത്. സാധാരണഗതിയിൽ കർണാടക തോൽക്കുമ്പോൾ എനിക്ക് വിഷമം തോന്നേണ്ടതാണ്. പക്ഷേ, പഴയ ശത്രുക്കളായ മുംബൈയോടോ അതിലും പഴയ ശത്രുക്കളായ തമിഴ്നാടിനോടോ അല്ല ബംഗാളിനോടാണല്ലോ ടീം തോറ്റത് എന്നോർക്കുമ്പോൾ അത്ര ദുഃഖമില്ല. അല്ലെങ്കിലും വിഷമമുള്ളത് പിഗി ലാലിനെക്കുറിച്ചോർക്കുമ്പോൾ ഇല്ലാതാവുന്നുമുണ്ട്. പാർഥ ചാറ്റർജിയെ പരിചയപ്പെടുന്നതിന് എത്രയോ വർഷങ്ങൾക്ക് മുൻപേ എനിക്ക് പിഗി ലാലിനെ അറിയാം. 1970–കളിൽ സെയ്



ൻറ് സ്റ്റീഫൻസ് കോളേജിൽ പഠിക്കവേ പിഗിയുടെ ക്യാപ്റ്റൻസിക്ക് കീഴിൽ ഞാൻ ക്രിക്കറ്റ് കളിച്ചിട്ടുണ്ട്. അവിടെനിന്ന് ഏറെ മുന്നോട്ടുപോയ പിഗി 16 തവണ ടെസ്റ്റ് ടീമിൽ കളിച്ചു. ഓപ്പണിങ് ബാറ്റ്സ്മാനായും മികവേറിയ ഫീൽഡറായും തിളങ്ങുകയും ചെയ്തു. ധൈര്യശാലിയായൊരു അദ്ഭുതവ്യക്തിത്വം കൂടിയാണ് അദ്ദേഹം. അർബുദത്തിന്റെ പിടിയിൽനിന്ന് തിരിച്ചുവന്ന് ജീവിതം പുനർനിർമിച്ച മനുഷ്യൻ. ഇത്തരത്തിലൊരു വ്യക്തിയുടെ കീഴിൽ കളിക്കാനായ ബംഗാളിലെ യുവ ക്രിക്കറ്റ് താരങ്ങൾ ഭാഗ്യം ചെയ്തവരാണ്.

1974-ൽ ഡൽഹിക്ക് വേണ്ടിയാണ് പിഗിലാൽ ആദ്യം രഞ്ജി ട്രോഫി കളിച്ചത്. പിന്നീട് ജോലി കിട്ടി കൊൽക്കത്തയിലെത്തിയതോടെ അദ്ദേഹം പശ്ചിമ ബംഗാൾ ടീമിലെത്തി. അങ്ങനെ 'അമൃത് ലാൽ' ഹോസിയെയും 'തുളസീചന്ദ്' ലോങ്ഫീൽഡിനെയും പോലെ പുറത്തുനിന്ന് വന്ന് ബംഗാളിയായ വ്യക്തിയാണ് പിഗിലാൽ. 1989-90ൽ ബംഗാൾ വീണ്ടും രഞ്ജി ട്രോഫി നേടിയത് എന്റെ പഴയ കോളേജ് ടീം ക്യാപ്റ്റന്റെ കളിമിടുക്കുകൊണ്ടാണ്. അദ്ദേഹം ഓരോ റണ്ണെടുക്കുമ്പോഴും സ്റ്റേഡിയത്തിലെ മുപ്പതിനായിരത്തിലേറെ കാണികൾ 'ലാൽ സലാം' എന്നാർത്തുവിളിച്ച് പിന്തുണച്ചത്രേ!

ഐ.പി.എല്ലിൽ കിംഗ്സ് ഇലവൻ പഞ്ചാബും ചെന്നൈ സൂപ്പർ കിംഗ്സും തമ്മിലുള്ള മത്സരത്തിൽ നിന്ന്

**ആഭ്യന്തര ക്രിക്കറ്റിലെ ഏറ്റവും വലിയ മത്സരം ഇന്ത്യൻ പ്രീമിയർ ലീഗായി മാറിയ ഈ കാലത്ത് രഞ്ജി ട്രോഫിയോടുള്ള ഞങ്ങൾ വയസ്സൻമാർക്കുള്ള വികാരവായ്പ് പുതുതലമുറയ്ക്ക് മനസ്സിലാവില്ല. 1960-70 കാലഘട്ടത്തിൽ സ്വന്തം സംസ്ഥാന ടീമുകളുടെ പ്രകടം അറിയാനായിരുന്നു ഞങ്ങൾക്കേറെ താത്പര്യം.**

പശ്ചിമ ബംഗാളിൽ കമ്യൂണിസ്റ്റുകാർ ഇപ്പോൾ അധികാരത്തിലില്ല. രഞ്ജി ട്രോഫി മത്സരം കാണാനിപ്പോൾ കാണികളുമില്ല. ഈ വർഷത്തെ ഫൈനൽ രാജ്കോട്ടിലാണ് നടന്നത്. നാട്ടിൽനിന്ന് ദൂരെപോയുള്ള ആ മത്സരത്തിൽ ബംഗാൾ ടീം പൊരുതിത്തോറ്റു. മത്സരഫലത്തെക്കുറിച്ച് സമ്മിശ്രവികാരങ്ങളാണ് മനസ്സിലുണരുന്നത്. കൂട്ടുകാരായ പിഗിലാലിനെയും പാർഥയെയും കുറിച്ചാലോചിക്കുമ്പോൾ ദുഃഖമുണ്ട്. പക്ഷേ, സൗരാഷ്ട്ര ഇതുവരെ രഞ്ജി ട്രോഫി നേടിയിട്ടില്ല. രഞ്ജി ജേതാക്കളുടെ പട്ടികയിൽ ബംഗാളിനും കർണാടകയ്ക്കുമൊപ്പം അവരുടെ പേര് കൂടി വരുന്നതിൽ സന്തോഷം തോന്നുന്നു.

ഒരു കാര്യം കൂടി. രാജ്യത്തിന്റെ ഏറ്റവും മുന്തിയ ക്രിക്കറ്റ് ടൂർണമെന്റ് എന്ന പെരുമയിൽനിന്ന് രഞ്ജി ട്രോഫിയെ പുറന്തള്ളി ഇന്ത്യൻ പ്രീമിയർ ലീഗ് ആ സ്ഥാനമേറ്റെടുത്തുകഴിഞ്ഞു. പക്ഷേ, ഇത്ര ബഹളങ്ങളൊക്കെയുണ്ടെങ്കിലും ഐ.പി.എൽ. ടീമുകളോട് ആരാധകർക്കുള്ള ആവേശം അത്രമേൽ അഗാധമാണോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സിന്റെയോ കൊൽക്കത്ത നൈറ്റ്റൈഡേഴ്സിന്റെയോ ആരാധകരായ രണ്ട് സുഹൃത്തുക്കൾ മുപ്പതോ നാൽപ്പതോ വർഷം കഴിഞ്ഞ് സ്വന്തം ടീമുകളെക്കുറിച്ച് തർക്കിക്കുമോ? സംശയമാണ്. ■

# മഹാഭാരതം:
# ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ - 21



കെ.സി. നാരായണൻ



# ഭഗവദ്ഗീത



ചിത്രീകരണം **മദനൻ**

**‘ദുര്യോധനൻെറ മേൽ ധർമപുത്രൻ നേടിയ വിജയത്തിൻെറ മാത്രമല്ല ദുര്യോധനൻെറ ഇഷ്ടക്കാരനായ ചാർവാകൻെറയും അതുവഴി ബുദ്ധമതമടക്കമുള്ള വിയോജകമായ നാസ്തികമതങ്ങളുടെയും മേൽ വൈദിക ബ്രാഹ്മണ്യം നേടിയ ജയത്തിൻെറകൂടി മുഹൂർത്തത്തെയാണ് ശാന്തിപർവത്തിലെ ഈ സന്ദർഭം കുറിക്കുന്നത്’ - ഭഗവദ്ഗീതയിലെ ഹിംസയും അഹിംസയും തമ്മിലുള്ള അസാധാരണമായ സംവാദത്തിൻെറ സാമൂഹ്യചരിത്രപശ്ചാത്തലമന്വേഷിക്കുന്നു.**

ദുർബലത്വമുള്ള ധർമപുത്രനിൽ എന്നപോലെ ഏറിയ ബലമുള്ള അർജുനനിലും ഉയർന്നുവരുന്നുണ്ട് ഹിംസയോടുള്ള വിരാഗവും ശോകവും. ധർമപുത്രനെക്കാൾമുമ്പ് അർജുനനിലാണ് ഈ ദുഃഖശോകങ്ങൾ ഉയർന്നുവരുന്നതെന്നും കാണാം. ധർമപുത്രൻ താൻ ചെയ്യിച്ച ഹിംസയെക്കുറിച്ച് യുദ്ധാനന്തരം ശോകാകുലനാവുമ്പോൾ, അർജുനൻ ആ ഹിംസ സംഭവിക്കുന്നതിനുമുമ്പു തന്നെ അതിനെക്കുറിച്ച് പര്യാകുലനാവുന്നു. കലിംഗയുദ്ധത്തിന് തൊട്ടുമുമ്പ്, വരാനിരിക്കുന്ന വൻകൂട്ടക്കൊലയെക്കുറിച്ച് അശോകൻ ദുഃഖിച്ചാൽ എങ്ങനെയിരിക്കുമോ ഏതാണ്ട് അതേ വിധത്തിലാണ് കുരുക്ഷേത്രയുദ്ധത്തിന് തൊട്ടുമുമ്പ് അർജുനൻ ദുഃഖിക്കുന്നത്. ധർമപുത്രൻെറതിനെക്കാൾ നാടകീയമാണ് അർജുനൻെറ മനംമാറ്റം. ഒരുവശത്ത് പതിനൊന്നക്ഷൗഹിണിയും മറുവശത്ത് ഏഴ് അക്ഷൗഹിണിയും പരസ്പരം കൊല്ലാൻ ഒരുങ്ങിനിൽക്കുന്ന ആ വലിയ പോർക്കളത്തിൽ വെച്ച് അർജുനൻ തേരാളിയും സഖാവും മാർഗദർശിയുമായ കൃഷ്ണനോട് അഭ്യർഥിച്ചു:

*‘‘രണ്ടു സൈന്യങ്ങൾക്കു മിട-*
*ക്കെൻ തേർ നിർത്തുകയച്യുത,*
*പോരിന്നൊരുങ്ങിവന്നോരെ*
*നോക്കിക്കാണട്ടെയൊക്കെ ഞാൻ’’*

അർജുനൻെറ അപേക്ഷപ്രകാരം കൃഷ്ണൻ ആ സൈന്യമധ്യത്തിൽ തേർനിർത്തി. നിർത്തിയ തേരിൽനിന്ന് നോക്കിയപ്പോൾ അർജുനൻ കണ്ടത് വധിക്കാനും വധിക്കപ്പെടാനും ഒരുങ്ങിനിൽക്കുന്ന തൻെറ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വ്യൂഹങ്ങളെയായിരുന്നു.

*‘‘അതിൽപ്പാർഥൻ കണ്ടു, പിതൃ*
*പിതാമഹരെ നിൽപ്പതായ്*
*ആചാര്യ മാതുലഭ്രാതൃ*
*പുത്ര പൗത്ര പിതാക്കളെ’’*

കൊലചെയ്യപ്പെടാൻ പോകുന്ന ഈ മഹാബന്ധുകുലത്തെ കണ്ടതോടെ, അഗാധമായ ഒരു വിഷാദം അദ്ദേഹത്തെ തളർത്തി. അർജുനൻെറ അംഗങ്ങൾ തളർന്നു. തേരിൽ നിവർന്നുനിന്ന ആ വൻകിട യോദ്ധാവിന് നിൽക്കാൻ വയ്യാതായി. അതിയായ ദുഃഖത്തോടെ അർജുനൻ കൃഷ്ണനോട് പറഞ്ഞു: ‘‘ഈ സ്വജനങ്ങളെ കൊന്നിട്ട് എനിക്ക് വിജയമോ രാജ്യമോ സുഖമോ വേണ്ട. അഥവാ എന്തിനാണ് രാജ്യവും സുഖഭോഗങ്ങളും? ആർക്കുവേണ്ടിയാണ് ഞാൻ അതൊക്കെ ആഗ്രഹിക്കുന്നത്? ആചാര്യന്മാരും പുത്രന്മാരും പിതാക്കളും മാതുലരും ശ്വശുരന്മാരും സ്യാലരും ബന്ധുക്കളും അടങ്ങിയ ഈ ജ്ഞാതിവർഗത്തെ ഞാൻ കൊല്ലുകയില്ല.’’ എന്നിട്ട് സുപ്രധാനമായ ഒരു ചോദ്യവും കൃഷ്ണനോട് ചോദിച്ചു:

*‘‘സ്വജന ധ്വംസനം ചെയ്താൽ*
*സുഖമാമോ ജനാർദ്ദന?’’*

വിഷാദവിവശതയോടെ അർജുനൻ തുടർന്നു. ‘‘രാജ്യലബ്ധിയിലുള്ള ദുരാശകൊണ്ട് ഞങ്ങൾ ബന്ധുവധത്തിന് ഒരുങ്ങിയല്ലോ. ശസ്ത്രംവെച്ചുകഴിഞ്ഞ എന്നെ ശത്രുക്കൾ ഇപ്പോൾ കൊല്ലുകയാണെങ്കിൽ അതാവും നല്ലത്.’’ ഇങ്ങനെ പറഞ്ഞുകൊണ്ട്, ‘‘യുദ്ധം തുടങ്ങാൻ നേരത്ത് വില്ലുയർത്തിപ്പിടിച്ചവനായ ആ മഹാബാഹു, തൻെറ ഏകാവലംബമായ ഗാണ്ഡീവം താഴെവെച്ചു. കണ്ണിൽ കണ്ണീർനിറഞ്ഞ് ആ യോദ്ധാവ് തേർത്തടത്തിൽ തളർന്നിരുന്നു.

യുദ്ധത്തിലെ ബന്ധുവധം കണ്ട് നിരാശയും ശോകവും ബാധിച്ച യുധിഷ്ഠിരൻെറ ആദ്യരൂപംപോലെ തോന്നും, അങ്ങനെയൊരു ബന്ധുവധം മുൻകൂട്ടിക്കണ്ട് അതേക്കുറിച്ച് വിഷാദവിവശനാകുന്ന അർജുനൻെറ ഈ ചിത്രം. ധർമപുത്രൻ ഹിംസക്കെതിരെ ഉയർത്തിയതുപോലുള്ള ദീർഘമായ ന്യായങ്ങളൊന്നും അർജുനൻ ഉയർത്തുന്നില്ല. എന്നാൽ, ബന്ധുവധം ചെയ്ത് എന്തിന് സുഖഭോഗങ്ങൾ അനുഭവിക്കണം എന്ന ചോദ്യം ധർമപുത്രനിൽ എന്നപോലെ അർജുനനിലും ഉയരുന്നുണ്ട്. അർജുനൻ പറഞ്ഞു: ‘‘മഹാനുഭാവരായ ഗുരുക്കളെ വധിക്കാതെ, ഭിക്ഷയെടുത്ത് എവിടെയെങ്കിലും ജീവിക്കുന്നതാണ് ശ്രേയസ്കരം.’’ യുദ്ധം ചെയ്തുനേടിയ രാജ്യത്തെ താൻ സ്വീകരിക്കുന്നില്ലെന്ന് ധർമപുത്രൻ പറഞ്ഞപ്പോൾ യുദ്ധം തന്നെ തനിക്ക് ആവശ്യമില്ലെന്നു പറഞ്ഞ് ഹിംസയെ അപ്പാടെ പരിത്യജിക്കുവാനാണ് കുരുക്ഷേത്രത്തിലെ അർജുനൻ ആഗ്രഹിക്കുന്നത്.

ധർമപുത്രൻെറ ശോകത്തിൽ അശോകൻെറ മുദ്ര വീണുകിടക്കുന്നതുപോലെ അർജുനൻെറ ഹിംസാവിരോധ പ്രഖ്യാപനത്തിലും അശോകൻെറ അടയാളം കാണാനാകുമെന്ന് ശെൽവനായകം എന്ന നിരൂപകൻ

പറയുന്നു. കുരുക്ഷേത്രയുദ്ധം തുടങ്ങുമ്പോ ഴത്തെ അർജുനനനും കുരുക്ഷേത്രയുദ്ധത്തി നുശേഷമുള്ള ധർമപുത്രനും ഒരേ ഹിംസാ വിരോധത്തിൻെറ മുദ്ര ഉള്ളിൽ പേറുന്നവ രാണ്. ധർമപുത്രൻെറ ശോകം തീർക്കാൻ ഭീഷ്മർ അഞ്ഞൂറുപേജുള്ള ഉപദേശംകൊണ്ടു ശ്രമിച്ചു. അതുപോലെ അർജുനൻെറ വിഷാ ദം തീർക്കാൻ കൃഷ്ണനും പതിനെട്ട് അധ്യായ മുള്ള ഭഗവദ്ഗീത ചൊല്ലിക്കൊടുത്തു. ഭീഷ്മരു ടെത് യുദ്ധം കഴിഞ്ഞു വിജനമായ പോർക്ക ളത്തിൽ വെച്ചു നൽകപ്പെട്ട ഉപദേശമായിരു ന്നുവെങ്കിൽ കൃഷ്ണൻെറത് പതിനെട്ട് അക്ഷൗ ഹിണിയുടെ പോർവിളികൾ ഉയരുന്ന ജനനി ബിഡമായ യുദ്ധഭൂമിയിൽ വെച്ചായിരുന്നു. എന്നാൽ രണ്ടുപേരുടെയും ഉപദേശങ്ങളിൽ പൊതുവായ ഒന്നുണ്ട്; ഹിംസാ വിരോധിക ളും അതുകൊണ്ട് വിയോജകരും ബൗദ്ധചി ന്തയ്ക്ക് അടിപ്പെട്ടവരുമായ രണ്ടു ക്ഷത്രിയരെ ആ വിയോജകത്വവും ഹിംസാവിരോധവും ബൗദ്ധചിന്തയും കളഞ്ഞ് ശുദ്ധീകരിച്ച്, അവ രെ ക്ഷത്രിയ കർമത്തിലേക്കും ചാതുർവർ ണ്യത്തിൻെറ യുക്തിയിലേക്കും വൈദിക ബ്രാഹ്മണ മൂല്യങ്ങളിലേക്കും മടക്കിക്കൊണ്ടു വരാനുള്ള പരിശ്രമം. ഭീഷ്മഗീത കുറേക്കൂടി സാമൂഹികമായ ഉള്ളടക്കമുള്ളതാണെങ്കിൽ കൃഷ്ണഗീത കുറെക്കൂടി ദാർശനികമായ ഉള്ളട ▶



▶ക്കം വഹിക്കുന്നതാണ്. ഭീഷ്മരുടെ മുൻഗാമിത ന്നെ കൃഷ്ണൻ.

ധർമപുത്രരുടെ ഹിംസാവിരോധ ന്യായങ്ങൾ നാസ്തികരുടേതിനു തുല്യമാണ് എന്ന് വിമർശിക്കപ്പെട്ടപ്പോൾ അർജുനന്റെ ശോകം 'അനാര്യർക്കൊത്തത്' എന്നാണ് കൃഷ്ണൻ ചൂണ്ടിക്കാട്ടുന്നത്. അർജുനന്റെ പ്രലാപത്തെ 'പ്രജ്ഞാവാദം' എന്നും കൃഷ്ണൻ വിശേഷിപ്പിക്കുന്നു. (ജ്ഞാനികളെപ്പോലെ സംസാരിക്കലാണ് പ്രജ്ഞാവാദം) കൃഷ്ണൻ തളർന്ന അർജുനനോടു പറഞ്ഞു: ''അർജുനാ, വിഷമഘട്ടത്തിൽ നിനക്കെന്താണ് ഈ അവസ്ഥ വരാൻ കാരണം? ഇത് അനാര്യർക്ക് ചേർന്നതാണ്, വെറും പ്രജ്ഞാവാദമാണ്. സ്വർഗലബ്ധിക്കോ യശസ്സിനോ പറ്റാത്തതാണ്. ഇത് ക്ലീബത്വമാണ്. അതിനാൽ തുച്ഛമായ ഹൃദയദൗർബല്യം ഉപേക്ഷിച്ച് എഴുന്നേൽക്കുക. കൃഷ്ണന്റെ ഈ വാക്കുകൾ കേട്ട് ശക്തി കൊള്ളുന്നതിനു പകരം അർജുനൻ വീണ്ടും തന്റെ ദുഃഖഹേതുവിനെപ്പറ്റി പറഞ്ഞു:

*''ഭീഷ്മദ്രോണൻമാർകളെ ഞാ-*
*നെങ്ങനെ മധുസൂദനാ*
*പോരിലമ്പെയ്തെതിർക്കേണ്ടു*
*പൂജ്യരെ, ശത്രുസൂദന?*

'പൂജ്യരായ ഈ ശത്രുക്കളെ കൊല്ലുന്നതിനെക്കാൾ നല്ലത് ഭിക്ഷാടനം ചെയ്തു ജീവിക്കലാണ്. അർഥകാമങ്ങളിൽ ആശ മൂലം ഗുരുക്കളെ വധിച്ച്, രക്തം കൂട്ടിയുള്ള ഈ ഊണ് ഞാൻ ഉണ്ണുന്നതെങ്ങനെ? (ഹത്വാർഥ കാമാംസ്തു ഗുരുനിഹൈവ, ഭുഞ്ജീയ ഭോഗാൻ രുധിര പ്രദിഗ്ധാൻ') ഏതാണ് നല്ലത് എന്ന് അറിയുന്നില്ലല്ലോ! നമ്മൾ ജയിക്കുകയോ തോൽക്കുകയോ ചെയ്യാം. ആരെ കൊന്നാൽ പിന്നെ ജീവിച്ചിരിക്കണം എന്നു തോന്നുകയില്ലയോ, അവരാണ് മുന്നിൽ നിൽക്കുന്നത്. ഞാൻ കൃപണദോഷം കൊണ്ട് സ്വന്തം സ്വഭാവം പോയി ധർമ സന്ദേഹിയായി ചോദിക്കുകയാണ്, എന്താണ് എനിക്ക് ശ്രേയസ്സ്? എന്റെ ശോകം പോക്കുന്ന ഒന്നും ഞാൻ കാണുന്നില്ലല്ലോ.'' ഇനി താൻ യുദ്ധം ചെയ്യുന്നില്ല എന്ന് അർജുനൻ തീർത്തു പറഞ്ഞു.



യുദ്ധത്തിനില്ലെന്നു പറഞ്ഞ് ആയുധം വെച്ച അർജുനനെ യുദ്ധത്തിലേക്കും സ്വധർമം വെടിയുന്ന ക്ഷത്രിയനെ വർണധർമത്തിലേക്കും പൊതുവിൽ കർമത്തെ വെടിയാൻ ആഗ്രഹിക്കുന്ന മനുഷ്യരെ സ്വകർമത്തിലേക്കും മടക്കിക്കൊണ്ടുവരാനായി കൃഷ്ണൻ അർജുനന് ഉപദേശിക്കുന്ന ഭഗവദ്ഗീതയാണ് മഹാഭാരതത്തിൽ പതിനെട്ട് അധ്യായത്തിൽ നീണ്ടുകിടക്കുന്നത്. മാനുഷനായ തേരാളിയായും, അമാനുഷനായ ഈശ്വരനായും യോഗേശ്വരനായ സർവപ്രഭുവായും കൃഷ്ണന് ഇവിടെ രൂപമാറ്റങ്ങൾ നല്കിയിട്ടുള്ളതും കാണാം. ഭഗവദ്ഗീതയിൽ ഭഗവാന്റെ ഗീതയും മനുഷ്യന്റെ ഗീതയും ഒരുമിച്ചു ചേർന്നിരിക്കുന്നു-അതിന്റെ ഒരു ഭാഗം സാമൂഹികമായ സാധൂകരണയുക്തികളാണെങ്കിൽ മറ്റേഭാഗം ആ സാമൂഹികസന്ദർഭത്തിൽനിന്ന് അഴിച്ചെടുത്ത് മറ്റു സന്ദർഭങ്ങളിലും ഉപയോഗിക്കാൻ പറ്റുന്ന പൊതുവായ ദാർശനിക തത്ത്വങ്ങൾ ആണ്.

കൃഷ്ണന്റെ ദീർഘവും ഗഹനവുമായ ഉപദേശങ്ങളെ സംഗ്രഹിക്കാൻ ആവില്ലെങ്കിലും അവയിലടങ്ങിയ വാദഗതികളെ നമുക്കു പിന്തുടരാൻ കഴിയും. അതിൽ ആദ്യത്തെത്, അർജുനന്റെ ശോകത്തിന് എതിരായ വാ

ദമുഖമാണ്. ആളുകളെ കൊല്ലുന്നതിലുള്ള വിഷമമാണല്ലോ അർജുനന് ദുഃഖകാരണമായി വന്നത്. ഇതിന്നുള്ള മറുപടിയായി കൃഷ്ണൻ പറഞ്ഞു: ''അശോച്യരെക്കുറിച്ച് ശോചിക്കരുത്. ജീവിച്ചിരിക്കുന്നവരെപ്പറ്റിയോ ജീവിതം പോയവരെപ്പറ്റിയോ ശോചിക്കേണ്ടതില്ല. കാരണം ഞാനും നീയും ഇല്ലാതിരുന്നിട്ടില്ല, ഇനി ഇല്ലാതാകാനും പോകുന്നില്ല. ഇല്ലാത്തത് ഉണ്ടാവുകയോ ഉള്ളത് ഇല്ലാതാകുകയോ ചെയ്യാത്ത നിത്യത്വമാണ് നമുക്കുള്ളത്. അതിനാൽ ക്ഷയിക്കാത്ത ഒന്നിനെ ക്ഷയിപ്പിക്കാൻ ആർക്കും കഴിയുകയില്ല. ഇവിടെ നാം കൊല്ലുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നില്ല. ആത്മാവ് പഴയ ജീർണവസ്ത്രങ്ങൾ മാറ്റി പുതിയ വസ്ത്രങ്ങൾ ധരിക്കുകയേ ചെയ്യുന്നുള്ളൂ. ആയുധത്തിന് മുറിവേൽപ്പിക്കാനോ, അഗ്നിക്കു ദഹിപ്പിക്കാനോ വെള്ളത്തിന് നനയ്ക്കാനോ വായുവിന് ശോഷിപ്പിക്കാനോ കഴിയാത്തതാണ് ആത്മാവ്. ആത്മാവ് ഹനിക്കപ്പെടുന്നില്ല എന്നതുകൊണ്ടുതന്നെ നീ ഇവിടെ അന്യനെ വധിക്കുന്നതേയില്ല. അതോർത്തു നീ ദുഃഖിക്കേണ്ടതുമില്ല. വധമോ ഹിംസയോ യഥാർഥത്തിൽ സംഭവിക്കുന്നില്ല. ലോകത്തിൽ ഹിംസ എന്ന സംവർഗത്തെത്തന്നെ താർക്കികമായി അസാധ്യമാക്കുന്ന ആത്മവാദത്തിൻെറ മെറ്റാഫിസിക്സ് ആണ് കൃഷ്ണൻ ഇവിടെ മുന്നോട്ടുവെക്കുന്നത്. അതോടെ അർജുനൻ ഉന്നയിക്കുന്ന ഹിംസ എന്ന സുപ്രധാനമായ ദുഃഖകാരണത്തെ കൃഷ്ണൻ ദാർശനികമായി തിരസ്കരിച്ചു കഴിഞ്ഞു.

ഇനി വരുന്നത് അർജുനൻെറ സ്വധർമവുമായി ബന്ധപ്പെട്ട ചോദ്യമാണ്. ആത്മതത്ത്വം പോലുള്ള ദാർശനികയുക്തി കൊണ്ടല്ല വെറും ലോകധർമത്തിൻെറ യുക്തി ഉന്നയിച്ചുകൊണ്ട് കൃഷ്ണൻ അതിനു മറുപടി പറഞ്ഞു: ''സ്വധർമം എന്ത് എന്ന് മനസ്സിലാക്കി നീ മനസ്സിൻെറ ചാഞ്ചല്യം കൈവിടുക. സ്വധർമമനുസരിച്ചുള്ള കൃത്യം ചെയ്യുന്നതിനെക്കാൾ വലിയ നന്മ രാജാവിന് കൈവരാനില്ല. മറിച്ച്, ധർമമായ ഈ യുദ്ധം ഒഴിവാക്കിയാൽ നീ യശസ്സു കെട്ട് പാപിയായി തീരും. നീ പേടിച്ച് യുദ്ധത്തിൽനിന്ന് പിന്മാറി എന്നേ മഹാരഥന്മാർ ധരിക്കുകയുള്ളൂ. നിൻെറ യുദ്ധവൈദഗ്ധ്യത്തെ അവർ നിന്ദിക്കും. അതിനെക്കാൾ ദുഃഖകരമായി എന്തുണ്ട്? മരിച്ചാൽ സ്വർഗവും ജയിച്ചാൽ ഭൂമിയും നിനക്കു ലഭിക്കും. അതിനാൽ, അർജുനാ, നീ യുദ്ധത്തിന് ഒരുങ്ങുക.

ദാർശനികമായ ആത്മതത്ത്വത്തിൽനിന്ന് നിന്ദാഭയം, യശസ്സ്, സ്വർഗലബ്ധി തുടങ്ങിയവയെ പരാമർശിക്കുന്ന ലൗകിക യുക്തിയിലേക്കാണ് കൃഷ്ണൻ പിന്നീട് വരുന്നത്. ഭഗവദ്ഗീതയുടെ അവസാന അധ്യായമായ 'മോക്ഷസന്ന്യാസയോഗ'ത്തിൽ ലൗകികമായ ഈ യുക്തി, ചാതുർവർണ്യത്തെ സാധൂകരിക്കുന്ന വാക്കുകളായി, ആവർത്തിക്കുന്നതുകാണാം.

**യുദ്ധത്തിനില്ലെന്നു പറഞ്ഞ് ആയുധം വെച്ച അർജുനനെ യുദ്ധത്തിലേക്കും സ്വധർമം വെടിയുന്ന ക്ഷത്രിയനെ വർണധർമത്തിലേക്കും പൊതുവിൽ കർമത്തെ വെടിയാൻ ആഗ്രഹിക്കുന്ന മനുഷ്യരെ സ്വകർമത്തിലേക്കും മടക്കിക്കൊണ്ടുവരാനായി കൃഷ്ണൻ അർജുനന് ഉപദേശിക്കുന്ന ഭഗവദ്ഗീതയാണ് മഹാഭാരതത്തിൽ പതിനെട്ട് അധ്യായത്തിൽ നീണ്ടുകിടക്കുന്നത്.**

ഭഗവദ്ഗീതയുടെ തുടക്കത്തിലും ഒടുക്കത്തിലും ഉള്ള ഈ ലൗകിക യുക്തികളുടെ നടുക്കാണ് കർമം, യോഗം, ജ്ഞാനം, ഭക്തി എന്നിവയെക്കുറിച്ചുള്ള ദാർശനിക യുക്തികൾ കൃഷ്ണൻ അവതരിപ്പിക്കുന്നത്. അത്തരം ദാർശനികയുക്തികളുടെ ആരംഭബിന്ദുവും സ്വധർമത്തെക്കുറിച്ചുള്ള ലൗകിക ന്യായങ്ങൾ തന്നെ. ക്ഷത്രിയൻ എന്ന നിലയ്ക്ക് യുദ്ധമാണ് അർജുനൻെറ സ്വധർമ കർമം. എന്നാൽ അത് വ്യക്തിപരമായി അദ്ദേഹത്തിന് ദുഃഖമുണ്ടാക്കുന്നതും അതുകൊണ്ട് വർജ്യവും ആണ്. അങ്ങനെ സ്വന്തം കർമം ദുഃഖകരവും വർജ്യവുമായി അനുഭവപ്പെടുമ്പോൾ അയാൾ ആ കർമം എങ്ങനെ അനുഷ്ഠിക്കും? ഈ അവസ്ഥയിൽ– അന്യവത്കരണത്തിൻെറ ഒരുവസ്ഥയാണിത്– വേണ്ടത് മാനസികമായ ഒരു നിലമാറ്റമാണ് എന്ന് കൃഷ്ണൻ പറയുന്നു. ''സ്വന്തം കർമം ചെയ്യുക. നീ ആ കർമത്തിൻെറ മാത്രം അധികാരിയാണ്, അതുണ്ടാക്കുന്ന ഫലങ്ങളുടെയല്ല എന്ന വിചാരത്തോടെ. ആ ഫലങ്ങളിൽ ആശവെക്കുകയും അരുത്. (കർമണ്യേവാധികാരസ്തേ, മാ ഫലേഷു കദാചന) അതിനാൽ കർമത്തിൽ ശ്രദ്ധവെച്ചും അതിൻെറ ഫലങ്ങളിൽ ആശവെടിഞ്ഞും അനാസക്തനായി അത് അനുഷ്ഠിക്കുകയാണ് വേണ്ടത്. കർമത്തിനോട് ഒട്ടിപ്പിടിക്കാതെ, അതിനോട് സംഗമില്ലാതെ, യോഗസ്ഥനായി, ആ കർമം ചെയ്യുക. സിദ്ധിയിലും അസിദ്ധിയിലും സമബുദ്ധിയായിരിക്കുന്നതാണ് യോഗാവസ്ഥ– യോഗം എന്നാൽതന്നെയും കർമം ശരിയായി ചെയ്യലാണ്– യോഗം കർമസു കൗശലം''. യോഗാവസ്ഥ എന്ന ഈ അവസ്ഥയിൽ കർമം ചെയ്താൽ, ആ കർമത്തിൻെറ ഫലങ്ങൾ പുണ്യപാപങ്ങളായി നമ്മെ സ്പർശിക്കുകയില്ലെന്ന് കൃഷ്ണൻ പറഞ്ഞു. ''മനസ്സിലെ ആഗ്രഹങ്ങൾ വെടിയുക. ദുഃഖത്തിൽ ഉൾനടുങ്ങാതെയും സുഖത്തിൽ കൊതിപുരളാതെയും രാഗദ്വേഷങ്ങൾ ഇല്ലാതെയായവനാണ് മുനി.'' അന്യവത്കരണത്തിൻെറ എല്ലാ സന്ദർഭങ്ങളിലും ഉപയോഗിക്കാവുന്ന ഈ കർമതത്ത്വത്തെ തുടർന്ന് നിർദ്വന്ദ്വത എന്ന ആശയവും കൃഷ്ണൻ വിശദീകരിച്ചു: ''ശുഭാശുഭങ്ങൾ അനുഭവിച്ചാലും അവയെ കൊണ്ടാടുകയോ വെറുക്കുകയോ ചെയ്യാതെ കർമം ചെയ്യുന്നവനാണ് പ്രജ്ഞ ഉറച്ചവൻ.'' ''ഇന്ദ്രിയങ്ങളുടെ പിന്നാലെ പോകാതെ ആമ കൈയും കാലും തലയും ഉള്ളിലേക്ക് വലിക്കുംപോലെ ഇന്ദ്രിയങ്ങൾ അടക്കിയവനാണ് പ്രജ്ഞ ഉറച്ചവൻ.'' തുടർന്ന് ആ കർമയോഗത്തിൽനിന്ന് ജ്ഞാനഭക്തിമാർഗ സന്ന്യാസങ്ങളിലേക്ക് കൃഷ്ണൻ സഞ്ചരിക്കുന്നു.

പതിനേഴ് അധ്യായങ്ങളിലൂടെയുള്ള ആ ദാർശനിക സഞ്ചാരം കഴിഞ്ഞ് കൃഷ്ണൻ പതിനെട്ടാം അധ്യായമായ മോക്ഷസന്ന്യാസയോഗത്തിൽ എത്തുമ്പോൾ വീണ്ടും ലൗകികയുക്തിയിലേക്ക്, വർണധർമം അനുഷ്ഠിക്കേ ▶

ണ്ടതിന്റെ ആവശ്യകതയിലേക്ക്, എത്തിച്ചേരുന്നു. അതിന്റെ ആമുഖമായി താൻ ചാതുർവർണ്യത്തിന്റെ സ്രഷ്ടാവാണ് എന്ന് നേരത്തേ അദ്ദേഹം പറഞ്ഞുവെച്ചതുമാണ്. 'ചാതുർവർണ്യം മയാസൃഷ്ടം, ഗുണകർമവിഭാഗശഃ'. ചാതുർവർണ്യത്തിന്റെ മാത്രമല്ല, മുഴുവൻ ലോകത്തിന്റെയും ജഗത്തിന്റെതന്നെയും സ്രഷ്ടാവാണ് താൻ എന്ന് വിശ്വരൂപം കാട്ടിക്കൊണ്ട് അദ്ദേഹം അർജുനന് പിന്നീട് വ്യക്തമാക്കുന്നും ഉണ്ട്. സമൂഹത്തിന്റെയും ലോകത്തിന്റെയും ജഗത്തിന്റെയും സ്രഷ്ടാവാകയാൽ സർവാധികാരിയായ കൃഷ്ണന്റെ ഉപദേശങ്ങൾക്കുള്ള സ്വീകാര്യത ഇവിടെ പൂർണമാവുകയാണ്. ഭീഷ്മർ ചാതുർവർണ്യത്തെ സാധൂകരിക്കുകയേ ചെയ്യുന്നുള്ളു; താൻ അതിന്റെ സ്രഷ്ടാവാണെന്ന് പറയുന്നില്ല. എന്നാൽ കൃഷ്ണന്റെ വാക്കുകളിൽ സ്രഷ്ടാവുതന്നെ നേരിട്ടുവന്ന് സൃഷ്ടിയെ സാധൂകരിക്കുകയാണ്.

ഭീഷ്മരെപ്പോലെ കൃഷ്ണനും ചാതുർവർണ്യത്തിൽ ഉൾപ്പെട്ട നാല് വർണത്തിന്റെയും ധർമം എന്ത് എന്ന് ആമുഖമായി പറയുന്നുണ്ട്. ആദ്യം ബ്രാഹ്മണന്റെ ധർമം വിവരിക്കുന്നു:

*ശമം ദമം തപം ശൗചം*
*ക്ഷാന്തിയാർജവമിങ്ങനെ*
*ജ്ഞാനം, വിജ്ഞാന, മാസ്തിക്യം*
*ബ്രഹ്മകർമം സ്വഭാവജം'*

എന്നാണ് ബ്രാഹ്മണകർമത്തെ വിവരിക്കുന്നത്. ക്ഷത്രിയന്റെയോ?

*ശൗര്യം തേജസ്സു ധൃതിതാൻ*
*ദാക്ഷ്യം പോർക്കൊഴിയായ്മയും*
*ദാനം ദൈവവിചാരം താൻ*
*ക്ഷത്രകർമം സ്വഭാവജം....*

മൂന്നാമതായി വരുന്നത് വൈശ്യകർമമാണ്.

*കൃഷി പൈമേക്കൽ കച്ചോടം*
*വൈശ്യകർമം സ്വഭാവജം*

അവസാനത്തെ പടവിൽ നിൽക്കുന്ന ശൂദ്രന്റെ കർമം ശുശ്രൂഷണംതന്നെ.

*ശുശ്രൂഷയെന്നുള്ള കർമം*
*ശൂദ്രനും തൻ സ്വഭാവജം*

ഇങ്ങനെ നാലു വർണത്തിന് നാലാണ് ധർമം. തന്റെ വർണധർമത്തിൽ പൂർണശ്രദ്ധയോടെ അത് അനുഷ്ഠിക്കുന്നവരാണ് സിദ്ധി നേടുന്നത്.

*''തൻ തൻ കർമശ്രദ്ധയുള്ളോൻ*
*സിദ്ധി നേടീടുമേപരം.*
*സ്വധർമനിഷ്ഠനും സിദ്ധി*
*കിട്ടും.''*

അന്യമായ വർണത്തിന്റെ കർമം, അത് എത്ര കേമമായാലും അത് ചെയ്യാതെ സ്വന്തം കർമം അതെത്രമോശമായാലും ചെയ്യലാണ് ശ്രേഷ്ഠം.

*പരധർമം ചെയ്‌വതേക്കാൾ*
*സ്വധർമം വിഗുണം ഗുണം.*

**അർജുനൻ സമാശ്വാസം നേടി ഇങ്ങനെ പറഞ്ഞു: ''ഹേ കൃഷ്ണ, നിന്റെ പ്രസാദം മൂലം എന്റെ മോഹാലസ്യം തീർന്നിരിക്കുന്നു. ഓർമ തിരിച്ചുകിട്ടിയിരിക്കുന്നു.'' എന്നിട്ട് തന്റെ തീരുമാനം പ്രഖ്യാപിക്കുകയും ചെയ്തു: ''നീ പറഞ്ഞ പ്രകാരം ഞാൻ യുദ്ധം ചെയ്യുക തന്നെയാണ് -കരിഷ്യേ വചനം തവ.''**

കർമമാകട്ടെ സഹജമാണ്- അത് ജനനത്തോടുകൂടി ഓരോരുത്തർക്കും ലഭിക്കുന്നു.

*'കൗന്തേയ സഹജംകർമം,*
*വിടൊല്ലാ ദുഷ്ടമാകിലും.*

ചിലപ്പോൾ അത് ദുഷ്ടമായി എന്നുവരാം, എന്നാലും അതിനെ കൈവിടരുത്. തീർത്തും ദോഷമില്ലാത്തതായി ഒരു കർമവും ലോകത്തിൽ ഇല്ല. തീയോടു പുകപോലെ ഓരോ കർമത്തിനോടും അതിന്റെ ദോഷവും ലയിച്ചിരിപ്പുണ്ട്.

*'ദോഷം കർമത്തിലുണ്ടെന്നും*
*തീയിൽ പുകകണക്കിനെ.'*

കർമത്തിന്റെ ഈ ദോഷവശത്തിലും ഗുണവശത്തിലും മനസ്സ് ഒട്ടിപ്പിടിക്കാതെ, അനാസക്ത ബുദ്ധിയായി, സ്വയം ജയിച്ചവനായി, കർമത്തെ അനുഷ്ഠിക്കുകയാണ് വേണ്ടത്. ഈ അവസ്ഥ, ഇതിനെ നൈഷ്കർമ്യസിദ്ധി എന്നുപറയാം, സന്ന്യാസംകൊണ്ട് നേടാവുന്നതാണ്. വിശുദ്ധമായ ഈ ബുദ്ധിയോടുകൂടി, രാഗദ്വേഷങ്ങളെ അടക്കി, നിർദ്വന്ദ്വനായി, അഹങ്കാര ബലഗർവങ്ങളെല്ലാം വെടിഞ്ഞ് നിർമമനും ശാന്തനുമായി കർമം ചെയ്യുക.'' മാത്രമല്ല, അർജുനൻ യുദ്ധംചെയ്യുകയില്ലെന്നു പറയുന്നത് മറ്റൊരു കാരണത്താലും തെറ്റാണെന്ന്, ദാർശനികമായ വേറൊരു കാരണംകൂടി പറഞ്ഞ് കൃഷ്ണൻ സമർഥിക്കുകയും ചെയ്യുന്നുണ്ട്. ''നീ യുദ്ധം ചെയ്യില്ലെന്ന് പറയുന്നത് അഹങ്കാരംകൊണ്ടാണ്. അഹങ്കാരംകൊണ്ട് ഞാൻ യുദ്ധംചെയ്യില്ല എന്ന നിന്റെ നിശ്ചയം വെറുതെയാണ്. സ്വഭാവഗുണം നിന്നെ യുദ്ധം ചെയ്യിക്കുകതന്നെ ചെയ്യും. സ്വഭാവത്തിൽനിന്ന് ഉളവായ സ്വകർമത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്ന നീ, വ്യാമോഹംമൂലം യാതൊന്നു ചെയ്യാൻ ആഗ്രഹിക്കുന്നില്ലയോ, ആ യുദ്ധത്തെ ചെയ്യേണ്ടതായിത്തന്നെവരും. ഈശ്വരൻ, യന്ത്രത്തിൽ ഏറ്റപ്പെട്ടവയെന്നപോലുള്ള ജീവജാലങ്ങളെ ഭ്രമണം ചെയ്യിച്ചുകൊണ്ട് സകല പ്രാണികളുടെയും ഹൃദയത്തിൽ വസിക്കുന്നു.'' എന്നിട്ട്, ആ ഈശ്വരൻ തന്നെയാണ് താൻ എന്ന് നേരത്തേ വ്യക്തമാക്കിയ സർവാധികാരിയും സർവഹേതുവുമായ കൃഷ്ണൻ സുപ്രധാനമായ ഒരു തത്ത്വവുംകൂടി പറഞ്ഞു. ''ആ ഈശ്വരനെ ശരണംപ്രാപിക്കുക. എല്ലാ ധർമങ്ങളും ഉപേക്ഷിച്ച് എന്നെത്തന്നെ ശരണം പ്രാപിക്കുക. ഞാൻ നിന്നെ എല്ലാ പാപങ്ങളിൽനിന്നും മോചിപ്പിക്കും. നീ ദുഃഖിക്കേണ്ട.

ഭക്തന് ഈശ്വരൻ നൽകുന്ന വരമായ ഈ വാക്കുകൾകൂടി ശ്രവിച്ചതോടെ അർജുനൻ സമാശ്വാസം നേടി ഇങ്ങനെ പറഞ്ഞു: ''ഹേ കൃഷ്ണ, നിന്റെ പ്രസാദം മൂലം എന്റെ മോഹാലസ്യം തീർന്നിരിക്കുന്നു. ഓർമ തിരിച്ചുകിട്ടിയിരിക്കുന്നു.'' എന്നിട്ട് തന്റെ തീരുമാനം പ്രഖ്യാപിക്കുകയും ചെയ്തു: ''നീ പറഞ്ഞ പ്രകാരം ഞാൻ യുദ്ധം ചെയ്യുക തന്നെയാണ്-കരിഷ്യേ വചനം തവ.''

ഭീഷ്മരുടെ ഉപദേശം സ്വീകരിച്ച് ധർമപുത്രൻ രാജ്യഭരണം ഏറ്റെടുത്തതുപോലെ അർജുനനും കൃഷ്ണന്റെ ഉപദേശം സ്വീകരിച്ച് വർണധർമമായ യുദ്ധം ഏറ്റെടുക്കുകതന്നെ ചെയ്തു. ധർമപുത്രനും ഈ ഘട്ടത്തിലെ അർജുനനും വിശാലമായ അർഥത്തിൽ ബുദ്ധധർമത്തിന്റെ സ്വാധീനംകൊണ്ട് രൂപവത്കരിക്കപ്പെട്ട കഥാപാത്രങ്ങളാണ്. രണ്ടുപേരും അശോകന്റെ ശോകം അനുഭവിക്കുന്നു, രണ്ടുപേരെയും അശോകൻ വീണുപോയ ബുദ്ധധർമത്തിലേക്ക് വീണുപോകാതെ വൈദികബ്രാഹ്മണമതം സംരക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഭഗവദ്ഗീതയെക്കുറിച്ച് ഡോ. അംബേദ്കർ എഴുതിയ '*Krishna and his Gita*' എന്ന പ്രബന്ധത്തിൽ, വൈദികബ്രാഹ്മണമതത്തിന്റെ തത്ത്വങ്ങളെ ബുദ്ധദർശനത്തിന്റെ ആക്രമണത്തിൽനിന്ന് സംരക്ഷിക്കാനാണ് ഭഗവദ്ഗീത എഴുതപ്പെട്ടതെന്ന് ചൂണ്ടിക്കാട്ടുന്നുണ്ട് (Ambedkar, P.196). കൃഷ്ണന്റെ യുക്തികൾ എളുപ്പം ഖണ്ഡിക്കാവുന്ന വിധം ബാലിശമാണെന്ന് നിയമജ്ഞനായ അദ്ദേഹം വിലയിരുത്തുകയും ചെയ്യുന്നു. കൃഷ്ണനും ഭീഷ്മരും വ്യാസനും ഊന്നിനിൽക്കുന്നത്, ബൗദ്ധധർമത്തിനെതിരേ വൈദികബ്രാഹ്മണമതത്തിന്റെ സാധൂകരണത്തിലാണ്. നേരത്തേ വ്യാസൻ പാണ്ഡവരുടെ ജയത്തെയും ധർമ്മപുത്രരെയും എങ്ങനെ സാധൂകരിച്ചുവോ അതേ മട്ടിൽ, ധർമപുത്രരുടെയും അർജുനന്റെയും ബൗദ്ധനിലപാടുകൾക്കെതിരേ വൈദികബ്രാഹ്മണമതത്തിന്റെ ചാതുർവർണ്യതത്ത്വങ്ങളെ കൃഷ്ണനും ഭീഷ്മരും സാധൂകരിക്കുന്നു. മഹാഭാരതം ദുര്യോധനാദികൾക്കെതിരായ യുദ്ധത്തിൽ പാണ്ഡവർ നേടിയ ജയത്തിന്റെ കഥ മാത്രമല്ല, ഒരുകാലത്ത് ശക്തമായ വിയോജകസ്വരമായി ഉയർന്ന ബുദ്ധദർശനത്തിനെതിരായ യുദ്ധത്തിൽ വൈദികബ്രാഹ്മണമതം നേടിയ ജയത്തിന്റെ കഥകൂടിയാണ്. അപ്പോഴാണല്ലോ ഒരു സൈനികവിജയം പ്രത്യയശാസ്ത്രപരമായ വിജയം കൂടിയായി പൂർത്തിനേടുന്നത്.

ആ ജയത്തെ പ്രതീകാത്മകമായി കുറിക്കുന്ന ഒരു സന്ദർഭവും മഹാഭാരതത്തിലുണ്ട്. ശാന്തിപർവത്തിലെ മുപ്പത്തിയേഴാം അധ്യായത്തിലാണത്. യുദ്ധം ജയിച്ച് ധർമപുത്രൻ തന്റെ ശോകാവേഗങ്ങളിൽനിന്ന് മുക്തനായി ശത്രുക്കളില്ലാത്ത ഹസ്തിനപുരിയിലേക്ക് പ്രവേശിക്കുകയാണ്. ആഡംബരപൂർവമായിരുന്നു ധർമപുത്രരുടെ പരിവാരസമേതമുള്ള ആ നഗരപ്രവേശം. ആയിരക്കണക്കിന് പുംജനങ്ങൾ അദ്ദേഹത്തെ പിന്തുടർന്നു. ധൃതരാഷ്ട്രനെയും ഗാന്ധാരിയെയും ഒരു തേരിൽ മുമ്പാക്കി കംബളം വിരിച്ച വെള്ളത്തേരിൽ ധർമപുത്രൻ കയറിയിരുന്നു. പതിനാറ് വെള്ളക്കുതിരകൾ തേർ വലിച്ചു. ഭീമൻ കടിഞ്ഞാൺ പിടിച്ചുനിന്നു. അർജുനൻ വെൺകൊറ്റക്കുട ഉയർത്തി. നകുലസഹദേവന്മാർ വെഞ്ചാമരം വീശി. ദേഹാലങ്കാർ അണിഞ്ഞ ആ അഞ്ച് വീരന്മാരെ കാണികൾ പഞ്ചഭൂതങ്ങളെപ്പോലെ ദർശിച്ചു. ശൈബ്യം, സുഗ്രീവം എന്നീ കുതിരകളെ പൂട്ടിയ മറ്റൊരു വെള്ളത്തേരിൽ കൃഷ്ണൻ സാത്യകിയോടൊപ്പം അവരെ പിന്തുടർന്നു. പാണ്ഡവപത്നിയായ കൃഷ്ണയും കുന്തിയും മറ്റ് സ്ത്രീകളും വേറെ വേറെ തേരുകളിൽ അവർക്ക് പിന്നിൽ സഞ്ചരിച്ച അവർക്കും പിന്നിൽ കാലാളും കുതിരപ്പടയും. മാഗധരും സൂതരും ധർമപുത്രന്റെ ജയത്തെയും മഹിമയെയും വാഴ്ത്തിക്കൊണ്ടിരുന്നു. പുരജനങ്ങൾ ആഹ്ലാദഭരിതരായി ഒപ്പം നടന്നു. ശോഭനമായ രാജമന്ദിരത്തിലേക്ക് പുരജനങ്ങളുടെ സ്തോത്രങ്ങൾ കേട്ട് യുധിഷ്ഠിരൻ പ്രവേശിച്ചു.

**ഭഗവദ്ഗീതയെക്കുറിച്ച് ഡോ. അംബേദ്കർ എഴുതിയ 'Krishna and his Gita' എന്ന പ്രബന്ധത്തിൽ, വൈദികബ്രാഹ്മണമതത്തിന്റെ തത്ത്വങ്ങളെ ബുദ്ധദർശനത്തിന്റെ ആക്രമണത്തിൽനിന്ന് സംരക്ഷിക്കാനാണ് ഭഗവദ്ഗീത എഴുതപ്പെട്ടതെന്ന് ചൂണ്ടിക്കാട്ടുന്നുണ്ട്**

എന്നാൽ ആ ജനങ്ങളിൽ ഒരാൾ മാത്രം ആ ജയാരവത്തിൽ പങ്കുചേരാതെ മാറിനിന്നു. ഭിക്ഷുവേഷം ധരിച്ച ഒരു ചാർവാകൻ ആയിരുന്നു അത്. 'ഭിക്ഷുവേഷം ധരിച്ചവനും രുദ്രാക്ഷം, കുടുമാദണ്ഡ് എന്നിവ ധരിച്ചവനും യാതൊരു കൂസലും ഇല്ലാത്ത ധൃഷ്ടനും' എന്നാണ് ആ ചാർവാകനെ മഹാഭാരതം വിശേഷിപ്പിക്കുന്നത്. ഒരു ചാർവാകൻ കഥാപാത്രമായി മഹാഭാരതത്തിൽ വരുന്ന ഏക സന്ദർഭവും ഇതാണ്. മറ്റെല്ലാവരും ധർമപുത്രന്റെ ▶



▶ജയത്തെയും ധർമശീലത്തെയും ഘോഷിച്ചപ്പോൾ ഈ ചാർവാകൻ മാത്രം 'ധർമപുത്രർക്ക് അഘം ഉരയ്ക്കുന്നവനായി' (അദ്ദേഹത്തിന്റെ കുറ്റം വിളിച്ചുപറയുന്നവൻ ആയി) ഒറ്റയ്ക്കു നിന്നു. വിജയിയായി നഗരത്തിലേക്കു കയറിയ യുധിഷ്ഠിരനോട് ചാർവാകൻ ഉറക്കെ വിളിച്ചുപറഞ്ഞു: ''ഇവിടെ കൂടിയ എല്ലാ ബ്രാഹ്മണരുടെയും വാക്കാണ് ഞാൻ പറയുന്നത്'', ചാർവാകൻ തുടർന്നു, ''കൗന്തേയ, മഹാരാജാവായ അങ്ങ് സത്യത്തിൽ ജ്ഞാതിഘാതകനാണ്, ഉറ്റ ബന്ധുക്കളെ കൊന്നവനാണ്. അതുകൊണ്ട് എന്നും നിന്ദിക്കപ്പെടേണ്ടവനാണ്. കുന്തീപുത്രാ, ജ്ഞാതിവധം ചെയ്തവൻ, ഗുരുജനങ്ങളെയും ബന്ധുക്കളെയും കൊന്നവൻ, ജീവിക്കുകയല്ല, മരിക്കുകയാണ് വേണ്ടത്.''

*ഈ വിപ്രരൊക്കെച്ചൊല്ലുന്നു,*
*വാക്കിതെന്റെ മുഖാന്തരം*
*ജ്ഞാതിഘ്നൻ നീ, നൃപതി നീ*
*നിന്ദ്യനായ്ത്തീരുമെന്നു താൻ*
*കൗന്തേയ, ജ്ഞാതിനിധന-*
*മിതു ചെയ്തവനെന്തിനോ*
*ഗുരുക്കളെ കൊല്ലിച്ചു, ചാക*
*നല്ലൂ ജീവിക്കയല്ലിഹ*
*(ശാന്തി 38. 27)*

**ചാർവാകന്മാർ, ബൗദ്ധന്മാർ, ജൈനന്മാർ, ആജീവകന്മാർ എന്നിങ്ങനെയുള്ള വിയോജകർക്ക് പിന്തുണ നൽകിയ ഭരണകൂടമായിരുന്നു മൗര്യന്മാരുടേത്. ആ മൗര്യവംശത്തിലെ അവസാനത്തെ രാജാവായ ബൃഹദ്രഥനെ വധിച്ച് അദ്ദേഹത്തിന്റെ സേനാനായകനും ബ്രാഹ്മണനുമായ പുഷ്യമിത്രൻ അധികാരത്തിലേറിയതിന്റെ ഒരു പ്രതീകാത്മക വിവരണം കൂടിയാവാം ഇത്.**



ധൃഷ്ടനും കൂസലില്ലാത്തവനുമായ ആ ചാർവാകൻ ഇങ്ങനെ പറയുന്നതു കേട്ട് അവിടെ കൂടിയ ബ്രാഹ്മണരെല്ലാം നിശ്ശബ്ദരായിപ്പോയി. ചാർവാകന്റെ വാക്ക് അവരെ 'പ്രധർഷിത'രാക്കി, ആക്രമിച്ചവശരാക്കി. യുധിഷ്ഠിരമഹാരാജാവിനെയും അത് നാണക്കേടിലാഴ്ത്തി. അദ്ദേഹം ആ ബ്രാഹ്മണരോടൊപ്പം ഒന്നും മിണ്ടാൻ കഴിയാതെ നിന്നു.

*ഉടനെല്ലാ ബ്രാഹ്മണരു-*
*മാ യുധിഷ്ഠിരഭൂപനും*
*നാണിച്ചുദ്വേഗമാർന്നൊന്നും*
*മിണ്ടാതായ് നിന്നു മന്നവ'*
*(ശാന്തി 38. 28)*

യുധിഷ്ഠിരൻ അതിയായ നാണക്കേടിൽ വീണ്ടും ദുഃഖത്തിലേക്കു വീഴുകയായി. അവിടെ കൂടിയ എല്ലാ ബ്രാഹ്മണരോടുമായി (അവരുടെ വാക്കാണ് താൻ പറയുന്നത് എന്നാണല്ലോ ചാർവാകൻ അവകാശപ്പെട്ടത്) അദ്ദേഹം കേണപേക്ഷിച്ചു: ''കൈകൂപ്പിനിന്ന് ഞാൻ നിങ്ങളോടു യാചിക്കുകയാണ്. എന്നിൽ ഭവാൻമാർ പ്രസാദിക്കേണമേ. ദുഃഖിതനായ എന്നെ നിങ്ങൾ ധിക്കരിക്കരുതേ.''

കൈകൂപ്പിനിന്ന ധർമപുത്രന്റെ യാചന ആ ബ്രാഹ്മണർ കേൾക്കുകതന്നെ ചെയ്തു. അവർ ആദ്യം ചെയ്തത്, ചാർവാകന്റെ വാക്ക് തങ്ങളുടേതല്ല എന്നു വ്യക്തമാക്കുകയാണ്. ''ഇതു ഞങ്ങൾ പറയുന്ന വാക്കേ അല്ല രാജാവേ. അങ്ങേയ്ക്ക് ഐശ്വര്യം വരികതന്നെ ചെയ്യും'' എന്നുമാത്രമല്ല 'മഹാത്മാക്കളായ' (എന്നു വിശേഷണം) ആ ബ്രാഹ്മണർ ഭിക്ഷുവേഷധാരിയായ ആ ചാർവാകൻ ആരെന്ന് ജ്ഞാനദൃഷ്ടികൊണ്ട് കണ്ടറിയുകയും ചെയ്തു. എന്നിട്ട് ധർമപുത്രരോടു പറഞ്ഞു ''ഇവൻ ദുര്യോധനനു പ്രിയപ്പെട്ടവനാണ്. ചാർവാകൻ എന്നു പേരുള്ള രാക്ഷസനാണ്. സന്ന്യാസിയുടെ രൂപത്തിൽ വന്ന് ദുര്യോധനന് ഹിതമായത് ചെയ്യാൻ ആലോചിക്കുന്നവനാണ്. ഇവൻ പറഞ്ഞപോലെ ഒരു വാക്കും ഞങ്ങൾ പറഞ്ഞിട്ടില്ല. ധർമശീലനായ രാജാവേ, അങ്ങ് പേടിക്കാതിരിക്കുക. സഹോദരന്മാരോടുകൂടിയ അങ്ങേക്ക് മംഗളം വന്നുചേരുകതന്നെ ചെയ്യും.

*''ദുര്യോധന പ്രിയനിവൻ*
*ചാർവാകാഭിധ രാക്ഷസൻ*
*സംന്യാസിയായി വന്നവന്നു,*
*ഹിതം ചെയ്യാൻ നിനക്കയാം*
*ഞങ്ങൾ ചൊല്ലീട്ടില്ല, ധർമ-*
*ശീല, പേടിച്ചിടായ്ക നീ*
*ഭ്രാതാക്കളോടൊത്തങ്ങക്കു*
*കല്യാണം വന്നുകൂടുമേ''*
(ശാന്തി 38.34)

'ദുഷ്ടൻ പാണ്ഡുപുത്രന്മാർക്കഘമുരപ്പവൻ എന്നിങ്ങനെ ചാർവാകനെ അപലപിക്കുന്നുണ്ട്, വൈശമ്പായനനും. ബ്രാഹ്മണരെ മഹാത്മാക്കൾ എന്നും വിശേഷിപ്പിക്കുന്നു. ആ ബ്രാഹ്മണരാകട്ടെ ധർമപുത്രന്റെ

അപേക്ഷ കേട്ട് ചാർവാകനിൽ കോപാവേശം പൂണ്ടവരായി. ഹുംകാരം പുറപ്പെടുവിച്ചും ഉറക്കെ ഭർത്സിച്ചും അവർ ചാർവാകൻെറ നേരെ പാഞ്ഞടുത്തു. അവരെല്ലാവരും ചേർന്ന് അയാളെ കൊന്നു. ''ബ്രാഹ്മണരുടെ തേജസ്സിൽ അയാൾ ഇടിമിന്നലേറ്റ മരം പോലെ വീഴുകയായിരുന്നു!''

*''ഉടനാ വിപ്രരെല്ലാരും*
*ഹുംകാരാൻ ക്രോധമൂർച്ഛിതർ,*
*നിർഭർത്സിച്ചും കൊണ്ടുകൊന്നു*
*ശുദ്ധർ, ദുഷ്ടനിശാടനെ.*
*വെന്തു വീണിതവൻ ബ്രഹ്മ-*
*വാദി തേജസ്സിനാലുടൻ*
*ഇടിത്തീയേറ്റു വെന്തോരു*
*മൊട്ടിട്ടതരുപോലവേ.''*

ധർമപുത്രനാകട്ടെ ആ ബ്രാഹ്മണരെ പൂജിച്ചു; ആ പൂജയേറ്റ് പ്രസാദിച്ച ബ്രഹ്മണർ ധർമപുത്രനെ സ്തുതിച്ചുകൊണ്ട് പോവുകയും ചെയ്തു. സുഹൃത്തുക്കളോട് ചേർന്ന് ധർമപുത്രൻ സന്തുഷ്ടനായി.

ധർമപുത്രനെ നിന്ദിച്ച ചാർവകനെ ബ്രാഹ്മണർ അടിച്ചുകൊല്ലുന്ന രംഗം കണ്ടുനിൽക്കുകയായിരുന്നു ധർമപുത്രൻെറ ബലവും വഴികാട്ടിയും ആയ കൃഷ്ണൻ. ബ്രാഹ്മണർ ചെയ്ത കൊലയെ കൃഷ്ണൻ പൂർണമായും ന്യായീകരിച്ചു. അദ്ദേഹം പറഞ്ഞു. ''എന്നും എനിക്ക് ആരാധ്യരാണ് ബ്രാഹ്മണർ. ഭൂമിയിൽ ജീവിക്കുന്ന ദേവന്മാരാണ് അവർ.'' എന്നിട്ട് ഇങ്ങനെ കൂട്ടിച്ചേർത്തു: ''ധർമപുത്ര, ബ്രാഹ്മണർ ചെയ്ത ഈ കൊലയിൽ ഒട്ടുംതന്നെ ദുഃഖിക്കേണ്ടതില്ല. അങ്ങ് ജ്ഞാതിവധം ചെയ്തു. എന്നാണെങ്കിൽ, ആ ജ്ഞാതികളെല്ലാം ക്ഷത്രിയധർമം കൈക്കൊണ്ട് കൊല്ലപ്പെടുകയേ ചെയ്തിട്ടുള്ളൂ. അവരെല്ലാം സ്വർഗംപൂകുകയും ചെയ്തു. അതിനാൽ ധർമപുത്ര, അങ്ങ് ദുഃഖിക്കരുത്. അങ്ങ് സ്വന്തം കർമങ്ങൾ ചെയ്യുക.'' തൻെറ സംഭാഷണം കൃഷ്ണൻ ഇങ്ങനെ ഉപസംഹരിച്ചു.

*''കൊല്ലൂ, ശത്രുക്കളെ, കാക്കൂ*
*ലോകം, പൂജിച്ചവിപ്രരെ''*
(ശാന്തി. 37)

ദുര്യോധനൻെറ മേൽ ധർമപുത്രൻ നേടിയ വിജയത്തിൻെറ മാത്രമല്ല ദുര്യോധനൻെറ ഇഷ്ടക്കാരനായ ചാർവാകൻെറയും അതുവഴി ബുദ്ധമതമടക്കമുള്ള വിയോജകമായ നാസ്തികമതങ്ങളുടെയും മേൽ വൈദിക ബ്രാഹ്മണ്യം നേടിയ ജയത്തിൻെറകൂടി മുഹൂർത്തത്തെയാണ് ശാന്തിപർവത്തിലെ ഈ സന്ദർഭം കുറിക്കുന്നത്. ചാർവാകമതംപോലുള്ള വിയോജക മതങ്ങളെ ഇല്ലാതാക്കി വർണധർമവും അതിനെ ആധാരമാക്കിയ ബ്രാഹ്മണമതവും ജയിക്കുന്നതിൻെറ ഒരു പ്രതീകാത്മക സന്ദർഭം എന്നും അതിനെ വിശേഷിപ്പിക്കാം.

ചാർവാകന്മാർ, ബൗദ്ധന്മാർ, ജൈനന്മാർ, ആജീവകന്മാർ എന്നിങ്ങനെയുള്ള വിയോജകർക്ക് പിന്തുണ നൽകിയ ഭരണകൂടമായിരുന്നു മൗര്യന്മാരുടേത്. ആ മൗര്യവംശത്തിലെ അവസാനത്തെ രാജാവായ ബൃഹദ്രഥനെ വധിച്ച് അദ്ദേഹത്തിൻെറ സേനാനായകനും ബ്രാഹ്മണനുമായ പുഷ്യമിത്രൻ അധികാരത്തിലേറിയതിൻെറ ഒരു പ്രതീകാത്മക വിവരണം കൂടിയാവാം ഇത്. ബ്രാഹ്മണരുടെ ശക്തിയെപ്പറ്റിയും അവരെ മാനിക്കുകയും പൂജിക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യത്തെപ്പറ്റിയും ശാന്തിപർവത്തിൽ ഭീഷ്മർ പിന്നീട് ഉപദേശിക്കുന്നും ഉണ്ട്. അതിൽ ഒരധ്യായത്തിൻെറ പേരു തന്നെയും 'ബ്രാഹ്മണപ്രശംസ' എന്നാണ്. ക്ഷത്രിയരുടെ ഒരു പ്രധാന കർത്തവ്യംതന്നെ ബ്രാഹ്മണപൂജയാണ് എന്നാണ് ഭീഷ്മർ പറയുന്നത്. ''കാരണം ബ്രാഹ്മണർക്ക് ചെയ്യാൻ വയ്യാത്തതായി യാതൊന്നും ഇല്ല. ദേവന്മാർക്കും അസുരന്മാർക്കും പിതൃക്കൾക്കും പിശാചുക്കൾക്കും ഗന്ധർവരാക്ഷസന്മാർക്കും ബ്രാഹ്മണരെ തോൽപ്പിക്കാൻ ആവില്ല. ദൈവത്തെ അദൈവമാക്കാനും അവർക്കു കഴിയും. തങ്ങൾ ഇച്ഛിക്കുന്ന ആളെ അവർ രാജാവാക്കും. തങ്ങൾക്ക് ഇഷ്ടമല്ലാത്തവരെ രാജാവല്ലാതാക്കാനും അവർക്കു കഴിയും. ചന്ദ്രഗുപ്തമൗര്യനെ ചക്രവർത്തിയാക്കിയ ചാണക്യനെയും ബൃഹദ്രഥനെ സ്ഥാനഭ്രഷ്ടനാക്കിയ പുഷ്യമിത്രനെയും ആവാം ഈ വരികളിൽ ഓർമിക്കുന്നത്. എന്നല്ല, ബ്രാഹ്മണരെ ഇകഴ്ത്തുന്നവർ സ്വയം ഇകഴുമെന്നും ഭീഷ്മർ കൂട്ടിച്ചേർക്കുന്നു.

വടക്കേ ഇന്ത്യയിൽ മൗര്യഭരണത്തിൻെറ കാലത്ത്, അതിൽ തന്നെ അശോകൻെറ കാലത്ത് വിയോജകധർമങ്ങൾക്കുണ്ടായ ശക്തിയെയും അതിനെ പിൽക്കാലത്ത് ബ്രാഹ്മണധർമം തോൽപ്പിച്ച് ശക്തിവീണ്ടെടുത്തതിൻെറയും ഓർമകൾ ആണ് മഹാഭാരതത്തിൽ നിറഞ്ഞുനിൽക്കുന്നത് എന്നാണ് ഇതെല്ലാം കാണിക്കുന്നത്. ബൗദ്ധസ്വരങ്ങളെ ബ്രാഹ്മണമതം കീഴ്പ്പെടുത്തി എന്നു പറയുമ്പോഴും ആ വിയോജക സ്വരങ്ങൾ പൂർണമായും പക്ഷേ, അപ്രത്യക്ഷമായില്ല. പാണ്ഡവന്മാർ ദുര്യോധനാദികളെ വധിച്ചു എങ്കിലും ആ ദുര്യോധനാനുകൂല പാഠങ്ങൾ പൂർണമായും അപ്രത്യക്ഷമാകാതിരുന്നതുപോലെ. അത് ബ്രാഹ്മണപാഠത്തിൻെറ വിപരീതമായി മഹാഭാരതത്തിൽ നില നിൽക്കുകതന്നെ ചെയ്തു. ധർമപുത്രനെ എല്ലാ പാപങ്ങളിൽ നിന്നും വിമുക്തനാക്കാൻ വൈദികവിധിപ്രകാരം വ്യാസൻ ചെയ്യിച്ച അശ്വമേധയാഗത്തിൻെറ വിവരണം അത് വ്യക്തമാക്കും. ഒരേ സമയം ആ വൈദികയാഗത്തിൻെറ മഹിമയെ വിവരിക്കുകയും അതേസമയം അത്തരം യാഗങ്ങൾ തെറ്റും മഹാധർമത്തിന് എതിരുമാണെന്ന് കാണിക്കുകയുമാണ് ആ വിവരണം ചെയ്യുന്നത്. ഇരട്ട നാവുകൊണ്ടെഴുതിയ ആ അശ്വമേധ വിവരണത്തിലേക്കാണ് ഇനി നാം പ്രവേശിക്കുന്നത്.

*(തുടരും)*

**വടക്കേ ഇന്ത്യയിൽ മൗര്യഭരണത്തിൻെറ കാലത്ത്, അതിൽ തന്നെ അശോകൻെറ കാലത്ത് വിയോജകധർമങ്ങൾക്കുണ്ടായ ശക്തിയെയും അതിനെ പിൽക്കാലത്ത് ബ്രാഹ്മണധർമം തോൽപ്പിച്ച് ശക്തി വീണ്ടെടുത്തതിൻെറയും ഓർമകൾ ആണ് മഹാഭാരതത്തിൽ നിറഞ്ഞു നിൽക്കുന്നത് എന്നാണ് ഇതെല്ലാം കാണിക്കുന്നത്.**

# മുറിനാവ്

മനോജ് കുറൂർ

അകിലും രാമച്ചവും ചന്ദനവും ചേർന്ന പുകയുടെ നറുമണം പുറത്തേക്കൊഴുകിയ പാഴിക്ക് മുന്നിൽ അലങ്കാരനും ആര്യദേവനും ചിരുകണ്ടനും കുറച്ചേറെ നേരം കാത്തുനില്ക്കേണ്ടിവന്നു. പുകയൊന്നമർന്നപ്പോൾ തീരുനീറിന്റെ മണമുയർന്നു. മണങ്ങൾക്കുപിന്നാലേ ഗൊഗ്ഗവ്വ ഗുഹസ്ഥ് പുറത്തുവന്നു. ചിരുകണ്ടനൊപ്പം രണ്ട് അപരിചിതരെ കണ്ടപ്പോൾ അവർ ഒന്നമ്പരന്നു. പലതായി പിരിച്ചിട്ടും ഏറെ മിച്ചംവന്ന തഴച്ച തലമുടി തനിയേതന്നെ പടർന്ന് അവരുടെ ഉടലിനെ മൂടി. കഴുത്തിൽ ധരിച്ചിരുന്ന ഇഷ്ടലിംഗം മാത്രം ശരീരം ചലിച്ചപ്പോഴും ഇളക്കമറ്റ് നിലകൊണ്ടു.

"കാക്കമ്മേ, ഇത് ആര്യദേവൻ എന്ന ഭിക്ഷുവാണ്. മറ്റേത് അലങ്കാരൻ. എന്റെ മകൻ,"

അച്ചൻ ഇങ്ങനെ തെളിച്ചുപറയുന്നത് അലങ്കാരൻ ആദ്യമായി കേൾക്കുകയാണ്. അതിന്റെ നിറവിൽ ഊറ്റം വിടാതെതന്നെ അയാൾ ഗൊഗ്ഗവ്വയെ വണങ്ങി. അകലെ നിന്ന് മാത്രം കണ്ടും വചനങ്ങളായി കേട്ടുമറിഞ്ഞ ഗൊഗ്ഗവ്വയെ അടുത്ത് കണ്ടതിന്റെ അലൗകികമായ ഒരാനന്ദം അയാളുടെ കണ്ണുകളെ വിടർത്തിനിർത്തി.

"ഇവരിരുവരും രാവിലെ എന്നെക്കാണാൻ വന്നിരുന്നു. കാക്കമ്മയെ കാണണം



എന്ന് നിർബന്ധിച്ചതുകൊണ്ട് ഇങ്ങോട്ട് കൊണ്ടുവന്നതാണ്,'' ചിരുകണ്ടൻ പറഞ്ഞു. ഗൊഗ്ഗവ്വ അത് കേട്ട് കൈകൂപ്പി: ''എന്നെ കാണ്മതിനോ? എന്തിന്?''

അലങ്കാരൻെറയും തൻെറയും ആദിനാഥൻെറയും കൈയിലുള്ള ഗ്രന്ഥങ്ങളെപ്പറ്റി ആര്യദേവൻ ഗൊഗ്ഗവ്വയോട് പറഞ്ഞു. തന്നെ വന്ന് കാണണമെന്ന് ആദിനാഥൻ നിർദേശിച്ചു എന്ന് കേട്ടപ്പോൾ അവർക്ക് ഉത്കണ്ഠ അടക്കാനായില്ല.

''അറിവിൻെറ മറുകര കണ്ടയാളല്ലോ ആ സിദ്ധൻ. നിസ്സാരയായ ഒരു ശരണയിൽനിന്ന് അതിലേറെയായി എന്ത് കിട്ടാനാണ്?''

ആര്യദേവൻ തൻെറ കൈയിലുള്ള ഗ്രന്ഥങ്ങൾ അവരുടെ മുന്നിലെടുത്തുവെച്ചു. ഗൊഗ്ഗവ്വ ഗ്രന്ഥങ്ങളുടെ കെട്ടഴിച്ചു. അവർ താളിയോലകളിലൂടെ ശ്രമപ്പെട്ട് കണ്ണോടിച്ചുകൊണ്ടിരുന്നു. ഒരു ലിപിപോലും വായിക്കാനാവാതെ അവർ മറ്റുള്ളവരെ നിരാശയോടെ നോക്കി.

''ആ സിദ്ധൻ എൻെറ അറിവില്ലായ്മയെ എന്തിനാണിങ്ങനെ പരീക്ഷിച്ച് ഉറപ്പിക്കുന്നത്?''

**ആര്യദേവൻ തൻെറ കൈയിലുള്ള ഗ്രന്ഥങ്ങൾ അവരുടെ മുന്നിലെടുത്തുവെച്ചു. ഗൊഗ്ഗവ്വ ഗ്രന്ഥങ്ങളുടെ കെട്ടഴിച്ചു. അവർ താളിയോലകളിലൂടെ ശ്രമപ്പെട്ട് കണ്ണോടിച്ചുകൊണ്ടിരുന്നു. ഒരു ലിപിപോലും വായിക്കാനാവാതെ അവർ മറ്റുള്ളവരെ നിരാശയോടെ നോക്കി.**

''ദയവായി അങ്ങനെ പറയരുതേ. എനിക്ക് ഈ എഴുത്ത് വായിക്കാനാവും. പുറംപൊരുളും തിരിഞ്ഞു. അതിനും ഉള്ളിലുള്ളതെന്ത് എന്നാണ് തിരിയാത്തത്.''

ആര്യദേവൻ തുടർന്നു: ''വിരോധമില്ലെങ്കിൽ ഞാൻതന്നെ വായിക്കാം. ഉദ്ദേശ്യം മാനിച്ച് ഞങ്ങളോട് ക്ഷമിക്കുക.''

സങ്കോചത്തോടെയാണെങ്കിലും ആര്യദേവൻ വായന തുടങ്ങി. ഒപ്പം അതിൽനിന്ന് താനറിഞ്ഞതെന്തെന്നും ചുരുക്കിപ്പറഞ്ഞുകൊണ്ടിരുന്നു. എന്തൊക്കെയായാലും രതിയെക്കുറിച്ചാണ് സംസാരിക്കേണ്ടത്. ഒരു ഭിക്ഷുവിന് അതത്ര എളുപ്പമല്ല എന്ന് അയാൾക്കും തോന്നി. എന്നാൽ ആദ്യമൊക്കെ മുഖം ചുളിഞ്ഞെങ്കിലും പിന്നീട് ഗൊഗ്ഗവ്വയുടെ മട്ട് മാറി. അവരുടെ മുഖം പ്രസന്നമായി വികസിക്കുന്നതും തുടർന്ന് കൃതജ്ഞതകൊണ്ട് വിനീതമാകുന്നതും അലങ്കാരൻ കണ്ടു. ഗൊഗ്ഗവ്വ ഒരിക്കൽ മറന്നുപോയ തന്നെത്തന്നെ ഓർത്തെടുത്തുകൊണ്ട് പറഞ്ഞു: ''അവളൂരിൽ ജനിച്ച ഞാൻ ഇതിലെ പല വാക്കുകളും ചെ ▶



ചിത്രീകരണം ഭാഗ്യനാഥ്

റുപ്പത്തിൽ കേട്ടിട്ടുണ്ട്. പണ്ടെങ്ങോ നഷ്ടപ്പെട്ടുപോയ ഈ നാടിന്റെ സ്വന്തം മൊഴിയാണിത്. ഇതിങ്ങനെ കേൾക്കുന്നതിന്റെ നിറവ് എങ്ങനെ പറഞ്ഞറിയിക്കാനാണ്!''

ഒട്ടൊരു സങ്കടത്തോടെ അവർ തുടർന്നു:

''എങ്കിലും പൊരുൾ മുഴുവൻ തിരിയുന്നില്ലല്ലൊ.''

ആര്യദേവൻ നാളന്ദയിൽനിന്ന് തന്റെ കൈയിലെത്തിയ ഗ്രന്ഥം വായിച്ച് ആദിനാഥന്റെ കൈയിൽനിന്ന് കിട്ടിയ ഗ്രന്ഥവും ചേർത്ത് ഓരോ ഭാഗത്തെയും ആശയം വിസ്തരിച്ച് പറഞ്ഞു. അലങ്കാരൻ കൊണ്ടുവന്ന നിഘണ്ടു നോക്കി ചിലയിടങ്ങളിലുണ്ടായ സംശയവും തീർത്തു. അയാൾ സമന്തഭദ്രനെ ഉള്ളിൽ സങ്കല്പിച്ചു. അതോടെ, കാണുന്നതിനപ്പുറം മറ്റൊരു ലോകത്തെപ്പറ്റിയുള്ള ധാരണ ആര്യദേവന്റെ വാക്കുകൾക്ക് നേരിനെപ്പറ്റി മറ്റൊരുതരം ഉറപ്പും നല്കിക്കൊണ്ടിരുന്നു.

''നിങ്ങളുടെ സങ്കോചം മനസ്സിലാവും. അതു വേണ്ട. എന്നെ ഇതൊക്കെ വായിച്ചുകേൾപ്പിക്കുന്നതിൽ ഒട്ടും വിഷമിക്കേണ്ടതില്ല.''

ഗൊഗ്ഗവ്വ ഒരുതരം നിർമമതയോടെ പറഞ്ഞു:

''ഇങ്ങനെ കേൾക്കുന്നതൊന്നുമല്ല ഈ മൊഴികളിലുള്ളത്. ഇത് പുറംപൊരുൾ മാത്രം. അകംപൊരുൾ വേറെയാണ്.''

ആര്യദേവന്റെ മുഖം തെളിഞ്ഞു. അയാൾ ആദിനാഥന്റെ മൊഴികളോർത്തുകൊണ്ട് പറഞ്ഞു: ''അതേ. ഇതിന്റെ ഉള്ളുരയെന്തെന്നറിയാനാണ് ഞങ്ങൾ വന്നത്.''

''അത് എനിക്കും പറയാനാവില്ല.''

അലങ്കാരന്റെ മുഖം വാടി. ഗൊഗ്ഗവ്വ തുടർന്നു: ''ഇതിന്റെ അകംപൊരുൾ പറയാൻ ഇന്ന് ഒരാളേ ഈ മണ്ണിലുള്ളൂ. അദ്ദേഹമാണ് എനിക്ക് അറിവിന്റെ വഴി തെളിച്ചുതന്നത്. ഇത് കേട്ടപ്പോൾ മറ്റൊന്നാണെന്ന് മനസ്സിലാക്കാനായതും അദ്ദേഹം പറഞ്ഞുതന്ന അറിവിന്റെ ബലത്തിലാണ്. അതൊക്കെ മുഴുവൻ അറിയാനുള്ള ശേഷി എനിക്കും ഇല്ലാതെപോയി. അദ്ദേഹത്തെത്തന്നെ കാണേണ്ടിവരും.''

''അതാരാണ്?''

അലങ്കാരന്റെ മുഖം തെളിഞ്ഞു.

''അല്ലമ പ്രഭു. ദേവതകളുടെയും മനുഷ്യരുടെയും രഹസ്യഭാഷകളെക്കുറിച്ച് അദ്ദേഹം പറഞ്ഞുതന്നിട്ടുണ്ട്. ഈ മൊഴികൾ കേൾക്കുമ്പോഴേ അത്തരത്തിലൊന്നാണിതെന്ന് എനിക്ക് ഉറപ്പിച്ച് പറയാനാവും.''

ഗൊഗ്ഗവ്വ തൊഴുതുകൊണ്ട് കണ്ണുകളടച്ചു. ആ ഉത്തരം പ്രതീക്ഷിച്ചിരുന്നതുപോലെ ചിരുകണ്ടൻ പറഞ്ഞു: ''എന്റെ ഗുരുനാഥൻ ഞങ്ങളെ ഇങ്ങോട്ടയച്ചപ്പോഴേ തോന്നിയിരുന്നു, ഇത് പ്രഭുദേവന്റെ അടുക്കലേക്കാണ് എത്തുന്നതെന്ന്. ആദിനാഥന് അദ്ദേഹത്തെ അറിയായ്കയല്ല. എങ്കിലും അങ്ങോട്ടുള്ള വഴി പറയേണ്ടത് കാക്കമ്മയല്ലാതെ മറ്റാരാണ്!''

> **ശ്രീശൈലത്തിലേക്കുള്ള യാത്ര പുറമേ കഠിനമായിരുന്നെങ്കിലും ചിരുകണ്ടനും ഗൊഗ്ഗവ്വയും തന്നിലേക്കു തന്നെയുള്ള ഒരു വഴിയിലൂടെ നടക്കും പോലെയായിരുന്നു അത്. അന്വേഷണങ്ങൾക്കും പ്രതീക്ഷകൾക്കും തിരിച്ചടികൾക്കും ശേഷം വാഴ്വിന്റെ പൊരുൾ വീണ്ടും തിരയുന്നതിന്റെ ഒരു ശാന്തതയായിരുന്നു ഇരുവർക്കുമുള്ളിൽ.**

''കല്യാണയിലുണ്ടായ കലാപത്തിനുശേഷം പ്രഭുദേവനെ ഞാൻ കണ്ടിട്ടില്ല.''

ഗൊഗ്ഗവ്വയുടെ സ്വരം വിഷാദംകൊണ്ട് കനത്തു: ''ഞാൻ ഇവിടേക്ക് പോരുമ്പോൾ ശ്രീശൈലം എന്ന സ്ഥലത്തുള്ള കദളീവനത്തിനരികിൽ ഒരു ഗുഹയിലാണ് പ്രഭുദേവൻ കഴിയുന്നത് എന്നറിഞ്ഞിരുന്നു. മഹാദേവിയക്കയും ആ ദേശത്തുതന്നെയുണ്ട്. പ്രഭുവിനെ അവിടെച്ചെന്ന് കാണേണ്ടിവരും.''

''അങ്ങനെ ചെയ്യാം. ചെറുപ്പത്തിൽ നാടുകൾ തെണ്ടിയലഞ്ഞ എനിക്ക് അങ്ങോട്ട് വഴി കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല,'' ചിരുകണ്ടൻ പറഞ്ഞു.

''അതേ. വഴി കണ്ടുപിടിക്കാൻ നിങ്ങൾക്ക് പറ്റും. എന്നാലും പ്രഭുദേവനെ കാണാനുള്ള ഈ യാത്രയിൽ ഞാനും നിങ്ങൾക്കൊപ്പം വരുന്നുണ്ട്.''

ചിരുകണ്ടന് സന്തോഷംകൊണ്ട് വീർപ്പുമുട്ടി.

''കാക്കമ്മേ, നമ്മുടെ പഴയ യാത്ര ആവർത്തിക്കുകയാണ്. കാരണങ്ങൾ മാറുന്നുവെങ്കിലും ലക്ഷ്യം ഒന്നുതന്നെ. പ്രഭുദേവൻ!''

''അതേ. പക്ഷേ, അന്നത്തെ കല്യാണ ഇന്നില്ലല്ലൊ. ഒരു മിന്നലിന്റെ വെളിച്ചംകൊണ്ട് ഇത്തിരിനേരം ഭ്രമിപ്പിച്ചിട്ട് അവിടം നിത്യമായ ഇരുട്ടിലേക്ക് ആഴ്ന്നുപോയല്ലൊ. ഒന്നും ഓർക്കാൻ വയ്യ.''

''അങ്ങനെ വിചാരിക്കണ്ട കാക്കമ്മേ. നിങ്ങളുൾപ്പെടെയുള്ളവർ ഉരിയാടിയ വചനങ്ങളുടെ വെളിച്ചമുണ്ടല്ലൊ. അത് അങ്ങനെയൊന്നും കെട്ടടങ്ങില്ല.''

ഗൊഗ്ഗവ്വ ഒന്നും മിണ്ടിയില്ല. കുറച്ചുകഴിഞ്ഞപ്പോൾ നാസ്തിനാഥാ എന്ന് പതിയെ വിളിക്കുക മാത്രം ചെയ്തു.

അലങ്കാരൻ ആര്യദേവനുനേരേ ദയനീയമായി നോക്കി. ഇത്ര ദൂരം ഭിക്ഷുവിന് യാത്ര ചെയ്യാനാവുമോ എന്ന അൻപോടെയുള്ള കരുതൽ ആ നോട്ടത്തിലുണ്ടായിരുന്നു. ആര്യദേവൻ പതുക്കെ ഇരുകണ്ണുകളുമടച്ച് ഒന്ന് പുഞ്ചിരിച്ചു. അങ്ങനെയൊരു വിഷമമേ വേണ്ട എന്ന് ആ ചിരി അലങ്കാരനോട് പറഞ്ഞുകഴിഞ്ഞിരുന്നു.

■

ശ്രീശൈലത്തിലേക്കുള്ള യാത്ര പുറമേ കഠിനമായിരുന്നെങ്കിലും ചിരുകണ്ടനും ഗൊഗ്ഗവ്വയ്ക്കും തന്നിലേക്കുതന്നെയുള്ള ഒരു വഴിയിലൂടെ നടക്കുംപോലെയായിരുന്നു അത്. അന്വേഷണങ്ങൾക്കും പ്രതീക്ഷകൾക്കും തിരിച്ചടികൾക്കും ശേഷം വാഴ്വിന്റെ പൊരുൾ വീണ്ടും തിരയുന്നതിന്റെ ഒരു ശാന്തതയായിരുന്നു ഇരുവർക്കുമുള്ളിൽ. സങ്കടം നിറഞ്ഞ ഒരു വെളിച്ചം മുന്നോട്ടുനടത്തുന്നതായി അവർക്ക് തോന്നി. അലങ്കാരനും ആര്യദേവനും അതേ യാത്ര ആകാംക്ഷയുടെയും പ്രതീക്ഷയുടെയും മിടിപ്പുകളാണ് ഉള്ളിലുണ്ടാക്കിയത്. കാടും മേടും നഗരങ്ങളും കടന്നുപോകു

**മനോജ് കുറൂർ**



▶ബോധം എത്താനുള്ള തിടുക്കം മാത്രം എല്ലാവരിലും ഒരുപോലെയായി.

എല്ലാ തിരക്കുകളിൽനിന്നും ഒഴിഞ്ഞ് വനത്തിലൂടെത്തന്നെയുള്ള കാതങ്ങൾ നീണ്ട യാത്രയ്ക്കൊടുവിലാണ് അവർ ശ്രീശൈലത്തിലെത്തിയത്. വാഴകൾ നിറഞ്ഞുനിന്ന കദളീവനം കണ്ടുപിടിക്കാൻ ഏറെ പണിപ്പെടേണ്ടിവന്നില്ല. ആൾപ്പാർപ്പില്ലാത്ത ആ ഇടം മർത്ത്യസങ്കടങ്ങളിൽനിന്ന് വിടുതിനേടിയവർക്ക് മാത്രം കഴിയാനുള്ളതാണ് എന്ന് അവർക്ക് തോന്നി. പർവതത്തിന് ചുവട്ടിലുള്ള കുറച്ച് ഗുഹകളിൽ ഏതിലാണ് പ്രഭുവിന്റെ വാസം എന്നറിയാതെ കുറച്ച് കുഴങ്ങുകയും ചെയ്തു. ആളുകളുടെ പെരുമാറ്റമുണ്ടായിട്ടുണ്ടെന്ന് തോന്നിപ്പിക്കാത്ത മട്ടിൽ മുന്നിൽ കാട്ടുപൊന്തകളും വള്ളികളും പടർന്ന ഗുഹകൾ.

എങ്കിലും അവർക്ക് ഏറെ വിഷമിക്കേണ്ടിവന്നില്ല. അവരവിടെ എത്തുമെന്ന് നേരത്തേ ആരോ വിവരം കൊടുത്തതുപോലെ പ്രഭുദേവൻ മുന്നിൽത്തന്നെ വന്നുചേർന്നു. അതിന്റെ വിസ്മയം മാറുന്നതിനുമുമ്പുതന്നെ ദാസോഹം എന്ന് പറഞ്ഞുകൊണ്ട് പ്രഭു ഗൊഗ്ഗവ്വയെയും പിന്നെ മറ്റുള്ളവരെയും വണങ്ങുകയും ചെയ്തു.

ഗൊഗ്ഗവ്വയുടെ കണ്ണുകളിൽനിന്ന് അപ്പോഴും വിഷാദം ഒഴിഞ്ഞുപോയിരുന്നില്ല. അതേമങ്ങൽ അവർ പ്രഭുവിന്റെ കണ്ണുകളിലും ശ്രദ്ധിച്ചു. ഗോരക്ഷാനാഥനെപ്പോലുള്ള ഒരു മഹാസിദ്ധനെവരെ വാദത്തിൽ തോല്പിച്ച് അനുയായിയാക്കിയ അറിവിന്റെ വലിപ്പമോ ബസവേശ്വരനെപ്പോലും ചൊല്പടിയിൽ നിർത്തി ശാസിച്ച തന്റേടമോ മുക്തായിയക്കയെ അഴലിൽനിന്ന് മോചിപ്പിച്ച കനിവിന്റെ വെളിച്ചമോ അല്ല, ഏതിനുവേണ്ടി താൻ നിലകൊണ്ടുവോ അത് തകർന്നടിഞ്ഞതിന്റെ നഷ്ടബോധമാണ് അവിടെ കണ്ടത്. എന്നാലും അതൊന്നും ഓർമിക്കേണ്ടതില്ല എന്ന് തമ്മിൽ തീരുമാനിച്ചതുപോലെയാണ് ഇരുവരും സംസാരിച്ചത്.

ചിരുകണ്ടൻ പ്രഭുവിനോട് വന്ന കാര്യം പറഞ്ഞു. ആര്യദേവൻ ഗ്രന്ഥങ്ങളുടെ കെട്ടെടുത്ത് മുന്നിൽ വയ്ക്കുകയും ചെയ്തു. പ്രഭു എല്ലാം കേട്ടു. ലിപികൾ പരിചയമില്ലാത്തിനാൽ അദ്ദേഹത്തിനവ വായിക്കാനാവില്ലെന്ന് മനസ്സിലാക്കിയ ആര്യദേവൻ ഗ്രന്ഥങ്ങൾ നോക്കി സൂത്രവും ഭാഷ്യവും വിശദീകരിക്കാൻതുടങ്ങി. പ്രഭു മൂന്ന് ഗ്രന്ഥങ്ങളും ഇടയ്ക്കിടെ വാങ്ങി നോക്കുകയും ചെയ്തു. ആദ്യമൊക്കെ ജാഗ്രത മാത്രം തെളിഞ്ഞുകണ്ട അദ്ദേഹത്തിന്റെ മുഖം തിരിച്ചറിവിന്റെ ആഹ്ലാദത്തിലേക്ക് വികസിക്കുന്നത് അലങ്കാരൻ കണ്ടു. പ്രഭുവിന്റെ ഭാഷയറിയുന്ന മറ്റ് മൂവരും അദ്ദേഹത്തിന്റെ വാക്കുകൾക്കായി കാതുകൾ ഒരുക്കിവെച്ചു.

''സന്ധാഭാഷയാണിത്. ദേവതകൾ തമ്മിലും സിദ്ധർ തമ്മിലും ഈ ഭാഷയിലാണ് സംസാരിക്കുക. യോഗിനികൾക്കും ഡാകിനികൾക്കും ഇതറിയാം. മൊഴികൾ ഏത് ഭാഷയിലേതുമാവാം. ഇവയിലത് അവളൂരിലുണ്ടായിരുന്നവരുടെ മൊഴിയാണ്. പൊരുളിന്റെ വ്യത്യാസമാണ് പ്രധാനം. കേട്ടാൽ രതിവർണനയെന്ന് തോന്നും. പക്ഷേ, അതല്ല ഇത്.''

**പ്രഭു സങ്കടത്തോടെ ഒന്ന് ചിരിച്ചിട്ട് തുടർന്നു: "താന്ത്രികമായ കർമങ്ങളും ആചാരങ്ങളും വിശദീകരിക്കാനാണ് സന്ധാഭാഷ ഉപയോഗിക്കാറുള്ളത്. ഓരോന്നിന്റെയും ഗുണദോഷങ്ങൾ വിവേചിച്ചറിയാൻ ശേഷിയുള്ള ഒരു ഗുരുവിന്റെ സഹായമില്ലാതെ ആ ഗൂഢകർമങ്ങൾ ചെയ്യരുത് എന്ന ഉദ്ദേശ്യമാണ് അതിനുള്ളത്.**

പ്രഭുദേവൻ പറഞ്ഞു: ''ഏത് മൊഴിയുടെയും പുറംപൊരുൾ മാത്രം തിരിയുന്നവരുടെ ലോകമാണിത്. അകംപൊരുളുകൾ ആരും തീണ്ടാതെ ദേവതകളെപ്പോലെ മറ്റേതോ ലോകത്തിരിക്കുന്നു.''

പ്രഭു സങ്കടത്തോടെ ഒന്ന് ചിരിച്ചിട്ട് തുടർന്നു: ''താന്ത്രികമായ കർമങ്ങളും ആചാരങ്ങളും വിശദീകരിക്കാനാണ് സന്ധാഭാഷ ഉപയോഗിക്കാറുള്ളത്. ഓരോന്നിന്റെയും ഗുണദോഷങ്ങൾ വിവേചിച്ചറിയാൻ ശേഷിയുള്ള ഒരു ഗുരുവിന്റെ സഹായമില്ലാതെ ആ ഗൂഢകർമങ്ങൾ ചെയ്യരുത് എന്ന ഉദ്ദേശ്യമാണ് അതിനുള്ളത്. ഈ ഗ്രന്ഥങ്ങളിൽ അതൊന്നുമല്ലെന്ന് തോന്നുന്നു. ഒരു ദേശത്തിന്റെ ജീവിതവും ആചാരങ്ങളും പുരാണങ്ങളും അന്വേഷണങ്ങളും കണ്ടെത്തലുകളുമെല്ലാം ഇങ്ങനെ എഴുതി സൂക്ഷിച്ചിരിക്കുകയാണ്.''

''അപ്പോൾ ഇതിന്റെ പൊരുൾ തിരിച്ചെടുക്കുന്ന മുറയെങ്ങനെയാണ്?'', ഗൊഗ്ഗവ്വ ചോദിച്ചു.

''ചില ദൃഷ്ടാന്തങ്ങൾ പറയാം. പിന്നെ നിങ്ങൾ തനിയേ വായിച്ചുകൊള്ളുക. മനുഷ്യരുടെയും ദേവതകളുടെയും മൊഴികളും പക്ഷികളുടെയും മൃഗങ്ങളുടെയും ശബ്ദങ്ങളും ചേർന്ന കലർപ്പുമൊഴിയാണിതെന്ന് അറിഞ്ഞുകഴിഞ്ഞല്ലോ. മിണ്ടാനാവാത്തവർ പുറപ്പെടുവിക്കുന്ന ഒച്ചകളെയും അവരുടെ കൈയാംഗ്യങ്ങളെയും കുറിക്കുന്ന കുറേ അടയാളങ്ങളും കാണുന്നു. അവയെല്ലാം ചേർന്ന മൊഴികൾക്കോരോന്നിനും അതതിന്റെ പൊരുളുണ്ട്. എന്നാൽ അതെല്ലാം പുറംപൊരുൾ മാത്രമാണ്. എല്ലാറ്റിന്റെയും അകംപൊരുൾ വേറെയാണ്. ഒരാൾ സൂത്രരൂപത്തിൽ കുറേ രതികർമങ്ങൾ എഴുതിയിരിക്കുന്നു. മറ്റൊരാൾ അവയോരോന്നും എന്തെന്ന് വിശദീകരിച്ചുകൊണ്ട് ഭാഷ്യം രചിച്ചിരിക്കുന്നു. ഓരോ വാക്കിന്റെയും അർഥം വിവരിക്കുന്ന ഒരു നിഘണ്ടുവുമുണ്ട്. മൂന്നും ചേർത്തുവെച്ച് പുറംപൊരുളുകളെല്ലാം നിങ്ങൾതന്നെ കണ്ടെത്തുകയും ചെയ്തല്ലൊ.''

അതുവരെയുള്ള തന്റെ പ്രയത്നമോർത്താവണം ആര്യദേവൻ ഒന്ന് നിശ്വസിച്ചത്. പ്രഭുദേവൻ ഭിക്ഷുവിനെ അൻപോടെ നോക്കി.

''പക്ഷേ ഈ രതികർമങ്ങളുടെ ഭാഷ ഒരു മറ മാത്രമാണ്. ഒന്ന് നോക്കൂ. ആണെന്നും പെണ്ണെന്നും പറയുന്നതിന് പകരം ജനനേന്ദ്രിയങ്ങളുടെ പേരാണ് ഇതിൽ കാണുന്നത്. ജീവന് ആധാരമായ പെണ്മ യോനിയും ആണ്മ ലിംഗവുമാണ്. കൃഷിയെപ്പറ്റിയാണ് പറയുന്നതെങ്കിൽ ലിംഗം വിത്തിനെയും യോനി മണ്ണി ▶



നെയും കുറിക്കും. ശരീരദ്രവങ്ങൾ ഉർവരതയെ സൂചിപ്പിക്കും. ആലിംഗനവും നഖംകൊണ്ടുള്ള മുറിപ്പെടുത്തലും പോലുള്ള ക്രിയകളെല്ലാം കൃഷിയുമായി ബന്ധപ്പെട്ടിരിക്കും. ചിലപ്പോൾ ആൺകുറി കലപ്പയും പെൺകുറി പാടവുമാകും. നായാട്ടിനെപ്പറ്റിയാവുമ്പോൾ അവ വേട്ടയെയും സംഭരണത്തെയുമാവും കുറിക്കുക. ഒന്നിന് പകരം മറ്റൊന്ന് എന്ന നിലയിൽ ഇവയെല്ലാം തിരിച്ചും വരാം. അപ്പോൾ വിത്ത് ആണിനും നിലം പെണ്ണിനും പകരമാകും. അവരുടെ വാഴ്‌വിനെത്തന്നെ ഏതാനും നിമിഷം ചലിച്ചൊടുങ്ങുന്ന ഒരു രതിലീലയായി വിവരിച്ചെന്നിരിക്കും. ചുടുകാട് അവർ തളർന്നുറങ്ങുന്ന കിടപ്പറപോലുമാവും. താന്ത്രികമായ പ്രതീകങ്ങളും ഇത്തരത്തിലുണ്ടാവും. ആരാധനയും ആചാരങ്ങളുമൊക്കെ കാമപ്രകടനങ്ങളെന്ന നിലയിലാവും പറയുക. അവിടെ മണിതവും മന്ത്രവും ഒന്നായിത്തീരാം. പലതരം മണ്ഡലങ്ങൾ കാടും മേടും നാടും പോലെ പല മട്ട് നിലങ്ങളെയും അതിരുകളെയുമാവും കാണിക്കുക. ഇതിനെല്ലാം ഓരോ സന്ദർഭത്തിലും ഓരോ പൊരുളാണ്. ചുരുക്കത്തിൽ രതിലീലകളുടെ വിവരണമായി ഇതിൽക്കാണുന്ന ഓരോന്നും വെവ്വേറേ കാര്യങ്ങളാണ്.’’

കേൾക്കുന്നതിനൊപ്പം ആര്യദേവൻ ഗ്രന്ഥങ്ങളിൽ നോക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഇടയ്ക്ക് ഭിക്ഷു ചില സംശയങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. പ്രഭു ഓരോന്നിനും മറുപടി പറഞ്ഞു. കുമരനും ശേഷഗിരിയും വെങ്കയ്യനും കണ്ടും കേട്ടുമറിഞ്ഞ ജീവിതത്തിൻെറ അപരലോകം ആര്യദേവൻെറ മുന്നിൽ വെളിപ്പെട്ടുകൊണ്ടിരുന്നു.

‘‘എന്തിനാണ് ഇത് ഈ ഭാഷയിൽ എഴുതിയിരിക്കുന്നത്?’’

ചിരുകണ്ടന് സംശയം തീർന്നില്ല.

‘‘ഇതിൽ കാണുന്ന പലതും അവളൂർ എന്ന നാടിന് സ്വന്തമാണ്. പല നാടുകളിൽനിന്ന് പലായനംചെയ്തവരും തോറ്റോടിയവരുമൊക്കെയല്ലേ അവിടെയുണ്ടായിരുന്നത്? അവരുടെ ജീവിതവും വിശ്വാസങ്ങളുമെല്ലാം വൈകാതെ ഇല്ലാതാകുമെന്ന് ഇതെഴുതിയവർ കരുതിയിരിക്കാം. തിരിച്ചറിയുന്ന മട്ടിലായാൽ അതിൻെറയൊക്കെ അടയാളങ്ങൾപോലും എതിരാളികൾ മായ്ച്ചുകളയുമെന്ന് അവർ ഭയന്നിരിക്കാം.’’

ആര്യദേവനാണ് പറഞ്ഞത്. അത് കേട്ട് പ്രഭു തുടർന്നു: ‘‘വാഴ്‌വിൽ ജയവും തോല്‌വിയുമില്ല എന്ന് പറയാൻ എളുപ്പമെങ്കിലും തോല്ക്കുന്നവർക്കറിയാം അതിൻെറ പങ്കപ്പാടുകൾ. ശിവശരണർ ലോകത്തിലെ തിന്മകളെയെല്ലാം ജയിച്ചെന്ന് ഞാൻ ഒരിക്കൽ കരുതി. എന്നിട്ടും...’’

അപ്പോഴേക്കും ഗൊഗ്ഗവ്വ ഇടപെട്ടു: ‘‘പ്രഭുദേവാ, ഞാൻ മറ്റൊന്ന് ചോദിക്കട്ടെ? മഹാദേവിയക്കയും ഇവിടേക്കല്ലേ പോന്നത്? അക്ക താമസിക്കുന്നത് എവിടെയാണ്?’’

**‘‘വാഴ്‌വിൽ ജയവും തോല്‌വിയുമില്ല എന്ന് പറയാൻ എളുപ്പമെങ്കിലും തോല്ക്കുന്നവർക്കറിയാം അതിൻെറ പങ്കപ്പാടുകൾ. ശിവശരണർ ലോകത്തിലെ തിന്മകളെയെല്ലാം ജയിച്ചെന്ന് ഞാൻ ഒരിക്കൽ കരുതി. എന്നിട്ടും...’’**

പ്രഭുദേവൻ ഒരുനിമിഷം മൗനംപൂണ്ടതിനുശേഷം പറഞ്ഞു: ‘‘മഹാദേവി അവളുടെ കണവൻെറ സമീപത്തേക്ക് പോയി.’’

‘‘കൗശികരാജാവിനൊപ്പമോ? ആ രാജാവ് ഇവിടെ വന്നിരുന്നുവോ?’’ മുമ്പ് കേട്ട കഥകൾ ഓർത്തെടുത്ത് നില്ക്കുകയായിരുന്ന ചിരുകണ്ടൻ ചോദിച്ചു.

‘‘ഉവ്വ്. ഇവിടെ വന്ന് അയാൾ മഹാദേവിയെ വണങ്ങി മാപ്പപേക്ഷിച്ചു. അവൾ രാജാവിനോട് ക്ഷമിക്കുകയും ചെയ്തു. പക്ഷേ, മഹാദേവി അയാളോടൊപ്പമല്ല, അവളുടെ പ്രാണനാഥനായ ചന്നമല്ലികാർജുനൻെറ സമീപത്തേക്കാണ് പോയത്.’’

‘‘അക്കാ..,’’ ഗൊഗ്ഗവ്വ അറിയാതെ വിതുമ്പിപ്പോയി.

‘‘പ്രഭുദേവാ, ബസവേശ്വരനും മഹാദേവിയക്കയുമൊന്നും ഇല്ലാത്ത ലോകത്തായിപ്പോയല്ലൊ അങ്ങയും ഞാനുമൊക്കെ.’’

‘‘ശൂന്യസിംഹാസനം ഒന്നെങ്കിലും പലതാണ്. അവളൂരിൻെറ ഭാഷ വായിക്കുന്നത് നമ്മുടെ ഒരു നിയോഗമാകും ഗൊഗ്ഗവ്വേ. അതിനിടയിലൊക്കെ ഞാൻ കല്യാണയെപ്പറ്റി ഓർക്കുകയായിരുന്നു. അത് മറ്റൊരു അവളൂരായിരുന്നില്ലേ? രാജാവിൻെറയും പുരോഹിതരുടെയും അനുയായികൾ ശരണരുടെ വിയർപ്പുകൊണ്ടെഴുതിയ വചനങ്ങൾപോലും കത്തിച്ചുകളയാനല്ലേ പുറപ്പെട്ടത്? അവളൂരിനെപ്പറ്റിയുള്ള എഴുത്ത് ഈ ഭാഷയിലായതെന്തുകൊണ്ടെന്ന് മനസ്സിലായില്ലേ?’’

പ്രഭു നിർമമത ഭാവിച്ചുകൊണ്ടാണ് അത്രയും പറഞ്ഞത്. എങ്കിലും ഉള്ളിലെ കനലിൽ വെന്ത ഇത്തിരി ജലം ആ കണ്ണുകളിൽ നിറയുന്നത് ഗൊഗ്ഗവ്വ കണ്ടു.

‘‘ഗൊഗ്ഗവ്വേ, അവളൂരിൻെറ സന്തതിയായ നീ കല്യാണയിലെത്തി. നൂറ്റാണ്ടുകളുടെ ജീവിതങ്ങളെയും ദേശങ്ങളെയും ഒന്നിച്ചുചേർക്കുന്ന കണ്ണി നീയാണ്,’’ പ്രഭുവിൻെറ തൊണ്ടയിടറി.

‘‘പ്രഭുദേവാ, എല്ലാവരും തോറ്റവരാണ്. ചിലയിടത്ത് ഞങ്ങൾ. ചിലയിടത്ത് നിങ്ങൾ.’’

പറഞ്ഞുവന്ന വിഷയം മാറ്റാൻ ചിരുകണ്ടൻ തിടുക്കപ്പെട്ടു: ‘‘ഇനി ഞങ്ങൾ മടങ്ങട്ടെ?’’

അല്ലമ പ്രഭു എല്ലാവരെയും വണങ്ങി.

‘‘ആവട്ടെ. ഗുഹേശ്വരൻ നന്മ വരുത്തട്ടെ.’’

നിലത്ത് കാലടയാളംപോലും പതിയാതെ, ഒരു പുൽക്കൊടിപോലും ചതയാതെ, മുന്നിൽ കാടും പടലും നിറഞ്ഞ ഗുഹയ്ക്കുള്ളിലേക്ക് പ്രഭുദേവൻ കയറിപ്പോയി. മറ്റുള്ളവർ അവളൂരിലേക്കുള്ള ദീർഘയാത്രയ്ക്ക് തയ്യാറെടുത്തു. താളിയോലകളെല്ലാം അടുക്കി തുണിക്കെട്ടിലാക്കി തോളിൽ തൂക്കിയപ്പോൾ തന്നെത്തൊടാത്ത അറിവുകളുടെ ഭാരത്തിൽനിന്ന് മോചനമില്ലെന്ന് അലങ്കാരന് തോന്നി.

*(തുടരും)*


ഉടൻ പ്രസിദ്ധീകരിക്കുന്നു
ടി.ഡി. രാമകൃഷ്ണൻ
എഴുതിയ നോവൽ



## ജീവിതം ഒരു പെൻഡുലം-30

ശ്രീകുമാരൻ തമ്പി

# ദുഃഖത്തിന്റെ സൗന്ദര്യശാസ്ത്രം



**“എന്നെ സങ്കല്പങ്ങളുടെ ലോകത്തേക്ക് കൊണ്ടുപോയത് എൻെറ ജ്യേഷ്ഠന്മാരാണ്. കുത്തിക്കെട്ടാതെ ചിതറിപ്പോയ വാവുത്തത്തൻെറ സരസകഥാപുഷ്പത്തിൻെറ താളുകൾ എനിക്ക് കഥയുടെ ലോകം കാട്ടിത്തന്നു. പ്രകൃതിയുടെ ഓരോ ചലനവും കെട്ടുകഥകളാക്കിയ കൊച്ചാട്ടൻ എന്നെ കവിതയുടെ ലോകത്തേക്ക് കൊണ്ടുപോയി” കലഹങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കും ഇടയിൽ പെട്ടുപോവുന്ന കുട്ടിക്കാലങ്ങളെക്കുറിച്ചുകൂടിയാണ് ഈ ഓർമ.**

അസുഖം പൂർണമായി മാറിയതിനുശേഷം അച്ഛനിലുണ്ടായ ഈ മാറ്റം അമ്മ അതീവരഹസ്യമായി മനസ്സിൽ സൂക്ഷിച്ചു. മൂന്ന് മക്കളോടും അമ്മ പറഞ്ഞു: ‘‘അച്ഛൻ പിന്നേം കള്ളു കുടിച്ച കാര്യം ആരോടും പറഞ്ഞുപോകരുത്. അച്ഛന് നമ്മളോട് സ്നേഹം വരാൻ വേലായുധസ്വാമിയോട് പ്രാർഥിക്ക്.’’ സ്വന്തം മനസ്സാക്ഷിക്ക് തുല്യമായി അമ്മ കരുതുന്ന തിട്ടപ്പള്ളിക്കാർപോലും വിവരമറിഞ്ഞില്ല.

ബുദ്ധിതെളിഞ്ഞതോടെ അച്ഛൻെറ മനസ്സിൽ സ്വന്തം നാടിൻെറയും സ്വന്തം വീടിൻെറയും സ്വന്തം ബന്ധങ്ങളുടെയും ചിത്രങ്ങൾ തെളിഞ്ഞു. ‘എൻെറ കുഞ്ഞ്’ എന്ന് അച്ഛൻ വാത്സല്യത്തോടെ വിളിക്കുന്ന അനന്തരവൾ രാജമ്മയും അവരുടെ മക്കളായ മൂത്തകുഞ്ഞും ഉണ്ണിക്കുട്ടനും ഭാര്യയുടെയും മക്കളുടെയും മുൻപിലേക്ക് നീങ്ങിനിന്നു. എത്രയും പെട്ടെന്ന് അവരെ കാണണമെന്നായി. കൈപ്പെട്ടിയിലിരുന്ന രൂപയിൽനിന്ന് ഒരുപങ്ക് അച്ഛൻെറ കൈയിൽ കൊടുത്തിട്ട് അച്ഛൻെറ മുണ്ടുകളും ജുബ്ബകളും ടർക്കിടവ്വലുകളും ട്രങ്കിലാക്കി അമ്മ പറഞ്ഞു:

‘‘അവിടെച്ചെന്ന് എല്ലാ ദെവസവും മൊടങ്ങാതെ കള്ളുകുടിച്ച് വീണ്ടും അസുഖവുമായി ഇങ്ങോട്ടു വരരുത്. ഇനി വൈദ്യന്മാർക്ക് കൊടുക്കാൻ എൻെറ കൈയിൽ ചക്രമില്ല. ബാക്കിയൊള്ള ഭൂമി വി▸



ചിത്രീകരണം: മദനൻ

▶റ്റാൽ എന്റെ മക്കളും ഞാനും വഴിയാധാരമാകും.''

അച്ഛന് പെട്ടെന്ന് ദേഷ്യം വന്നു: ''ഞാൻ നിന്നോട് പറഞ്ഞോ നെലം വിറ്റ് എന്നെ ചികിത്സിപ്പിക്കാൻ...? കള്ളുകുടിച്ചാൽ ഭ്രാന്തുവരുമെങ്കിൽ ഈ തിരുവിതാംകൂർ രാജ്യം മുഴുവൻ ഭ്രാന്തന്മാരെക്കൊണ്ട് നെറയണമല്ലോ, വൈദ്യന്മാര് നിന്നെ പറ്റിച്ച് ഒരുപാട് രൂപാ തട്ടിയെടുത്തു. നീ മണ്ടിയാവാൻ നിന്നുകൊടുത്തിട്ടല്ലേ...?''

അച്ഛന്റെ ഈ വാക്കുകൾ അമ്മയ്ക്ക് ചാട്ടവാറടികളായി തോന്നി. പിന്നെ അമ്മ കലികയറിയ പെൺപുലിയായി മാറി:

''ഞാൻ നിങ്ങളെ സ്നേഹിച്ചതും ചികിത്സിച്ചതും നിങ്ങടെയോ നിങ്ങടെ കുടുംബത്തിന്റെയോ മേന്മ കണ്ടിട്ടല്ല, ഞാൻ നിങ്ങടെ ഏഴ് മക്കളെ വയറ്റിൽ കൊണ്ടുനടന്നു. നാലെണ്ണത്തിനെ മരണം കൊണ്ടുപോയി. മൂന്നുപേര് എന്റെ കൂടെയൊണ്ട്. ഞാൻ കരഞ്ഞാൽ എന്നെ കെട്ടിപ്പിടിക്കാൻ എന്റെയടുത്തിരിക്കാൻ എന്റെ മക്കളൊണ്ട്. അവരെ തന്നത് നിങ്ങളാ. നിങ്ങടെ കൊറച്ചു ദോഷങ്ങൾ അവരിൽ നാളെ കണ്ടേക്കാം. സാരമില്ല. എന്തായാലും എന്റെ ഗർഭപാത്രത്തിലാണല്ലോ അവരു കെടന്നത്. അതുകൊണ്ട് മാത്രമാ ഞാൻ നിങ്ങളെ പടിക്ക് പൊറത്താക്കാത്തത്. ഞാൻ നല്ല കുടുംബത്തിൽ ജനിച്ചുപോയി. പുത്തൂർ താങ്കൾമാർക്ക് ജന്മിമാർ എന്ന് പേരൊണ്ടാരിക്കും. പക്ഷേ, തെണ്ടികളെപ്പോലെയാ നിങ്ങള് ജീവിക്കുന്നെ.''

ഉത്തരംമുട്ടിയപ്പോൾ അച്ഛനിലെ പുരുഷാധിപത്യം തലപൊക്കി: ''എന്താടി നീയെന്നെ വിളിച്ചെ, തെണ്ടിയെന്നോ? ഒറ്റ ചവിട്ടുവച്ച് തന്നാലോണ്ടല്ലോ...''

അച്ഛൻ വലതുകാലുയർത്തി അമ്മയെ ചവിട്ടാനാഞ്ഞു. ഞാൻ ഉച്ചത്തിൽ നിലവിളിച്ചു. വാവുത്തത്തൻ തനിക്കാകാവുന്നത്ര ബലം പ്രയോഗിച്ച് അച്ഛനെ തടഞ്ഞു. കൊച്ചാട്ടനും അച്ഛന്റെ മുൻപിൽ കയറിനിന്നു. വയസ്സ് കുറവാണെങ്കിലും വിദ്യാർഥിനേതാവിന്റെ വീര്യം പുറത്തെടുത്ത് വാവുത്തത്തൻ പറഞ്ഞു: ''ഞങ്ങളെ മൂന്നുപേരേം ചവിട്ടിക്കൊന്നിട്ട് അച്ഛൻ അമ്മയെ ചവിട്ടിയാ മതി. അച്ഛൻ പൊയ്ക്കോ. തോനയ്ക്കലാട്ടു തന്നെ താമസിച്ചോ. ഇങ്ങോട്ടു വരണ്ട. ഞങ്ങൾ എങ്ങനെങ്കിലും ജീവിച്ചോളാം.''

പതിമ്മൂന്ന് വയസ്സ് തികയാത്ത കൗമാരക്കാരനിൽനിന്നുയർന്ന ആ വാക്കുകൾ കേട്ട് അച്ഛൻ സ്തംഭിച്ചുനിന്നു. പിന്നെ ഒന്നും മിണ്ടാതെ ടങ്കും കൈ



യിലെടുത്ത് ഇടവഴിയിൽ ഇറങ്ങിനടന്നു. അച്ഛൻ അകന്നുപോകുന്നത് നോക്കി ഒട്ടും ശാന്തനാകാതെ വാവുത്തത്തൻ തെക്കേമുറ്റത്ത് നിന്നു. അമ്മ അടുക്കളയിൽ അണയാതെ അടുപ്പിൽ കിടക്കുന്ന കനലുകളിൽ നോക്കി പൊട്ടിക്കരയുകയാണ്. ഞാൻ ചെന്ന് അമ്മയുടെ മുണ്ടിൻെറ മടിത്തുമ്പിൽ പിടിച്ചു.

അമ്മ ആ മടിത്തുമ്പുയർത്തി എൻെറ മുഖത്തെ കണ്ണീര് തുടച്ചുകളഞ്ഞു. പിന്നെ സ്വന്തം കണ്ണുകളും തുടച്ചു. ചരുവത്തിലിരുന്ന വെള്ളം കൈക്കുമ്പിളിൽ കോരിയെടുത്ത് അടുപ്പിലെ കനലുകൾ കെടുത്തി. പിന്നെ ശബ്ദം താഴ്ത്തി എന്നോട് പറഞ്ഞു: ''മക്കള് മുറ്റത്ത് പോയി കൊച്ചാട്ടൻെറ കൂടെ കളിച്ചോ...''

ഞാൻ കിഴക്കേമുറ്റത്ത് പൂവരശിൻചോട്ടിൽ നോക്കി. കൊച്ചാട്ടൻ അവിടെയില്ല. വാവുത്തത്തനെ തെക്കേമുറ്റത്തും കാണാനില്ല. ഒരു പ്രാവശ്യം ഞാൻ വീടിന് പ്രദക്ഷിണംവെച്ചു. അപ്പോൾ കണ്ടു, കൊച്ചാട്ടാൻ പറങ്കിമാവിൻെറ ചോട്ടിൽനിന്ന് ഒരു പറങ്ങാപ്പഴം തിന്നുന്നു. ഞാൻ ഓടിയടുത്തുചെന്നു:

''ഈ പറങ്ങാപ്പഴം എവിടന്നു കിട്ടി?''

''നമ്മടെ മാവീന്നു തന്നെ.''

''ഞാൻ ഇന്നലേം മിനിഞ്ഞാന്നും നോക്കിയതാ. പഴുത്തത് ഒരെണ്ണം പോലും കണ്ടില്ല.''

ക്ലാസിൽ പഠിപ്പിക്കുന്ന സാറിൻെറ ഭാവത്തിൽ കൊച്ചാട്ടൻ പറഞ്ഞു:

''നോക്കുന്നോർക്കെല്ലാം കാണാൻ പറ്റത്തില്ല.''

''അതെന്താ...?''

''പിന്നേം പിന്നേം നോക്കിക്കൊണ്ടേയിരിക്കണം.''

''ഞാൻ ഒരുപാട് നോക്കിയതല്ലേ...''

''എടാ മണ്ടച്ചാരേ. അതാ... അങ്ങ് മോളില് എലകള് ചേർന്ന് ഒരു നീറിൻെറ കൂട്. അതിൻെറ പൊറകില് ഒളിച്ചിരിക്കുവാരുന്നു ഈ പഴം. ഞാൻ കല്ലും കട്ടേം കൊഴിയുമൊക്കെ എടുത്ത് പിന്നേം പിന്നേം എറിഞ്ഞു. നീറിൻെറ കൂടും പഴവും കൂടെ ഒറ്റവീഴ്ച എൻെറ തലേലോട്ട്... ദാ... നോക്ക്. എൻെറ നെറ്റിയിലും കവിളത്തും തലേലുമൊക്കെ നീറുകടിച്ചു.''

കൊച്ചാട്ടൻ പഴം തിന്നുതീരാറായി. എനിക്ക് കൊതി സഹിക്കാൻ വയ്യ. പഴത്തിൻെറ നീര് വലിച്ചുകുടിച്ച് എൻെറ കൊതി തിരിച്ചറിഞ്ഞ് അവശേഷിച്ച ഞെട്ടിൻെറ ഭാഗം എൻെറ നേർക്ക് നീട്ടി കൊച്ചാട്ടൻ പറഞ്ഞു: ''ഇതാ... ബാക്കി നീ തിന്നോ.''

ഞാനത് തിന്നുന്നത് കണ്ട് എൻെറ തോളിൽ പിടിച്ച് കൊച്ചാട്ടൻ ചോദിച്ചു: ''നീയെന്തിനാടാ അമ്മ കരയുമ്പോഴൊക്കെ ഇയ്യക്കാവോന്നു പറഞ്ഞു കൂടെ കരേന്നത്....?''

ഞാൻ പെട്ടെന്ന് അച്ഛനെ ഓർത്തു: ''അച്ഛനിനീം വരത്തില്ലിയോ കൊച്ചാട്ടാ...''

**കൊച്ചാട്ടൻ പറഞ്ഞതുപോലെതന്നെ നടന്നു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അച്ഛൻ വന്നു. ട്രങ്ക് കൊണ്ടുവന്നില്ല. പകരം ഒരു പുതിയ സഞ്ചിയിൽ രണ്ട് ജുബ്ബയും ഒരു മുണ്ടും മടക്കിവെച്ചിരുന്നു.**

''വരും. വരാതെവിടെ പോവാനാ... അച്ഛൻ പാട്ടും പാടിവരും. അമ്മ അച്ഛന് ഏറ്റവും പിടിച്ച അയലമീൻ പൊരിച്ചുകൊടുക്കും. നീ നോക്കിക്കോ.''

ആശാൻകുട്ടി എന്ന് ഞങ്ങൾ വിളിക്കുന്ന ഗുലാനാശാൻെറ മകൻ അകലെവന്ന് കൈയടിച്ചു വിളിച്ചപ്പോൾ കൊച്ചാട്ടൻ ഓടിപ്പോയി. എന്നെ പഠിപ്പിച്ച കൊന്നനാശാൻ കഴിഞ്ഞാൽ നാട്ടിൽ അറിയപ്പെട്ടിരുന്ന മറ്റൊരു നിലത്തെഴുത്താശാനാണ് ഗുലാനാശാൻ. അദ്ദേഹത്തിൻെറ പേര് ഗോപാലൻ എന്നോ മറ്റോ ആണ്. ഗുലാൻ എന്നത് നാട്ടുകാർ സ്നേഹപൂർവം നൽകിയ ഇരട്ടപ്പേരാണ്.

ഞങ്ങൾ മൂന്ന് സഹോദരന്മാരിൽ കുട്ടിക്കാലത്ത് ഏറ്റവും പ്രായോഗികബുദ്ധി കാണിച്ചിരുന്നത് പി. ഗോപാലകൃഷ്ണൻ തമ്പി എന്ന കൊച്ചാട്ടനാണ്. ആ പ്രായോഗികബുദ്ധിയും കഠിനപ്രയത്നവും അദ്ദേഹത്തെ കേരളത്തിലെ ഏറ്റവും മികച്ച ക്രിമിനൽ അഭിഭാഷകനാക്കി മാറ്റി. ഒരേസമയം അഞ്ച് പദവികൾ വഹിച്ച അഡ്വക്കറ്റ് പി.ജി. തമ്പി. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, കേരളാ സ്റ്റേറ്റ് പ്രോസിക്യൂട്ടർ, ലോകായുക്തയുടെ സ്പെഷ്യൽ അറ്റോർണി, കേരള സംസ്ഥാന ബാർ കൗൺസിൽ ചെയർമാൻ, കേരള സംസ്ഥാന ബാർ ഫെഡറേഷൻ പ്രസിഡൻറ് എന്നീ അഞ്ച് പദവികൾ ഒരേസമയം വഹിച്ച മറ്റൊരു അഭിഭാഷകൻ ഉണ്ടോ എന്ന് സംശയമാണ്.

''നോക്കുന്നോർക്കെല്ലാം കാണാൻ പറ്റത്തില്ല'' എന്നും ''പിന്നേം പിന്നേം നോക്കിക്കൊണ്ടിരിക്കണം'' എന്നും ''പിന്നേം പിന്നേം എറിഞ്ഞുകൊണ്ടിരിക്കണം'' എന്നും കൊച്ചാട്ടൻ എന്നെ പഠിപ്പിച്ചപ്പോൾ അദ്ദേഹത്തിന് പത്തുവയസ്സ് തികഞ്ഞിരുന്നില്ല. ഞാനും വാവുത്തത്തനും വികാരാധീനരായി കരയുകയും ദേഷ്യപ്പെടുകയും ചെയ്യുമ്പോൾ, അച്ഛൻ വരുമോ എന്ന് ആശങ്കപ്പെടുമ്പോൾ 'അച്ഛൻ വരും... വരാതെവിടെ പോവാനാ...' എന്നുപറഞ്ഞ ആ മനസ്സിൻെറ പക്വതയെ എങ്ങനെ തൊഴാതിരിക്കും?

കൊച്ചാട്ടൻ പറഞ്ഞതുപോലെതന്നെ നടന്നു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അച്ഛൻ വന്നു. ട്രങ്ക് കൊണ്ടുവന്നില്ല. പകരം ഒരു പുതിയ സഞ്ചിയിൽ രണ്ട് ജുബ്ബയും ഒരു മുണ്ടും മടക്കിവെച്ചിരുന്നു. ചാത്തൻെറ ഒരു മകൻ സഹായിയായി അച്ഛൻെറ കൂടെവന്നു. അയാളുടെ തലയിൽ ഒരു വല്ലം നിറയെ മരച്ചീനി, കാച്ചിൽ, വെട്ടുചേമ്പ്, മധുരക്കിഴങ്ങ് തുടങ്ങിയവയും മറ്റൊരു വല്ലത്തിൽ പടവലങ്ങ, വഴുതനങ്ങ, പാവയ്ക്ക, വെണ്ടയ്ക്ക തുടങ്ങിയ മലക്കറിയിനങ്ങളും ഉണ്ടായിരുന്നു.

അച്ഛൻ അമ്മയോട് എന്തൊക്കെയോ പറയുന്നു, അമ്മ അച്ഛനെ കണ്ടിട്ടും കാണാത്ത മട്ടിൽ, കേട്ടിട്ടും കേൾക്കാത്ത മട്ടിൽ, പെരുമാറ്റം തുടരുന്നു. ▶

▶ അതേസമയം ചാത്തൻെറ മകനോട് 'എന്താ നിൻെറ പേര്?' എന്നുചോദിക്കുന്നു. അയാൾ പേര്പറയുന്നു. ചാത്തൻെറ മൂത്തമകൻ കൃഷ്ണദാസ് സിക്സ്ത് ഫോറത്തിൽ പഠിക്കുകയാണെന്നറിയുമ്പോൾ അമ്മ സന്തോഷം പ്രകടിപ്പിച്ച് അഭിനന്ദിക്കുന്നു: ''അട്ടശ്ശേരിയിലെ വാസുപിള്ളച്ചേട്ടൻെറ മക്കൾ രാമനും കുട്ടനും പഠിക്കാതെ നാട്ടിൽ ചട്ടമ്പിമാരായി കുത്തും വെട്ടുമായി നടക്കുന്നു. തലപ്പുലയനായ ചാത്തൻെറ മോൻ പഠിക്കുന്നു. നല്ല കാര്യം.''

അമ്മയെ പ്രീണിപ്പിക്കാനായി അച്ഛൻ താൻ കൊണ്ടുവന്ന മലക്കറിയുടെ പ്രത്യേകതകളെക്കുറിച്ചും താൻ ആറ്റിറമ്പിൽ പുതിയതായി ചെയ്യാൻ ഉദ്ദേശിക്കുന്ന മലക്കറികൃഷിയെ കുറിച്ചുമൊക്കെ സംസാരിക്കുന്നു. തനിക്ക് യാതൊരു താത്പര്യവുമില്ലാത്ത പ്രഭാഷണം നടക്കുന്ന മട്ടിൽ അമ്മ വളരെ ശ്രദ്ധാപൂർവം അശ്രദ്ധ അഭിനയിക്കുന്നു.

വരാന്തയിൽ വിളിച്ചിരുത്തി ചുമട്ടുകാരനായി വന്ന ചാത്തൻെറ മകന് അമ്മ ഭക്ഷണം കൊടുത്തു. പിന്നെ അച്ഛന് ചോറ് വിളമ്പി. എന്നിട്ട് എന്നെ വിളിച്ച് പറഞ്ഞു: ''ശ്രീമാരാ... നിൻെറ അച്ഛനോട് ചോറ് വെളമ്പീന്നു പറ.''

ഞാൻ അച്ഛനെ വിളിക്കുന്നതിന് മുൻപുതന്നെ അച്ഛൻ അടുക്കളപ്പൂമുഖത്ത് വന്ന് ആവണിപ്പലകയിലിരുന്നു.

അച്ഛന് ഇഷ്ടമുള്ള മീൻകറിയും മറ്റും കണ്ടപ്പോൾ ആ മുഖം തെളിഞ്ഞു. അമ്മ അച്ഛൻെറ കിണ്ണത്തിൽ നോക്കി തീരുന്ന വിഭവങ്ങൾ ആവശ്യപ്പെടാതെ തന്നെ വിളമ്പിക്കൊണ്ടിരുന്നു. മൗനം അസഹ്യമാകുന്നു എന്നു തോന്നിയപ്പോൾ അച്ഛൻ പറഞ്ഞു: ''എനിക്ക് നിന്നോടൊരു വെഷമം പറയാനൊണ്ട്.''

എന്താണത്? എന്ന് അമ്മ ചോദിക്കാതെതന്നെ അച്ഛൻ തുടർന്നു: ''കൊച്ചാട്ടൻ മരിച്ചു പോയി.''

അമ്മ നിശ്ശബ്ദത മതിയാക്കി അദ്ഭുതത്തോടെ ചോദിച്ചു:

''ആര്? അച്യുതൻപിള്ളച്ചേട്ടനോ...?''

''അതേ. ക്ഷയം കൂടി ചുമച്ചു ചുമച്ച് രക്തംതുപ്പി മരിച്ചു.''

''ഇപ്പം ക്ഷയത്തിന് പുതിയ മരുന്ന് വന്നിട്ടുണ്ടെന്ന് കേട്ടല്ലോ'' അമ്മ പറഞ്ഞു.

നിരാശ നിറഞ്ഞതായിരുന്നു അച്ഛൻെറ മറുപടി: ''അതൊക്കെ ആര് നോക്കാൻ, ആരോട് പറയാൻ...? പശുത്തൊഴുത്തിനോട് ചേർന്നൊള്ള പടിപ്പുര മുറിയിൽ കെടന്നു രക്തം തുപ്പിയാ ചത്തത്.''

''എത്ര ദെവസമായി...?''

''ഒരു മാസം. ഞാനിവിടെ സുഖമില്ലാതെ കെടന്നപ്പം.''

''എന്നിട്ട് അവരെന്താ ഇവിടെ അറിയിക്കാഞ്ഞത്. അദ്ദേഹത്തിന് മക്കളില്ല. എൻെറ മക്കൾ അദ്ദേഹത്തിന് ബലിയിടുമായിരുന്നില്ലേ...?''

''എന്തോ... ജാനമ്മയും ഉണ്ണിത്താനും ആ മര്യാദ കാണിച്ചില്ല.

**ഞങ്ങൾ മൂന്ന് സഹോദരന്മാരിൽ കുട്ടിക്കാലത്ത് ഏറ്റവും പ്രായോഗികബുദ്ധി കാണിച്ചിരുന്നത് പി. ഗോപാലകൃഷ്ണൻ തമ്പി എന്ന കൊച്ചാട്ടനാണ്. ആ പ്രായോഗികബുദ്ധിയും കഠിനപ്രയത്നവും അദ്ദേഹത്തെ കേരളത്തിലെ ഏറ്റവും മികച്ച ക്രിമിനൽ അഭിഭാഷകനാക്കി മാറ്റി.**

വല്യമ്മാവൻ അവരെ ഓർമിപ്പിച്ചതുമില്ല.''

''ഈ കൂട്ടരുടെ കൂടെ ഞാനും എൻെറ കുഞ്ഞുങ്ങളും വന്ന് താമസിക്കണം എന്നാണോ കുട്ടികളുടെ അച്ഛൻ പറേന്നത്. അല്പമെങ്കിലും മനുഷ്യത്വമുള്ളവര് മരണവാർത്ത അടുത്ത ബന്ധുക്കളെ അറിയിക്കാതിരിക്കുമോ? പറഞ്ഞാട്ടെ...''

അച്ഛന് ഉത്തരംമുട്ടി.

അച്ഛനെ കുട്ടികളുടെ അച്ഛൻ, ചെല്ലപ്പൻെറ അച്ഛൻ എന്നെല്ലാമാണ് അമ്മ വിളിക്കുക. പരസ്പരം കലഹിക്കുമ്പോൾ മാത്രമേ 'നിങ്ങൾ' എന്ന സംബോധനയുണ്ടാകൂ. ഭർത്താവിനെ ചേട്ടാ എന്ന് വിളിക്കുന്നരീതി അന്ന് തീർത്തും ഉണ്ടായിരുന്നില്ല. മുറച്ചെറുക്കൻ ഭർത്താവായി വരുമ്പോൾ മാത്രമേ ചേട്ടാ എന്ന വിളിക്ക് പ്രസക്തിയുള്ളൂ.

കൈകഴുകി വീണ്ടും അമ്മയുടെ അടുത്തുവന്ന് അച്ഛൻ പറഞ്ഞു: ''നീയും കുഞ്ഞുങ്ങളും അവിടെ വന്ന് കഴിഞ്ഞാൽ കഥയൊക്കെ മാറും. നോക്കിക്കോ.''

''അവരൊന്നും ഈ ജന്മം മാറാൻ പോകുന്നില്ല. വേറെ തറവാട്ടിലെ പെണ്ണുങ്ങൾ സ്വത്ത് കൊണ്ടുപോകുമെന്ന് പേടിച്ച് കല്യാണം കഴിക്കാതിരുന്ന അമ്മാവന്മാരുടെ ശേഷക്കാരല്ലേ. എങ്ങനെ നന്നാവും...?''

അമ്മയുടെ ശബ്ദം ഉയർന്നിട്ടും അച്ഛൻ നിയന്ത്രണം വിട്ടില്ല.

''നമ്മൾ എന്നെന്നേക്കുമായി അങ്ങോട്ട് മാറണമെന്നല്ല ഞാൻ പറേന്നത്. രണ്ടോ മൂന്നോ കൊല്ലത്തേക്ക് ഈ വീട് ആർക്കെങ്കിലും ഒറ്റിക്കൊടുക്കാം. അല്ലെങ്കിൽ പണയാധാരം നടത്താം. ഭാഗം കിട്ടിക്കഴിഞ്ഞാൽ കുറച്ച് സ്ഥലം വിറ്റ് വീട് തിരിച്ചെടുക്കാം. പിന്നെ എവിടെത്താമസിക്കണമെന്ന് നീ തീരുമാനിച്ചോ...''

''എൻെറ കെടപ്പാടം പണയം വയ്ക്കാനോ...? എന്നിട്ട് ഞാനും എൻെറ മക്കളും കളരിക്കൽ വീട്ടിൽ വന്ന് പട്ടികളെപ്പോലെ ആ ചായിപ്പിൽ കഴിയണം. അവരെ വിടിരുന്ന് പഠിക്കും...?''

''പഠിക്കാൻ വരാന്തേലിരിക്കാമല്ലോ....''

''വരാന്തയിലല്ലേ സ്വബോധമില്ലാത്ത എൻെറ നാത്തൂൻ ഇരിക്കുന്നതും കെടക്കുന്നതും ഒറങ്ങുന്നതും.''

''ആട്ടെ ഏത് സ്കൂളിൽ പഠിക്കും? തോനയ്ക്കാട്ട് പ്രൈമറി സ്കൂൾ മാത്രമല്ലെയൊള്ളു.''

അച്ഛൻ അതിനും പെട്ടെന്ന് മറുപടി പറഞ്ഞു: ''ശ്രീമാരൻ തോനയ്ക്കാട്ട് എം.പി. സ്കൂളിൽ പഠിക്കും. ഗോപാലകൃഷ്ണനും ചെല്ലപ്പനും തഴക്കര സ്കൂളിലും...''

''എൻെറ മക്കൾ പൊറ്റേക്കടവ് കടന്ന് വാഴുവാടി വഴി തഴക്കര വരെ നടന്നു പോണം... മക്കളോട് സ്നേഹമുള്ള അച്ഛൻ ഇങ്ങനെ പറയുമോ...?''

''സ്നേഹക്കൂടുതൽ കൊണ്ടാ ഞാനിങ്ങനെ പറയുന്നത്. അമ്മാവന്മാരുടെ കാലം കഴിഞ്ഞാൽ ഞാനാ കളരിക്കൽ വീ



**സഹോദരന്മാരായ പ്രസന്നവദനൻ തമ്പി, പി.ജി. തമ്പി, പി.വി. തമ്പി എന്നിവരോടൊപ്പം ശ്രീകുമാരൻ തമ്പി**

ട്ടിലെ കാരണവർ...''

''അനന്തരവളെ കണ്ടാൽ കാലിൻെറ മുട്ടിടിക്കുന്ന കാരണവർ.''

''നീയെന്നെ കളിയാക്കേണ്ട. ചെല്ലപ്പൻ മൂത്തകുഞ്ഞിനെ കല്യാണം കഴിച്ചാൽ പിന്നെ അവൻെറ കൈയിലാവത്തില്ലേ രാജമ്മേടെ സ്വത്തെല്ലാം.''

''മൂത്തകുഞ്ഞിനെ രാജമ്മ പ്രസവിച്ച ദെവസം തൊടങ്ങിയതാ ഈ പറച്ചില്....നാണക്കേട്...''

അന്ന് അമ്മയും അച്ഛനും ഒരുമിച്ചാണ് ഉറങ്ങിയത്. ഞാൻ കൊച്ചാട്ടൻെറ കൂടെ കിടന്നു.

കൊച്ചാട്ടൻ പറഞ്ഞു...

''ഞാൻ അന്നേ പറഞ്ഞില്ലേ... അച്ഛനും അമ്മേം പിന്നേം എണങ്ങുമെന്ന്...''

അമ്മയുടെ ദേഹത്തോട് ചേർന്നുകിടക്കാൻ കഴിയാത്തതിൽ ഞാൻ സങ്കടപ്പെട്ടു.

എൻെറ ദുഃഖം മനസ്സിലാക്കിയ കൊച്ചാട്ടൻ പറഞ്ഞു: ''നീ വെഷമിക്കാതെ. ഞാൻ നിനക്കു ഓലമടലിൻേറം കൊന്നത്തെങ്ങിൻേറം കഥ പറഞ്ഞുതരാം.''

''ശരി.''

ഞാൻ കഥ കേൾക്കാൻ കൊച്ചാട്ടൻെറ മുഖം നോക്കി തിരിഞ്ഞുകിടന്നു. കൊച്ചാട്ടൻ എനിക്കുവേണ്ടി അപ്പോഴപ്പോൾ ഓരോ കഥയുണ്ടാക്കുകയാണ്. ഒന്നും പഴങ്കഥ അല്ല.

കൊന്നത്തെങ്ങ്, മൂവാണ്ടൻ മാവ്, അമ്പഴം, വാഴ, ഓലമടൽ, പറങ്കിമാവ്, കാട്, കുളം... ഇവയൊക്കെയാണ് കഥാപാത്രങ്ങൾ.

കൊച്ചാട്ടൻ കഥയുണ്ടാക്കിപ്പറയുമ്പോൾ അവയെല്ലാം ജീവൻ വയ്ക്കും. ഞാൻ ആ കഥകളിൽ ലയിക്കും. ഞാൻ പൊട്ടിച്ചിരിക്കും. ചിലപ്പോൾ പൊട്ടിക്കരയും.

**പതിമ്മൂന്ന് വയസ്സ് തികയാത്ത കൗമാരക്കാരനിൽനിന്നുയർന്ന ആ വാക്കുകൾ കേട്ട് അച്ഛൻ സ്തംഭിച്ചുനിന്നു. പിന്നെ ഒന്നും മിണ്ടാതെ ടങ്കും കൈയിലെടുത്ത് ഇടവഴിയിൽ ഇറങ്ങിനടന്നു. അച്ഛൻ അകന്നുപോകുന്നത് നോക്കി ഒട്ടും ശാന്തനാകാതെ വാവുത്തത്തൻ തെക്കേമുറ്റത്ത് നിന്നു.**

അമ്മ കശുവണ്ടിയും കപ്പലണ്ടിയും ശർക്കരയുമൊക്കെ മക്കൾക്ക് പങ്കുവെച്ചുതരുമ്പോൾ കൊച്ചാട്ടൻ തനിക്കു കിട്ടിയത് ഒറ്റയടിക്ക് വായിലിടും. ഞാൻ കുട്ടിക്കാലത്തും ഇപ്പോഴും ഭക്ഷണപ്രിയനല്ല. അതുകൊണ്ട് വളരെ സാവധാനമായിട്ടേ ഞാൻ അത് തിന്നുകയുള്ളൂ. കൊച്ചാട്ടൻ അടുത്ത് വന്നിരുന്ന് ദയനീയഭാവത്തിൽ പറയും:

''എടാ... നിൻെറ ഓലമടലിന് ഇന്ന് കൊന്നത്തെങ്ങ് ഒന്നും തിന്നാൻ കൊടുത്തില്ല. ഓലമടല് കരച്ചിലോട് കരച്ചിൽ. രണ്ട് പറങ്കാണ്ടി ഓലമടലിനു കൊടുക്കാമോ...''

''പിന്നെന്താ... ഇതാ... ഇത് ഓലമടലിന്.''

അത് സ്വന്തം വായിലാക്കി വേഗം ചവച്ചിറക്കിയിട്ട് കൊച്ചാട്ടൻ പറയും:

''ദേ... കണ്ടോ... ഓലമടലിന് കൊടുത്തപ്പം അമ്പഴത്തിന് അസൂയ... പാവം അമ്പഴം.....''

അപ്പോൾ ഞാൻ രണ്ട് കശുവണ്ടി അമ്പഴത്തിൻെറ കണക്കിലും കൊടുക്കും.

എന്നെ സങ്കല്പങ്ങളുടെ ലോകത്തേക്ക് കൊണ്ടുപോയത് എൻെറ ജ്യേഷ്ഠന്മാരാണ്. കുത്തിക്കെട്ടാതെ ചിതറിപ്പോയ വാവുത്തത്തൻെറ സരസകഥാപുഷ്പത്തിൻെറ താളുകൾ എനിക്ക് കഥയുടെ ലോകം കാട്ടിത്തന്നു. പ്രകൃതിയുടെ ഓരോ ചലനവും കെട്ടുകഥകളാക്കിയ കൊച്ചാട്ടൻ എന്നെ കവിതയുടെ ലോകത്തേക്ക് കൊണ്ടുപോയി.

*(തുടരും)*

# കലാപശേഷം

## രാജൻ സി.എച്ച്.



ചിത്രീകരണം കെ. ഷെരീഫ്

കലാപത്തിന് മുമ്പ്
തെരുവുകൾ സംസാരിച്ചു.
ഓടകൾ നിശ്ശബ്ദമൊഴുകി.
കലാപശേഷം
ഓടകൾ സംസാരിച്ചു.
തെരുവുകൾ നിശ്ശബ്ദമുരുകി.

▪

കലാപത്തിലെരിഞ്ഞ തെരുവുകളിൽ
പുകയടങ്ങിയ ചാരക്കൂമ്പാരങ്ങളിൽ
രക്തവും കണ്ണീരും തളം കെട്ടിക്കിടന്നു.
വിതച്ചാലിനി നൂറുമേനി കൊയ്യാനാവുമെന്നായി.

▪

കഴിഞ്ഞ നിമിഷം
അങ്ങോട്ടോടിപ്പോയ ആൾക്കൂട്ടത്തിലെ
യുവാവാണിതെന്ന്
വിശ്വസിക്കാനേയാവുകയില്ല.
ഒറ്റയ്ക്കുള്ള തിരിച്ചുവരവിൽ
ഇയാളെങ്ങനെയാണിത്രയും
വൃദ്ധനായത്?
കലാപം/കലാപശേഷമെന്ന്
എത്രയെളുപ്പം നിർണയിക്കാനാവുന്നു!

▪

കത്തിച്ചാമ്പലായ വീടിന്റെ
അവശിഷ്ടങ്ങൾക്കിടയിൽ
കനലുപോലെ കിടന്നു
രണ്ട് കണ്ണുകൾ.
ആരും കാണാതെ
സ്വപ്നം കണ്ടുറങ്ങിയ
ഒരു പെൺകുഞ്ഞായിരുന്നു,
ആ വൈഡൂര്യത്തിളക്കം.

▪

തെരുവിലേക്ക് തുറന്നിട്ട
വാതിലടച്ചതിനുശേഷം
കവിതയെഴുതാനിരുന്നു.
തെരുവിലപ്പോൾ
ഒരാൾക്കൂട്ടം ആക്രോശിച്ചുകൊണ്ട്
വലത്തോട്ടോടിപ്പോയി.
തെരുവിൽനിന്ന്
ഒരാൾക്കൂട്ടം നിലവിളിച്ചുകൊണ്ട്
ഇടത്തോട്ടോടിപ്പോയി.
കാറ്റും പിശറുമെന്ന്
ഞാൻ കവിതയിലെഴുതി
ധ്വനിപ്പിക്കാനൊരുങ്ങി.
വാതിലിൽക്കുതറിയ കാറ്റ്
തൊണ്ടയിലടഞ്ഞ നിശ്വാസമായിരുന്നു.
തെരുവിൽ മനുഷ്യമാംസവും
ചോരയും കുമിഞ്ഞിരുന്നു.
ഇരുട്ടും ഭ്രാന്തും
അന്ധപിതൃക്കളും
നിർവേദം പൂണ്ടിരുന്നു.
കവിതയിലവയൊന്നും
ശേഷിച്ചില്ല.

ഈ കവിത
കവിയുടെ
ശബ്ദത്തിൽ
കേൾക്കാൻ
ക്യൂ.ആർ. കോഡ്
സ്കാൻ ചെയ്യൂ

# കോവിഡ് കാലത്തെ ഡാറ്റാ ഡിസിപ്ലിൻ

**ബി.എസ്.ബിമിനിത്**

കൊറോണ വൈറസ് പ്രതിസന്ധി സൃഷ്ടിച്ച മേഖലകളിൽ പലയിടത്തും ഇൻറർനെറ്റ് ഡാറ്റ ലഭ്യത വലിയ ചോദ്യചിഹ്നമാണ്. വെർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് (വി.പി.എൻ.) ഉപയോഗത്തിൽ ശരാശരി 30 ശതമാനം വർധനയുണ്ടായെന്ന കണക്കുകളും പുറത്തുവരുന്നു. ഓൺലൈൻ ഗെയിമുകളുടെ കാര്യത്തിൽ 75 ശതമാനമാണ് വർധന. സ്കൂളുകൾ അടക്കേണ്ടിവന്നതോടെ പലരും വെർച്വൽ ക്ലാസ്മുറികളും തുടങ്ങി. കൊറോണ വാർത്തകൾക്കു വേണ്ടി കൂടുതലാളുകൾ ഇൻറർനെറ്റ് ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു. സ്ട്രീമിങ് സർവീസുകളുടെ ഉപയോഗവും വർധിച്ചു. അവശ്യ സർവീസുകൾക്കുപോലും ഡാറ്റ കിട്ടാനില്ലാത്ത സാഹചര്യം വന്നതോടെയാണ് ഡാറ്റ ഡിസിപ്ലിൻ എന്ന പദം കേട്ടുതുടങ്ങിയത്.

ആവശ്യമുള്ള കാര്യങ്ങൾ തിരഞ്ഞുപോകുന്നതിനിടയിൽ ഒരു ശരാശരി നെറ്റിസൺ അനാവശ്യമായ ഒരുപാട് വെബ്സൈറ്റുകളിലെത്തിച്ചേരാറുണ്ട്. സോഷ്യൽ മീഡിയ ഹാൻഡിലുകളിൽ ആവശ്യമുള്ളവ മാത്രം മതി എന്ന് പലപ്പോഴും നമുക്ക് തീരുമാനിക്കാനാകില്ലല്ലോ. ഡാറ്റയ്ക്ക് ക്ഷാമം നേരിടുന്ന ഇതുപോലുള്ള പ്രതിസന്ധിഘട്ടങ്ങളിലാണ് അച്ചടക്കത്തിന് കൂടുതൽ പ്രാധാന്യം കൈവരുന്നത്.




ഫോട്ടോ: എ.എഫ്.പി.

ന്യൂയോർക്ക് സിറ്റിയിലും ഹൂസ്റ്റണും അടക്കമുള്ള യു.എസിലെ പ്രധാന നഗരങ്ങളിൽ ഡൗൺലോഡ് വേഗം വല്ലാതെ കുറയുന്നുവെന്ന വാർത്തകൾ വരുന്നു. ചെന്നൈയിലും ഡൽഹിയിലും സമാനമായ പരാതികൾ ഉയർന്നു. അമേരിക്കൻ ഗവേഷകരായ സാൻഡ്വൈനിന്റെ കണക്ക് പ്രകാരം ഇൻറർനെറ്റ് ഡേറ്റയുടെ ശരാശരി 60 ശതമാനം ഡാറ്റയും ഉപയോഗിക്കുന്നത് വീഡിയോ കാണാനാണ് (കോവിഡ് നിയന്ത്രണങ്ങൾ നിലവിൽവന്നതോടെ ഇംഗ്ലണ്ടിൽ പോൺസൈറ്റുകൾ കിട്ടാതായി എന്ന വാർത്ത ഒരു തമാശയായിരുന്നില്ല). ഇംഗ്ലണ്ടിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും ഇതിൽ പത്തുശതമാനത്തിലേറെ ഡാറ്റ നെറ്റ്ഫ്ലിക്സിനും ഏതാണ്ട് അത്രത്തോളം ഡേറ്റ യൂട്യൂബിനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ ആമസോൺ, നെറ്റ്ഫ്ലിക്സ്, യൂട്യൂബ് തുടങ്ങിയ കമ്പനികൾ സ്ട്രീമിങ് ഗുണനിലവാരം കുറയ്ക്കാൻ തീരുമാനിച്ചത് മാതൃകാപരമാണ്. 4കെ ഗുണനിലവാരംവരെ നൽകുന്ന നെറ്റ്ഫ്ലിക്സ് പുതിയ നിയന്ത്രണം കൊണ്ടുവരുന്നതിലൂടെ ഓരോ ഉപയോക്താവിനും ഡാറ്റയുടെ 25 ശതമാനംവരെ ലാഭിക്കാനാകുമെന്നാണ് അവകാശവാദം. ആപ്പിൾ ടി.വി. പ്ലസ് അടക്കം സമാനമായ മറ്റ് സേവനങ്ങളും നിയന്ത്രണത്തിന്റെ പാതയിലാണ്.

ഒരുഭാഗത്ത് ഇത്തരം നിയന്ത്രണങ്ങൾ നിലവിൽവരുമ്പോൾ ഒരു നിയന്ത്രണവുമില്ലാതെ പുതിയ ഇൻറർനെറ്റ് അധിഷ്ഠിത സോഷ്യൽ ചലഞ്ചുകളും പാർട്ടികളുമായി ഉപയോക്താക്കൾ രംഗത്തുണ്ട്. വെർച്വൽ ഡിന്നർ പാർട്ടികളും ബ്രൗണി മീറ്റിങ്ങുകളും വെർച്വൽ മ്യൂസിയങ്ങളും ആർട്ട് ഗ്യാലറികളുമൊരുക്കി പുതിയ സോഷ്യൽ നെറ്റ്‌വർക്കിങ്ങിലേക്ക് നീങ്ങുകയാണ് നിർബന്ധമായും വീട്ടിലിരിക്കേണ്ടി വന്നവർ. ഇതുപോലുള്ള വെർച്വൽ ഇവൻറുകൾ വലിയ ഡേറ്റാ ഉപയോഗം ക്ഷണിച്ചുവരുത്തുന്നുവെന്നാണ് ഫെയ്സ്ബുക്ക് സ്ഥാപകൻ മാർക്ക് സക്കർബെർഗ് വ്യക്തമാക്കുന്നത്. ഫെയ്സ്ബുക്കിലെയും വാട്സ്ആപ്പിലെയും വോയ്സ്, വീഡിയോ കോളുകൾക്കും മെസേജുകൾക്കും വലിയ വർധനവുണ്ടായതായി അദ്ദേഹം പറയുന്നു.

ഇൻറർനെറ്റിന്റെ അനിയന്ത്രിതമായ ഉപയോഗം നിലവിൽ പലയിടത്തും കോവിഡ് 19 അനുബന്ധ ആശയവിനിമയങ്ങൾക്കുപോലും തടസ്സമാകുന്ന സ്ഥിതിയിലേക്ക് എത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് ഇൻറർനെറ്റ് സേവനങ്ങൾ സൗജന്യമാക്കണം എന്ന നിർദേശങ്ങൾ വരുമ്പോൾ നിലവിലെ സാഹചര്യം അതിന് തടസ്സമാകുന്നു. പൗരൻ എന്ന് അർഥം വരുന്ന സിറ്റിസണിൽ നിന്നാണ് ഓൺലൈൻ പൗരനായ നെറ്റിസൺ ഉണ്ടായത്. സമൂഹത്തോട് ഒരു പൗരൻ കാണിക്കേണ്ട ഉത്തരവാദിത്വവും ആ വിശേഷണത്തിലുണ്ട്. അതുകൊണ്ടുതന്നെ ഡേറ്റ നിയന്ത്രിച്ച് ഉപയോഗിക്കുക എന്നതിലുപരി അച്ചടക്കത്തോടെ ഉപയോഗിക്കുക എന്നത് ഓരോ നെറ്റിസന്റെയും ഉത്തരവാദിത്വമാണ്. ഇൻറർനെറ്റ് അടിസ്ഥാന മനുഷ്യാവകാശമാണെന്ന് പ്രഖ്യാപിച്ചത് ഐക്യരാഷ്ട്ര സംഘടനയാണ്. ആ പ്രഖ്യാപനത്തിന് ആഴത്തിലുള്ള അർഥതലങ്ങളുണ്ട്. ■

ഗോപി നാരായണൻ

# പ്രവാചകന്റെ കാഴ്ചകൾ

ഒ.വി. വിജയൻ ഒരു സർവകലാശാലയും ഞാൻ അതിലെ ഒരു വിദ്യാർഥിയുമായിരുന്നു. ഇന്നും ഓർമകളിൽ ജ്വലിച്ചുനില്ക്കുകയാണ് ആ കാലം. പറയാനൊന്നുണ്ടാവുക; പറയാനാവാതിരിക്കുക, എഴുതാനൊന്നുണ്ടാവുക; എഴുതാനാവാതിരിക്കുക, വരയ്ക്കാനൊന്നുണ്ടാവുക; വരയ്ക്കാനാവാതിരിക്കുക. വിജയനിലെ പ്രവാചകനും എഴുത്തുകാരനും കാർട്ടൂണിസ്റ്റും അനുഭവിച്ച ഈ ദുരന്തത്തിന്റെ ദൃക്സാക്ഷിയായി കൂടെയുണ്ടായിരുന്ന കാലം എന്റെ ജീവിതത്തിലെ ഏറ്റവും കനപ്പെട്ട ഒരധ്യായമായിരുന്നു.

ഇതിഹാസകാരന്റെ കൈകളായും കണ്ണുകളായും കാതുകളായും നാവായും ഞാൻ പ്രവർത്തിച്ചിരുന്നപ്പോൾ ഗുരുവിൽനിന്ന് ലഭിച്ച വെളിച്ചമാണ് പിന്നീടുള്ള എന്റെ വഴികളിൽ കരുത്തായത്.

*പ്രവാചകന്റെ വഴി* എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് അങ്ങനെയൊരു നിയോഗം എന്നെ തേടിയെത്തിയത്. അന്ന് ഞാൻ കലാകൗമുദിയിലെ ജൂനിയർ റിപ്പോർട്ടറാണ്. പാർക്കിസൺസ് രോഗംമൂലം ഒ.വി. വിജയന് എഴുതാൻ സാധിക്കാതെവന്ന ഘട്ടത്തിൽ കലാകൗമുദിയുടെ എഡിറ്റർ ജയചന്ദ്രൻസാർ എന്നോട് പറഞ്ഞു: ''നോവൽ പൂർത്തിയാക്കാൻ കഴിയുമെന്നുതോന്നുന്നില്ല. എഴുതാൻ അദ്ദേഹത്തിന് കൈ വഴങ്ങുന്നില്ല. എഴുതിക്കൊടുക്കാൻ ഒരാളുണ്ടെങ്കിൽ നോവൽ നമുക്ക് തുടരാമായിരുന്നു. ഗോപിക്ക് പോകാൻ സമ്മതമാണോ?''

ഞാൻ ഡൽഹിയിലേക്ക് യാത്രയായി. ഭാര്യ തെരേസയും മകൻ മധുവും സഹോദരി ഒ.വി. ഉഷയുമടങ്ങുന്ന കുടുംബത്തിലേക്ക് ക്ഷണിക്കാതെ ചെന്നുകയറിയ അതിഥിയെപ്പോലെ ഞാൻ ചൂളിനിന്നു. പക്ഷേ, വളരെ പെട്ടെന്നുതന്നെ ആ നില മാറി. ഞാനും ആ വീട്ടിലെ അംഗമായി മാറി.

ഒരു ഗുരുവിന്റെ എല്ലാ അധികാരവും അദ്ദേഹം എന്നോട് കാണിച്ചിരുന്നു. ഗൃഹപാഠങ്ങൾ ചെയ്യാത്തതിന് ശകാരിക്കുമായിരുന്നു. ഓരോ ശകാരവും ഓരോ പാഠമായി ഞാൻ ഇന്നും സൂക്ഷിക്കുന്നു.

അദ്ദേഹത്തിൽനിന്ന് ഞാൻ പഠിച്ച ഏറ്റവും വലിയ പാഠം നിഷ്കർഷയുടെതാണ്. ഒരു കഥ എഴുതിപ്പിച്ചുകഴിഞ്ഞാൽ അതിന്റെ ഇഴകീറി പരിശോധിച്ചിട്ടേ പോസ്റ്റ് ചെയ്യിപ്പിക്കൂ. പോസ്റ്റ് ചെയ്തോയെന്ന് ഉറപ്പുവരുത്തിയാലേ അദ്ദേഹത്തിന് സമാധാനമുള്ളൂ. ഈ ജാഗ്രതയാണ് ഒ.വി. വിജയന്റെ എഴുത്തുകളെ കടഞ്ഞെടുത്ത അമൃതാക്കിയത്. *ഖസാക്കിന്റെ ഇതിഹാസം* എട്ടുതവണ തിരുത്തിയെഴുതി എന്ന് കേട്ടിട്ടുണ്ട്. ഒരു പതിര് എവിടെയുമില്ലെന്ന് ഉറപ്പുവരുത്താനായി ഭൂതക്കണ്ണാടി കൊണ്ട് പരതുന്ന ആ ക്ഷമ അപാരംതന്നെയാണ്.

ഒരുദിവസം *ഖസാക്കി*ന്റെ പുതിയ പതിപ്പുമായി ഒരു പത്രപ്രവർത്തകൻ വന്നു. പാലക്കാട്ടെ കരിമ്പനകൾക്കിടയിലൂടെ ഒ.വി. വിജയൻ നടന്നുപോകുന്ന ചിത്രമാണ് കവർ. അന്ന് ഡിജിറ്റൽ വിദ്യകളൊന്നുമില്ല. ഫോട്ടോയിൽ ഒ.വി. വിജയന്റെ തലയ്ക്കുമുകളിലൂടെ കടന്നുപോകുന്ന കനത്ത വൈദ്യുതകമ്പി ചൂണ്ടി

എഴുത്തിൽ ഒ.വി.വിജയന്റെ സഹായിയായിരുന്ന ഗോപി നാരായണൻ ഇപ്പോൾ ചിന്ത പബ്ലിഷേഴ്സിൽ ജോലി ചെയ്യുന്നു.



ക്കാണിച്ചുകൊണ്ട് വന്നയാൾ എന്തോ പറഞ്ഞു. അതിന് മറുപടിയായി ഒ.വി. വിജയൻ പറഞ്ഞു: ''അതാണ് ഉത്തരാധുനികത.'' അന്ന് മലയാളത്തിൽ ഉത്തരാധുനിക ചർച്ച കൊടികുത്തിനിന്ന കാലമായിരുന്നു.

സിഗരറ്റുപാക്കറ്റിന്റെ പുറത്ത് അദ്ദേഹം വരച്ചിടുന്ന കാർട്ടൂൺചിത്രങ്ങൾ ഇന്നും ഓർമയിലുണ്ട്. രാവിലെ എഴുത്തുമേശയ്ക്കരികിലെ കട്ടിലിൽ എന്നെയും കാത്തുകിടക്കുന്ന അദ്ദേഹത്തിന്റെ കൈയിൽ ഒരുപിടി കാർട്ടൂൺചിത്രങ്ങളുണ്ടാവും. ഓരോ ചിത്രവും ഓരോ കഥാപാത്രങ്ങളാണ്. അതിലേക്കുനോക്കി ചുണ്ടനക്കും. ശബ്ദമില്ലാതെ സംസാരിക്കുന്ന ആ ചുണ്ടുകളുടെ ചലനങ്ങൾ നോക്കി ഗ്രഹിച്ചെടുക്കുക വലിയൊരു വെല്ലുവിളിയായിരുന്നു.

അഭിമുഖത്തിനായി വരുന്നവർക്ക് ഒ.വി. വിജയന്റെ വാക്കുകൾ ഞാൻ അളവുതെറ്റാതെ കൈമാറിക്കൊടുത്തു. *തലമുറകൾ* പകർത്തിക്കഴിഞ്ഞപ്പോഴേക്കും ഞാൻ ഗുരുവിന്റെ പ്രിയശിഷ്യനായി മാറിക്കഴിഞ്ഞിരുന്നു.

മലയാളഭാഷയോടുള്ള അദ്ദേഹത്തിന്റെ ഭ്രമം അതിതീവ്രമായിരുന്നു. ഡൽഹിയിലാവുമ്പോഴും ഒ.വി. വിജയൻ മലയാളത്തെ ഒപ്പം ചേർത്തുനിർത്തി. ഇംഗ്ലീഷ് പത്രങ്ങൾക്ക് കാർട്ടൂൺ വരയ്ക്കുമ്പോൾ കാച്ചിക്കുറുക്കിയ ആ വാക്കുകളിൽനിന്ന് ഇംഗ്ലീഷിലെ വഴക്കം വ്യക്തമാണ്. എങ്കിലും മലയാളം പെറ്റമ്മതന്നെയായിരുന്നു അവസാനംവരെയും അദ്ദേഹത്തിന്. ''മലയാളം ഒരു പിന്നാക്കഭാഷയല്ല, ഒരു ഭാഷയും പിന്നാക്കഭാഷയല്ല. അലസമനസ്സുകൾ മാത്രമാണ് പിന്നാക്കാവസ്ഥയ്ക്കു കാരണം.'' അദ്ദേഹം ഒരിക്കൽ പറഞ്ഞു.

ഒരവധിക്കാലത്ത് കോട്ടയത്ത് കാരിത്താസിലെ ഊട്ടുപുലാശ്ശേൽ വീട്ടിൽ അനിയത്തിയോടൊപ്പം താമസിക്കുമ്പോഴും ഞാൻ കൂടെയുണ്ടായിരുന്നു. അദ്ദേഹത്തെ കാണാൻ നിരവധി പത്രപ്രവർത്തകരും എഴുത്തുകാരും വരുമായിരുന്നു.

കാരിത്താസിലെ വീടിന് മുന്നിലൂടെ കടന്നുപോകുന്ന സ്കൂൾകുട്ടികൾ ഒ.വി. വിജയനെ കാണുമ്പോൾ 'ഈശോപ്പാ' എന്ന് വിളിച്ചുപറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒ.വി. വിജയന്റെ മുഖത്തെ യേശുവിന്റെ ഛായ കുട്ടികൾ കണ്ടുപിടിച്ചു. അതെ, സൗമ്യനും വിനയാന്വിതനുമായിരുന്നു അദ്ദേഹം. അത് പലപ്പോഴും ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. അംഗീകാരങ്ങളെച്ചൊല്ലി അദ്ദേഹം ഒരിക്കൽപോലും ആകുലപ്പെട്ടില്ല. *ഖസാക്കിന്റെ*



ഫോട്ടോ: കെ.ആർ. വിനയൻ

**ഒ.വി. വിജയൻ. -ഒ.വി.വിജയന്റെ 15-ാം ചരമവാർഷികമാണ് 2020 മാർച്ച് 30.**

*ഇതിഹാസ*ത്തിന് അവസാനകാലത്താണ് ഒരു അവാർഡ് കിട്ടിയത്. മുട്ടത്തുവർക്കി അവാർഡായിരുന്നു അത്. വയലാർ അവാർഡ് *ഗുരുസാഗര*ത്തിനായിരുന്നു.

നിരന്തരം പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്ന ഒരു മനുഷ്യനെയാണ് ഞാൻ ഒ.വി. വിജയനിൽ കണ്ടിട്ടുള്ളത്. വായനയും ചിന്തയും എഴുത്തിനുള്ള നിലമൊരുക്കലാണ്. പിന്നെ വിത്തെറിയുന്ന പണിയേയുള്ളൂ. അത് അനായാസം സംഭവിക്കുന്നതാണ് കാണുക. ചിന്തയുടെ കാര്യത്തിൽ ഒരു ഋഷിയായിരുന്നു ഒ.വി. വിജയൻ. ദീർഘവീക്ഷണത്തിൽ പ്രവാചകനും. ■



പ്രഭാകരനും
കബിത മുഖോപാധ്യായയും

ഫോട്ടോ മധുരാജ്

# പ്രഭാകരനെ വരയ്ക്കുമ്പോൾ

## കബിത മുഖോപാധ്യായ

**ജെഖാനെ റെയിൽപോഥ് സൊമുദ്രെ മെശെ-റെയിൽപാളങ്ങളുടെ കടലറ്റം എന്നായിരുന്നു കബിത മുഖോപാധ്യായ പ്രഭാകരനൊപ്പം ചേർന്ന് എഴുതി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ആത്മകഥയുടെ പേര്. ചിത്രകലയും ജീവിതവും പരസ്പരം കലർന്ന് ഒറ്റച്ചിത്രമായ ജീവിതമായിരുന്നു പ്രഭാകരനും കബിതയും. ഇന്ത്യൻ ചിത്രകലാ ചരിത്രത്തിൻെറ മുൻതാളുകളിൽ എടുത്തുവെയ്ക്കാവുന്ന ഒട്ടേറെ ചിത്രങ്ങൾ ബാക്കിയാക്കി പ്രഭാകരൻ ജീവിതത്തിൽ നിന്നും മടങ്ങി. ഇരുവരുടെയും ആത്മകഥയിൽ നിന്നുള്ള ഈ ഭാഗങ്ങൾ കബിത സഹയാത്രികനു നൽകുന്ന അഭിവാദ്യമായി മാറുന്നുണ്ട്.**

ഇന്ത്യൻ സമകാലീന കലാരംഗത്തെ പ്രമുഖനായ ഒരു ചിത്രകാരനെ – പ്രഭാകരനെ – കണ്ടു. എങ്ങനെയാണ് പ്രതീകങ്ങൾ ഉയിർകൊണ്ടെത്തുന്നതെന്നതിന് ഒരു ദൃശ്യകല്പനപോലെയായിരുന്നു ആ സാന്നിധ്യം. ഒരു വസന്തം, ഒരു കുയിൽ, അതൊരുപാട് വസന്തങ്ങളുടെ, ഒരുപാട് കുയിലുകളുടെ സാമീപ്യമറിയിക്കുന്നതുപോലെ, പ്രഭാകരൻെറ രചനാരീതി ഒരാത്മചരിത്രത്തോടൊപ്പം, ഒരുപാട് ദൃശ്യചരിത്രത്തിൻെറ സാരാംശങ്ങളും സംയോജിപ്പിച്ചുകൊണ്ട് വരുന്നു. പുരാണങ്ങളിലും മറ്റും വായിച്ചറിഞ്ഞ ഒരു സന്ദർഭത്തെപ്പോലെ, ചരിത്രത്തിനും സംസ്കാരത്തിനുമൊപ്പം നടന്നുമറഞ്ഞ അനവധി തീർഥങ്കരന്മാരുടെ പിന്തുടർച്ചപോലെ ഒരു പുതിയ കാലത്തെ തീർഥങ്കരൻ.

പ്രഭാകരൻെറ സ്കെച്ച് ബുക്കിൽ ഒരുപാട് മുഖങ്ങൾ. ആരും പറയാതിരുന്ന ഒരുപാട് മനുഷ്യരുടെ മുഖങ്ങൾ. പക്ഷികൾ. പുഴകളും പൂക്കളും. ഒരുപാട് ജീവിതാഭിമുഖ്യമാർന്ന മുഖങ്ങൾ. അലങ്കാരവും ആഭരണങ്ങളുമില്ലാത്ത നഗ്നജീവിതങ്ങൾ. കുറച്ചുകൂടി തെളിച്ചുപറയാൻ ശ്രമിച്ചാൽ, അതിനായി രൂപകത്തെ അവലംബിക്കേണ്ടിവന്നാൽ, *ഏകാന്തതയുടെ നൂറുവർഷങ്ങളി*ലെ ഉർസുലയുടെ ഭാണ്ഡക്കെട്ടുപോലെ, അതിൽ ഒട്ടേറെ പൂർവപുരുഷരുടെ വിസ്മരിക്കപ്പെട്ടുപോയ അസ്ഥികളുടെ കിലുക്കം.

കഥയിൽ ദൂരെ കാണുന്നതിനെ ചുരുക്കി, ചെറുതാക്കി കാണിച്ചുതരുന്ന വിദൂര പൗരസ്ത്യദേശത്തെ ചിന്തകരുടെ ശൈലി. സ്വന്തം മാറാപ്പിലെ ശേഖരത്തിൽ കൈയിട്ട് പരതി, എന്ത്, ഏത്, എവിടന്ന് എന്നൊക്കെ അറിയാൻ ഉദാരമായ സ്വാതന്ത്ര്യം.

■

പ്രഭാകരനുമായുള്ള എൻെറ ആദ്യപരിചയം ചിത്രങ്ങളിലൂടെ ആയിരുന്നു. ആദ്യമായി പരിചയപ്പെടുന്നത് കറുത്തമഷിയിൽ പേനകൊണ്ട് വരച്ച ഡ്രോയിങ്ങുകൾ.

ഈ ഡ്രോയിങ്ങുകളിലെ ചിത്രതലങ്ങൾ എന്തൊക്കെ വസ്തുക്കളെ കൺമുന്നിൽ കാണിച്ചുതരുന്നു. അവയൊക്കെത്തന്നെ സംസ്കൃതിയുടെ വഴിയിലേക്കുള്ള ദിശ കാണിച്ചു തരുന്നവയായിരുന്നു. ഈ ചിത്രതലങ്ങളിൽ വെളിവായിവന്ന മനുഷ്യരൂപങ്ങളും അവരുടെ മുഖങ്ങളും മൂക്ക്, കണ്ണ്, പുരികങ്ങൾ തുടങ്ങിയ മറ്റ് അവയവങ്ങളും വരയുടെ വൈവിധ്യമാർന്ന ഒരു വിശാലഭൂമിക മുന്നിൽ ചുരുൾ നിവർത്തിക്കാണിച്ചു തന്നു. ഈ ചിത്രങ്ങളിലെ മനുഷ്യരൂപങ്ങളും മറ്റു പ്രതീകങ്ങളും ചില ആംഗ്യങ്ങളും ചിഹ്നങ്ങളുമെല്ലാം തന്നെ വിവിധ പരമ്പരകളിലൂടെ അതിജീവിച്ച് ഊർജം ശേഖരിച്ചെത്തിയ അക്ഷരങ്ങൾ. 1981 കാലഘട്ടത്തിൽ വരച്ച ഈ ഡ്രോയിങ്ങും അതുപോലുള്ള മറ്റനവധി പ്രഭാകരൻെറ 'ഇണകൾ' എന്ന് നാമകരണം ചെയ്തതോ ചെയ്യാവുന്നവയോ ആയ ഡ്രോയിങ്ങുകളും ചരിത്രത്തിലെ ഒട്ടേറെ ഗുരുസ്ഥാനീയരായ കലാകാരന്മാരുടെ ഇതേ വിഷയത്തെ അധികരിച്ച് രചിച്ച രചനകളെ ഉദ്ദീപിപ്പിക്കുന്നവയാണ്.

പ്രഭാകരൻ, ബറോഡയിലെ ആദ്യ നാളുകളിൽ ചെയ്ത ഒരു കൂട്ടം ഡ്രോയിങ്ങുകൾ, കലാകാരൻെറ ചരിത്രപരമായ ▶

▶ഇടപെടലുകളുടെ തെളിവുകളാവുകയും അത് വർത്തമാന നേരത്തിലേക്കുള്ള തുടർച്ചകളായി മാറുകയും ചെയ്യുന്നു.

■

പ്രഭാകരൻ രേഖപ്പെടുത്തുന്നത്, തന്റെ ചുറ്റുവട്ടത്ത് ജീവിക്കുന്ന മനുഷ്യരുടെ മുഖങ്ങളാണ്, അവരുടെ ജീവിതവും ആഗ്രഹങ്ങളും മരണവും പ്രണയവും ശിക്ഷകളുമാണ്. ചരിത്രത്തിൽനിന്നും, ചരിത്രത്തിന് ബാഹ്യവുമായ അന്വേഷണങ്ങളിലൂടെ പ്രഭാകരൻ നിർമിക്കുന്നത്, ആഖ്യാനത്തിന്റെ സ്വന്തം പദസഞ്ചയമാണ്. അത് സമകാലീന ഇന്ത്യൻ കലാരംഗത്തെ ഒട്ടേറെപ്പേരിൽ സ്വാധീനം ചെലുത്തിയിട്ടുമുണ്ട്.

ആദ്യകാലത്തെ ഡ്രോയിങ്ങുകളുടെ ചരിത്രത്തിൽ, തിരഞ്ഞെടുത്ത പ്രതീകങ്ങളുടെ സ്രോതസ്സുകളെക്കുറിച്ച് പ്രഭാകരൻതന്നെ സംസാരിക്കുന്നു:

''അടിയന്തരാവസ്ഥക്ക് ശേഷം സംഭവിച്ച അധികാരമാറ്റവും സ്വാതന്ത്ര്യബോധത്തിന്റെ പുതിയ ആകാശവും ഭൂമിയും ഇന്ത്യയിലെ സാധാരണ മനുഷ്യർ മുതൽ കലാസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചിരുന്നവരെപ്പോലും ഒരു പുതിയ ഭാവുകത്വത്തിന്റെ അനിവാര്യതയെക്കുറിച്ച് ഓർമപ്പെടുത്തിക്കൊണ്ടിരുന്നു. ഇത്, പിൽക്കാലങ്ങളിൽ, സിനിമ, നാടകം തുടങ്ങി, ജീവിതത്തിന്റെ സമസ്തമേഖലകളിലും ഒരു പുത്തൻ ഉണർവ് ഉളവാക്കിത്തുടങ്ങിയിരുന്നു. അതുവരെ മറച്ചുവെക്കപ്പെട്ട ഭീകരമായ സത്യങ്ങൾ, പലവിധത്തിലുള്ള ആവിഷ്കാരങ്ങളിലൂടെ പ്രതിഫലിപ്പിക്കപ്പെട്ടുകൊണ്ടിരുന്നു.

ഇന്ത്യൻ തടവറകളിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും നീതി മനുഷ്യന്റെ ജീവിതത്തിൽ നിന്നും ധ്രുവങ്ങളുടെ അകലത്തിലാണ് നിലയുറപ്പിച്ചിരിക്കുന്നതെന്നുമുള്ള വാർത്തകൾ പുറംലോകത്ത് എത്തിത്തുടങ്ങിയിരുന്നു. നഗരങ്ങളുടെ സാംസ്കാരിക ഭൂപടം കടന്ന്, നവ സിനിമാ പ്രവർത്തകരുടെ ഫിലിം സൊസൈറ്റി പ്രസ്ഥാനം ഗ്രാമങ്ങളെ തേടി എത്തിത്തുടങ്ങിയിരുന്നു. കവികളും ഗായകരും നാടകപ്രവർത്തകരും അവർക്ക് പറയാനുള്ളത് കേൾക്കാൻ വേണ്ടവരെ അന്വേഷിച്ച് തെരുവിലേക്കും ക്യാമ്പസ്സുകളിലേക്കും ആദ്യമായി വന്നെത്താൻ തുടങ്ങിയിരുന്നു. സ്വാഭാവികമായും ഈ ഉണർവ്ഞങ്ങളുടെ കലാലയത്തിലും പുതിയ വെളിച്ചവും കാറ്റുമായി എത്തി. കലാലയത്തിൽ പുതുതായി രൂപവത്കരിക്കപ്പെട്ട ഫിലിം സൊസൈറ്റി, സത്യജിത് റായ്, ഋത്വിക്ഘട്ടക്, ശ്യാംബെനഗൽ, മണികൗൾ, കുമാർസാഹ്നി, ജോൺ എബ്രഹാം തുടങ്ങിയവരുടെ സിനിമകളെകൂടാതെ, യാംഷോ, തർക്കോവിസ്കി, പസോളിനി, ഹെർസോഗ്, സോൾട്ടാൻ ഫെബ്രി തുടങ്ങി ഒട്ടനവധി വിദേശീയരായ സിനിമാ പ്രവർത്തകരുടെയും സിനിമകൾക്കുള്ള വേദിയായിത്തീർന്നു. സ്വന്തം കൈക്കുഞ്ഞിനെ കഴുത്തുഞെരിച്ച് കൊന്ന മേരി ഫെറാറും, നെരൂദയുടെ മാച്ചുപിച്ചുവും മഹാരാഷ്ട്രയിലെ ദളിതരായ കരിമ്പുലികളുടെ കവിതകളും ചിത്രകലാചരിത്ര പുസ്തകങ്ങൾക്കൊപ്പം കൈമാറപ്പെടുന്ന പുതിയ അനുഭവങ്ങൾ എവിടെയും അനുഭവവേദ്യമായിതീർന്നു.

ഇന്ത്യൻ ചിത്രകലാരംഗത്തും, ഗാലറിക്കാരുടെ വില്പനതന്ത്രങ്ങളെ ഉപജീവിച്ച് നിലനിന്നുപോന്ന, വരേണ്യവർഗത്തിന്റെ അകത്തളങ്ങളെ അലങ്കരിച്ച് പോന്ന രചനാസമ്പ്രദായത്തെ മറികടന്ന് ചിന്തിക്കാനുള്ള പ്രവണതകൾ കലാകാരന്മാരിലും ഉളവായിത്തുടങ്ങി.

പൂക്കളും കിളികളും ടെക്സ്ചറുകളുംകൊണ്ട് തീർത്ത ചിത്രപ്രപഞ്ചത്തെ വെടിഞ്ഞ്, മനുഷ്യരുടെ ജീവിതവും അവരുടെ ചുറ്റുവട്ടവും ചിന്തകളും വേദനകളും ഉത്സവങ്ങളും ചിത്രകലയിൽ സ്ഥാനം തേടാൻ തുടങ്ങി. ബോംബെയിൽ ഇന്ത്യൻ ചിത്രകലയിലെ പ്രമുഖ ചിത്രകാരന്മാരായ ഭൂപൻഖാക്കർ, ഗുലാംഷെയ്ഖ്, സുധീർപട്വർധൻ, ജോഗൻചൗധരി,



**പ്രഭാകരന്റെ സ്കെച്ച് ബുക്കിൽ ഒരുപാട് മുഖങ്ങൾ. ആരും പറയാതിരുന്ന ഒരുപാട് മനുഷ്യരുടെ മുഖങ്ങൾ. പക്ഷികൾ. പുഴകളും പൂക്കളും. ഒരുപാട് ജീവിതാഭിമുഖ്യമാർന്ന മുഖങ്ങൾ. അലങ്കാരവും ആഭരണങ്ങളുമില്ലാത്ത നഗ്നജീവിത**



പ്രഭാകരൻ വരച്ച ചിത്രങ്ങൾ

നളിനി മലാനി, വിവാൻ സുന്ദരം തുടങ്ങിയവരുടെ ചിത്രപ്രദർശനമായിരുന്ന 'Place for People' അതിൻെറ അവതരണത്തിലും ചിത്രങ്ങളിലെ പ്രതീകങ്ങളുടെ തിരഞ്ഞെടുപ്പിലും എല്ലാറ്റിലും ഉപരി, ഗീതാകപൂർ ആ പ്രദർശനത്തിൽ, ഇന്ത്യൻ കലാരംഗത്തെ പുതിയ മാറ്റങ്ങളെ വിലയിരുത്തിയതിൻെറ രാഷ്ട്രീയമായ പരികല്പനകളാലും ഏറെ ശ്രദ്ധേയമായി. ആദ്യമായി, ഇന്ത്യയിലെ മുൻനിരയിൽ നിൽക്കുന്ന പത്രമാസികകൾ ഈ പ്രദർശനത്തിൻെറ പ്രാധാന്യത്തെ വിപുലമായ നിലയിൽ പുറംലോകത്തിലേക്ക് വ്യാപിപ്പിക്കുവാൻ വേണ്ടവിധത്തിൽ പ്രചാരണത്തിൽ സഹായിച്ചു. ഇതെല്ലാംകൂടി ചിത്രകലാരംഗത്ത് ഒരു പുത്തൻ ഉണർവ് വീശിയടിച്ച കാലഘട്ടമായിരുന്നു അത്.

താന്ത്രിക് ഇമേജുകളും സ്വകാര്യവ്യഥകളും അമൂർത്തമായ ബിംബകല്പനകളും വെടിഞ്ഞ് മനുഷ്യർക്ക് പ്രാമുഖ്യമുള്ള ഒരു കലയുടെ വരവിനെ അത് വിളിച്ചോതി. ഇത് ഇന്ത്യൻ ചിത്രകലയിൽ രാംകിങ്കർ, ബിനോദ് ബിഹാരി മുഖർജി തുടങ്ങിയ ആദ്യപഥികർ തുടങ്ങിവെച്ച മനുഷ്യരോടും അവരുടെ ജീവിതത്തോടും ജീവിതാഭിലാഷങ്ങളോടും ആഭിമുഖ്യം പുലർത്തുന്ന ഒരു ഫിഗറേറ്റീവ് ആർട്ടിൻെറ തിരിച്ചുവരവിന് വീണ്ടും വഴിയൊരുക്കി.

ഈയൊരു സാഹചര്യത്തിൽ മുഴുവൻ സമയവും ചിത്രംവരയിലും വായനയിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും മുഴുകുകയെന്നത് മാത്രമായിരുന്നു പൊതുവെ, അരക്ഷിതമായ കുടുംബചുറ്റുവട്ടങ്ങളിൽ നിന്നും കലപഠിക്കാൻ വിദൂരദേശത്ത് ചെന്നെത്തപ്പെട്ട ഞങ്ങൾക്ക് ചെയ്യാനുണ്ടായിരുന്നുള്ളൂ. നഗരത്തിൻെറ കണ്ണഞ്ചിപ്പിക്കുന്ന വിനോദങ്ങളുടെ പരിസരങ്ങളിലെങ്ങും എത്തിപ്പെടാൻ സാമ്പത്തികമായി യാതൊരു ഭദ്രതയുമില്ലാതിരുന്ന ഞങ്ങൾക്ക് ആലോചിക്കാൻ പോലും പറ്റുമായിരുന്നില്ല. അതുകൊണ്ട് തന്നെ ഞങ്ങൾ കിട്ടാവുന്ന ലൈബ്രറികളിൽ നിന്നും മറ്റുവായനക്കാരിൽ നിന്നും പുസ്തകങ്ങൾ ശേഖരിക്കാനും സ്കെച്ച് ബുക്കുകളുമായി നഗരത്തിൻെറ മുക്കിലും മൂലയിലും പതിനായിരങ്ങൾ വന്നിറങ്ങുകയും കാത്ത് കിടക്കുകയും ചെയ്യുന്ന റെയിൽവേസ്റ്റേഷനുകളിലും തെരുവുകളിലും അലഞ്ഞുതിരിയാനും തുടങ്ങി. എല്ലാ ദിവസവും ദ്രുതഗതിയിൽ വരച്ച നൂറ് സ്കെച്ചുകൾ കാണണമെന്ന അധ്യാപിക നസ്രീൻ മുഹമ്മദിയുടെ ആവശ്യവും ഈ അലച്ചിലിന് ഉന്മേഷമേകി.

സന്ധ്യാനേരത്തെ ദീപം തെളിയിക്കാൻ നേരത്ത് കൈനീട്ടിയെത്തുന്ന നഗ്നനായ യാചകൻെറ നേരെ ചുടുവെള്ളമൊഴിക്കുന്ന ദൈവവിശ്വാസിയായ കച്ചവടക്കാരനും ഉറങ്ങാൻ അനുവദിക്കാത്ത തെരുവിൽ നിന്നും ഒന്ന് തലചായ്ക്കാൻ കൊതിച്ചെത്തുന്ന വേശ്യപ്പെണ്ണിനെ പിൻതുടർന്നോടിക്കാനെന്ന ▶



**കബിത മുഖോപാധ്യായ വരച്ച പ്രഭാകരൻ**

വ്യാജേന പുറകേ കൂടുന്ന പൊലീസുകാരും ഞങ്ങളുടെ പുസ്തകങ്ങളിൽ ഇടം പിടിച്ചു.

വിദേശനിർമിത കാറുകളും വിദേശിയരെപ്പോലെ വേഷവിധാനങ്ങൾ അണിഞ്ഞ മനുഷ്യരും ഇരുചക്രവാഹനങ്ങൾ മുതൽ, കുതിര, കാള, ഒട്ടക വണ്ടികൾ ഒന്നിച്ചൊഴുകുന്ന നഗരത്തിന്റെ വെളിച്ചത്തിലും ഇരുട്ടിലും പതുങ്ങുന്ന ആരും ഒരു സുഖദുഃഖങ്ങളെക്കുറിച്ച് അന്വേഷിക്കാനില്ലാത്ത, ഭൂമിയോളം താഴെ പതിച്ച ഒരുകൂട്ടം മനുഷ്യരും അവരുടെ ആരും കേൾക്കാത്ത, കേട്ടാലും തിരിച്ചറിയാത്ത വിലാപങ്ങളും ഞങ്ങളെ തേടിയെത്തി. ഈ സമയങ്ങളിൽ വായിക്കാൻ കിട്ടിയ കസാദ്സാക്കീസിന്റെയും തുർഗേനേവിന്റെയും മഹാശ്വേതാദേവിയുടെയും പുസ്തകങ്ങൾ ഞങ്ങളുടെ ചിത്രങ്ങളിൽ കൈമാറാൻ പറ്റുന്ന വിശിഷ്ടമായ ഉപഹാരമെന്നപോലെ പ്രതീകങ്ങളായി ജന്മം പൂണ്ടു. ഫത്തേഗഞ്ചിലെയും നിസാൻപുരയിലെയും ഇരുട്ട് അടിഞ്ഞുകൂടിയ ഗലികളിൽ നിന്നും ഇരുട്ടിനെ മുറിവേല്പിച്ചുകൊണ്ട് ഞങ്ങളെ തേടിയെത്തിയ കണ്ണുകളുടെ ദൈന്യതയ്ക്ക് പിറകിലെ മനുഷ്യരൂപത്തെ അന്വേഷിക്കലായിത്തീർന്നു ഞങ്ങളുടെ രൂപകല്പനകൾ.

പ്രഭാകരന്റെ ക്യാൻവാസുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മനുഷ്യരൂപങ്ങൾ 1980കളിലെ, ഗുജറാത്തിലെ കുടിയേറ്റക്കാരായ തൊഴിലാളികളെ അധികരിച്ച് ചെയ്ത ഒരു ചിത്രപരമ്പരയിലാണ്, എണ്ണച്ചായത്തിലെ കൈത്തഴക്കം പ്രതീകങ്ങളും ചിത്രതലവുമായുള്ള ബന്ധത്തെ ഉഴുതുമറിച്ചിണക്കിത്തീർക്കുകയും നഗരപ്രാന്തങ്ങളിലെ പാർശ്വവത്കൃതജീവിതങ്ങളുടെ അന്തഃസത്ത വെളിപ്പെടുത്തുകയും ചെയ്യുന്നു.

മണ്ണിൽ വേരാഴ്ത്തിയ പ്രതിരോധത്തിന്റെ അംശങ്ങൾ മുഖാമുഖം നേരിടുന്ന അവതരണത്തെ ഒരു പ്രഖ്യാപനത്തിന്റെ തലത്തിലെത്തിക്കുന്നു. ഈ കാലയളവിൽ ചെയ്ത ചിത്രങ്ങൾക്കും ആ ചിത്രങ്ങൾക്ക് വിഷയീ







പ്രഭാകരൻ വരച്ച ചിത്രങ്ങൾ

ഭവിച്ച മനുഷ്യർക്കും ഒരേ അവസ്ഥതന്നെയാണ് നിലനില്പിന്റെ കാര്യത്തിൽ സംഭവിച്ചതെന്നത് വിരോധാഭാസമായി തോന്നാം. എന്നാലും പ്രഭാകരൻ വരതുടർന്നുകൊണ്ടേയിരുന്നു; ചിന്നിച്ചിതറിയതിനെ ഒന്നിച്ചിണക്കാൻ വേണ്ടി. പ്രഭാകരൻ, സ്വന്തം ചുറ്റുവട്ടത്തെ വ്രണിതരും നിസ്വരുമായ മേൽവിലാസമില്ലാത്തവരുടെ അപ്രസക്തമായ ജീവിതാവസ്ഥകളും വൈകാരികവൈവിധ്യങ്ങളും മോഹവും മോഹഭംഗവുമെല്ലാംകൊണ്ട് ഒരു സമകാലീന മഹാകാവ്യം രചിക്കുകയായിരുന്നു.

■

വീർഭൂമിയുടെ ഗ്രാമാന്തരങ്ങളും നാട്ടുപാതകളും കടന്ന് സോണാജൂരി, കങ്കാളിത്തല, പ്രാന്തിക്, ബാനാശ്പുർ വരെ സൈക്കിളിൽ പ്രഭാകരനോടൊത്തുള്ള യാത്ര. ഇറക്കത്തിലേക്ക് നീളുന്ന പാത. പരന്നൊഴുകുന്ന കാറ്റ്. മടക്കയാത്രയിൽ നേരിടേണ്ടിവരുന്ന കയറ്റത്തെക്കുറിച്ച് ഓർത്തതുപോലുമില്ല.

ദിവസം മുഴുവനും, ഒരുപാട് മരങ്ങൾ, പല ആകൃതിയിലും വലുപ്പത്തിലുമുള്ള ഇലച്ചാർത്തുകൾ, കുറ്റിക്കാടുകൾ, കരിമ്പനക്കൂട്ടങ്ങൾ, കാക്കയുടെ കണ്ണുകൾപോലെ മഷിയെഴുതിയ കുളങ്ങൾ, കളിവീട്ടിലെ പുഴകണക്കേ ഒഴുകുന്ന കൊച്ചരുവിയിൽ നീന്തിത്തിമിർക്കുന്ന കരുമാടിക്കുട്ടന്മാർ.

ഹരധൻദാസ് ബൗളിനൊപ്പം ഞങ്ങൾ കുറച്ച് സുഹൃത്തുക്കൾ കേതുളിയിലെ ജയദേവ് മേളയ്ക്ക് പോയി. ഇപ്പോഴത്തെ വായനക്കാരോട് കേതുളിയിലെ മേളയെക്കുറിച്ച് അധികം പറയേണ്ട കാര്യമില്ല; അതെല്ലാവർക്കും ഏറെ പരിചിതമായിരിക്കും. ബൗൾ, ഫക്കീർ, ദർബേശ് ഒന്നിച്ചുചേരുന്ന മൂന്നു രാവുപകലുകൾ ആഘോഷിക്കുന്ന ഈ മേള, മേളകൾ ഏറെ പ്രശസ്തമാണ്. മകരസംക്രാന്തിനാൾ, നല്ല തണുപ്പത്ത്, അജയ് നദിയുടെ തീരത്ത് നാനാദിക്കുകളിൽനിന്നുമുള്ള നരനാരിമാർ വന്നെത്തി, വൻ മനുഷ്യസാഗരം തീർക്കുന്ന ഈ മേള അവിടെ

നിന്ന് അനുഭവിച്ചറിയാത്തവരോട് പറഞ്ഞുബോധിപ്പിക്കുക അസാധ്യമായ കാര്യം.

ശാന്തിനികേതനിലുള്ളപ്പോഴും എല്ലാ ജയദേവ് മേളയിലും പങ്കെടുത്തിരുന്നെങ്കിലും ഇത്തവണ പ്രഭാകരനുമൊന്നിച്ചാണ് മേളയിൽ പങ്കെടുക്കുന്നതെന്നതായിരുന്നു പ്രത്യേകത.

തമാൽത്തലയിൽ, ആകാശത്തിലെ താരപ്രഭയിൽ, ചുറ്റിലും നടക്കുന്ന മേളയുടെ നാടകീയ മുഹൂർത്തങ്ങൾ സ്കെച്ച്ബുക്കിൽ ദ്രുതഗതിയിൽ പകർത്തിക്കൊണ്ട് പ്രഭാകരൻ ഇരിപ്പുണ്ടായിരുന്നു.

പവൻദാസിൻെറ എക്താരയിൽനിന്ന് ഉതിർന്ന ശ്രുതിക്കൊപ്പം ബാക്കി രാവുകൂടി അലിഞ്ഞുതീർന്നു.

നേരം വെളുത്തതോടുകൂടി മറ്റൊന്നുകൂടി വെളിവായി; ബകൾ, ഫക്കീർ, ദർബേശ് സങ്കേതങ്ങൾക്കൊപ്പം ഒരു ദ്വിഭാഷിയുടെ ആവശ്യമില്ലാതെതന്നെ പ്രഭാകരനുമായി സംവദിക്കാനാവുമെന്ന്. പ്രഭാകരൻെറ ഭാവനദിയായ ഒരു ചതുരക്കടലാസു തുണ്ടിൽ, ഒരു പെണ്ണിൻെറ ശിരസ്സോടുകൂടിയ തോണി ഉടലായ ചിത്രം കണ്ട്, ഗൗർ ക്യാപ്പ ചെറിയ കുട്ടിയെപ്പോലെ വട്ടം കറങ്ങിക്കറങ്ങി ചുവട് ചവുട്ടിക്കൊണ്ട് പാടി...

“നദിയുടെ തീരം എട്ട് ഇഞ്ച്. കൃഷി ഇടത്തുനിന്ന് വെള്ളം ഒഴുക്കാനുള്ള നാലഞ്ച് ദൂരം മാത്രം മറികടക്കാനുള്ള; എൻെറ നിറപ്പകിട്ടാർന്ന ദേശത്തിൻെറ തോണിക്കാരാ, ഈ മായനദി നീ എങ്ങനെ മറികടക്കും?”

ഓരോ തവണയും ആലാപനത്തിലൂടെ പ്രതീകങ്ങളെ, ബിംബങ്ങളെ അടയാളപ്പെടുത്തിക്കൊണ്ടുള്ള ചടുലതാളങ്ങളോടെ ഗൗർ ക്യാപ്പ പാടുന്നതിൻെറ അർഥവ്യാപ്തിയെ വ്യാഖ്യാനിച്ചുകൊണ്ടിരുന്നു.

ദേഹതത്ത്വത്തിൻെറ സങ്കീർണമായ അർഥാന്തരങ്ങളെ ഹരാധൻദാസ് വീണ്ടും വ്യാഖ്യാനിച്ചുകൊണ്ട് പാടാൻ തുടങ്ങി:

*“ദേഹേർ മധ്യേനൊദിയാ ഛേ*
*ശെയ്നദിനെ നൊവ്കോ ചൊലെ...”*

ശരീരത്തിനകത്തൊരു നദിയുണ്ട്. ആ നദിയിൽ തോണി ഒഴുകിക്കൊണ്ടിരിക്കുന്നു. ആറു പേരാണാ തോണി തുഴയുന്നത്. ഒരാളാണതിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്.

ശരീരത്തിനകത്തെ ഈ നദിയിലെ തോണി തുഴയുന്നത് ‘ഷഡ്‌രിപ്പു’ക്കളാണെങ്കിലും നൗകയെ നിയന്ത്രിക്കുന്നത് ബോധമെന്ന നാവികനാണ്. ഈ നാവികനെച്ചൊല്ലി രാത്രി മുഴുവൻ ചർച്ച നടന്നു. ഈ ചർച്ചയിൽ രൂപകങ്ങളുടെ, സങ്കേതങ്ങളുടെ പ്രാധാന്യ– അപ്രാധാന്യങ്ങളെക്കുറിച്ചൊന്നും വിശദീകരിക്കാൻ ഒരു ദ്വിഭാഷിയുടെ ആവശ്യം ഒട്ടുംതന്നെ വേണ്ടിവന്നിരുന്നില്ല.

ഈ യാത്രകളെല്ലാംതന്നെ ഇമേജുകളെയും മണ്ണടിഞ്ഞുപോയ സംസ്കൃതിയുടെ പൊട്ടും പൊടിയും അന്വേഷിച്ചുള്ള യാത്രകളായി പരിണമിക്കുകയും അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്തു. പ്രഭാകരനൊപ്പമില്ലാതിരുന്ന യാത്രകളിലും കാഴ്ചയുടെ ഈ നിമ്നോന്നതങ്ങളെ വ്യത്യസ്തമായ കാലങ്ങളുടെ വെളിച്ചത്തിൽ നോക്കിക്കാണാൻ ശ്രമിച്ചുകൊണ്ടിരുന്നു. കൊൽക്കത്ത ബുക്ക്ഫെയറിൽനിന്ന് പ്രഭാകരൻ വാങ്ങിത്തന്ന ‘റോസാ ലക്സംബർഗ്’ എന്ന ചെറിയ പുസ്തകം ബാഗി ▶



കബിതയും പ്രഭാകരനും

**പ്രഭാകരൻ വര തുടർന്നുകൊണ്ടേയിരുന്നു; ചിന്നിച്ചിതറിയതിനെ ഒന്നിച്ചിണക്കാൻ വേണ്ടി. പ്രഭാകരൻ, സ്വന്തം ചുറ്റുവട്ടത്തെ മേൽവിലാസമില്ലാത്തവരുടെ അപ്രസക്തമായ ജീവിതാവസ്ഥകളും വൈകാരികവൈവിധ്യങ്ങളും കൊണ്ട് ഒരു മഹാകാവ്യം രചിക്കുകയായിരുന്നു.**




കബിത വരച്ച പ്രഭാകരൻ

ലുണ്ടായിരുന്നു.

■

നമ്മുടെ സമകാലീന ഇന്ത്യൻ ചിത്രകലയിൽ ഏറെ സുന്ദരികളായ പെണ്ണുങ്ങളെയാണ് പ്രഭാകരൻ വരച്ചത്. അവരാകട്ടെ, വിവിധ ദേശങ്ങളിൽനിന്നും വിവിധ ചുറ്റുവട്ടങ്ങളിൽനിന്നും വിവിധ സാമൂഹിക വിതാനങ്ങളിൽനിന്നും വിവിധ മുഖങ്ങളും വികാര വൈജാത്യങ്ങളുമായെത്തുന്നവരാണെങ്കിലും ആകെത്തുകയിൽ അതൊരു ഇന്ത്യൻ അവസ്ഥയിലെ ആദി നാരീ രൂപസങ്കല്പമാണ്. അവളാകട്ടെ, എല്ലാവിധ സാമൂഹികാനീതികൾക്കും ഇരയായി, ഏറെ പീഡിതയായി ശരങ്ങളേറ്റ മേനിയുമായി നമ്മുടെ സമകാലീന യാതനകളുടെ മണ്ണിലൂടെ നടക്കുന്നവളുമാണ്.

അതേസമയം മോഹൻജദാരോയിലെ നർത്തകി, മദർ ഗോഡസ്, എല്ലോറയിലെ ഇന്ദ്രാണി, ബസോളി മിനിയേച്ചർ ചിത്രത്തിലെ സൂക്ഷ്മരേഖകളാൽ മെനഞ്ഞെടുത്ത വരലാവണ്യവതി രാധ, അഥവാ അഭിസാരിക, അക്ബറിന്റെ രാജകൊട്ടാരത്തിലെ കലാകാരനായിരുന്ന ബാസവന്റെ ആന, ഖജുരാഹോവിലെ യക്ഷികൾ, മഹാബലിപുരത്തെ മഹിഷാസുരമർദിനി, പഞ്ചരഥത്തിന്റെ പാർശ്വങ്ങളിൽ നിലയുറപ്പിച്ച ആനകൾ – ഇവയെല്ലാം എന്റെ ഓർമയിൽ തെളിയുന്നു.

ലാളിത്യമാർന്ന ലാവണ്യം, വ്യവസ്ഥാപിത പരിമാണത്തെ ആഖ്യാനത്തിന്റെ ആവശ്യാനുസരണം തിരഞ്ഞെടുക്കാനുള്ള ഉദാരമായ സ്വാതന്ത്ര്യം – ഈ പുതിയ ബിംബത്തിൽ പൈതൃകമെന്നപോലെ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇന്ത്യൻ ചിത്രശില്പ കലാലയങ്ങൾ ആശ്രയിച്ചുപോരുന്ന അക്കാദമിക് രീതിയിലുള്ള ശരീരശാസ്ത്രപഠനം, മനുഷ്യശരീരത്തെ ജ്യോമട്രിക്കനുസരിച്ചു മാത്രം അളന്ന് തിട്ടപ്പെടുത്തിയതാണ്. പ്രഭാകരന്റെ ചിത്രാഖ്യാനത്തിലെ മനുഷ്യരൂപങ്ങൾ തികച്ചും അക്കാദമിക് രീതികൾക്ക് വിരുദ്ധമാണ്. അതേസമയം ആഴത്തിൽ പാരമ്പര്യത്തിൽ ഊന്നിനിന്നുള്ള പ്രതിമാനിർമിതിയെയാണ് പ്രഭാകരന്റെ ചിത്രതലം അന്വേഷിക്കുന്നത്. പ്രഭാകരന്റെ സ്ത്രീരൂപങ്ങൾ ഈ അന്വേഷണത്തിന്റെ ഫലവത്തായ ദൃഷ്ടാന്തങ്ങളാണ്. മൊത്തത്തിൽ ചിത്രകാരൻ രചിക്കുന്നത് ഇമേജുമായുള്ള ഒരു സമവേദനയുടെ വേദിയാണ്. അതാകട്ടെ, സ്വന്തം ഇമേജുമായുള്ള ഒരു പരകായപ്രവേശത്തിന്റെ വേദികൂടിയായിത്തീരുന്നു.



പ്രഭാകരനും കബിതയും മകളോടൊപ്പം

**പ്രഭാകരന്റെ സ്ത്രീകളുടെ പോർട്രെയിറ്റുകൾ കണ്ടാൽ കലാകാരന്റെ സ്ത്രീകളോടുള്ള സമീപനത്തെക്കുറിച്ച് ഒരു ധാരണ കാഴ്ചക്കാരനുണ്ടാവും. ഇമേജുകൾ സ്പഷ്ടമായിത്തന്നെ ചിത്രകാരന്റെ രാഷ്ട്രീയവും നോക്കിക്കാണുന്ന രീതിയും പ്രതിഫലിപ്പിക്കുന്നു.**

ഈ സുന്ദരികൾ ഒരിക്കലും ആസ്വാദനത്തിനുള്ള വസ്തുക്കളല്ല. അവർ കാഴ്ചക്കാരുടെ അടിമകളുമല്ല. അവർക്കവരുടെ ഭാഷയുണ്ട്; കണ്ണീരിന്റെ ഭാഷ. നോട്ടത്തിന്റെ ഭാഷ. സ്വയം പ്രകാശിപ്പിക്കാനുള്ള ശരീരത്തിന്റെ ഭാഷ.

പ്രഭാകരന്റെ സ്ത്രീകളുടെ പോർട്രെയിറ്റുകളിലെ ഭാവങ്ങളുടെ അതിസൂക്ഷ്മമായ വിശദാംശങ്ങൾ കണ്ടാൽ കലാകാരന്റെ സ്ത്രീകളോടുള്ള സമീപനത്തെക്കുറിച്ച് ഒരു ധാരണ കാഴ്ചക്കാരനുണ്ടാവും. ഇമേജുകൾ സ്പഷ്ടമായിത്തന്നെ ചിത്രകാരന്റെ രാഷ്ട്രീയവും നോക്കിക്കാണുന്ന രീതിയും പ്രതിഫലിപ്പിക്കുന്നു. ചിത്രകാരന്റെ ഈ പ്രത്യേക കാഴ്ചപ്പാടിന്റെ വ്യക്തിപരമായ അടിസ്ഥാനം മനസ്സിലാക്കാൻ ഞാൻ ശ്രമിച്ചിരുന്നു. രാമായണത്തിലെ സീതയെന്ന കഥാപാത്രത്തെക്കുറിച്ച് പ്രഭാകരൻ ഈ മട്ടിൽ ഓർമിക്കുന്നു:

''സീത, എന്നോ എത്രയോ കാലം മുൻപേ, നന്നേ ചെറുപ്പത്തിലേ മനസ്സിൽ കുടിയേറിയിരുന്നു. കുടുംബാന്തരീക്ഷം പുസ്തകങ്ങളുടെയും വായനയുടെതുമായിരുന്നു. കുടുംബാംഗങ്ങളിൽ ചിലർ ഭംഗിയായി, മധുരമായി ചൊല്ലാനറിയാവുന്നവരുമായിരുന്നു. കുടുംബത്തിന്റെ പ്രിയപ്പെട്ട പുസ്തകം *ചിന്താവിഷ്ടയായ സീത*. വേനലിന്റെ മണമുള്ള ശരീരം മുഴുവൻ എണ്ണതേച്ച്, അച്ഛൻ ചൊല്ലാറുള്ള ത്ലവകുശന്മാർ ആശ്രമം വിട്ടുപോയ നാളത്തെ സീതയുടെ ഏകാന്തതയെക്കുറിച്ചായിരുന്നു എന്ന് മുതിർന്നവർ പറഞ്ഞു കേട്ടറിഞ്ഞിരുന്നു. നന്നേ ചെറുപ്പത്തിലേ ഞങ്ങളെ വിട്ടുപിരിഞ്ഞുപോയ അച്ഛൻ വളരെ വിദൂരമായ, അവ്യക്തമായ ഒരു ഓർമ മാത്രമായി മാറിയിരുന്നു. മഴക്കാലരാത്രികളിൽ, മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിലിരുന്ന് അമ്മ സീതയുടെ കഥ വിഷാദം സ്ഫുരിക്കുന്ന താളത്തിൽ ആലാപനംചെയ്യുമ്പോൾ മനസ്സിൽ വല്ലാത്ത ഒരു കാളിമ കനംകൂടി വരുമായിരുന്നു...''

ഈ സ്ത്രീകളുടെ മുഖങ്ങൾ, പാതാളത്തിൽനിന്ന് കരകയറിയെത്തിയ സീതമാരുടെ മുഖങ്ങളോടെ അവരുടെ വിവിധതരം കഥകൾ പറയുന്നു. ഈ സ്ത്രീകൾ പ്രണയത്തിന്റെയും പ്രണയഭംഗത്തിന്റെയും പ്രണയാർദ്രമായ ജീവിതത്തിനായി നിരന്തരം സംഘർഷം ചെയ്യുന്ന രൂപകങ്ങളാണ്. ■

MARKINGS

കീർത്തിക് ശശിധരൻ



# The Science of Ranking

In a popular game show on a Malayalam TV channel, in which participants are voted out, one of the contestants was recently removed from the competition.  Ostensibly, he had lost and would no longer be eligible to win an apartment in Kochi, which was the announced prize. But when he landed at the airport after being 'defeated', a crowd of his admirers mobbed him and raised slogans to show their admiration for him.  In their minds, he was the true winner; but in the annals of that show's records, he was merely an also ran.  Depending on who asks the question and who frames a response, the ranking of players was different.  This game-show, of course, is an elaborate exercise in make-belief, but it offers up a live example of how ranking works. The audience, the players, the TV show producers, the online viewers, the agnostic passerbys — all view and rank the players differently.

In much of our daily life, we rank objects, people, phenomena in a variety of ways, depending on who we are as individuals, in what social ranking order we find ourselves, what our evolving preferences are, and how we think about the very act of ranking itself.  Despite the claims of the most socially radical ideologies, ranks are everywhere: in kindergartens where children begin to form ideas about what they prefer over another, in schools where they learn to sort fellow students on basis who they like more than the other, as young adults who prefer one employment opportunities over another, as men and women who rank order potential spouses and partners in accordance with their abilities to fulfill one particular dimension over another (beauty, status, income, caste, religion, intellect, and so on), to political practices that privilege one ideological end-goal over another, to late in life thoughts on how one set of life choices over another could have led to a different sort of life.




**Ranking**
**The Unwritten Rules of the Social Game We All Play**
**Peter Erdi**
Publisher: Oxford University Press
Pages: 258, Price: ₹ 576

Our lives are afloat in an infinite sea of choices, where the oars that propel the boat of everyday life are the rankings we perform constantly. Peter Erdi's 'Ranking: The Unwritten Rule of the Social Game We All Play' is a remarkable set of essays that tries to think through this very act of forming hierarchies of choices and then asks what do those choices tell us about ourselves and how do they work their way through society. The reason the book is remarkable is because this is a topic that can quickly devolve into highly technical language of social choice theory—a discipline made famous over centuries by an assortment of influential thinkers: from the writings of Marquis de Condorcet and Simon de Laplace in pre-19th century France, the great economists Vilfredo Pareto, Paul Samuelson, Kenneth Arrow, and Amartya Sen. In contrast to their writings, Erdi who is an Hungarian-American physicist has written about a highly abstruse topic in a manner that even makes for a fun reading.

Technically, a ranking is a 'complete, asymmetrical, and transitive' relation as described in a friendly introduction to the book by Scott E. Page, a professor of complex systems at University of Michigan at Ann Arbor. Here, 'complete' means that rankings compare between two things; 'asymmetrical' tells us that each object is more or less than another along some criterion; 'transitive' is way of saying A is greater than B, B is greater than C, then A is greater than C. The problem arises when individuals have personal rankings and society needs to arrive at a collective ranking. The most fascinating, and important, of theorems about ranking is called the 'Arrow's Impossibility Theorem' which shows that, under certain plausible assumptions, a social ordering that respects the individual choices of all its members cannot exist. What Arrow's Theorem suggests, loosely speaking, is that for many members of a society, a social ordering may be indistinguishable from a dictatorial imposition. This recognition imperils the claims of a liberal society where individual choices, democratic processes, and rational means of arriving social choices are often held up as its constituent blocks. The important thing to realize is that ranking as a subject is both philosophical but also all too important for the functioning of societies. From historical ideas of ordering such as varna and jati that originate in deep historical time to modern election systems (such as proportional representation, absolute majority, first past the post) — our societies have attempted to formalize, codify, and even break free of rankings.



**Peter Erdi**

What Erdi shows through innumerable examples and a seamless and instructive narrative is that 'like it or not, ranking is with us'. What he reminds, time and again, is that 'ranking is not a magic bullet that produces order out of chaos, but it is not the product of some random procedure'. There are evolutionary pressures that allowed for ranking concepts like dominance hierarchies (one powerful male primate, many female primates who bear his children), signaling for prestige in complex societies, and reputation management to flourish. Add to these historically-culturally evolved markers, we now have automatons like Google's algorithms that push some content more than others thus fostering a ranking of new kind. More advanced Artificial Intelligence based ranking systems rely on iteratively aggregated reputation algorithms that force rankings into our digital consciousness. What Erdi's writings reveal is how extraordinarily enmeshed is our everyday life with the instances of rankings, most of which we no longer even recognize. Erdi's book is therefore a mirror to our selves and our societies as well as an invitation to think about our lives with greater self-awareness. ■

■ അഭിമുഖം

# ഞങ്ങളും പഠിക്കട്ടെ മറ്റുള്ളവർക്കൊപ്പം സന്തോഷത്തോടെ

**റിയ ഇഷ/** ബാസിത്, ഫാറൂഖ്
എം.എ. ഇസ്ലാമിക് സ്റ്റഡീസ്, വാഫി പി.ജി. കാമ്പസ്, കാളികാവ്, മലപ്പുറം

ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസം നേടാനുള്ള സൗകര്യം ഒരുക്കുക എന്നത് കേരളസർക്കാരിൻെറ ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമാണ്. ആ നയത്തിൻെറ ഭാഗമായി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ട്രാൻസ്ജെൻഡറുകൾക്ക് സീറ്റ് സംവരണവുമുണ്ട്. ഒരു വിദ്യാർഥി എന്നനിലയിൽ ട്രാൻസ്ജെൻഡർ സമൂഹത്തിൻെറ അടിസ്ഥാനാവശ്യങ്ങളും മൗലികാവകാശങ്ങളും നേടിയെടുക്കാനുള്ള പ്രയത്നത്തിൽ റിയ ഇഷയുടെ ഇടപെടലുകൾ വളരെ വലുതാണ്. സംസ്ഥാന മനുഷ്യാവകാശ സംഘടനാംഗം, ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നതോടൊപ്പം പെരിന്തൽമണ്ണ എം.ഇ.എസ്. കോളേജിലെ രണ്ടാം വർഷ ഇക്കണോമിക്സ് വിദ്യാർഥിനികൂടിയായ റിയ ജീവിതം, സമൂഹം, വിദ്യാഭ്യാസം തുടങ്ങിയവയെക്കുറിച്ച് സംസാരിക്കുന്നു.

**ബാസിത് ഫാറൂഖ്: ഇഷയുടെ ചെറുപ്പകാലം എവിടെയായിരുന്നു?**

**റിയ ഇഷ:** ഏഴ് ആണും രണ്ട് പെണ്ണുമുള്ള ഒരു വലിയ മുസ്ലിം കുടുംബത്തിലാണ് ഞാൻ ജനിച്ചത്. ജനനം കാളികാവിലെ കല്ലാമൂലയിലായിരുന്നു. നഴ്സറിപഠനം കഴിഞ്ഞ് നാലാം വയസ്സിൽ കുടുംബം കോഴിക്കോട്ടേക്ക് മാറി. ഇരുപതുവയസ്സുവരെ കോഴിക്കോടായിരുന്നു ജീവിതം. വലിയ കുടുംബമായതുകൊണ്ടും കുറേ ഇക്കാക്കമാർ ഉള്ളതുകൊണ്ടും നാട്ടിലെല്ലാം ഞാൻ വലിയ സ്വീകാര്യനായിരുന്നു. ചില അസ്വാഭാവികതകൾ ഉണ്ടായിരുന്നെങ്കിലും വീട്ടിലെ ചെറിയകുട്ടിയായതിനാൽ ലാളിക്കപ്പെട്ടും വിഷമതകളറിയാതെയും കൂട്ടുകാരുടെയും കുടുംബത്തിൻെറയും പ്രിയപ്പെട്ടവനായി ഞാൻ ജീവിച്ചു.

**■ എപ്പോഴാണ് റിയ സ്വന്തം ഐഡൻറിറ്റി മനസ്സിലാക്കുന്നത്?**

കോഴിക്കോട്ടുനിന്നും ഞാൻ ബാഗ്ലൂരിലേക്കാണ് പോയത്. അവിടത്തെ കുട്ടികൾക്കിടയിൽ ഞാൻ ചാന്തുപൊട്ടും മറ്റുമായി പരിഹാസ്യനായി. ആദ്യമായി കേട്ടപ്പോൾ മനസ്സുവിങ്ങി. വേഗം വീട്ടിലെത്തി പഠനം നിർത്തുന്ന കാര്യംപറഞ്ഞു. ദുഃഖം മുഴുവൻ എയർഹോസ്റ്റസായ ഇത്താത്തയോട് പറഞ്ഞു. ‘ലോകംകണ്ട പെൺകുട്ടിയല്ലേ അവൾ, ഏതെങ്കിലുമൊരു കുട്ടിയുമായി പ്രണയത്തിലായാൽ തീരുന്ന പ്രശ്നമേയുള്ളൂ’വെന്ന ഇത്താത്തയുടെ വാക്കുംപേറി ബാംഗ്ലൂരിൽ ഒരു പുതിയ പ്രണയജീവിതം തുടങ്ങി. പക്ഷേ, എൻെറ പ്രണയിനിയിൽ എൻെറ പ്രിയകൂട്ടുകാരിയെയാണ് ഞാൻ കണ്ടത്. ഒന്നിച്ച് ഒരു മുറിയിൽ നിൽക്കുമ്പോഴും സൗഹൃദത്തിനപ്പുറം മറ്റൊന്നും തോന്നാത്ത എൻെറ ശരീരത്തിലെ പോരായ്മകൾ ഞാൻ പതിയെ തിരിച്ചറിഞ്ഞുതുടങ്ങി. പിന്നീടങ്ങോട്ട് ഒരുപാട് ഡോക്ടർമാർ, ഒരുപാട് ഹോസ്പിറ്റലുകൾ... ശ്രമങ്ങൾ മുഴുവൻ വിഫലമായിരുന്നു. പലപ്പോഴും വിവാഹം നടത്താൻ ശ്രമിച്ച വീട്ടുകാരോട് ശാരീരികവൈകല്യമാണെന്ന് കള്ളംപറഞ്ഞ് എൻെറ സങ്കടങ്ങൾ മനസ്സിൽ ചേർത്തുവെച്ചു.

**■ പിന്നീട് നാട്ടിലേക്ക് തിരിച്ചുവരുകയായിരുന്നോ?**

പിന്നീട് ബാംഗ്ലൂരിലേക്കാണ് ഞാൻ തിരിച്ചുപോയത്. എൻെറ സമൂഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന വാശി എനിക്കുണ്ടായിരുന്നു. കാരണം ഒരു പെൺകുട്ടിയെ വിവാഹം ചെയ്ത് തലമുറ കാത്തുസൂക്ഷിക്കാൻ എനിക്ക് കഴിയില്ല എന്ന് മനസ്സിലായി. എന്തായാലും സെക്സ് വർക്കിന് പോകില്ല എന്ന വാശി എനിക്കുണ്ടായിരുന്നു. കാരണം കുടുംബത്തെ പറയിപ്പിക്കരുതല്ലോ. പിന്നീട് ട്രാൻസിൻെറ പോളിസി പാസായി പെരിന്തൽമണ്ണയിലെത്തി.

**■ പെരിന്തൽമണ്ണയിൽ റിയ സ്വീകാര്യയായിരുന്നോ?**

പെരിന്തൽമണ്ണക്ക് ട്രാൻസിനെ ഉൾക്കൊള്ളാൻ കഴിയുന്ന മനസ്സായിരുന്നില്ല അന്ന്. ‘ട്രാൻസ്ജെൻഡറൊക്കെ ബാംഗ്ലൂർ പോലുള്ള സിറ്റികളിലല്ലേ, എന്താ ഇവിടെ?’ എന്ന ചോദ്യം മുഖവിലയ്ക്കെടുക്കാതെ ഞാനെൻെറ ലക്ഷ്യം മുന്നിൽക്കണ്ട് പ്രവർത്തിച്ചു. ഇവിടെ, പെരിന്തൽമണ്ണയിൽ, ഞാൻ ഒരു കെട്ടിടം വാടകയ്ക്ക് എടുത്തിരിക്കുകയാണ്. ഇതരസംസ്ഥാനതൊഴിലാളികൾക്ക് റൂം കൊടുക്കും. അവരിൽനിന്ന് കിട്ടുന്നതിലെ ഒരു വിഹിതം വാടകയായി കൊടുക്കും. ഈ കെട്ടിടത്തിലെ മുഴുവൻ ടോയ്ലെറ്റുകൾ വൃത്തിയാക്കലടക്കം ഒരുപാട് പണികൾ ഇവിടെയുണ്ട്. കൂടാതെ അടുത്തുള്ള



റിയ ഇഷ

ഒരു റെസ്റ്റോറൻറിൽ സൂപ്പർവൈസറായും ജോലി ചെയ്യുന്നു.

■ **വിജയകരമായ അതിജീവനം അല്ലേ?**

പരിഹാസങ്ങൾ നേരിടേണ്ടിവന്നിരുന്നു ആദ്യമൊക്കെ. കാരണം പെൺവേഷത്തിലാണ് ഞാൻ നടക്കുന്നത്. ഞാനെന്തിന് സങ്കടപ്പെടണം? ശാസ്ത്രം ഇത്രയും വളർന്ന ലോകത്ത് ശരീരവും മനസ്സും ഒന്നാക്കാനുള്ള സർജറികൾ ഞാൻ ചെയ്തു. ഇന്ന് ഞാനൊരു സ്ത്രീയാണ്. ആഗ്രഹങ്ങൾ കീഴടക്കാൻ അശ്രാന്തം പരിശ്രമിക്കുന്ന ഒരു സ്ത്രീ. നാട്ടുകാരുടെ വാക്കുകൾക്ക് ചെവികൊടുക്കാറേയില്ല. ഞാനിവിടെ വന്ന സമയത്ത്, എവിടെച്ചെന്നാലും, എല്ലാവരും അകന്നുപോകുമായിരുന്നു. പിന്നെ ഇവിടെയുള്ള സ്ത്രീകളെയൊക്കെ കൂട്ടി കുടുംബശ്രീ രൂപീകരിച്ചു. അങ്ങനെ ആനുകൂല്യങ്ങൾ നേടിയെടുത്തു. അന്ന് പെരിന്തൽമണ്ണയിലേക്ക് ഞാൻ വന്നതാണെങ്കിൽ ഇപ്പോൾ പെരിന്തൽമണ്ണ എന്നിലേക്ക് വന്നു. വള്ളുവനാടൻ ഫെസ്റ്റ് കോ-ഓർഡിനേറ്ററായി. ആയിരംപേരുള്ള തിരുവാതിരയിൽ പങ്കെടുത്തു. കോടതിയിൽ ലീഗൽ കോഴ്സ് കഴിഞ്ഞു. ഹ്യൂമൻ റൈറ്റ്സ് സ്റ്റേറ്റ് പ്രസിഡൻറായി. മലപ്പുറം ജസ്റ്റിസ് ബോർഡ് മെമ്പറായി.

■ **തിരിഞ്ഞുനോക്കുമ്പോൾ പെരിന്തൽമണ്ണ ഒരുപാട് മാറിയോ?**

ഞാൻ വന്നസമയത്ത് എൻെറ വില അന്വേഷിക്കുകയും എന്നെ പരിഹസിക്കുകയും ചെയ്യുന്ന ഒരുപാടുപേരുണ്ടായിരുന്നു.

ഇന്ന് അതെല്ലാം മാറി. ഒരുപാട് കൂട്ടുകാർ ഉണ്ട്. മണ്ണാർക്കാട് എം.ഇ.എസിൽ ഇക്കണോമിക്സ് രണ്ടാം വർഷ വിദ്യാർഥിനിയാണ് ഞാനിപ്പോൾ. ഓരോ കോളേജിലും ഞങ്ങൾക്ക് സീറ്റ് ഉണ്ടെങ്കിലും ട്രാൻസ്കുട്ടികൾക്ക് പഠിക്കാൻ മടിയാണ്. ഇപ്പോൾ കലാലയങ്ങളിൽ പ്രത്യേക ടോയ്ലെറ്റുകളും ഞങ്ങൾക്കായുണ്ട്. ആദ്യമായി യൂണിവേഴ്സിറ്റി കലോത്സവത്തിൽ പങ്കെടുത്ത ട്രാൻസ്ജെൻഡർ എന്ന പദവി നേടിയെടുത്തു. സ്പോർട്സിൽ പങ്കെടുത്തു. പ്രായപരിധി തടസ്സമായില്ലെങ്കിൽ എല്ലാവരുടെയും സപ്പോർട്ട് ഉള്ളതുകൊണ്ട് എനിക്ക് ഇലക്ഷനിൽ നിൽക്കാമായിരുന്നു.

■ **വീട്ടിൽ പോകാറില്ലേ? അവരൊക്കെ റിയയെ കാണുമ്പോൾ എങ്ങനെ പ്രതികരിക്കുന്നു?**

കഴിഞ്ഞ പെരുന്നാളിന് ഫാമിലിയിൽ പോയിരുന്നു. ഇക്കാക്ക പുറത്തുനിന്നും നോക്കി സങ്കടത്തോടെ അകത്തുപോയി. പെങ്ങളും മക്കളും എല്ലാവരും ഏറെ സങ്കടപ്പെട്ടു. എങ്കിലും ഒന്നിച്ച് ഭക്ഷണം കഴിച്ച് നാട്ടിലെ കൂട്ടുകാരുടെ കൂടെ കറങ്ങാൻപോയി. ഏറെസമയം അവരുടെ കൂടെ ചെലവഴിച്ചത് മറക്കാൻ കഴിയാത്ത അനുഭവമായിരുന്നു. ഉമ്മ ഇവിടെ വരാറുണ്ട്. എൻെറ സർജറി സമയത്ത് കൂടെ നിന്നത് ഉമ്മയായിരുന്നു.

■ **ഇന്ന് കൂടെ ആരുണ്ട് എന്നാണ് ഇഷക്ക് തോന്നുന്നത്?**

എൻെറ കൂടെ ഇന്ന് സമൂഹം മുഴുവനുമുണ്ട്. നിങ്ങൾ എൻെറ മുന്നിൽ ഈ സമയത്തും സംസാരിച്ചിരിക്കുന്നത് എനിക്ക് നിങ്ങൾ നൽകുന്ന ഒരു ക്രെഡിറ്റല്ലേ? നിങ്ങളെപ്പോലുള്ള നല്ല കൂട്ടുകാരും എൻെറ കൂടെയുണ്ട്. അതിലധികം എന്താണ് ഒരു വ്യക്തിക്ക് വേണ്ടത്? ഇവിടെ ഒരു റൂമിനകത്ത് ഒരു കുട്ടിയുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുശേഷം പണമില്ലാതെ ബുദ്ധിമുട്ടിയപ്പോൾ അവൾക്കുവേണ്ടി പണം സ്വരൂപിച്ച് സുരക്ഷിതയാക്കി. അതിനുവേണ്ടി പണം തന്നത് പഴയ കോളേജിലെ അധ്യാപകരും കൂട്ടുകാരുമാണ്.

■ **സ്വന്തം അനുഭവത്തിൽനിന്നും സമൂഹത്തിൻെറ മനോഭാവം മാറി എന്നുപറയാൻ പറ്റുമോ?**

തീർച്ചയായും. പണ്ട് ഞങ്ങളെ കണ്ടാൽ ഒമ്പത് വരുന്നു, ചാന്തുപൊട്ട് വരുന്നു എന്നൊക്കെ പറഞ്ഞിരുന്ന കാലം മാറി. ഇന്ന് ഞങ്ങൾക്ക് ഒരു ഐഡൻറിറ്റിയുണ്ട്. ഇന്ന് ഏതു കുട്ടിയും ഞങ്ങളെക്കണ്ടാൽ ഒരു ട്രാൻസ്ജെൻഡർ പോകുന്നു എന്നേ പറയൂ.

■ **ഇത്രയും പ്രയാസങ്ങളെ അതിജീവിച്ച് ഇന്ന് സമൂഹത്തിൽ സ്വയം ഇടംകണ്ടെത്തിയ ഇഷക്ക് സമൂഹത്തോട് എന്താണ് പറയാനുള്ളത്?**

ജെൻഡർ അടിസ്ഥാനത്തിൽ ഒരാളെ വിലയിരുത്തുന്നത് വസ്ത്രം നോക്കി ആളെ വിലയിരുത്തുന്നതുപോലെയാണ്. ലുങ്കി ഉടുത്തവനെ സമൂഹത്തിൽ മോശപ്പെട്ടവനും പാൻറിട്ടയാളെ ഉയർന്നവനായും കാണാതെ- 'ടേക്ക് റെസ്പെക്റ്റ് ആൻഡ് ഗിവ് റെസ്പെക്റ്റ്'- പരിഹാസങ്ങളില്ലാത്ത ലോകമാക്കി മാറ്റുക. ലിംഗാടിസ്ഥാനത്തിൽ കഴിവുകൾ വിലയിരുത്താതിരിക്കുക. നാം മാറാൻ തയ്യാറാവണം. മറ്റുള്ളവർക്കൊപ്പം സന്തോഷത്തോടെ ഞങ്ങളും പഠിക്കട്ടെ, വളരട്ടെ, ജീവിക്കട്ടെ. ■

കെ. ഷെരീഫ്



Printed and Published by M.N. Ravi Varma for The Mathrubhumi Printing & Publishing Company Limited, Kozhikode at The Mathrubhumi M.M. Press, Cherooty Road, Kozhikode-673 001.
Managing Editor: P.V. Chandran. Executive Editor-Periodicals & Digital: O.R. Ramachandran (Responsible for selection of contents under PRB Act).

## കാത്തിരിക്കൂ...

**അലാസ്കയെ പറ്റിയുള്ള മലയാളത്തിലെ**
**ആദ്യത്തെ യാത്രാവിവരണം!**

# അലാസ്കാദിനങ്ങൾ




**ഗ്ലേസിയറുകൾ...**
**ഉൾക്കടലുകൾ...**
**അപാര വിജനതകൾ...**
**കൊതിപ്പിക്കുന്ന മലയാളത്തിൽ!**

# സക്കറിയ

RNI No. 3054/57
Licensed to post without prepayment

Registered No. KL/CT/21/2018-20
KL/PMG/NR/WPP/32/KKD/2018-20

**Mathrubhumi Illustrated Weekly**
05/04/2020 Price ₹25

